08
ജനുവരി 2018 തിങ്കൾ
1193 ധനു 24
തിരുവനന്തപുരം

കേരളകൗമുദി

SINCE 1911

FOUNDER EDITOR: K. SUKUMARAN B.A

106 വർഷങ്ങൾ
4 തലമുറകൾ

16 പേജ് ₹ 6.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU

www.keralakaumudi.com www.facebook.com/keralakaumudi

കോഴിക്കോടിന്റെ മുന്നേറ്റം

തൃശ്ശൂർ: 58-ാമത് കേരള സ്കൂൾ കലോത്സവത്തിന്റെ രണ്ടാം ദിനത്തിൽ കഴിഞ്ഞ വർഷം കിരീടം നേടിയ കോഴിക്കോടിന്റെ മുന്നേറ്റം; 332 പോയിന്റ്. 329 പോയിന്റോടെ തൊട്ടുപിറകിൽ പാലക്കാട്ടും കണ്ണൂരുമുണ്ട്. 327 പോയിന്റോടെ ആതിഥേയരായ തൃശ്ശൂരാണ് മൂന്നാമത്.

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ വേദി ഒന്നിൽ നടന്ന എച്ച്.എസ് ബോയ്സ് ഭരതനാട്യ മത്സരത്തിൽ എ ഗ്രേഡ് നേടിയ ഗൗതം. എം, സെന്റ് മേരീസ് എച്ച്.എസ്.എസ്, പട്ടം, തിരുവനന്തപുരം
ഫോട്ടോ: ബി. സുമേഷ്

കലോത്സവ വാർത്തകൾ - പേജ് 14, 15, 16

അംബാസഡറെ വീണ്ടും നിയമിച്ചില്ലെന്ന് പാലസ്തീൻ

പാക് ചാനലിന്റെ കള്ളക്കളി പൊളിഞ്ഞു

ന്യൂഡൽഹി: കൊടും ഭീകരൻ ഹാഫീസ് സയീദുമായി വേദി പങ്കിട്ടതിൽ ഇന്ത്യ പ്രതിഷേധിച്ചതിനെ തുടർന്ന് തിരിച്ചുവിളിച്ച പാകിസ്ഥാനിലെ തങ്ങളുടെ സ്ഥാനപതിയെ വീണ്ടും നിയമിച്ചെന്ന പാക് ചാനലിന്റെ വ്യാജ റിപ്പോർട്ട് പാലസ്തീൻ നിഷേധിച്ചു.

പാലസ്തീൻ അംബാസഡറായിരുന്ന വാലിദ് അബു അലിയെ പാലസ്തീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസ് വീണ്ടും തത്സ്ഥാനത്ത് നിയമിച്ചെന്ന് പാക് ചാനലായ ജിയോ ടി. വിയാണ് റിപ്പോർട്ട് ചെയ്തത്. പാക് ഉലെമ കൗൺസിൽ ചെയർമാൻ മൗലാന താഷിൽ അഷ്റാഫിയെ ഉദ്ധരിച്ചായിരുന്ന റിപ്പോർട്ട്. അബു അലിയെ പാകിസ്ഥാനിലേക്ക് മടക്കി അയയ്ക്കാൻ താൻ പാലസ്തീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസിനോട് ആവശ്യപ്പെട്ടെന്നും അത് ഉടൻ അംഗീകരിച്ചെന്നും ബുധനാഴ്ച അലി പാകിസ്ഥാനിലെ പാലസ്തീൻ കാര്യാലയത്തിൽ ചുമതലയേൽക്കുമെന്നും അഷ്റാഫി പറഞ്ഞിരുന്നു. എന്നാൽ വാലിദ് അബു അലിയെ വീണ്ടും പാകിസ്ഥാനിൽ നിയമിച്ചിട്ടില്ലെന്ന് പാലസ്തീൻ വിദേശ മന്ത്രാലയം അറിയിച്ചു. പാകിസ്ഥാൻ മാദ്ധ്യമത്തിന്റെ റിപ്പോർട്ട് നിഷേധിക്കുന്നു. ഞങ്ങളുടെ അംബാസഡർ പാലസ്തീനിൽ തന്നെയുണ്ട്. ഇക്കാര്യത്തിൽ ഞങ്ങളുടെ നിലപാട് നേരത്തേ വ്യക്തമാക്കിയിട്ടുള്ളതാണ്.

അബു അലിയെ വീണ്ടും നിയമിച്ചെന്ന റിപ്പോർട്ട് ഇന്ത്യയിലെ പാലസ്തീൻ അംബാസഡർ അബു അൽ ഹൈജയും നിഷേധിച്ചു.

ഭീകരനൊപ്പം റാലിയിൽ

- മുംബയ് ഭീകരാക്രമണത്തിന്റെ സൂത്രധാരനും ഭീകരഗ്രൂപ്പായ ജമാത്തുദ്ദവയുടെ നേതാവുമായ ഹാഫിസ് സയീദ് റാവൽപിണ്ടിയിൽ സംഘടിപ്പിച്ച റാലിയിലാണ് വാലിദ് അബു അലി പങ്കെടുത്തത്.
- ഇന്ത്യ കടുത്ത പ്രതിഷേധം അറിയിച്ചതിനു പിന്നാലെ ഡിസംബർ 30ന് പാലസ്തീൻ അലിയെ തിരിച്ചുവിളിക്കുകയായിരുന്നു.
- ഇന്ത്യ തങ്ങളുടെ യഥാർത്ഥ പങ്കാളിയാണെന്നും ഭീകര വിരുദ്ധ പോരാട്ടത്തിൽ ഇന്ത്യയ്ക്കൊപ്പമാണെന്നും പറഞ്ഞ് പാലസ്തീൻ ഖേദം പ്രകടിപ്പിച്ചിരുന്നു.

ഹാഫിസ് സയീദിനൊപ്പം വാലിദ് അബു അലി

പാക് പ്രതിരോധത്തിന് 14,460 ബങ്കറുകൾ
പേജ് 10

തലവര

മുഖ്യമന്ത്രി ആദ്യം സ്വന്തം മന്ത്രിമാരെ ഉപദേശിക്കണം: ചെന്നിത്തല

പാളയത്തിൽ പടയൊരുക്കം നടക്കുമ്പോൾ പാവപ്പെട്ട പടത്തലവന്മാരെന്തു ചെയ്യാൻ?

എസ്.എൻ.ഡി.പി യോഗത്തിന് 65.49 കോടിയുടെ ബഡ്ജറ്റ്

ചേർത്തല: വിദ്യാഭ്യാസ പശ്ചാത്തല സൗകര്യങ്ങൾക്കും, മൈക്രോ ക്രെഡിറ്റ് സ്കീമിനും, പുതിയ പദ്ധതിയായ 'അറിവിനും' ഊന്നൽ നൽകുന്ന എസ്.എൻ.ഡി.പി യോഗത്തിന്റെ 65.49 കോടിയുടെ ബഡ്ജറ്റിന് ചേർത്തല എസ്.എൻ കോളേജിൽ കൂടിയ 112-ാമത് വാർഷിക പൊതുയോഗം അംഗീകാരം നൽകി.

യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ അവതരിപ്പിച്ച ബഡ്ജറ്റ് ഏകകണ്ഠമായി അംഗീകരിച്ചു.

പ്രസിഡന്റ് ഡോ. എം.എൻ. സോമൻ അദ്ധ്യക്ഷത വഹിച്ചു. ദേവസ്വം സെക്രട്ടറി അരയാക്കണ്ടി സന്തോഷ്, ലീഗൽ അഡ്വൈസർ എ.എൻ. രാജൻ ബാബു തുടങ്ങിയവർ സംസാരിച്ചു.

ബഡ്ജറ്റ്: ഒറ്റനോട്ടത്തിൽ

ആകെ തുക: 65,48,51,250; മിച്ചം: 26,750

- സ്കൂൾ, കോളേജ് നിർമ്മാണം: 16.50 കോടി
- മൈക്രോ ക്രെഡിറ്റ് സ്കീം: 10 കോടി
- അറിവ്: 10 കോടി
- എസ്.എൻ ട്രസ്റ്റ്: 10 കോടി
- യോഗനാദം: 9 കോടി
- വസ്തു സമ്പാദനം: 4.75 കോടി
- കോളേജ് പ്രവർത്തനം: 4.30 കോടി
- ഓഡിറ്റോറിയം, മ്യൂസിയം: 3 കോടി
- പഴയ സ്കൂൾ കെട്ടിടങ്ങളുടെ പുനരുദ്ധാരണം: 2.03 കോടി
- സാമൂഹ്യ ക്ഷേമം: 2 കോടി
- ഭവന നിർമ്മാണം: 70 ലക്ഷം
- ഓഫീസ് ഫർണിച്ചർ: 30 ലക്ഷം
- എസ്.എൻ എസ്.എസ് മന്ദിരം: 30 ലക്ഷം
- സ്ഥാപനങ്ങൾ: 27.50 ലക്ഷം
- യൂത്ത് - വനിത - ശ്രീനാരായണ ധർമ്മ പ്രചാരണം - ബാലജനയോഗം: 26 ലക്ഷം
- മലബാർ സംഘടനാ പ്രവർത്തനം: 8 ലക്ഷം

കൂടുതൽ വാർത്തകൾ
പേജ് 16

പിശക് ആവർത്തിക്കില്ല: വി.ടി. ബൽറാം

തൃത്താല: നാട്ടിൽ ഇറങ്ങി നടക്കാൻ പൊലീസിന്റെ ആവശ്യമില്ലെന്നും സി.പി.എമ്മിന്റെ ഹുങ്ക് തന്റെ നേർക്ക് എടുക്കേണ്ടെന്നും വി.ടി. ബൽറാം എം.എൽ.എ പറഞ്ഞു. വാക്കുകളിൽ വന്ന പിശക് ആവർത്തിക്കേണ്ട എന്നാണ് തീരുമാനം. ആ തിരുത്ത് സി.പി.എം പറയേണ്ട. തിരുത്താൻ സ്വന്തം പാർട്ടിക്ക് ഉത്തരവാദിത്വമുണ്ട്. സി.പി.എമ്മിനെ വേറെ ആരും വിമർശിക്കരുതെന്ന ശൈലിക്കെതിരെ നിലകൊള്ളും. സി.പി.എമ്മിന്റെ വിഗ്രഹങ്ങൾ വീഴുന്നത് അവരുടെ വിധിയാണ്. കോൺഗ്രസ് നേതാക്കളെ സി.പി.എം നിരന്തരം വ്യക്തിഹത്യ നടത്തുകയാണ് - ബൽറാം പറഞ്ഞു.

വേർപാടിന്റെ പത്താം വർഷം (08.01.2018)

എസ്. തങ്കപ്പൻ

ഞങ്ങളെ ഞങ്ങളാക്കിയ ഞങ്ങളുടെ എല്ലാമെല്ലാമായ ഈ പുണ്യാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,

മക്കൾ : ടി. അജിത്കുമാർ, ടി. അനിൽകുമാർ,
മരുമക്കൾ : സ്മിത, നിമ്മി,
ചെറുമക്കൾ : അതുൽ, ഐശ്വര്യ, വൈഷ്ണവി.

JAYARAM BAKERS

കനകക്കുന്നിൽ വസന്തം പെയ്തിറങ്ങി

■ വസന്തോത്സവത്തിൽ പുഷ്പക തീവണ്ടി മുതൽ കാടും കാട്ടുമൃഗങ്ങളും വരെ ■ മേള രാവിലെ 10 മുതൽ രാത്രി 8 വരെ, 14 ന് സമാപിക്കും

തിരുവനന്തപുരം: 'വസന്തോത്സവ'ത്തെ വരവേൽക്കാൻ കനകക്കുന്നും പരിസരവും ഒരുങ്ങി. എവിടെ തിരിഞ്ഞാലും വർണ്ണ പുഷ്പങ്ങളും മണ്ണും മനസും നിറയെ അവയുടെ മാദകഗന്ധവുമാണ്. രണ്ടുവർഷത്തെ ഇടവേളയ്ക്ക് ശേഷമെത്തിയ പുഷ്പമേളയെ സഹർഷം വരവേൽക്കുകയാണ് തലസ്ഥാനവാസികൾ. വസന്തോത്സവത്തിന്റെ ആദ്യ ദിനം തന്നെ കനകക്കുന്നും പരിസരവും ജനസാഗരമായി.

ചന്തമേറിയ 10,000 ത്തോളം പൂക്കളും 'മാന്ത്രികത' ഒളിപ്പിച്ച 30,000 ത്തോളം സസ്യങ്ങളുമാണ് മേളയിലുള്ളത്. നൂറോളം തരത്തിൽപ്പെട്ട പനിനീർപ്പൂക്കൾ കാണാനും ഒപ്പം നിന്ന് സെൽഫിയെടുക്കാനും ആളുകൾ മത്സരിക്കുകയാണ്. ദിനോസറുകളുടെ കാലത്തുള്ള 'സമിയ പ്യൂമില' എന്ന മെക്സിക്കൻ സസ്യം, ഇലകളെ സഞ്ചിയാക്കുന്ന മായാജാലം കാട്ടുന്ന സഞ്ചിച്ചെടി, ചന്തത്തോടെ കാറ്റിലാടുന്ന ഡാൻസിംഗ് ഓർക്കിഡ്, പെൺകുട്ടികളുടെ ഷൂ മാതൃകയിലുള്ള 'ക്യൂരിയസ് പ്ലാന്റ്സ്', ഇലഞെരടി വെള്ളത്തിലിട്ടാൽ വിശപ്പകറ്റും ജെല്ലി മിഠായി തരുന്ന കട്ടുകൊടി സസ്യം തുടങ്ങി ചെടികൾക്കിടയിലെ താരങ്ങളെ പരിചയപ്പെടുത്തുകയാണ് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡന്റെ ഓർക്കിഡ് ഉദ്യാനം.

കണ്ണഞ്ചിപ്പിക്കും ഗ്ലാമറും മാജിക്കും മാത്രമല്ല, നന്നായി പരിപാലിച്ചാൽ മികച്ച വരുമാനമുണ്ടാക്കാനും ഇവർ സഹായിക്കും. അമേരിക്കൻ പുഷ്പ കർഷകർക്ക് വൻ ലാഭം നേടിക്കൊടുക്കുന്ന 'കാറ്റിലിയ' ഓർക്കിഡാണ് ഇക്കാര്യത്തിൽ കേമി. സസ്യലോകത്തിലെ മാംസഭോജികളാണ് 'ഡ്രൊസീറ'യും 'നെപ്പന്തസും'. സ്വന്തമായി കെണിയൊരുക്കി പ്രാണികളെ വകവരുത്തി ശാപ്പിടുകയാണ് ഇവരുടെ ഹോബി. പച്ചപ്പിന്റെ കുഞ്ഞിക്കുനകളായ ബോൺസായ് ചെടികൾ, ആന്തൂറിയം തുടങ്ങിയവ ആസ്വാദക മനം കവരുന്നു.

വസന്തോത്സവം പുഷ്പമേള കാണാൻ എത്തിയവരുടെ തിരക്ക്

ടിക്കറ്റ് നിരക്കുകൾ ഇങ്ങനെ

- ■ അഞ്ചു വയസിന് താഴെയുള്ളവർക്ക് സൗജന്യം
- ■ 5 വയസു മുതൽ 12 വരെ 15 രൂപ (ഒരാൾക്ക്)
- ■ 12 വയസിന് മുകളിൽ 40 രൂപ (ഒരാൾക്ക്)
- ■ ഫാമിലി ടിക്കറ്റ് 100 രൂപ (അച്ഛൻ, അമ്മ കൂടാതെ 5 മുതൽ 12 വയസു വരെയുള്ള രണ്ട് കുട്ടികൾ)
- ■ പരമാവധി 50 പേർ അടങ്ങുന്ന സ്കൂൾ കുട്ടികളുടെ സംഘത്തിന് 500 രൂപ (അഞ്ച് സ്കൂൾ സ്റ്റാഫിന് സൗജന്യം)
- ■ ടിക്കറ്റുകൾ സ്റ്റേറ്റ് ബാങ്ക് ഒഫ് ഇന്ത്യയുടെ ആൽത്തറ, കവടിയാർ, വഴുതക്കാട്, നന്തൻകോട് (എൽ.എം.എസ് കോമ്പൗണ്ട്), ജവഹർ നഗർ ബ്രാഞ്ചുകളിൽ നിന്നു ലഭ്യമാണ്
- ■ കനകക്കുന്ന് പ്രധാന കവാടത്തിന് ഇരുവശങ്ങളിലായി 12 ടിക്കറ്റ് കൗണ്ടറുകൾ എസ്.ബി.ഐയുടെ നേതൃത്വത്തിൽ പ്രവർത്തിക്കും
- ■ ഓൺലൈൻ വഴി ടിക്കറ്റിനായി www.vasantholsavamkerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക

കാടൊരുക്കി വനം വകുപ്പ്

കാലിനടിയിൽ ഞെരിഞ്ഞമരുന്ന കരിയിലകൾ, അരുവിയുടെ കളകളാരവം. വന്യമൃഗങ്ങളുടെ കരച്ചിൽ, ആനയുടെ ചിന്നം വിളി. അതാ കൈയെത്തും ദൂരത്ത് കടുവ, പുലി, കരടി. തിരിഞ്ഞോടാമെന്നു കരുതിയാൽ എതിരെ നിൽക്കുന്നത് രണ്ട് കുട്ടിക്കൊമ്പനാനകൾ. കാട്ടിലെ കൂട്ടുകാർ നാട്ടിലെത്തിയതെങ്ങനെയെന്ന് അദ്ഭുതപ്പെടേണ്ട. വനം വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ 'കൃത്രിമ വന'ത്തിലാണ് മൃഗങ്ങളുടെ ജീവൻ തുടിക്കുന്ന മാതൃകയുള്ളത്. ആനിമൽ പ്ലാനറ്റിലെ കൂട്ടുകാരെ കാണാനും തൊടാനും കുട്ടികൾ തിരക്കുകൂട്ടുകയാണിവിടെ.

കനകക്കുന്നിൽ ആരംഭിച്ച വസന്തോത്സവം പുഷ്പമേള ഉദ്ഘാടനം ചെയ്ത ശേഷം ഗവർണർ പി. സദാശിവം റോസ് ഗാർഡൻ കാണുന്നു. ഗവർണറുടെ ഭാര്യ സരസ്വതി, മന്ത്രി കടകംപള്ളി സുരേന്ദ്രൻ, കെ. മുരളീധരൻ എം.എൽ.എ, മേയർ വി.കെ. പ്രശാന്ത് എന്നിവർ സമീപം

അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

വൈദ്യുതി മുടങ്ങും

തിരുവനന്തപുരം: മണക്കാട് വൈദ്യുതി സെക്ഷനിലെ കുത്തുകല്ലിൻമൂട്, കളിപ്പാൻകുളം, എന്നിവിടങ്ങളിലും ശ്രീകാര്യം സെക്ഷനിലെ ജനതാറോഡ് ട്രാൻസ്ഫോർമർ പരിധിയിലെ സ്ഥലങ്ങളിലും തിരുമല സെക്ഷനിലെ എള്ളുവിള, വടകരനഗർ, അരയല്ലൂർ എന്നിവിടങ്ങളിലും ശ്രീവരാഹം സെക്ഷനിലെ ദേവീനഗർ ട്രാൻസ്ഫോർമർ പരിധിയിലെ സ്ഥലങ്ങളിലും ഇന്ന് രാവിലെ 9 മുതൽ വൈകിട്ട് 5 വരെ വൈദ്യുതി മുടങ്ങും.

തിരുവനന്തപുരം: പരുത്തിപ്പാറയിൽ നിന്ന് ബാലരാമപുരം വഴി വിഴിഞ്ഞത്തേക്ക് പോകുന്ന 66 കെ.വി ലൈനിൽ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ വിഴിഞ്ഞം സബ് സ്റ്റേഷൻ പരിധിയിലെ എല്ലാ പ്രദേശങ്ങളിലും ഇന്ന് രാവിലെ 8 മുതൽ വൈകിട്ട് 5 വരെ വൈദ്യുതി മുടങ്ങും.

ഹിന്ദുഐക്യവേദി പഠനശിബിരം

പേട്ട: ഹിന്ദു ഐക്യവേദി തിരുവനന്തപുരം താലൂക്ക് സമിതിയുടെ നേതൃത്വത്തിൽ സ്ഥാനീയസമിതി ഉപരികാര്യകർത്താക്കളെ ഉൾപ്പെടുത്തി പേട്ട കല്ലുംമൂട് പഞ്ചമി ഹാളിൽ ഏകദിന പഠനശിബിരം സംഘടിപ്പിച്ചു. താലൂക്ക് പ്രസിഡന്റ് മോഹനൻ അദ്ധ്യക്ഷനായിരുന്നു.

രാജേന്ദ്രൻ, സന്ദീപ്, ഡോ. വിജയകുമാർ, കൊണ്ണിയൂർ രവി, പ്രഭാകരൻ, വിനോദ്, ജയദീപ്, കുഞ്ഞുമോൻ, അഡ്വ. രാധാകൃഷ്ണൻ എന്നിവർ സംസാരിച്ചു. പേട്ട സ്ഥാനീയ സമിതി പ്രസിഡന്റ് എസ്. ബിമൽകുമാർ, പേട്ട ഷാജി, വിജയകുമാർ, കെ.കെ. സ്വാമി, സതീശൻ, ശ്രീകാന്ത്, രാജു, പ്രകാശ്, മോഹൻദാസ് എന്നിവർ നേതൃത്വം നൽകി. വൈകിട്ട് 5 ന് സമാപിച്ചു.

ബി.ജെ.പിയുടെ സാഗര സദസ്

കോവളം: ബി.ജെ.പി കോവളം ഏരിയാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആവാടു തുറ ബീച്ചിൽ സംഘടിപ്പിച്ച 'സാഗര സദസ്' സംസ്ഥാന ജനറൽ സെക്രട്ടറി എം.ടി. രമേശ് ഉദ്ഘാടനം ചെയ്തു.

ഏരിയാ പ്രസിഡന്റ് വെങ്ങാനൂർ പ്രദീപ് അദ്ധ്യക്ഷനായിരുന്നു. ജില്ലാ പ്രസിഡന്റ് അഡ്വ. എസ്. സുരേഷ് മുഖ്യപ്രഭാഷണം നടത്തി. കട്ടച്ചൽകുഴി രാധാകൃഷ്ണൻ, ജി.പി. ശ്രീകുമാർ, വെങ്ങാനൂർ സതീഷ്, പാപ്പനംകോട് സജി, എം.ആർ. ഗോപൻ, കല്ലിയൂർ പത്മകുമാർ, ബാലരാമപുരം ശ്രീകണ്ഠൻ, വെങ്ങാനൂർ അഭിലാഷ്, ഗിരിജ എന്നിവർ സംസാരിച്ചു. ഏരിയാ ജനറൽ സെക്രട്ടറി കോവളം ഗോകുൽ സ്വാഗതവും സന്തോഷ് നന്ദിയും പറഞ്ഞു.

നെല്ലിമൂട് സെന്റ് ക്രിസോസ്റ്റംസ് സ്കൂൾ വാർഷികം

ബാലരാമപുരം: നെല്ലിമൂട് സെന്റ് ക്രിസോസ്റ്റംസ് സ്കൂൾ വാർഷികവും അദ്ധ്യാപക - രക്ഷാകർതൃ ദിനവും യാത്രഅയപ്പ് സമ്മേളനവും കെ. ആൻസലൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഡോ. തോമസ് മാർ യൗസേബിയസ് അദ്ധ്യക്ഷത വഹിച്ചു.

സുമേഷ് കൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. അതിയന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബി.ടി. ബീന, പി.ടി.എ പ്രസിഡന്റ് സുരേന്ദ്രൻ, കാഞ്ഞിരംകുളം ഗിരി, പ്രഭാചന്ദ്രൻ, അദ്ധ്യാപികമാരായ മിനി, സിമി ബി, സൈമൺ, സിസ്റ്റർ വന്ദനമാത്യൂ എന്നിവർ സംസാരിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ കരോളിൻ സ്വാഗതം പറഞ്ഞു.

പോത്തൻകോട് പഞ്ചായത്ത് ഓഫീസിലേക്ക് ബി.ജെ.പി മാർച്ച്

പോത്തൻകോട്: പഞ്ചായത്ത് ഭരണസമിതിയുടെ ജനവിരുദ്ധ നിലപാടുകൾക്കും പഞ്ചായത്തിലെ സി.പി.എം - കോൺഗ്രസ് അവിശുദ്ധ കൂട്ടുകെട്ടിനുമെതിരെ പോത്തൻകോട് പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ ബി.ജെ.പി പഞ്ചായത്ത് ഓഫീസിലേക്ക് നടത്തിയ ജനകീയ മാർച്ച് ജില്ലാ പ്രസിഡന്റ് അഡ്വ. സുരേഷ് ഉദ്ഘാടനം ചെയ്തു.

പഞ്ചായത്തിൽ നടപ്പാക്കിയ 'പാഥേയം' പദ്ധതിയിലെ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയ സാഹചര്യത്തിൽ വിജിലൻസ് അന്വേഷണം നടത്തുക, ലൈഫ് പദ്ധതിയിലും വീട്ടുകരം പിരിച്ചതിലെ സാമ്പത്തിക തിരിമറിയെക്കുറിച്ചും ഉയർന്ന ആരോപണങ്ങൾ അന്വേഷിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ജില്ലാ സെക്രട്ടറി എം. ബാലമുരളി, സംസ്ഥാന സമിതി അംഗം വെള്ളനാട് കൃഷ്ണകുമാർ തുടങ്ങിയവർ സംസാരിച്ചു. പഞ്ചായത്ത് സമിതി പ്രസിഡന്റ് ആർ. ജയചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. പൂവത്തൂർ ജയൻ, പള്ളിയൊപ്പുറം വിജയകുമാർ, ദിനേശ്, ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ പ്രമോദ്, അനിത, ഗിരിജാകുമാരി, സരിത, ആശ, ഉഷാകുമാരി, ബി.ജെ.പി പഞ്ചായത്ത് സമിതി സെക്രട്ടറി ലിജി തുടങ്ങിയവർ മാർച്ചിന് നേതൃത്വം നൽകി.

ആധാരം എഴുത്തുകാരുടെ പ്രതിഷേധയോഗം

ആധാരമെഴുത്ത് തൊഴിലാളികളുടെ പ്രതിഷേധം

നേമം: ആധാരമെഴുത്ത് ഓഫീസ് ആക്രമിച്ച് രേഖകൾ നശിപ്പിക്കാൻ ശ്രമിച്ചതിൽ പ്രതിഷേധിച്ച് കേരള സ്റ്റേറ്റ് ഡോക്യുമെന്റ് വർക്കേഴ്സ് യൂണിയൻ നേമം സബ് ഡിസ്ട്രിക്ട് കമ്മിറ്റി യോഗം സംഘടിപ്പിച്ചു.

ജോയിന്റ് സെക്രട്ടറി നേമം പ്രശാന്തിനെയും കൂടെയുള്ള തൊഴിലാളികളെയുമാണ് ഓഫീസിൽ കടന്നുകയറി മർദ്ദിക്കാനും രേഖകൾ നശിപ്പിക്കാനും ശ്രമിച്ചത്. മറ്റൊരു സംഘടനയുടെ ജില്ലാ സമ്മേളന ദിനത്തിൽ ഓഫീസ് തുറന്നു പ്രവർത്തിച്ചതിന്റെ പേരിലാണ് ആക്രമണം ഉണ്ടായതെന്ന് ഭാരവാഹികൾ പറഞ്ഞു. യോഗം സി.ഐ.ടി.യു ദേശീയ ജനറൽ കൗൺസിൽ അംഗം തിരുവല്ലം ശിവരാജൻ ഉദ്ഘാടനം ചെയ്തു. ആധാരമെഴുത്ത് യൂണിയൻ നേമം ഉപജില്ലാ പ്രസിഡന്റ് കരുമം ടി.വി. ബാലകൃഷ്ണൻ നായർ അദ്ധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി ഹരിദാസ്, യൂണിയൻ ജില്ലാ പ്രസിഡന്റ് പൗഡിക്കോണം രവികുമാർ, സെക്രട്ടറി കുരുവിക്കാട് ഗിരീഷ് കുമാർ, ക്ഷേമനിധി ബോർഡ് അംഗങ്ങളായ തിരുവല്ലം മധു, കന്യാകുളങ്ങര അംബിക, കരകുളം രാജു, പാറശാല ജയൻ, വട്ടിയൂർക്കാവ് വിജയൻ, കരുമം പി.ജി. ജയചന്ദ്രൻ എന്നിവർ സംസാരിച്ചു.

ഭാരവാഹികളായ ശിവകുമാർ (പ്രസിഡന്റ്), ഗിരിജാനന്ദൻ സെക്രട്ടറി

ശ്രീ ഇരുംകുളങ്ങര ക്ഷേത്ര ട്രസ്റ്റ്: ശിവകുമാർ പ്രസിഡന്റ്, ഗിരിജാനന്ദൻ സെക്രട്ടറി

തിരുവനന്തപുരം: തോട്ടം മണക്കാട് ശ്രീഇരുംകുളങ്ങര ദുർഗ്ഗാ ഭഗവതി ക്ഷേത്ര ട്രസ്റ്റിന്റെ വാർഷിക പൊതുയോഗം കാർത്തിക കമ്മ്യൂണിറ്റി ഹാളിൽ പ്രസിഡന്റ് ബി. ശിവകുമാറിന്റെ അദ്ധ്യക്ഷതയിൽ നടന്നു.

സെക്രട്ടറി എൻ. ഗിരിജാനന്ദൻ റിപ്പോർട്ടവതരിപ്പിച്ചു. ഭാരവാഹികൾ: ബി. ശിവകുമാർ (പ്രസിഡന്റ്), എൻ. ഗിരിജാനന്ദൻ (സെക്രട്ടറി), എസ്. സാബു (ട്രഷറർ), ആർ. തുളസീധരൻ (ജോയിന്റ് സെക്രട്ടറി). കെ. ജയചന്ദ്രൻ, ആർ. മോഹനൻ, ജെ.ആർ. ജോമി, എൻ. രാധാകൃഷ്ണൻ, വി.കെ. പ്രകാശ്, എസ്. ശശികുമാർ, വി. ഗോപകുമാർ (കമ്മിറ്റി അംഗങ്ങൾ).

തെങ്ങുകളിലെ വെള്ളീച്ച ആക്രമണം: സൗജന്യ മരുന്ന് തളിക്കൽ തുടങ്ങി

തിരുവനന്തപുരം: തെങ്ങുകളിലെ വെള്ളീച്ച ആക്രമണം തടയാൻ കൃഷിവകുപ്പിന്റെ സൗജന്യ മരുന്ന് തളിക്കൽ തുടങ്ങി. ആറ്റിപ്ര കൃഷിഭവന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മരുന്ന് തളിക്കൽ നഗരസഭ വികസന സമിതി ചെയർമാൻ വഞ്ചിയൂർ പി. ബാബു ഉദ്ഘാടനം ചെയ്തു. വാർഡ് കൗൺസിലർ സുനിൽ ചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. കൗൺസിലർമാരായ ശിവദത്ത്, പ്രതിഭാ ജയകുമാർ, കഴക്കൂട്ടം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബിന്ദുകുമാരി, ആറ്റിപ്ര കൃഷി ഓഫീസർ ആശാരാജ്, കാർഷിക വികസനസമിതി അംഗങ്ങൾ, കർഷകർ തുടങ്ങിയവർ പരിപാടിക്ക് നേതൃത്വം നൽകി.

ആറ്റിപ്ര കൃഷിഭവന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രതിരോധ മരുന്ന് തളിക്കൽ നഗരസഭ വികസന സമിതി ചെയർമാൻ വഞ്ചിയൂർ പി. ബാബു ഉദ്ഘാടനം ചെയ്യുന്നു. കൗൺസിലർമാരായ പ്രതിഭാ ജയകുമാർ, സുനിൽ ചന്ദ്രൻ, ശിവദത്ത്, കൃഷി ഓഫീസർ ആശാരാജ് തുടങ്ങിയവർ സമീപം

ചെമ്പഴന്തിയിൽ ഐക്യദീപമാല

ശ്രീകാര്യം: സി.പി.ഐ ജില്ലാ സമ്മേളനത്തിന്റെ പതാകദിനവും ഐക്യദീപമാലയും ചെമ്പഴന്തി ഗുരുകുലത്തിന് മുന്നിൽ സി.പി.ഐ ജില്ലാ അസിസ്റ്റന്റ് സെക്രട്ടറി വി.പി. ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മണ്ഡലം സെക്രട്ടറി ചന്തവിള മധുവിന്റെ അദ്ധ്യക്ഷത വഹിച്ചു. കെ. നിർമ്മലകുമാർ, കെ. ശിവദാസൻ, പി.കെ. രാജു, അഡ്വ. പ്രതീഷ്മോഹൻ, ഗാന്ധിപുരം ബഷീർ, പവനൻ എന്നിവർ പ്രസംഗിച്ചു.

യുവാവിനെ മൂന്നംഗ സംഘം മർദ്ദിച്ചു

കോവളം: മൂന്നംഗ സംഘത്തിന്റെ മർദ്ദനത്തിൽ വിഴിഞ്ഞം സ്വദേശിയായ യുവാവിനെ ഗുരുതരമായി പരിക്കേറ്റ്. പരിക്കേറ്റ വിഴിഞ്ഞം സ്വദേശി ഫക്രുദീനെ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ശനിയാഴ്ച രാത്രി 12ന് നഗരത്തിലുള്ള ഹോട്ടലിലെ ജോലി കഴിഞ്ഞ് വാഴമുട്ടത്തിന് സമീപമുള്ള പാറവിളയിലെ വീട്ടിലെത്തിയപ്പോഴാണ് മൂന്നംഗ സംഘം ഫക്രുദീനെ മർദ്ദിച്ചത്. വീടിന്റെ വാതിലുകളും തകർത്തു.

തളർന്നുവീണ ഫക്രുദീനെ അക്രമിസംഘം കുത്താൻ ശ്രമിച്ചെങ്കിലും ഇയാൾ ഓടി രക്ഷപ്പെട്ടു. തുടർന്ന് വാഴമുട്ടം ജംഗ്ഷനിലെത്തിയ ഫക്രുദീനെ നാട്ടുകാരാണ് ബന്ധുക്കളെ വിളിച്ചുവരുത്തി ആശുപത്രിയിലെത്തിച്ചത്.

യുവാവിന്റെ വാരിയെല്ലുകൾക്ക് പൊട്ടലുള്ളതായി ഡോക്ടർമാർ അറിയിച്ചു. സംഭവത്തിൽ ഒരാളെ കോവളം പൊലീസ് പിടികൂടിയെങ്കിലും നിസാര വകുപ്പുകൾ ചുമത്തി കേസ് ഒതുക്കാൻ ശ്രമിക്കുന്നതായും ആക്ഷേപമുണ്ട്.

കോട്ടയ്ക്കകം കുതിരമാളികയിൽ നടക്കുന്ന സ്വാതി സംഗീതോത്സവത്തിൽ അശ്വതി തിരുനാൾ രാമവർമ്മ അവതരിപ്പിച്ച കച്ചേരി

എസ്.എൻ.ഡി.പി യോഗം വെട്ടുകാട് ശാഖയിൽ നടന്ന പെൻഷൻ വിതരണോദ്ഘാടനം പത്രാധിപർ സുകുമാരൻ സ്മാരക യൂണിയൻ ചെയർമാൻ ഡി. പ്രേംരാജ് നിർവഹിക്കുന്നു. യൂണിയൻ കൺവീനർ ആലുവിള അജിത്ത്, വെട്ടുകാട് അശോകൻ, എസ്. സതിചന്ദ്രൻ, ശാഖാ സെക്രട്ടറി എൻ. മോഹൻദാസ്, കെ.വി. അനിൽകുമാർ, എസ്. സതീശൻ, എസ്. സുഗതൻ, എ. അജന്തകുമാർ, വി. സുഗതൻ, ആർ. പ്രതാപ്കുമാർ, എസ്. രാജീവ്കുമാർ എന്നിവർ സമീപം

ചകിരി മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ യൂണിറ്റ് തിരുപുറത്ത്

പൂവാർ: തിരുപുറത്തെ കേന്ദ്ര സർക്കാർ സംരംഭമായ ചകിരിയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനോദ്ഘാടനം 9ന് വൈകിട്ട് 3 ന് കേന്ദ്രമന്ത്രി ഗിരിരാജ് സിംഗ് നിർവഹിക്കും.

നെയ്യാറ്റിൻകര കയർ ക്ലസ്റ്റർ ഡെവലപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിലാണ് പദ്ധതിയുടെ പ്രവർത്തനം. ചകിരിയിൽ നിന്നു പൂന്തോട്ടത്തിൽ ഉപയോഗിക്കാവുന്ന തരത്തിലുള്ള ഗാർഡൻ ആർട്ടിക്കിൾസ്, കയർ ഭ്രൂവസ്ത്രം, കയർ പാനലുകൾ, സീലിംഗ് വാൾ പാനലുകൾ തുടങ്ങിയവയാണ് ആദ്യഘട്ടത്തിൽ നിർമിക്കുക.

നൂറുശതമാനവും പരിസ്ഥിതിസൗഹൃദ ഉത്പന്നങ്ങളായാണ് ഇവ നിർമിക്കുന്നതെന്ന് സൊസൈറ്റി പ്രസിഡന്റ് തിരുപുറം ഗോപൻ അറിയിച്ചു. ഇവയ്ക്ക് രാജ്യത്തിനകത്തും പുറത്തും വിപണിയുണ്ട്. രണ്ടാംഘട്ടമായി കയർ പ്ലൈവുഡും, കയർ വുഡും നിർമിക്കും. കേന്ദ്ര സൂക്ഷ്മ, ചെറുകിട ഇടത്തരം മന്ത്രാലയം രൂപം നൽകിയ സ്ഫൂർത്തി (പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനുള്ള സാമ്പത്തിക പദ്ധതി) പ്രകാരമാണ് തിരുപുറത്ത് ഉത്പാദനം തുടങ്ങുന്നത്.

ചകിരിയുമായി ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഈ സ്ഥാപനത്തിലെത്തി ഉത്പന്നങ്ങൾ നിർമിക്കാൻ സാധിക്കും. ശശി തരൂർ എംപി, കയർബോർഡ് ചെയർമാൻ സി.പി. രാധാകൃഷ്ണൻ, എം.എൽ.എമാരായ കെ. ആൻസലൻ, എം. വിൻസെന്റ്, ഒ. രാജഗോപാൽ തുടങ്ങിയവർ പങ്കെടുക്കും.

ചകിരിയിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കാനായി തിരുപുറത്ത് ആരംഭിക്കുന്ന യൂണിറ്റ്

■ 1.74 കോടി രൂപ ചെലവഴിച്ചാണ് ഇതിനുള്ള ഫാക്ടറിയും അനുബന്ധ യന്ത്രസാമഗ്രികളും സ്ഥാപിച്ചത്
■ 75 ശതമാനം കേന്ദ്ര വിഹിതം

ജോലിവാഗ്ദാനം ചെയ്ത് തട്ടിപ്പ് : പ്രതി പിടിയിൽ

തിരുവനന്തപുരം : എയർപോർട്ടിലും വിദേശത്തും ജോലി വാഗ്ദാനം ചെയ്ത് നിരവധി ആളുകളിൽ നിന്ന് ലക്ഷങ്ങൾ തട്ടിയെടുത്ത പ്രതിയെ വലിയതുറ പൊലീസ് പിടികൂടി.

ആൾസെയിന്റ്സ് ഈന്തിവിളാകം സ്വദേശി കൊച്ചനിയനെന്ന അനിൽകുമാർ (42) ആണ് അറസ്റ്റിലായത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു. ഇന്റർനെറ്റിലൂടെ പരസ്യം നൽകിയായിരുന്നു ഇയാൾ പ്രധാനമായും തട്ടിപ്പ് നടത്തിയിരുന്നത്.

അനിൽകുമാർ

ജോലിക്കായി സമീപക്കുന്നവരിഷൽ നിന്ന് 5000 മുതൽ 25000 വരെ മുൻകൂർ കൈപ്പറ്റുകയും ഉറപ്പിനായി വിമാനത്താവളത്തിലെ എൻട്രി പാസിനായുള്ള അപേക്ഷ ഫോം നൽകും. കൂടാതെ ഉദ്യോഗാർത്ഥികളെ നഗരത്തിലെ ലബോറട്ടറികളിലെത്തിച്ച് മെഡിക്കൽ പരിശോധന നടത്തിയിരുന്നതും പതിവായിരുന്നു. വിവിധ പേരുകളിലായാണ് ഇയാൾ ഇടപാടുകാരെ സമീപിച്ചിരുന്നതെന്നും പൊലീസ് പറഞ്ഞു. സിറ്റിപൊലീസ് കമ്മീഷണറുടെ നിർദേശാനുസരണം ശംഖുമുഖം അസിസ്റ്റന്റ് കമ്മീഷറുടെ നേതൃത്വത്തിൽ വലിയതുറ എസ്.എച്ച്.ഒ പി.വി. വിനേഷ് കുമാർ, എസ്.ഐ. സി.പി പ്രശാന്ത്, സി.പി. ഒമാരായ അജി, ടിനു, വിനോദ്, ബിനു എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ പിടികൂടിയത്.

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സംസ്കൃത കവിതാരചനയിൽ ഒന്നാം സ്ഥാനം നേടിയ കോട്ടൺഹിൽ സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥി ആദിത്യ എസ്. നായർ. തിരുമല അരയല്ലൂർ എള്ളുവിള ലെയ്നിൽ ബി. തുളസീധരൻ നായരുടെയും സിന്ധു വിന്റെയും മകളാണ്

കൂടുതൽ പ്രാദേശിക വാർത്തകൾ പേജ് 3,9

TN

നാട്ടുകാര്യം

www.keralakaumudi.com www.facebook.com/keralakaumudi

പരിസ്ഥിതി സംരക്ഷണ സമിതി മണ്ഡലം കമ്മിറ്റി

കാട്ടാക്കട : പരിസ്ഥിതി സംരക്ഷണ സമിതി അരുവിക്കര മണ്ഡലംകമ്മിറ്റി രൂപീകരിച്ചു. സംസ്ഥാന പ്രസിഡന്റ് കെ. എൻ. പ്രദീപ് ഉദ്ഘാടനം ചെയ്തു. എൻ. ബഷീർ അദ്ധ്യക്ഷത വഹിച്ചു. ജെ.എസ്. തസ്ലീമ, ഷമീർ, രാകേഷ് തുടങ്ങിയവർ സംസാരിച്ചു. ഭാരവാഹികൾ: ഷെമീർ (പ്രസിഡന്റ്), യു. മുഹമ്മദ് (വൈസ് പ്രസിഡന്റ്), രാകേഷ് (സെക്രട്ടറി), ധുനിംസ് റിയാസുദീൻ (ജോയിന്റ് സെക്രട്ടറി), സുനി (ട്രഷറർ), പി. സമീർ സിദ്ദിഖി, ബിജുകുമാർ (കമ്മിറ്റിയംഗങ്ങൾ).

സി.പി.ഐ പതാകദിനം ആചരിച്ചു

കാട്ടാക്കട : സി.പി.ഐ ജില്ലാ സമ്മേളനത്തിനോടനുബന്ധിച്ച് കാട്ടാക്കടയിൽ പതാകദിനം ആചരിച്ചു. കാട്ടാക്കട ജംഗ്ഷനിൽ മണ്ഡലം സെക്രട്ടറി വിളപ്പിൽ രാധാകൃഷ്ണൻ പതാക ഉയർത്തി ഉദ്ഘാടനം ചെയ്തു. മണ്ഡലത്തിലെ നൂറുകേന്ദ്രങ്ങളിൽ പതാക ഉയർത്തി. എൻ. ഭാസുരാംഗൻ, വിളവൂർക്കൽ പ്രഭാകരൻ, ടി.എസ്. ശ്രീസജി, ചന്ദ്രബാബു, അഭിലാഷ് ആൽബർട്ട്, മുതിയാവിള സുരേഷ് എന്നിവർ വിവിധ കേന്ദ്രങ്ങളിൽ നടന്ന പരിപാടികളിൽ പങ്കെടുത്തു.

സിനിമാറ്റിക്ക് റിയാലിറ്റി ഷോ മത്സരം

കള്ളിക്കാട്: വീരണകാവ് ചാമുണ്ഡി ദുർഗാ ഭഗവതി ക്ഷേത്ര മകയിരം പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് 27ന് വൈകിട്ട് 5ന് ക്ഷേത്രാങ്കണത്തിൽ സിനിമാറ്റിക്ക് റിയാലിറ്റി ഷോ മത്സരം സംഘടിപ്പിക്കും. പതിനായിരം രൂപയും എവർറോളിംഗ് ട്രോഫിയുമാണ് ഒന്നാം സമ്മാനം. 5000 രൂപയാണ് രണ്ടാം സമ്മാനം. പങ്കെടുക്കാൻ താത്പര്യമുള്ള ടീമുകൾ ഉത്സവകമ്മിറ്റി കൺവീനറുമായി ബന്ധപ്പെടുക. ഫോൺ : 9946866706, 7561048303.

എം.ജി.എം സ്കൂളിൽ കായികമേള

വിതുര: വിതുര ചാരുപാറ എം.ജി.എം പൊൻമുടിവാലി പബ്ലിക് സ്കൂളിൽ കായികമേള നടന്നു. വിതുര എസ്.എ കെ.ആർ. ബിജു ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽ അഞ്ജന.ജെ അദ്ധ്യക്ഷത വഹിച്ചു. സ്കൂൾ മാനേജർ സുനിൽകുമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എൽ. ബീന, അദ്ധ്യാപകരായ അരുൺ, ജാസ്മിൻ ഷാ, ലേഖാകുമാരി, ഷെറിൻ എം.എസ്, ദീപ.ബി.എസ്, ജിതിൻ, നസ്‌ല, ജിതിൻ, ദിലീഷ് എന്നിവർ നേതൃത്വം നൽകി.

വിനോബാനികേതനിൽ ശില്പശാല

വിതുര: കേന്ദ്ര, സംസ്ഥാന ഔഷധസസ്യബോർഡുകളുടെ സംയുക്താഭിമുഖ്യത്തിൽ വിനോബാനികേതൻ ആശ്രമത്തിൽ വച്ച് ഏകദിന ഔഷധസസ്യശില്പശാല നടത്തി. എ.സമ്പത്ത് എം.പി ഉദ്ഘാടനം ചെയ്തു. വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്.എസ്.അജിതകുമാരി, സംസ്ഥാനഔഷധസസ്യബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. വിനോബാനികേതൻ പ്രസിഡന്റ് ഡോ. ശാന്താ സദാശിവൻ, സെക്രട്ടറി എൽ. ഭാഗീരഥി അമ്മ, പഞ്ചായത്തംഗങ്ങളായ ജയകുമാർ, ലിജി, രതികല, ബിനിതാമോൾ, മുൻ തൊളിക്കോട് പഞ്ചായത്ത് പ്രസിഡന്റ് എസ്.എസ്.പ്രേംകുമാർ എന്നിവർ പ്രസംഗിച്ചു. സിസ്റ്റർ മൈഥിലി ഔഷധ സസ്യങ്ങൾ വിതരണം നടത്തി.

ഐ.ഐൻ.ടി.യു.സി.ഐ തൊളിക്കോട് മണ്ഡലം സമ്മേളനം

വിതുര: ഐ.എൻ.ടി.യു.സി.ഐ തൊളിക്കോട് മണ്ഡലം സമ്മേളനം ഒമ്പതിന് വൈകിട്ട് മൂന്നിന് തൊളിക്കോട് കരീബാ ഓഡിറ്റോറിയത്തിൽ നടക്കും. കെ.എസ്.ശബരീനാഥൻ എം.എൽ.എ ഉദ്ഘാടനം ചെയ്യും. മണ്ഡലം പ്രസിഡന്റ് എം.എം. ബുഹാരി അദ്ധ്യക്ഷത വഹിക്കും. ജില്ലാപ്രസിഡന്റ് വി. ആർ. പ്രതാപൻ മുഖ്യപ്രഭാഷണം നടത്തും. ചടങ്ങിൽ മുതിർന്ന നേതാക്കളെ ആദരിക്കും.

യാത്രയയപ്പ് നൽകി

വിതുര: 20 വർഷത്തെ സേവനത്തിനു ശേഷം വിരമിച്ച വിനോബാനികേതൻ പോസ്റ്റ് മിസ്ട്രസ് A. ലക്ഷ്മിക്ക് വിനോബാനികേതൻ പൗരാവലി യാത്രയയപ്പ് നൽകി. പോസ്റ്റ് ഓഫീസ് അങ്കണത്തിൽ ചേർന്ന യോഗത്തിൽ പനക്കോട് സർവീസ് സഹകരണ ബോർഡംഗം G. സുധാകരൻ അദ്ധ്യക്ഷനായി. കേരള വാട്ടർ അതോറിട്ടി പെൻഷനേഴ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി G. ശശി ഉദ്ഘാടനം ചെയ്തു. K. രത്നാകരൻ കാണി, വിശ്വനാഥൻ നായർ, പ്രിയ തുടങ്ങിയവർ സംസാരിച്ചു.

കോട്ടയ്ക്കകം തേക്കിൻകാല മഹാവിഷ്ണു ക്ഷേത്രം

ആര്യനാട്: ആര്യനാട് കോട്ടയ്ക്കകം വിഷ്ണുനഗർ തേക്കിൻകാല മഹാവിഷ്ണു ക്ഷേത്രത്തിലെ ഒന്നാമത് ഭാഗവത സപ്താഹ യജ്ഞം 14 മുതൽ 20 വരെ നടക്കുമെന്ന് ക്ഷേത്ര പ്രസിഡന്റ് സി.സുരേഷ് കുമാറും സെക്രട്ടറി എസ്.ബിനുമോനും അറിയിച്ചു. 13ന് വൈകിട്ട് 5ന് ക്ഷേത്ര തന്ത്രി വർക്കല സുഗതൻ തന്ത്രി സപ്താഹ യജ്ഞം ഉദ്ഘാടനം ചെയ്യും. തുടർന്ന് 7.30ന് ഭാഗവത മാഹാത്മ്യ പ്രഭാഷണം. 14ന് ഉച്ചയ്ക്ക് 12.30ന് പ്രഭാഷണം. 12.30ന് പ്രസാദഊട്ട്. വൈകിട്ട് 5ന് പ്രഭാഷണം. രാത്രി 7ന് ഭജന. 15ന് 12.30ന് പ്രഭാഷണം. 12.30ന് പ്രസാദഊട്ട്. വൈകിട്ട് 5.30ന് വിദ്യാഗോപാല മന്ത്രാർച്ചന. രാത്രി 7ന് ഭജന 7.30ന് പ്രഭാഷണം. 16ന് ഉച്ചയ്ക്ക് 12ന് പ്രഭാഷണം. വൈകിട്ട് 4.30മുതൽ ലളിതാ സഹസ്രനാമജപം. 7ന് ഭജന. 7.30ന് പ്രഭാഷണം. 17ന് ഉച്ചയ്ക്ക് 12ന് പ്രഭാഷണം. വൈകിട്ട് 4.30മുതൽ ലളിതാ സഹസ്രനാമജപം. 7ന് ഭജന. 7.30ന് പ്രഭാഷണം. 18ന് രാവിലെ 11.30ന് രുക്മിണി സ്വയംവരം. 12.30ന് പ്രസാദ ഊട്ട്. വൈകിട്ട് 5ന് സർവൈശ്വര്യ പൂജ. 7ന് ഭജന. 19ന് ഉച്ചയ്ക്ക് 12.30ന് പ്രസാദ ഊട്ട്. 2മുതൽ 4.30വരെ ഭാഗവത പാരായണം. 5നും 7.30നും പ്രഭാഷണം. 7ന് ഭജന. 20ന് രാവിലെ 5ന് മഹാഗണപതിഹോമം. 7ന് ഭാഗവത പാരായണം. 9ന് കൽക്കി അവതാരം. 11ന് ശ്രീകൃഷ്ണാവതാര പാരായണം. 12ന് പ്രഭാ,ണം. 12.30ന് പ്രസാദ ഊട്ട്. വൈകിട്ട് 3ന് അവഭൃഥസ്നാനഘോഷയാത്ര. യജ്ഞ സമർപ്പണം. പ്രസാദ വിതരണം എന്നിവ നടക്കും.

ഐ.ഡി കാർഡ് ടെസ്റ്റ് 15ന്

നെടുമങ്ങാട്: കരകൗശല ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ കേന്ദ്ര സർക്കാരിന്റെ ഐ.ഡി കാർഡ് ടെസ്റ്റ് 15ന് കല്ലിംഗൽ കരകൗശല ഓഫീസിൽ നടത്തും. കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥർ നേതൃത്വം നൽകുമെന്ന് ജനറൽ സെക്രട്ടറി രാജേന്ദ്രൻ കല്ലിംഗൽ അറിയിച്ചു.

സി.പി.ഐ സമ്മേളനം വിതുരയിൽ നാളീകേരശേഖരണം

വിതുര: സി.പി.ഐ ജില്ലാസമ്മേളനത്തിന്റെ ഭാഗമായി സി.പി.എ വിതുര ലോക്കൽകമ്മിറ്റിയുടെ നേതൃത്വത്തിൽ വിതുരയിൽ നാളീകേരശേഖരണം നടത്തി. ജില്ലാസെക്രട്ടറി.ജി.ആർ. അനിൽ ഉദ്ഘാടനം ചെയ്തു. പി.സി.ജനാർദ്ദനൻ അദ്ധ്യക്ഷത വഹിച്ചു. എം.എസ്.റഷീദ്, പള്ളിച്ചൽ വിജയൻ, മീനാങ്കൽകുമാർ, ആർ.കെ.ഷിബു, പി.സി.ജനാർദ്ദനൻ, മഞ്ജുഷാ ആനന്ദ് എന്നിവർ സംസാരിച്ചു.

പണി പുരോഗമിക്കെത്തന്നെ വാമനപുരം റോഡ് പൊളിയുന്നത് അനാസ്ഥ മൂലം

ചിറ്റാർ റോഡിനെ രക്ഷപ്പെടുത്താൻ ആരുമില്ലേ ഇ(അ)വിടെ?

കൺമണി വിഷ്ണു

റോഡ് വശം ഇടിഞ്ഞ നിലയിൽ

കിളിമാനൂർ: പണി പുരോഗമിക്കുന്ന വാമനപുരം ചിറ്റാർ റോഡ് ഇടിയുന്നതിനു പിന്നിൽ അനാസ്ഥയെന്ന് ആരോപണം. പാങ്ങോട് ഐരൂർ മുക്കിൽ നിന്നും നൂറുമീറ്റർ മാറിയാണ് റോഡ് ഇടിഞ്ഞത്. കൃത്യമായ അനുപാതത്തിൽ ടാർ ചെയ്യാത്തതും, ഇടവഴികളിലേക്കുള്ള ഭാഗത്ത് നല്ലരീതിയിൽ മെറ്റലിംഗ് നടത്താത്തതുമാണ് കാരണം. കൂടാതെ മൂന്നിടത്ത് റോഡ് നല്ലതുപോലെ ഉറച്ചതുമില്ല. ഇലട്രിക് പോസ്റ്റുകളോട് ചേർന്ന് വരുന്ന ഭാഗങ്ങൾ കുന്നും കുഴിയുമായി കിടക്കുകയാണ്.

സ്ഥലമെടുപ്പ്മുതൽ നിർമ്മാണത്തിൽവരെ കാലതാമസം നേരിട്ട റോഡ് പണിയിൽ വൻ അഴിമതിയുണ്ടെന്ന് നാട്ടുകാർ ആരോപിക്കുന്നു. ഒരു കിലോമീറ്ററിന് ഒരു കോടിയോളം രൂപയും വിവാദങ്ങളും സമംചേർത്ത ടാറിംഗാണ് നടക്കുന്നത്.

ഓട നിർമ്മാണത്തിലും അപാകതകൾ ഉണ്ട്, എസ് ആകൃതിയിൽ നിർമ്മിച്ച ഓടയിൽ വേഗത്തിൽ മണ്ണ് അടിഞ്ഞുകൂടും. പാങ്ങോട് സഹകരണ ബാങ്കിന് എതിർ വശത്ത് ഓട അവസാനിക്കുന്നതും അശാസ്ത്രീയമായാണ്. പാങ്ങോട്നിന്നും കുത്തിയൊഴുകിവരുന്ന വെള്ളം ഇടവഴിയിലേക്ക് ഒഴുകുന്ന രീതിയിലാണ് പണി തിരിക്കുന്നതെന്നും ഇവർ ആരോപിക്കുന്നു.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരുപത്തി രണ്ട് കോടിയിൽ തീരുമെന്ന് കണക്കാക്കിയ പണിക്ക് ഇപ്പോൾ രണ്ട് ഘട്ടമായി മുപ്പത്തി എട്ടുകോടിയോളം രൂപ വകയിരുത്തിയിട്ടും വാമനപുരം ചിറ്റാർ റോഡിന് ശാപമോക്ഷം കിട്ടിയിട്ടില്ല.

- നിർമ്മാണം നടക്കുന്നത്, ഒരു കിലോമീറ്ററിന് ഒരു കോടിവച്ച്.
- റോഡ് ഇടിഞ്ഞത് പാങ്ങോട് ഐരൂർ മുക്കിൽ നിന്ന് നൂറുമീറ്റർ മാറി.
- കൃത്യമായ അനുപാതത്തിൽ ടാർ ചെയ്യാത്തതും നല്ലരീതിയിൽ മെറ്റലിംഗ് നടത്താത്തതും കാരണം.
- നടുവൊടിഞ്ഞ് യാത്രക്കാർ
- ഓട നിർമ്മാണത്തിലും അപാകത
- നിർമ്മാണത്തിലെ പിഴവ് ലക്ഷങ്ങൾ നഷ്ടമാക്കുന്നു
- വൻ അഴിമതിയെന്ന് നാട്ടുകാർ
- ഇതുവരെ വകയിരുത്തിയത്, രണ്ട് ഘട്ടമായി മുപ്പത്തി എട്ടു കോടിയോളം രൂപ.

ലൈബ്രറി കൗൺസിൽ കാട്ടാക്കട താലൂക്ക് സംഘടിപ്പിച്ച സെമിനാർ ഐ.ബി. സതീഷ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

ലൈബ്രറി കൗൺസിൽ താലൂക്ക് സെമിനാർ

മലയിൻകീഴ്: ലൈബ്രറി കൗൺസിൽ കാട്ടാക്കട താലൂക്ക് സംഘടിപ്പിക്കുന്ന താലൂക്ക് സെമിനാർ ഐ.ബി. സതീഷ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. മലയിൻകീഴ് ഗവ. ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ നടന്ന സെമിനാറിൽ താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസിഡന്റ് എസ്. രാമകൃഷ്ണപിള്ള അദ്ധ്യക്ഷത വഹിച്ചു. സാഹിത്യകാരൻ കെ. ഇ.എൻ. കുഞ്ഞഹമ്മദ് വിഷയം അവതരിപ്പിച്ചു. മലയിൻകീഴ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. ചന്ദ്രൻനായർ, ബ്ലോക്ക് പഞ്ചായത്ത് അംഗം എൽ. അനിത, പഞ്ചായത്ത് അംഗം എ. ചന്ദ്രമതി, താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ. വാസുദേവൻനായർ, ലൈബ്രറി കൗൺസിൽ അംഗം ശിവപ്രസാദ് എന്നിവർ സംസാരിച്ചു.

യുവാവിനെ കൈയേറ്റം ചെയ്ത പഞ്ചായത്തംഗത്തിനെതിരെ കേസ്

കാട്ടാക്കട : വ്യക്തി വൈരാഗ്യത്തെ തുടർന്ന് യുവാവിനെ കൈയേറ്റം ചെയ്തെന്ന പരാതിയിൽ ഗ്രാമപഞ്ചായത്ത് അംഗത്തിനെതിരെ പൊലീസ് കേസെടുത്തു. മൂങ്ങോട്ടുകോണം സ്വദേശി കിരണിനെ (22) മർദ്ദിച്ചെന്ന പരാതിയിലാണ് കുളത്തുമ്മൽ വാർഡ് മെമ്പർ സതീന്ദ്രനെതിരെ (40) കേസെടുത്തത്.

ഞായറാഴ്ച രാവിലെയായിരുന്നു സംഭവം. കൈയ്ക്ക് പരിക്കേറ്റ കിരൺ നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിൽ ചികിത്സയിലാണ്. സംഭവവുമായി ബന്ധപ്പെട്ട് സതീന്ദ്രനെ കസ്റ്റഡിയിലെടുത്തെങ്കിലും അറസ്റ്റ് രേഖപ്പെടുത്തിയിട്ടില്ലെന്ന് കാട്ടാക്കട സി.ഐ അറിയിച്ചു.

സി.പി.ഐ പ്രവർത്തകർ ശേഖരിച്ച നാളികേരം ഏറ്റുവാങ്ങി

നെടുമങ്ങാട്: സി.പി.ഐ ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി പ്രവർത്തകർ ബ്രാഞ്ച് അടിസ്ഥാനത്തിൽ ശേഖരിച്ച നാളികേരം ജില്ലാ സെക്രട്ടറി അഡ്വ. ജി. ആർ. അനിൽ ഏറ്റുവാങ്ങി ഉദ്ഘാടനം ചെയ്തു. വിതുര പഞ്ചായത്തിൽ നടന്ന യോഗത്തിൽ ഗ്രാമപഞ്ചായത്തംഗം ജി. മഞ്ജുഷ നാളികേരം കൈമാറി. പി.സി. ജനാർദ്ദനന്റെ അദ്ധ്യക്ഷതയിൽ അരുവിക്കര മണ്ഡലം സെക്രട്ടറി എം. എസ്. റഷീദ് സ്വാഗതം പറഞ്ഞു. സ്വാഗതസംഘം ചെയർമാൻ പള്ളിച്ചൽ വിജയൻ, ജനറൽ കൺവീനർ വിളപ്പിൽ രാധാകൃഷ്ണൻ, ജില്ലാ എക്സിക്യൂട്ടീവ് അംഗം മീനാങ്കൽ കുമാർ, ലോക്കൽ കമ്മിറ്റി സെക്രട്ടറി ആർ. കെ. ഷിബു, കെ. മനോഹരൻകാണി, കല്ലാർ രവീന്ദ്രൻ പിള്ള, കോട്ടിയത്തറ ബൈജു തുടങ്ങിയവർ സംസാരിച്ചു.

സി.പി.ഐ ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി പ്രവർത്തകർ ശേഖരിച്ച നാളീകേരം ഗ്രാമപഞ്ചായത്തംഗം ജി.മഞ്ജുഷയിൽ നിന്നും ജില്ലാ സെക്രട്ടറി അഡ്വ.ജി.ആർ.അനിൽ ഏറ്റുവാങ്ങി ഉദ്ഘാടനം ചെയ്യുന്നു

നന്ദിയോട് ചെറ്റച്ചൽ ജവഹർ നവോദയ കേന്ദ്രീയ വിദ്യാലയത്തിന്റെ പതിനേഴാമത് വാർഷികം സബ് കളക്ടർ ദിവ്യ എസ്. അയ്യർ ഉദ്ഘാടനം ചെയ്യുന്നു. പൂവച്ചൽ ഖാദർ, എസ്.എൽ. കൃഷ്ണകുമാരി, പ്രൊഫ. അബ്ദുൽ അയൂബ് തുടങ്ങിയവർ പങ്കെടുത്തു.

ക്രിസ്മസ്-നവവത്സര സംഗമം

നെടുമങ്ങാട്: ക്രിസ്മസ് - നവവത്സര ദിനത്തോടനുബന്ധിച്ച് മൂഴി ടിപ്പു കൾച്ചറൽ സൊസൈറ്റി സംഘടിപ്പിച്ച നവവത്സര സംഗമം മന്നൂർക്കോണം സത്യൻ ഉദ്ഘാടനം ചെയ്തു. മൂഴിയിൽ മുഹമ്മദ് ഷിബുവിന്റെ അദ്ധ്യക്ഷതയിൽ സീനിയർ കോ - ഓപറേറ്റീവ് ഇൻസ്പെക്ടർ എം. എസ്. പ്രശാന്ത് സമ്മാന വിതരണം നിർവഹിച്ചു. മൂഴി രാജേന്ദ്രൻ, തങ്കപ്പനാശാരി, ഹംസത്ത്, ജംഷീർ, അഷ്മിത, അനിൽ എന്നിവർ സംസാരിച്ചു. തുടർന്ന് കേക്ക് വിതരണം നടന്നു.

ക്രിസ്മസ്-നവവത്സര ദിനത്തോടനുബന്ധിച്ച് മൂഴി ടിപ്പു കൾച്ചറൽ സൊസൈറ്റി സംഘടിപ്പിച്ച നവവത്സര സംഗമം

പഠനോപകരണ വിതരണം

കാട്ടാക്കട: പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്കുള്ള പഠനോപകരണ വിതരണം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് വി.കെ മധു ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.രാമചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സെക്രട്ടറി ജോസഫ് ബിജു, ഗ്രാമപഞ്ചായത്തംഗങ്ങളായ മണികണ്ഠൻ, സി.ഒ. പ്രേമലത, നസീമ ബീവി, എസ്. വിജയദാസ് തുടങ്ങിയർ സംസാരിച്ചു. ചടങ്ങിൽ റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കാനൊരുങ്ങുന്ന ഐ .പി. ദേവികയെ ആദരിച്ചു. തൊഴിലുറപ്പ് തൊഴിലാളിയുടെ കുടുംബ സഹായ ഫണ്ട് വിതരണം, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ് വിതരണം, സ്മാർട്ട് ക്ലാസ് ഉദ്ഘാടനം എന്നിവയും നടന്നു.

പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കുള്ള പഠനോപകരണ വിതരണം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് വി. കെ. മധു ഉദ്ഘാടനം ചെയ്യുന്നു.

വനിതാ സമിതി ഭാരവാഹികൾ

ചേരപ്പള്ളി : ഇറവൂർ വണ്ടയ്ക്കൽ ഭദ്രകാളിക്ഷേത്രത്തിലെ വനിതാ സമിതി ഭാരവാഹികളായി പ്രമീളാദേവി (ജനറൽ കൺവീനർ), മായ സി. ആർ, ജയകുമാരി, മഞ്ജു ആർ, മിനികുമാരി, മഞ്ജു (കൺവീനർമാർ) എന്നിവരെ തിരഞ്ഞെടുത്തു.

ജനശ്രീ വിളപ്പിൽ മണ്ഡലം സമ്മേളനം

മലയിൻകീഴ്: ജനശ്രീ വിളപ്പിൽ മണ്ഡലം സമ്മേളനം 14 ന് വൈകിട്ട് മൂന്നിന് കെ.പി.സി.സി പ്രസിഡന്റ് എം.എം. ഹസൻ ഉദ്ഘാടനം ചെയ്യും. പേയാട് വൃന്ദാവൻ ഓഡിറ്റോറിയത്തിൽ ചേരുന്ന യോഗത്തിൽ മണ്ഡലം ചെയർമാൻ കെ. മോഹനൻ അദ്ധ്യക്ഷത വഹിക്കും. എൻ. ശക്തൻ വായ്പാവിതരണവും സംസ്ഥാന ജനറൽ സെക്രട്ടറി ബി.എസ്. ബാലചന്ദ്രൻ കമ്പ്യൂട്ടർ, ലാപ്ടോപ് വിതരണം ചെയ്യും.

നല്ലിക്കുഴിയിൽ സ്നേഹസന്ദേശം

ചേരപ്പള്ളി : ലൗ ആർമി ക്രൂസേഡ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നല്ലിക്കുഴി ജംഗ്ഷന് സമീപം 15, 16, 17 തീയതികളിൽ സ്നേഹസന്ദേശം നടത്തും. വൈകിട്ട് 6 മുതൽ 9 വരെ നടത്തുന്ന യോഗത്തിൽ ജെ. വിത്സൻ, സിജു ചാത്തന്നൂർ എന്നിവർ ദൈവവചന സന്ദേശങ്ങൾ നൽകും. തിരുവനന്തപുരം വോയിസ് ഒഫ് ലൗവിന്റെ ഗാനശുശ്രൂഷയും ഉണ്ടാകും.

പുതിയ കേരളത്തോടൊപ്പം പുതിയ നെടുമങ്ങാട് : സി. ദിവാകരൻ

നെടുമങ്ങാട്: പുതിയ കേരളം പിറക്കുമ്പോൾ പുതിയ നെടുമങ്ങാട് അതാണ് ലക്ഷ്യമെന്ന് സി. ദിവാകരൻ എം. എൽ.എ പറഞ്ഞു.

എം. എൽ. എയുടെ പ്രാദേശിക വികസനഫണ്ടിൽ നിന്നും നെട്ടിറച്ചിറ, ഗവ. ജില്ലാ ആശുപത്രി ജംഗ്ഷൻ, പഴകുറ്റി ജംഗ്ഷൻ, വാളിക്കോട് ജംഗ്ഷനുകളിൽ എന്നിവിടങ്ങളിൽ സ്ഥാപിച്ച ഹൈമാസ്റ്റ് ലൈറ്റുകളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. യോഗത്തിന് മുൻസിപ്പൽ ചെയർമാൻ ചെറ്റച്ചൽ സഹദേവൻ അദ്ധ്യക്ഷത വഹിച്ചു.

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ ടി. ആർ. സുരേഷ് കുമാർ, ഹരികേശൻനായർ, സി. പി.ഐ മണ്ഡലം സെക്രട്ടറി പാട്ടത്തിൽ ഷെരീഫ്, ബി. ജെ.പി മണ്ഡലം പ്രസിഡന്റ് പൂവത്തൂർ ജയൻ , വാർഡ് കൗൺസിലർമാരായ എ. ഷാജി, റ്റി. അർജ്ജുനൻ, പി. ജി, പ്രേമചന്ദ്രൻ, ഫാത്തിമ, സി. സാബു, സുമയ്യമനോജ്, ഹസീന തുടങ്ങിയവർ സംസാരിച്ചു.

വാളിക്കോട് ജംഗ്ഷനിലെ ഹൈമാസ്റ്റ് ലൈറ്റിന്റെ ഉദ്ഘാടനം സി. ദിവാകരൻ എം. എൽ.എ നിർവഹിക്കുന്നു.

നെടുമങ്ങാട് താലൂക്ക് ലൈബ്രറി കൗൺസിൽ താലൂക്കിലെ ലൈബ്രറികളിൽ നിന്നും സമാഹരിച്ച ഓഖി ദുരിതാശ്വാസഫണ്ടിന്റെ ഒന്നാം ഗഡു ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് വി. കെ. മധുവിന് താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി കാഞ്ഞിരംപാറ മോഹനൻ കൈമാറുന്നു

ഓഖി ദുരിതാശ്വാസഫണ്ട് കൈമാറി

നെടുമങ്ങാട്: നെടുമങ്ങാട് താലൂക്ക് ലൈബ്രറി കൗൺസിൽ താലൂക്കിലെ ലൈബ്രറികളിൽ നിന്നും സമാഹരിച്ച ഓഖി ദുരിതാശ്വാസഫണ്ടിന്റെ ഒന്നാം ഗഡു കൈമാറി.

ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് വി.കെ. മധുവിന് താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി കാഞ്ഞിരംപാറ മോഹനൻ തുക കൈമാറി. സംസ്ഥാന ലൈബ്രറി കമ്മിറ്റി അംഗം ഗോപലകൃഷ്ണൻ, താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പേരയം ശശി , ജില്ല കൗൺസിൽ അംഗം നളിനകുമാരി, ബി.രാജശേഖരൻ നായർ, മുരുകൻ തുടങ്ങിയവർ പങ്കെടുത്തു.

വീടുകയറി ആക്രമിക്കാൻ ശ്രമിച്ചെന്ന് പരാതി

ആര്യനാട്: മാരകായുധങ്ങളുമായി വീട്ടിൽ കയറി ആക്രമിക്കാൻ ശ്രമിച്ചതായി പരാതി. കുളപ്പട മൊണ്ടിയോട് വടക്കുംകര പുത്തൻ വീട്ടിൽ അനിൽ കുമാറും ഭാര്യ സുനിതയുമാണ് ആര്യനാട് സി. ഐയ്ക്ക് ഇതു സംബന്ധിച്ച് പരാതി നൽകിയത്. കഴിഞ്ഞ വെള്ളിയാഴ്ച രാത്രി പതിനൊന്നരയോടു കൂടിയാണ് സംഭവം.

വീടിന്റെ കതകിൽ ആരോ മുട്ടുന്നതു കേട്ട് തുറന്നു നോക്കാൻ ശ്രമിക്കുന്നതിനിടെ എട്ടംഗ സംഘം വാതിൽ തള്ളിത്തുറന്ന് അകത്തു കടക്കുകയായിരുന്നുവെന്ന് പരാതിയിൽ പറയുന്നു. ഇവരെ കണ്ട് വീടിന്റെ പുറകിലൂടെ വീട്ടുകാർ രക്ഷപ്പെടുകയായിരുന്നു. ബഹളം കേട്ട് പരിസരവാസികൾ ഉണർന്നതോടെ അക്രമിസംഘം രക്ഷപ്പെട്ടു. അക്രമികൾ വീടിന് മുന്നിൽ സ്ഫോടക വസ്തുക്കൾ പൊട്ടിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിച്ചതായും വാഹനത്തിന്റെ സി. സി അടയ്ക്കാനായി കരുതിയിരുന്ന 5500 രൂപ കവർന്നതായും പരാതിയിലുണ്ട്.

ഈ അക്രമിസംഘം നടത്തിയ മറ്റൊരു അതിക്രമത്തിന് ദൃക്സാക്ഷിയായതിന്റെ വൈരാഗ്യമാണ് അനിൽകുമാറുമായിട്ടുള്ളതെന്നും തന്റെ കുടുംബത്തിന്റെ ജീവന് ഭീക്ഷണി യുള്ളതിനാൽ സംരക്ഷണം നൽകണമെന്നും പരാതിയിൽ പറയുന്നു. ആര്യനാട് പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

സ്വാഗതഗാനത്തിൽ നിറയെ കാട്ടാക്കടയുടെ കൈയൊപ്പ്

കാട്ടാക്കട: സംസ്ഥാന സ്കൂൾ കലോത്സവത്തിലെ സ്വാഗതഗാനവും പശ്ചാത്തലസംഗീതവും കലാപ്രേമികളുടെയാകമാനം ഹൃദയം കവർന്നപ്പോൾ അതിന് പിന്നിലെ വരികൾ കുറിച്ചതും അതിൽ സംഗീതം നിറച്ചതും കാട്ടാക്കടക്കാരാണ്. ' സഹ്യനിൽ നിന്ന് സാഗരം വരെ നാക്കില പോലെവേ കേരളം ' എന്ന സ്വാഗത ഗാനത്തിന്റെ വരികൾ കുറിച്ചത്, കാട്ടാക്കടയുടെയും മലയാളിയുടെയും പ്രിയ കവി മുരുകൻ കാട്ടാക്കടയാണ്. സംവിധായകനും കാട്ടാക്കട ആരഭി സംഗീത അക്കാഡമിയുടെ ഡയറക്ടറുമായ വിജയ് കരുണാണ് പശ്ചാത്തല സംഗീതം ഒരുക്കിയിരിക്കുന്നത്. ഗായകൻ എം. ജി. ശ്രീകുമാറിന്റേതാണ് ഈണം.

കേരളത്തിന്റെ കലാ വൈശിഷ്ട്യവും മതേതരത്വവും ഒരുപോലെ ഉയർത്തിപ്പിടിക്കുന്നതായിരുന്നു 58-ാം കലോത്സവത്തിന്റെ സ്വാഗതഗാനം. മോഹിനിയാട്ടം, കഥകളി, ഒപ്പന, മാർഗംകളി, നങ്ങ്യാർകൂത്ത് തുടങ്ങിയ കലാരൂപങ്ങളുടെ ഈ സമ്മിശ്ര സമ്മേളനത്തിന് 58 ഓളം അദ്ധ്യാപകർ ചേർന്നാണ് ശബ്ദം നൽകിയിരിക്കുന്നത്. കലാമണ്ഡലം നൃത്തവിഭാഗം മേധാവി രാജലക്ഷ്മി, സെക്കന്റ് വിഭാഗം മേധാവി എസ്. ഗോപകുമാർ, സഹഅദ്ധ്യാപകർ എന്നിവർ ചേർന്നാണ് നൃത്തച്ചുവടുകൾ രൂപകല്പന ചെയ്തത്. ഇക്കഴിഞ്ഞ സ്കൂൾ പ്രവേശനോത്സവ ഗാനം, 'ഇഷ്ടമാണെന്നാദ്യം ചൊല്ലിയതാരോ' എന്നു തുടങ്ങുന്ന ആൽബം, ഉൾപ്പടെ നിരവധി ആൽബങ്ങൾക്കും സിനിമയ്ക്കും ഭക്തിഗാനങ്ങൾക്കും വിജയ് കരുൺ ഈണം നൽകിയിട്ടുണ്ട്. സ്കൂൾ പ്രവേശനോത്സവ ഗാനം ഉൾപ്പടെ നിരവധി ഗാനങ്ങൾക്ക് പിന്നിൽ വിജയ് കരുണും മുരുകൻ കാട്ടാക്കടയും ഒന്നിച്ചുപ്രവർത്തിച്ചിട്ടുമുണ്ട്.

TK
നാട്ടുകാര്യം
www.keralakaumudi.com www.facebook.com/keralakaumudi

വില്വമംഗലം ശ്രീമണികണ്ഠസ്വാമി ക്ഷേത്രം

വർക്കല: കവലയൂർ വില്വമംഗലം ശ്രീമണികണ്ഠസ്വാമി ക്ഷേത്രത്തിലെ ദേവരഥോത്സവം ഇന്ന് മുതൽ 14 വരെ നടക്കും. ഇന്ന് രാവിലെ 8 ന് ഭാഗവത പാരായണം, 9.30 ന് ക്ഷേത്ര തന്ത്രി മധുസൂദനൻ നമ്പൂതിരിയുടെ മുഖ്യകാർമ്മികത്വത്തിൽ തൃക്കൊടിയേറ്റ്, വൈകിട്ട് ഏഴിന് ഭജന. 14 ന് രാവിലെ 9ന് പൊങ്കാല. വൈകിട്ട് 4. 30 ദേവരഥോത്സവ ഘോഷയാത്ര.

തലയൽ കോവിൽവിള ക്ഷേത്രം

വെമ്പായം : തലയൽ കോവിൽവിള ക്ഷേത്രത്തിലെ പ്രതിഷ്ഠാ വാർഷികം 15ന് നടക്കും. രാവിലെ അഞ്ചിന് അഖണ്ഡനാമജപം 11 ന് സമൂഹസദ്യ, രാത്രി 8 ന് നാടകം എന്നിവ നടക്കും.

ലാപ്ടോപ്പ് വിതരണോദ്ഘാടനം

മുടപുരം : കിഴുവിലം ഗ്രാമപഞ്ചായത്ത്, ഉന്നത വിദ്യാഭ്യാസം നേടുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നു. ലാപ്ടോപിന്റെ വിതരണോദ്ഘാടനം നാളെ ഉച്ചയ്ക്ക് രണ്ടിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ. അൻസാർ നിർവഹിക്കും. 40 കുട്ടികൾക്ക് ലാപ്ടോപ് ലഭിക്കുന്ന പദ്ധതിക്കായി ഒമ്പത് ലക്ഷം രൂപയാണ് വകയിരുത്തിയത്.

റബർ സൊസൈറ്റി പൊതുയോഗം

വെമ്പായം : വെഞ്ഞാറമൂട് റബർ സൊസൈറ്റി വാർഷിക പൊതുയോഗം 18 ന് നടക്കും. രാവിലെ 10ന് സൊസൈറ്റി ഹാളിലാണ് യോഗം.

എൻ.എസ്.എസ് കരയോഗം മേഖലാ സമ്മേളനം

വെമ്പായം: എൻ.എസ്.എസ് മാണിക്കൽ, വെഞ്ഞാറമൂട് മേഖലയുടെ സമ്മേളനം നടന്നു. താലൂക്ക് യൂണിയൻ പ്രസിഡന്റ് വി.എ. ബാബുരാജ് ഉദ്ഘാടനം ചെയ്തു. കെ. സുധാകരൻനായർ അദ്ധ്യക്ഷത വഹിച്ചു. എസ്.എസ്. ഷാജി, ബി. വിജയകുമാരി, കെ. മുരളീധരൻ, എം. സുകുമാരൻനായർ എന്നിവർ പങ്കെടുത്തു. വിദ്യാഭ്യാസ പുരസ്കാര വിതരണം, മെരിറ്റ് അവാർഡ് വിതരണം, സ്കോളർഷിപ്പ് വിതരണം, ധനസഹായവിതരണം, പ്രതിഭകളെ ആദരിക്കൽ എന്നിവ നടന്നു. രണ്ടുമേഖലകളിലെയും കരയോഗങ്ങൾ, വനിതാസമാജം, സ്വയം സഹായസംഘങ്ങൾ എന്നിവയിലെ പ്രവർത്തകർ പങ്കെടുത്തു.

കവിതാ സമാഹാരത്തെക്കുറിച്ച് ചർച്ച

കല്ലമ്പലം: മൊഴി കൂട്ടായ്മയുടെ പ്രതിമാസ പരിപാടിയുടെ ഭാഗമായി മൊഴി പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച പേരൂർ സത്താറിന്റെ 'അമ്മ മനസ്' എന്ന കവിതാ സമാഹാരം ചർച്ച ചെയ്തു. സെയ്ഫുദ്ദീൻ കല്ലമ്പലം അദ്ധ്യക്ഷത വഹിച്ചു. എ.വി. ബാഹുലേയൻ പുസ്തകം അവതരിപ്പിച്ചു. കരവാരം രാമചന്ദ്രൻ, രാജചന്ദ്രൻ, സുനിൽ വെട്ടിയറ, ഓരനല്ലൂർ ബാബു, മുരളികൃഷ്ണൻ, എം.ടി. വിശ്വ തിലകൻ, ഉബൈദ് കല്ലമ്പലം, പേരൂർ സത്താർ, ചിറയിൻകീഴ് സലാം, മനോജ് കപ്പാംവിള, തുടങ്ങിയവർ പങ്കെടുത്തു.

കർഷക മിത്ര അഗ്രിക്കൾച്ചറൽ ഏജൻസി ഉദ്ഘാടനം

കിളിമാനൂർ: മടവൂർ അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കാർഷിക ഉപകരണങ്ങളും ജൈവകൃഷിക്കാവശ്യമായ അനുബന്ധ സാധനങ്ങളുമായി കർഷക മിത്ര ഏജൻസീസ് എന്ന പേരിൽ വില്പന ശാലയുടെ ഉദ്ഘാടനം ഇന്ന് രാവിലെ 11 ന് സംഘം കോൺഫറൻസ് ഹാളിൽ നടക്കും. മടവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗിരിജാ ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്യും. ഡോ. കെ. സുപ്രഭ ആദ്യ വില്പന നിർവഹിക്കും.

വിദ്യാർത്ഥികൾക്ക് അവാർഡ് നൽകും

മുടപുരം : തെങ്ങുംവിള ഭഗവതി ക്ഷേത്രം പബ്ലിക് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് അവാർഡ് നൽകുന്നു. ട്രസ്റ്റ് അംഗങ്ങളുടെ സന്താനങ്ങളിൽ ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയിൽ കൂടിയ മാർക്ക് നേടിയ വിദ്യാർത്ഥിക്ക് കാഷ് അവാർഡ് നൽകും. കൂടാതെ പൊതുവിഭാഗത്തിൽ പ്ലസ് ടു വിന് കിഴുവിലം, അഴൂർ, മംഗലാപുരം, മുദാക്കൽ, എന്നീ പഞ്ചായത്ത് അതിർത്തിയിലുള്ള ഏറ്റവും കൂടുതൽ മാർക്ക് നേടിയ ഒന്നും രണ്ടും സ്ഥാനക്കാരായ വിദ്യാർത്ഥികൾക്ക് കാഷ് അവാർഡ് നൽകും. സയൻസ്, ആർട്സ്, കോമേഴ്സ് വിഭാഗങ്ങളുടെ അടിസ്ഥാനത്തിലാണ് അവാർഡ് നൽകുന്നത്. അവാർഡിനുള്ള അപേക്ഷ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം 31 നു മുമ്പ് ട്രസ്റ്റ് സെക്രട്ടറിക്ക് നൽകണം,

പണിയും തകർച്ചയും പുരോഗമിക്കുന്ന

വാമനപുരം ചിറ്റാർ റോഡിനെ രക്ഷിക്കാൻ ആരുമില്ലേ...

KAUMUDI ALERT

◗ കൺമണി വിഷ്ണു

റോഡ് വശം ഇടിഞ്ഞ നിലയിൽ

- നിർമ്മാണം നടക്കുന്ന റോഡ് ഇടിയുന്നു
- നടുവൊടിഞ്ഞ് യാത്രക്കാർ
- ഓട നിർമ്മാണത്തിലും അപാകത
- നിർമ്മാണത്തിലെ പിഴവ് ലക്ഷങ്ങൾ നഷ്ടമാക്കുന്നു
- വൻ അഴിമതിയെന്ന് നാട്ടുകാർ

കിളിമാനൂർ: പണി പുരോഗമിക്കുന്ന വാമനപുരം ചിറ്റാർ റോഡ് ഇടിയുന്നതിനു പിന്നിൽ അനാസ്ഥയെന്ന് ആരോപണം. പാങ്ങോട് ഐരൂർ മുക്കിൽ നിന്നും നൂറുമീറ്റർ മാറിയാണ് റോഡ് ഇടിഞ്ഞത്. കൃത്യമായ അനുപാതത്തിൽ ടാർ ചെയ്യാത്തതും, ഇടവഴികളിലേക്കുള്ള ഭാഗത്ത് നല്ലരീതിയിൽ മെറ്റലിംഗ് നടത്താത്തതുമാണ് കാരണം. കൂടാതെ മൂന്നിടത്ത് റോഡ് നല്ലതുപോലെ ഉറച്ചതുമില്ല. ഇലക്ട്രിക് പോസ്റ്റുകളോട് ചേർന്ന് വരുന്ന ഭാഗങ്ങൾ കുന്നും കുഴിയുമായി കിടക്കുകയാണ്.

സ്ഥലമെടുപ്പ് മുതൽ നിർമ്മാണത്തിൽവരെ കാലതാമസം നേരിട്ട റോഡ് പണിയിൽ വൻ അഴിമതിയുണ്ടെന്ന് നാട്ടുകാർ ആരോപിക്കുന്നു. ഒരു കിലോമീറ്ററിന് ഒരു കോടിയോളം രൂപയും വിവാദങ്ങളും സമംചേർത്ത ടാറിംഗാണ് നടക്കുന്നത്. ഓട നിർമ്മാണത്തിലും അപാകതകൾ ഉണ്ട്, എസ് ആകൃതിയിൽ നിർമ്മിച്ച ഓടയിൽ വേഗത്തിൽ മണ്ണ് അടിഞ്ഞുകൂടും. പാങ്ങോട് സഹകരണ ബാങ്കിന് എതിർ വശത്ത് ഓട അവസാനിക്കുന്നതും അശാസ്ത്രീയമായാണ്. പാങ്ങോട് നിന്നും കുത്തിയൊഴുകിവരുന്ന വെള്ളം ഇടവഴിയിലേക്ക് ഒഴുകുന്ന രീതിയിലാണ് പണിതിരിക്കുന്നതെന്നും ഇവർ ആരോപിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരുപത്തിരണ്ട് കോടിയിൽ തീരുമെന്ന് കണക്കാക്കിയ പണിക്ക് ഇപ്പോൾ രണ്ട് ഘട്ടമായി മുപ്പത്തി എട്ടുകോടിയോളം രൂപ വകയിരുത്തിയിട്ടും വാമനപുരം ചിറ്റാർ റോഡിന് ശാപമോക്ഷം കിട്ടിയിട്ടില്ല.

വാഹനാപകടത്തിൽ യുവാവിന് പരിക്ക്

വർക്കല: വർക്കല മൈതാനം അണ്ടർപാസേജിനു സമീപം കാറും ബൈക്കും കൂട്ടിയിടിച്ച് ബൈക്ക് യാത്രകനായ വർക്കല സ്വദേശി കണ്ണന് (18) പരിക്കേറ്റു. ഇന്നലെ വൈകിട്ട് 4 ഓടെയാണ് സംഭവം. പുത്തൻചന്ത ഭാഗത്തു നിന്നും വർക്കലയിലേക്ക് വരികയായിരുന്ന കാറും മൈതാനത്തു നിന്നും പുത്തൻ ചന്തയ്ക്ക് പോവുകയായിരുന്ന ബൈക്കുമാണ് കൂട്ടിയിടിച്ചത്. ഇടിയുടെ ആഘാതത്തിൽ റോഡിലേക്ക് തെറിച്ചുവീണ കണ്ണനെ വർക്കല ഫയർഫോഴ്സെത്തി താലൂക്കാശുപത്രിയിൽ പ്രവേശിപ്പിച്ചു.

ആക്രമണത്തിൽ പ്രതിഷേധിച്ചു

ചിറയിൻകീഴ്: ദളിത് ആക്രമണങ്ങൾക്കെതിരെയും പട്ടികജാതി ജനതയുടെ പൗരാവകാശത്തിനു വേണ്ടിയും ശ്രമിക്കുന്ന ഭരണഘടനാ ശില്പി ഡോ. ബി.ആർ. അംബേദ്ക്കറുടെ പൗത്രൻ പ്രകാശ് അംബേദ്ക്കറിന് കെ.പി.എം.എസ് ചിറയിൻകീഴ് യൂണിയൻ കമ്മിറ്റി ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതായി സെക്രട്ടറി ഉമേഷ് മുരളിരാജും ഖജാൻജി തുളസി ശാർക്കരയും ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം രാജേന്ദ്രൻ പിണർവിളാകവും അറിയിച്ചു.

സംഗീത കൂട്ടായ്മ

തിരുവനന്തപുരം : പാട്ട് പാടാനും ആസ്വദിക്കാനുമായി പാട്ടുക്കൂട്ടം എന്ന പേരിൽ ഒരു സംഗീത കൂട്ടായ്മ സ്വാതിതിരുനാൾ സംഗീതകോളേജിന് പിറകുവശം ഡിസ്ട്രിക്ട് കോ - ഓപ്പറേറ്റീവ് ബാങ്ക് എംപ്ലോയീസ് ഹാളിൽ നാളെ വൈകിട്ട് 4 ന് ഉദ്ഘാടനം ചെയ്യും.

അമൃതാനന്ദമയി മഠത്തിന്റെ ഒരേക്കർ സ്ഥലം ചിറയിൻകീഴ് യൂണിറ്റിന് കൈമാറി

ചിറയിൻകീഴ്: അമൃത സ്വാശ്രയ സംഘം ചിറയിൻകീഴ് യൂണിറ്റിന്റെ വിപുലമായ നടത്തിപ്പിനായി മാതാ അമൃതാനന്ദമയി മഠത്തിന് കീഴിൽ ചിറയിൻകീഴ് ആൽത്തറമൂട്ടിലെ ഒരേക്കർ സ്ഥലം മഠത്തിന്റെ ജില്ലാ പ്രതിനിധി ശിവാമൃത ചൈതന്യ ചിറയിൻകീഴ് യൂണിറ്റ് പ്രസിഡന്റ് സി. വിഷ്ണുഭക്തന് കൈമാറി.

അമൃത സ്വാശ്രയ സംഘം ചിറയിൻകീഴ് യൂണിറ്റിന്റെ കീഴിലുള്ള നാലായിരത്തോളം അംഗങ്ങൾക്ക് തൊഴിൽ പരിശീലനം, യോഗ, മെഡിറ്റേഷൻ എന്നിവ നടത്തുക, വർഷം തോറും അമ്മ നടത്തിവരുന്ന സാമൂഹ്യ സേവനങ്ങൾ മറ്റുള്ളവരിലേക്ക് എത്തിക്കുന്നതിന് വേദി ഒരുക്കുക, കുട്ടികൾക്ക് വിദ്യാഭ്യാസത്തിനൊപ്പം ചിട്ടയായ പ്രാർത്ഥനാരീതികൾ പരിശീലിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കാണ് സ്ഥലം കൈമാറിയത്. ഇതിനോടനുബന്ധിച്ച് നടന്ന ചടങ്ങിൽ ഒ. രാജഗോപാൽ എം.എൽ.എ, മഠം ജില്ലാ പ്രസിഡന്റ് സജികുമാർ, മഠം ജില്ലാ കൗൺസിലർ സതീഷ്കുമാർ എന്നിവർ പങ്കെടുത്തു.

മാതാ അമൃതാനന്ദമയി മഠത്തിന് കീഴിൽ ചിറയിൻകീഴ് ആൽത്തറമൂട്ടിലുള്ള ഒരേക്കർ സ്ഥലം അമൃത സ്വാശ്രയ സംഘം ചിറയിൻകീഴ് യൂണിറ്റ് പ്രസിഡന്റ് സി. വിഷ്ണുഭക്തന് മഠത്തിന്റെ ജില്ലാ പ്രതിനിധി ശിവാമൃത ചൈതന്യ കൈമാറുന്നു. ഒ. രാജഗോപാൽ എം.എൽ.എ, സജികുമാർ, സതീഷ്കുമാർ എന്നിവർ സമീപം

വാഴോട് - മാവിള റോഡിന്റെ ഉദ്ഘാടനം മെമ്പർ ജി.എൽ. അജീഷ് നിർവഹിക്കുന്നു

ജനകീയ കൂട്ടായ്മയിൽ വാഴോട് മാവിള റോഡ് നിർമ്മിച്ചു

കിളിമാനൂർ: പഴയകുന്നമ്മൽ - നിലമേൽ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ചു കൊണ്ട് വാഴോട് മുതൽ മാവിള വരെ ഒരു കിലോമീറ്റർ നീളത്തിൽ റോഡ് നിർമ്മിച്ചു. നാട്ടുകാർ സ്വയം വിട്ടുനൽകിയ സ്ഥലത്തിലൂടെയാണ് ജനപ്രതിനിധിയുടെ നേതൃത്വത്തിൽ ജനകീയ കൂട്ടായ്മയിലൂടെ റോഡ് നിർമ്മിച്ചത്. നിലവിലുള്ള നീർച്ചാലിന്റെ സംരക്ഷണം ഉറപ്പ് വരുത്തിയാണ് നിർമ്മാണം. നിർമ്മാണം പൂർത്തിയാക്കിയ റോഡിന്റെ ഉദ്ഘാടനം വാർഡ് മെമ്പർ ജി.എൽ. അജീഷ് നിർവഹിച്ചു. ബിജു മാവിള, അനിൽ, മോഹൻ ദാസ്, അബ്ദുൽ സമദ്, ഷറഫ്, റഫീക്, സുലൈമാൻ എന്നിവർ പങ്കെടുത്തു.

തെരുവ് വിളക്കിലെ രാഷ്ട്രീയം ഒഴിവാക്കുമോ നേതാക്കളേ....

കിളിമാനൂർ: പഞ്ചായത്തുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുമ്പോൾ നാട്ടുകാർക്ക് ന്യായമായ ഒരു അപേക്ഷയേ ഉള്ളൂ. തെരുവ് വിളക്കിലെ രാഷ്ട്രീയം ഇത്തവണയെങ്കിലും ഒഴിവാക്കിത്തരണം. മുൻവർഷങ്ങളിൽ വ്യക്തമായ രാഷ്ട്രീയലക്ഷ്യത്തോടെയായിരുന്നു വിളക്കുകൾ സ്ഥാപിച്ചത്.

നേതാക്കളുടെ വീടിനുമുൻപിലും, വോട്ട് ബാങ്കുകളിലും നല്ല ഒന്നാംതരം ലൈറ്റുകൾ സ്ഥാപിച്ചപ്പോൾ മറ്റുസ്ഥലങ്ങളിലും കോളനിയിലും പഴയ ലൈറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തിയാണ് സ്ഥാപിച്ചത്.

കുറച്ചു ദിവസം നന്നായി കത്തിയ ശേഷം ലൈറ്റ് അണയും.

ആരൊക്കെ പരാതി പറഞ്ഞാലും നോ രക്ഷ. പാങ്ങോട് പഞ്ചായത്തിലെ ഐരൂർ മുക്കിനു സമീപമുള്ള ഒരു ലൈറ്റ് നേതൃസ്നേഹത്തിന്റെ ഉത്തമ ഉദാഹരണമാണെന്ന് നാട്ടുകാർ പറയുന്നു.

കേടായാൽ ഉടനടി പണിയാൻ ആളുവരും. പ്രധാന കവലയിൽ മാസങ്ങളായി വെട്ടമില്ലെങ്കിലും തിരിഞ്ഞു നോക്കാൻ ആളില്ല.

മറ്റ് പഞ്ചായത്തുകളിലും ഇതായിരുന്നു ഗതി. മക്ക ലൈറ്റുകളും ദിവസങ്ങൾക്കുള്ളിൽ അണയും.

തങ്ങളുടെ വാർഡുകളിൽ വിളക്കുകൾ സ്ഥാപിക്കാൻ മെമ്പർമാർ തമ്മിൽ മത്സരമാണെങ്കിലും ബില്ല് മാറാൻ ചെല്ലുമ്പോൾ നൂറ് ന്യായം നിരത്തുമെന്ന് കരാറുകാർ പറയുന്നു.

ഒരുമയോടെ അവർ ശബരിമലയിലേക്ക്...

വെഞ്ഞാറമൂട്: ഒരുമിച്ച് ഇരുമുടിക്കെട്ടുകെട്ടി ഒരു ഗ്രാമത്തിലെ ഭക്തർ ഒരുമിച്ച് ശബരിമല കയറി ശാസ്താവിനെ വണങ്ങി. വെഞ്ഞാറമൂടിന് സമീപമുള്ള മുക്കുന്നൂർ ഗ്രാമത്തിലെ 50 ലധികം പേരാണ് ആചാരമുറ തെറ്റിക്കാതെ ഇന്നലെ ഒരുമിച്ച് ശബരിമലയിലേക്ക് യാത്ര തിരിച്ചത്.

കഴിഞ്ഞ 10 വർഷത്തിലധികമായി ഇവിടെയുള്ള ഭക്തർ ഒരുമിച്ചാണ് അയ്യപ്പദർശനം നടത്തുവാനായി പോകുന്നത്. മുക്കുന്നൂർ ഊന്നൻ കല്ല് മാടൻനട ക്ഷേത്രത്തിൽ പ്രത്യേകമണ്ഡല മഹോത്സവ ചടങ്ങുകൾക്കും പ്രത്യേക പൂജകൾക്കും വിളക്കിനും ശേഷമാണ് ഇവർ ശബരിമലയിലേക്ക് പോയത്. തലേന്ന് രാത്രിയിൽ തന്നെ കൂട്ട ഇരുമുടിക്കെട്ട് നിറയ്ക്കൽ ചടങ്ങിനു ശേഷം ക്ഷേത്രത്തിൽ തങ്ങി രാവിലെ കാൽനടയായി വെഞ്ഞാറമൂട് ടൗൺ വഴി മാണിക്കോട് മഹാദേവ ക്ഷേത്രത്തിൽ ദർശനം നടത്തിയ ശേഷമാണ് വാഹനങ്ങളിൽ ശബരിമലയിലേയ്ക്ക് യാത്ര തിരിച്ചത്. നിരവധി കന്നി അയ്യപ്പൻമാരും തീർത്ഥാടക സംഘത്തിലുണ്ട്. നാട്ടുകാരും ബന്ധുക്കളുമുൾപ്പെടെ അനേകം പേർ ഇവരെ യാത്രയാക്കാൻ ക്ഷേത്രത്തിൽ എത്തിയിരുന്നു.

മുക്കുന്നൂർ ഗ്രാമവാസികൾ കൂട്ടമായി ശബരിമലയിലേക്ക് യാത്ര തിരിക്കുന്നു

കക്കൂസ് കുഴിയിൽ വീണ പശുവിനെ രക്ഷപ്പെടുത്തി

കിളിമാനൂർ : നഗരൂർ കോട്ടയ്ക്കലിൽ ആറു മാസം ഗർഭിണിയായ പശു വീട്ടുവളപ്പിലെ കക്കൂസ്കുഴിയിൽ വീണു. നഗരൂർ കോട്ടയ്ക്കൽ കാട്ടിൽവീട്ടിൽ സുധർമ്മിണിയുടെ പശുവാണ് വീടിന് സമീപത്തെ ഉപയോഗ ശൂന്യമായ കുഴിയിൽ വീണത്.

തുടർന്ന് നാട്ടുകാരും ആറ്റിങ്ങൽ ഫയർഫോഴ്സ് സംഘവും ചേർന്ന് രക്ഷിച്ച് കരയ്ക്കെത്തിച്ചു.

കൂടുതൽ പ്രാദേശിക വാർത്തകൾ പേജ് 3,9

പ്ലാസ്റ്റിക് വിമുക്ത യജ്ഞം പുല്ലമ്പാറ സ്കൂൾ മാതൃകയാകുന്നു

വെമ്പായം: പുല്ലമ്പാറ പഞ്ചായത്തിലെ സ്കൂളുകളിൽനിന്നും പ്ലാസ്റ്റിക് ഉത്പന്നങ്ങൾ പതിയെ പടിയിറക്കുന്നു. ആദ്യപടിയായി പ്ലാസ്റ്റിക് ബോൾപോയിന്റ് പേനകൾക്ക് പകരം മഷിപേനയാക്കാനാണ് തീരുമാനം. ഒപ്പം ഡിസ്പോസിബിൾ ഗ്ലാസുകളും പ്ലേറ്റുകളും ഒഴിവാക്കി സ്റ്റീൽ പാത്രങ്ങൾ ഉപയോഗിക്കും. പഞ്ചായത്തിലെ പ്ലാസ്റ്റിക് ഉപഭോഗം കുറയ്ക്കാൻ ലക്ഷ്യമിട്ടാണ് സ്കൂളുകളിൽ പദ്ധതി ആരംഭിച്ചത്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന 'പ്ലാസ്റ്റിക് വിമുക്ത സ്കൂൾ യജ്ഞം' മുക്കുടിൽ സർക്കാർ എൽ.പി സ്കൂളിൽ കുട്ടികൾക്ക് മഷിപേനയും ഒരു കുപ്പി മഷിയും നൽകി ഡി.കെ.മുരളി എം.എൽ.എ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പഞ്ചായത്തിലെ സ്കൂളുകളിലേക്ക് ശിശുകേന്ദ്രീകൃതമായ ഫർണിച്ചറും വിതരണം ചെയ്തു.

പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീകണ്ഠൻനായർ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്തംഗം വൈ.വി. ശോഭകുമാർ മുഖ്യാതിഥിയായി. ആർ. മുരളി, തേമ്പാമ്മൂട് ഹുസൈൻ, ഷീലാകുമാരി, രാധാവിജയൻ, സജിത, രാജേന്ദ്രൻ, ജെ. വിജയകുമാരി, പി.ജി. സുധീർ, പാണയം അശോക്കുമാർ, ഷംനാദ്, റീന എന്നിവർ സംസാരിച്ചു.

വർക്കല മാന്തറ വാറുവിളാകം ശ്രീ ദുർഗ്ഗാഭഗവതി ക്ഷേത്രത്തിൽ ഉത്രം തിരുനാൾ ഉത്സവത്തിന്റെ ഭാഗമായി നടന്ന പൊങ്കാല

താമരക്കുളത്തിന് വേണ്ടത് സംരക്ഷണം

◗ ജിജു പെരുങ്ങുഴി

മാലിന്യത്തിൽ മൂടി താമരക്കുളം

> ഈ ജലസ്രോതസിനെ ഇനിയും നാശത്തിലേക്ക് തള്ളിവിടാതെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും എത്രയും വേഗം ഉണ്ടാകണം.
>
> ബൈജു തോന്നയ്ക്കൽ,
> ബി.ഡി.ജെ.എസ്
> ചിറയിൻകീഴ്
> നിയോജക മണ്ഡലം
> പ്രസിഡന്റ്

ചിറയിൻകീഴ്: ചിറയിൻകീഴിലെ താമരക്കുളം സംരക്ഷിക്കണമെന്ന ആവശ്യം ശക്തമാകുന്നു. ഒരു കാലത്ത് നാടിന്റെ പ്രധാന ജലസ്രോതസായിരുന്ന ഈ കുളം ഇന്ന് നാശത്തിന്റെ വക്കിലാണ്. താമരക്കുളത്തിനെ വർഷങ്ങൾക്ക് മുമ്പ് കൃഷിക്കായി ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് ഏറ്റെടുക്കുകയും ചുറ്റുമതിലും കൽപ്പടവുകളും കെട്ടി അടയ്ക്കുകയും ചെയ്ത് സമീപത്തെ വയലിലേക്ക് കുളത്തിൽ നിന്ന് ഓട നിർമിക്കുകയും ചെയ്തിരുന്നു. എന്നാൽ കൃഷിയിടങ്ങൾ നികത്തുകയും കുളത്തിന് സമീപത്തുകൂടി റോഡ് വരുകയും ചെയ്തതോടെ ഓട അടഞ്ഞു. ഇതോടെ വെള്ളം ഒഴുകിപോകാൻ ഇടമില്ലാതെ ഏകദേശം അര ഏക്കറോളം വരുന്ന താമരക്കുളം നാശോന്മുഖമാവുകയായിരുന്നു. കുളത്തിലെ കൽപ്പടവുകളും സൈഡ് വാളും പൊട്ടിപ്പൊളിഞ്ഞ്, സമീപ പ്രദേശങ്ങളിൽ കുറ്റിച്ചെടികൾ വളർന്ന്, കടവ് പോലും നഷ്ടപ്പെട്ടിട്ട് നാളേറെയായി. ഒരു കാലത്ത് തെളിനീരായി കിടന്നിരുന്ന ഇവിടം ഇപ്പോൾ പായലും കുത്താടിയുമായി വെള്ളത്തിന്റെ നിറം തന്നെ മാറി ദുർഗന്ധ പൂരിതമായിത്തീർന്നിരിക്കുകയാണ്. മഴക്കാലമായാൽ സമീപപ്രദേശങ്ങളിൽ നിന്നെല്ലാം ഒലിച്ചെത്തുന്ന മലിനജലം ഈ കുളത്തിലാണ് വന്നിറങ്ങുന്നത്. വെള്ളം ഒഴുകിപോകാൻ സ്ഥലമില്ലാത്തതിനാൽ മഴക്കാലത്ത് കുളത്തിൽ വെള്ളം പൊങ്ങി സമീപ പുരയിടങ്ങളിൽ വെള്ളം കയറാറുണ്ടെന്ന് നാട്ടുകാർ പറയുന്നു. മുൻകാലങ്ങളിൽ നാട്ടുകാർ കുളിക്കാനും നീന്തൽ പരിശീലന കേന്ദ്രമായും ഉപയോഗിച്ചിരുന്ന ഇവിടത്തെ വെള്ളത്തിൽ ഒന്നു തൊടാൻ പോലും ജനങ്ങൾക്ക് ഭയമാണ്. അത്രയ്ക്ക് മലീമസമാണിന്ന് കുളം. ഇവിടെ വിവിധ ജലജന്യ രോഗങ്ങൾ വീണ്ടും പടരുമോയെന്നതാണ് നാട്ടുകാരുടെ ആശങ്ക.

ഓടിക്കൊണ്ടിരുന്ന ബസിന്റെ പ്ലാറ്റ്ഫോറം പൊളിഞ്ഞ് മൂന്ന് യാത്രികർക്ക് പരിക്ക്

കിളിമാനൂർ: യാത്രക്കിടെ സ്വകാര്യ ബസിന്റെ പിൻചക്രം പൊട്ടി പ്ലാറ്റ് ഫോറം തകർന്നുണ്ടായ അപകടത്തിൽ ബസ് യാത്രികരായ മൂന്നു പേർക്ക് പരിക്കേറ്റു. ഞായറാഴ്ച വൈകിട്ട് അഞ്ചര കഴിഞ്ഞ് വെള്ളംകൊള്ളി ലയൺസ് ക്ലബ് ഹാളിലെ വളവിലായിരുന്നു അപകടം.

കിളിമാനൂരിൽ നിന്നും ആറ്റിങ്ങലിലേക്ക് വന്ന സ്വകാര്യ ബസിന്റെ പിൻചക്രമാണ് പൊട്ടിയത്. തുടർന്ന് പ്ലാറ്റ് ഫോം തകർന്ന് ടയറിന് മുകൾ ഭാഗത്തായുള്ള സീറ്റിൽ യാത്ര ചെയ്തിരുന്ന കുട്ടി അടക്കം മൂന്ന് പേർക്ക് പരിക്കേൽക്കുകയായിരുന്നു.

പരിക്കേറ്റവരിൽ തട്ടത്തുമല സ്വദേശിനി അജിതയെ മെഡിക്കൽ കോളേജിലും വർക്കല മുത്താന സ്വദേശികളായ അരുൺ മനോജ്(7), മായ (28) എന്നിവരെ കടുവയിൽ കെ.ടി.സി.ടി ആശുപത്രിയിലും പ്രവേശിപ്പിച്ചു. ആരുടെയും പരിക്ക് ഗുരുതരമല്ല.

സി.പി.ഐ നേതാവിന്റെ വീടിന് നേരെ ആക്രമണം

കിളിമാനൂർ: സി.പി.ഐ കിളിമാനൂർ മണ്ഡലം കമ്മിറ്റി അംഗവും എ.ഐ.ടി.യു.സി സംസ്ഥാന കൗൺസിൽ അംഗവുമായ ടി.എം ഉദയകുമാറിന്റെ വീടിനു നേരെ ശനിയാഴ്ച രാത്രി കല്ലേറ്. രാത്രി 11.45 ഓടെയാണ് സംഭവം. ഉദയകുമാറും കുടുംബാംഗങ്ങളും ലൈറ്റ് ഓൺ ചെയ്തതോടെ അക്രമികൾ രക്ഷപ്പെട്ടു. ഉദയകുമാർ ഇതുസംബന്ധിച്ച പരാതി കിളിമാനൂർ പൊലീസിന് നൽകി. 2 ജനലുകൾ തകർന്നിട്ടുണ്ട്. അക്രമികളെ ഉടൻ പിടികൂടണമെന്ന് സി.പി.ഐ കിളിമാനൂർ മണ്ഡലം സെക്രട്ടറി അഡ്വ. പി.ആർ. രാജീവ് ആവശ്യപ്പെട്ടു.

എൻ.എസ്.എസ് ക്യാമ്പ് സമാപിച്ചു

വെമ്പായം : തേമ്പാമൂട് ജനതാ ഹയർ സെക്കൻഡറി സ്കൂൾ എൻ.എസ്.എസ് യൂണിറ്റ് സംഘടിപ്പിച്ച ഏഴുദിന സഹവാസ ക്യാമ്പ് സമാപിച്ചു. പെരുമല യു.പി.എസിൽ നടന്ന സമാപനസമ്മേളനം പഞ്ചായത്ത് വൈസ് പ്രസിഡന്റ് മുത്തിപ്പാറ ശ്രീകണ്ഠൻനായർ ഉദ്ഘാടനം ചെയ്തു.

പി.ടി.എ പ്രസിഡന്റ് ഷംനാദ് പുല്ലമ്പാറ അദ്ധ്യക്ഷത വഹിച്ചു. സ്മിത, ആനക്കുഴി മുജീബ്, മിനി, പനവൂർ നിസാമുദ്ദീൻ, സുരഭി എന്നിവർ സംസാരിച്ചു.

TV

നാട്ടുകാര്യം

www.keralakaumudi.com www.facebook.com/keralakaumudi

വില്വമംഗലം ശ്രീമണികണ്ഠസ്വാമി ക്ഷേത്രം

വർക്കല: കവലയൂർ വില്വമംഗലം ശ്രീമണികണ്ഠസ്വാമി ക്ഷേത്രത്തിലെ ദേവരഥോത്സവം ഇന്ന് മുതൽ 14 വരെ നടക്കും. ഇന്ന് രാവിലെ 8 ന് ഭാഗവത പാരായണം, 9.30 ന് ക്ഷേത്ര തന്ത്രി മധുസൂദനൻ നമ്പൂതിരിയുടെ മുഖ്യകാർമ്മികത്വത്തിൽ തൃക്കൊടിയേറ്റ്, വൈകിട്ട് ഏഴിന് ഭജന. 14 ന് രാവിലെ 9ന് പൊങ്കാല. വൈകിട്ട് 4. 30 ദേവരഥോത്സവ ഘോഷയാത്ര.

തലയൽ കോവിൽവിള ക്ഷേത്രം

വെമ്പായം : തലയൽ കോവിൽവിള ക്ഷേത്രത്തിലെ പ്രതിഷ്ഠാ വാർഷികം 15ന് നടക്കും. രാവിലെ അഞ്ചിന് അഖണ്ഡനാമജപം 11 ന് സമൂഹസദ്യ, രാത്രി 8 ന് നാടകം എന്നിവ നടക്കും.

ലാപ്ടോപ്പ് വിതരണോദ്ഘാടനം

മുടപുരം: കിഴുവിലം ഗ്രാമപഞ്ചായത്ത്, ഉന്നത വിദ്യാഭ്യാസം നേടുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നു. ലാപ്ടോപിന്റെ വിതരണോദ്ഘാടനം നാളെ ഉച്ചയ്ക്ക് രണ്ടിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ. അൻസാർ നിർവഹിക്കും. 40 കുട്ടികൾക്ക് ലാപ്ടോപ്പ് ലഭിക്കുന്ന പദ്ധതിക്കായി ഒമ്പത് ലക്ഷം രൂപയാണ് വകയിരുത്തിയത്.

റബർ സൊസൈറ്റി പൊതുയോഗം

വെമ്പായം : വെഞ്ഞാറമൂട് റബർ സൊസൈറ്റി വാർഷിക പൊതുയോഗം 18 ന് നടക്കും. രാവിലെ 10ന് സൊസൈറ്റി ഹാളിലാണ് യോഗം.

എൻ.എസ്.എസ് കരയോഗം മേഖലാ സമ്മേളനം

വെമ്പായം: എൻ.എസ്.എസ് മാണിക്കൽ, വെഞ്ഞാറമൂട് മേഖലയുടെ സമ്മേളനം നടന്നു. താലൂക്ക് യൂണിയൻ പ്രസിഡന്റ് വി.എ. ബാബുരാജ് ഉദ്ഘാടനം ചെയ്തു. കെ. സുധാകരൻനായർ അദ്ധ്യക്ഷത വഹിച്ചു. എസ്.എസ്. ഷാജി, ബി. വിജയകുമാരി, കെ. മുരളീധരൻ, എം. സുകുമാരൻനായർ എന്നിവർ പങ്കെടുത്തു. വിദ്യാഭ്യാസ പുരസ്കാര വിതരണം, മെരിറ്റ് അവാർഡ് വിതരണം, സ്കോളർഷിപ്പ് വിതരണം, ധനസഹായവിതരണം, പ്രതിഭകളെ ആദരിക്കൽ എന്നിവ നടന്നു. രണ്ടുമേഖലകളിലെയും കരയോഗങ്ങൾ, വനിതാസമാജം, സ്വയം സഹായസംഘങ്ങൾ എന്നിവയിലെ പ്രവർത്തകർ പങ്കെടുത്തു.

കവിതാ സമാഹാരത്തെക്കുറിച്ച് ചർച്ച

കല്ലമ്പലം: മൊഴി കൂട്ടായ്മയുടെ പ്രതിമാസ പരിപാടിയുടെ ഭാഗമായി മൊഴി പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച പേരൂർ സത്താറിന്റെ 'അമ്മ മനസ്' എന്ന കവിതാ സമാഹാരം ചർച്ച ചെയ്തു. സെയ്ഫുദ്ദീൻ കല്ലമ്പലം അദ്ധ്യക്ഷത വഹിച്ചു. എ.വി. ബാഹുലേയൻ പുസ്തകം അവതരിപ്പിച്ചു. കരവാരം രാമചന്ദ്രൻ, രാജചന്ദ്രൻ, സുനിൽ വെട്ടിയറ, ഓരനല്ലൂർ ബാബു, മുരളികൃഷ്ണൻ, എം.ടി. വിശ്വ തിലകൻ, ഉബൈദ് കല്ലമ്പലം, പേരൂർ സത്താർ, ചിറയിൻകീഴ് സലാം, മനോജ് കപ്പാംവിള, തുടങ്ങിയവർ പങ്കെടുത്തു.

കർഷക മിത്ര അഗ്രിക്കൾച്ചറൽ ഏജൻസി ഉദ്ഘാടനം

കിളിമാനൂർ: മടവൂർ അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കാർഷിക ഉപകരണങ്ങളും ജൈവകൃഷിക്കാവശ്യമായ അനുബന്ധ സാധനങ്ങളുമായി കർഷക മിത്ര ഏജൻസീസ് എന്ന പേരിൽ വില്പന ശാലയുടെ ഉദ്ഘാടനം ഇന്ന് രാവിലെ 11 ന് സംഘം കോൺഫറൻസ് ഹാളിൽ നടക്കും. മടവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗിരിജാ ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്യും. ഡോ. കെ. സുപ്രഭ ആദ്യ വില്പന നിർവഹിക്കും.

വിദ്യാർത്ഥികൾക്ക് അവാർഡ് നൽകും

മുടപുരം : തെങ്ങുംവിള ഭഗവതി ക്ഷേത്രം പബ്ലിക് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് അവാർഡ് നൽകുന്നു. ട്രസ്റ്റ് അംഗങ്ങളുടെ സന്താനങ്ങളിൽ ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയിൽ കൂടിയ മാർക്ക് നേടിയ വിദ്യാർത്ഥിക്ക് കാഷ് അവാർഡ് നൽകും. കൂടാതെ പൊതുവിഭാഗത്തിൽ പ്ലസ് ടു വിന് കിഴുവിലം, അഴൂർ, മംഗലാപുരം, മുദാക്കൽ, എന്നീ പഞ്ചായത്ത് അതിർത്തിയിലുള്ള ഏറ്റവും കൂടുതൽ മാർക്ക് നേടിയ ഒന്നും രണ്ടും സ്ഥാനക്കാരായ വിദ്യാർത്ഥികൾക്ക് കാഷ് അവാർഡ് നൽകും. സയൻസ്, ആർട്സ്, കോമേഴ്സ് വിഭാഗങ്ങളുടെ അടിസ്ഥാനത്തിലാണ് അവാർഡ് നൽകുന്നത്. അവാർഡിനുള്ള അപേക്ഷ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം 31 നു മുമ്പ് ട്രസ്റ്റ് സെക്രട്ടറിക്ക് നൽകണം,

വർക്കല മാന്തറ വാറുവിളാകം ശ്രീ ദുർഗാഭഗവതീക്ഷേത്രത്തിൽ ഉത്രം തിരുനാൾ ഉത്സവത്തിന്റെ ഭാഗമായി നടന്ന പൊങ്കാല

നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 15000 വാഴക്കന്നുകൾ വിതരണം ചെയ്യുന്ന പദ്ധതി വൈസ് പ്രസിഡന്റ് സൂര്യത് ബീവി ഉദ്ഘാടനം ചെയ്യുന്നു. സിയാദ്, ആസിഫ്, മണിലാൽ എന്നിവർ പങ്കെടുത്തു

രക്തം ചിന്തി പൊതുനിരത്തുകൾ

അമിതവേഗതയും ഉച്ചത്തിലുള്ള ഹോണടിയും മൂലം പൊറുതിമുട്ടി യാത്രക്കാരും വ്യാപാരികളും

KAUMUDI ALERT

സജീവ്ഗോപാലൻ

■കഴിഞ്ഞ ഒരു മാസത്തിനിടെ അണ്ടർ പാസേജ് റോഡിൽ അപകടത്തിൽ പെട്ടത് 17 പേർ

വാഹനാപകടങ്ങൾ പതിവായ മേഖലകൾ

- ഇടവ ബസ് സ്റ്റോപ്പിന് മുന്നിൽ
- പൊലീസ് സ്റ്റേഷനു സമീപം
- കല്ലമ്പലം റോഡിൽ
- റെയിൽവേ സ്റ്റേഷൻ ജംഗ്ഷൻ
- വർക്കല പാർക്ക്
- ക്ഷേത്രം റോഡ്
- പുത്തൻചന്ത
- ആയുർവേദാശുപത്രി ജംഗ്ഷൻ
- പുന്നമൂട്

വർക്കല: മൈതാനം അണ്ടർ പാസേജ് റോഡിൽ വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിന് ട്രാഫിക് പരിഷ്കരണ സംവിധാനങ്ങൾ നടപ്പിലാക്കണമെന്നും കെ.എസ്.എഫ്.ഇക്ക് സമീപത്തെ പ്രധാന റോഡിലെ അനധികൃത വാഹന പാർക്കിംഗും ബസ് സ്റ്റോപ്പും നീക്കം ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് വർക്കല നഗരസഭ, പൊതുമരാമത്ത് വകുപ്പ്, പൊലീസ് എന്നിവർ തയ്യാറാകണമെന്ന ആവശ്യവും ശക്തമാകുന്നു.

വർക്കല നഗരത്തിലെ ട്രാഫിക് പരിഷ്കരണ പദ്ധതികൾ പ്രഖ്യാപനങ്ങൾ നടത്തി മാസങ്ങൾ പിന്നിട്ടിട്ടും നടപടികൾ സ്വീകരിക്കുവാൻ അധികൃതർ തയ്യാറായിട്ടില്ല. സ്വകാര്യ ബസുകളുടെയും മറ്റു വാഹനങ്ങളുടെയും അനധികൃത പാർക്കിംഗ് മൂലം വർക്കല ടൗണും പരിസര പ്രദേശങ്ങളും വീർപ്പുമുട്ടുകയാണ്. ഗതാഗതക്കുരുക്ക് രൂക്ഷമാകുന്ന പകൽവേളകളിലാണ് അപകടങ്ങളേറെയും നടക്കുന്നത്.

വർക്കല നഗരത്തിലെ അനധികൃത പാർക്കിംഗ് നിയന്ത്രിക്കുന്നതിന് പകരം സംവിധാനം ഏർപ്പെടുത്തുമെന്ന നഗരസഭ അധികൃതരുടെ പ്രഖ്യാപനങ്ങൾ ഫയലിൽ ഉറങ്ങുകയാണ്. വർക്കല മൈതാനം അടഞ്ഞു കിടക്കുന്ന റെയിൽവേ ഗേറ്റിന് സമീപവും ഹോമിയോ ആശുപത്രി പരിസരത്തും വാഹന പാർക്കിംഗിന് സ്ഥലമൊരുക്കുമെന്ന് വർഷങ്ങളായി നഗരസഭ ഭരണസമിതികൾ പറയുന്നുണ്ടെങ്കിലും നടപ്പാക്കുന്നില്ലെന്ന് നാട്ടുകാർ ആരോപിക്കുന്നു. വാഹനാപകടങ്ങളിൽ പെട്ട് നിരവധി പേരുടെ ജീവൻ നഷ്ടപ്പെടുകയും ഒട്ടനവധി പേർക്ക് അംഗവൈകല്യം സംഭവിക്കുകയും ചെയ്തിട്ടും അധികൃതർ ഉണർന്നിട്ടില്ലെന്ന് ഇവർ പറയുന്നു. കാൽനടപാത നിർമ്മാണവും ജലരേഖയായി മാറിയതോടെ ഭൂരിഭാഗം നടപ്പാതകളും പൊട്ടിപ്പൊളിഞ്ഞും വഴിയോരകച്ചവടക്കാരുടെ ഇടത്താവളവുമായി മാറിയിരിക്കുകയാണ്. അപകടം ഏറെ വർദ്ധിച്ചുവരുന്ന മൈതാനം താഴെവെട്ടൂർ റോഡ് ജംഗ്ഷനിൽ അപകടമുന്നറിയിപ്പ് ഉൾപ്പെടെയുള്ള സംവിധാനം ഒരുക്കണമെന്നും. തിരക്കുള്ള സമയങ്ങളിൽ പൊലീസിനെ ഡ്യൂട്ടിക്കായി നിയോഗിക്കണമെന്നും നാട്ടുകാർ ആവശ്യപ്പെടുന്നു.

വാഹനാപകടത്തിൽ യുവാവിന് പരിക്ക്

വർക്കല: വർക്കല മൈതാനം അണ്ടർപാസേജിനു സമീപം കാറും ബൈക്കും കൂട്ടിയിടിച്ച് ബൈക്ക് യാത്രകനായ വർക്കല സ്വദേശി കണ്ണന് (18) പരിക്കേറ്റു. ഇന്നലെ വൈകിട്ട് 4 ഓടെയാണ് സംഭവം. പുത്തൻചന്ത ഭാഗത്തു നിന്നും വർക്കലയിലേക്ക് വരികയായിരുന്ന കാറും മൈതാനത്തു നിന്നും പുത്തൻ ചന്തയ്ക്ക് പോവുകയായിരുന്ന ബൈക്കുമാണ് കൂട്ടിയിടിച്ചത്. ഇടിയുടെ ആഘാതത്തിൽ റോഡിലേക്ക് തെറിച്ചുവീണ കണ്ണനെ വർക്കല ഫയർഫോഴ്സെത്തി താലൂക്കാശുപത്രിയിൽ പ്രവേശിപ്പിച്ചു.

ആക്രമണത്തിൽ പ്രതിഷേധിച്ചു

ചിറയിൻകീഴ്: ദളിത് ആക്രമണങ്ങൾക്കെതിരെയും പട്ടികജാതി ജനതയുടെ പൗരാവകാശത്തിനു വേണ്ടിയും ശ്രമിക്കുന്ന ഭരണഘടനാ ശില്പി ഡോ. ബി.ആർ. അംബേദ്ക്കറുടെ പൗത്രൻ പ്രകാശ് അംബേദ്ക്കറിന് കെ.പി.എം.എസ് ചിറയിൻകീഴ് യൂണിയൻ കമ്മിറ്റി ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതായി സെക്രട്ടറി ഉമേഷ് മുരളിരാജും ഖജാൻജി തുളസി ശാർക്കരയും ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം രാജേന്ദ്രൻ പിണർവിളാകവും അറിയിച്ചു.

അമൃതാനന്ദമയി മഠത്തിന്റെ ഒരേക്കർ സ്ഥലം ചിറയിൻകീഴ് യൂണിറ്റിന് കൈമാറി

ചിറയിൻകീഴ്: അമൃത സ്വാശ്രയ സംഘം ചിറയിൻകീഴ് യൂണിറ്റിന്റെ വിപുലമായ നടത്തിപ്പിനായി മാതാ അമൃതാനന്ദമയി മഠത്തിന് കീഴിൽ ചിറയിൻകീഴ് ആൽത്തറമൂട്ടിലെ ഒരേക്കർ സ്ഥലം മഠത്തിന്റെ ജില്ലാ പ്രതിനിധി ശിവാമൃത ചൈതന്യ ചിറയിൻകീഴ് യൂണിറ്റ് പ്രസിഡന്റ് സി. വിഷ്ണുഭക്തന് കൈമാറി.

അമൃത സ്വാശ്രയ സംഘം ചിറയിൻകീഴ് യൂണിറ്റിന്റെ കീഴിലുള്ള നാലായിരത്തോളം അംഗങ്ങൾക്ക് തൊഴിൽ പരിശീലനം, യോഗ, മെഡിറ്റേഷൻ എന്നിവ നടത്തുക, വർഷം തോറും അമ്മ നടത്തിവരുന്ന സാമൂഹ്യ സേവനങ്ങൾ മറ്റുള്ളവരിലേക്ക് എത്തിക്കുന്നതിന് വേദി ഒരുക്കുക, കുട്ടികൾക്ക് വിദ്യാഭ്യാസത്തിനൊപ്പം ചിട്ടയായ പ്രാർത്ഥനാരീതികൾ പരിശീലിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കാണ് സ്ഥലം കൈമാറിയത്. ഇതിനോടനുബന്ധിച്ച് നടന്ന ചടങ്ങിൽ ഒ. രാജഗോപാൽ എം.എൽ.എ, മഠം ജില്ലാ പ്രസിഡന്റ് സജികുമാർ, മഠം ജില്ലാ കൗൺസിലർ സതീഷ്കുമാർ എന്നിവർ പങ്കെടുത്തു.

മാതാ അമൃതാനന്ദമയി മഠത്തിന് കീഴിൽ ചിറയിൻകീഴ് ആൽത്തറമൂട്ടിലുള്ള ഒരേക്കർ സ്ഥലം അമൃത സ്വാശ്രയ സംഘം ചിറയിൻകീഴ് യൂണിറ്റ് പ്രസിഡന്റ് സി. വിഷ്ണുഭക്തന് മഠത്തിന്റെ ജില്ലാ പ്രതിനിധി ശിവാമൃത ചൈതന്യ കൈമാറുന്നു. ഒ. രാജഗോപാൽ എം.എൽ.എ, സജികുമാർ, സതീഷ്കുമാർ എന്നിവർ സമീപം

കിണറ്റിൽ വീണ വിദ്യാർത്ഥിയെ ഫയർഫോഴ്സ് രക്ഷപ്പെടുത്തി

വർക്കല: വീട്ടുമുറ്റത്തെ കിണറ്റിൽ വെള്ളം കോരുന്നതിനിടെ അകപ്പെട്ട എഞ്ചിനിയറിംഗ് വിദ്യാർത്ഥിയെ വർക്കല ഫയർഫോഴ്സ് രക്ഷപ്പെടുത്തി. ഇടവ പി.എച്ച്.സിക്കു സമീപം കൊച്ചുആഴാന്തവിള വീട്ടിൽ രഹ്നകേൽ (18) ആണ് വെള്ളം കോരുന്നതിനിടെ കിണറ്റിൽ വീണത്.

ഇന്നലെ ഉച്ചയ്ക്ക് ഒന്നരയോടെയാണ് സംഭവം. 90 അടി താഴ്ചയുള്ള കിണറ്റിൽ 15അടിയോളം വെള്ളവും ഉണ്ടായിരുന്നു. കിണറ്റിലേക്ക് വീണ രഹ്ന കയറിൽ പിടിച്ച് നിൽക്കുകയായിരുന്നു.

സ്ഥലത്തെത്തിയ വർക്കല ഫയർഫോഴ്സ് അസിസ്റ്റന്റ് ഓഫീസർ നസീർ, ലീഡിംഗ് ഫയർമാൻ വിനോദ്കുമാർ, ഫയർമാന്മാരായ ഉണ്ണികൃഷ്ണൻ, അരുൺകുമാർ, വിഷ്ണു, അജിത്ത്, അരുൺ, രാജീവ്, പ്രകാശ്, അജിൻ എന്നിവരുടെ നേതൃത്വത്തിൽ രക്ഷപ്പെടുത്തുകയായിരുന്നു. രഹനയ്ക്ക് താലൂക്കാശുപത്രിയിൽ പ്രാഥമിക ചികിത്സ നൽകി.

12 മുതൽ 14 വരെ കൊൽക്കത്ത നേതാജി ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന സീനിയർ ദേശീയ കരാട്ടെ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന കേരള ടീമിലെ അംഗങ്ങളായ വർക്കല ഗോജൂറിയു (ജിത്തോകു കായ്), സ്കൂളിലെ താരങ്ങളായ മാളവികാരാജൻ, പാർവണ ബി.എം, വൈഷ്ണവി പി.എസ്.

ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിലെ പാലിയേറ്റീവ് വാർഡിന്റെ ഉദ്ഘാടനം ഡെപ്യൂട്ടി സ്പീക്കർ വി.ശശി നിർവഹിക്കുന്നു

ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിലെ പാലിയേറ്റീവ് വാർഡിന്റെ ഉദ്ഘാടനം

ചിറയിൻകീഴ്: ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിലെ പാലിയേറ്റീവ് വാർഡിന്റെ ഉദ്ഘാടനം ഡെപ്യൂട്ടി സ്പീക്കർ വി. ശശി നിർവഹിച്ചു. ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോടനുബന്ധിച്ച് സർക്കാരും ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തും ഒരുക്കുന്ന കർമപദ്ധതിയുടെ ഭാഗമായാണിത്.

ആശുപത്രി അങ്കണത്തിൽ നടന്ന ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ. സുഭാഷ് അദ്ധ്യക്ഷത വഹിച്ചു.

ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. ഡീന, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് രമാഭായി അമ്മ, ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.വി. കനകദാസ്, ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അഞ്ചുതെങ്ങ് സുരേന്ദ്രൻ, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അഡ്വ. ഫിറോസ് ലാൽ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സി.പി. സുലേഖ, ബ്ലോക്ക് പഞ്ചായത്തംഗം ഗീതാ സുരേഷ്, ഡി.എം.ഒ ഡോ. പ്രീത, ഡി.പി.എം എൻ.എച്ച്.എം ഡോ. സ്വപ്നകുമാരി, എം.ഒ ഇൻചാർജ് ഡോ. സുകേഷ്, പാലിയേറ്റീവ് കെയർ കോ- ഓർഡിനേറ്റർ റോയി ജോസ്, ചിറയിൻകീഴ് ഗ്രാമപഞ്ചായത്തംഗം ആർ.കെ. രാധാമണി, സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റുമാരായ എൻ. വിശ്വനാഥൻ നായർ, ജി. ചന്ദ്രശേഖരൻ നായർ, സി.പി.എം ലോക്കൽ കമ്മിറ്റി സെക്രട്ടറിമാരായ സി. രവീന്ദ്രൻ, പി. മുരളി, സി.പി.ഐ ലോക്കൽ കമ്മിറ്റി സെക്രട്ടറി കളിയിൽപ്പുര രാധാകൃഷ്ണൻ, ജി. സാബു, ചിറയിൻകീഴ് ബി.ഡി.ഒ വിഷ്ണു മോഹൻദേവ്, വ്യാപാരി വ്യവസായി ഏകോപന സമിതി നൗഷാദ് തുടങ്ങിയവർ പങ്കെടുത്തു. താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. ഷബ്ന ഡി.എസ് സ്വാഗതവും എ.ആർ.എം.ഒ ഡോ. എ. പ്രവീൺ നന്ദിയും പറഞ്ഞു.

അപേക്ഷാ ഫോറം വിതരണം

വർക്കല : ഒ.എൻ.ജി.സി ആശാകിരൺ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറത്തിന്റെ വിതരണം നാളെ രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്നു വരെ വർക്കല റെയിൽവേ സ്റ്റേഷനു സമീപം ആനന്ദൻ ടൂറിസ്റ്റ് ഹോമിൽ നടക്കുമെന്ന് റിട്ട. ഒ.എൻ.ജി.സി എംപ്ലോയിസ് അസോസിയേഷൻ പ്രസിഡന്റ് കെ.വി. കുമാർ അറിയിച്ചു.

സംഗീത കൂട്ടായ്മ

തിരുവനന്തപുരം : പാട്ട് പാടാനും ആസ്വദിക്കാനുമായി പാട്ടുക്കൂട്ടം എന്ന പേരിൽ ഒരു സംഗീത കൂട്ടായ്മ സ്വാതിതിരുനാൾ സംഗീതകോളേജിന് പിറകുവശം ഡിസ്ട്രിക്ട് കോ - ഓപ്പറേറ്റീവ് ബാങ്ക് എംപ്ലോയീസ് ഹാളിൽ നാളെ വൈകിട്ട് 4 ന് ഉദ്ഘാടനം ചെയ്യും.

ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച് നടന്ന കലാപരിപാടിയിൽ കരാക്കെ ഗാനമേളയിൽ മികച്ച പ്രകടനം കാഴ്ചവച്ച വർക്കല ഗവ. എൽ.പി.ജി.എസ് രണ്ടാം ക്ലാസ് വിദ്യാർത്ഥിനി അഞ്ജുശ്രീക്ക് സിനിമാ സംവിധായകൻ ലാൽജോസ് ഉപഹാരം നൽകുന്നു. തീർത്ഥാടനകമ്മിറ്റി സെക്രട്ടറി സ്വാമി ശിവസ്വരൂപാനന്ദ, ചെയർമാൻ സുരേഷ് കുമാർ, മധുസൂദനൻ എന്നിവർ സമീപം

കേരള ആരോഗ്യസർവകലാശാല കലോത്സവത്തിൽ വട്ടപ്പാട്ടിൽ രണ്ടാം സ്ഥാനം നേടിയ ശിവഗിരി ശ്രീനാരായണ മെഡിക്കൽ മിഷൻ ആശുപത്രി കോളേജ് ഒഫ് നഴ്സിംഗിലെ വിദ്യാർത്ഥികൾ

താമരക്കുളത്തിന് വേണ്ടത് സംരക്ഷണം

KAUMUDI ALERT

ജിജു പെരുങ്ങുഴി

ചിറയിൻകീഴ്: ചിറയിൻകീഴിലെ താമരക്കുളം സംരക്ഷിക്കണമെന്ന ആവശ്യം ശക്തമാകുന്നു. ഒരു കാലത്ത് നാടിന്റെ പ്രധാന ജലസ്രോതസായിരുന്ന ഈ കുളം ഇന്ന് നാശത്തിന്റെ വക്കിലാണ്. താമരക്കുളത്തിനെ വർഷങ്ങൾക്ക് മുമ്പ് കൃഷിക്കായി ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് ഏറ്റെടുക്കുകയും ചുറ്റുമതിലും കൽപ്പടവുകളും കെട്ടി അടയ്ക്കുകയും ചെയ്ത് സമീപത്തെ വയലിലേക്ക് കുളത്തിൽ നിന്ന് ഓട നിർമിക്കുകയും ചെയ്തിരുന്നു. എന്നാൽ കൃഷിയിടങ്ങൾ നികത്തുകയും കുളത്തിന് സമീപത്തുകൂടി റോഡ് വരുകയും ചെയ്തതോടെ ഓട അടഞ്ഞു. ഇതോടെ വെള്ളം ഒഴുകി പോകാൻ ഇടമില്ലാതെ ഏകദേശം അര ഏക്കറോളം വരുന്ന താമരക്കുളം നാശോന്മുഖമാവുകയായിരുന്നു. കുളത്തിലെ കൽപ്പടവുകളും സൈഡ് വാളും പൊട്ടിപ്പൊളിഞ്ഞ്, സമീപ പ്രദേശങ്ങളിൽ കുറ്റിച്ചെടികൾ വളർന്ന്, കടവ് പോലും നഷ്ടപ്പെട്ടിട്ട് നാളേറെയായി. ഒരു കാലത്ത് തെളിനീരായി കിടന്നിരുന്ന ഇവിടം ഇപ്പോൾ പായലും കുത്താടിയുമായി വെള്ളത്തിന്റെ നിറം തന്നെ മാറി ദുർഗന്ധ പൂരിതമായിത്തീർന്നിരിക്കുകയാണ്. മഴക്കാലമായാൽ സമീപ പ്രദേശങ്ങളിൽ നിന്നെല്ലാം ഒലിച്ചെത്തുന്ന മലിനജലം ഈ കുളത്തിലാണ് വന്നിറങ്ങുന്നത്. വെള്ളം ഒഴുകിപോകാൻ സ്ഥലമില്ലാത്തതിനാൽ മഴക്കാലത്ത് കുളത്തിൽ വെള്ളം പൊങ്ങി സമീപ പുരയിടങ്ങളിൽ വെള്ളം കയറാറുണ്ടെന്ന് നാട്ടുകാർ പറയുന്നു. മുൻകാലങ്ങളിൽ നാട്ടുകാർ കുളിക്കാനും നീന്തൽ പരിശീലന കേന്ദ്രമായും ഉപയോഗിച്ചിരുന്ന ഇവിടത്തെ വെള്ളത്തിൽ ഒന്നുതൊടാൻ പോലും ജനങ്ങൾക്ക് ഭയമാണ്. അത്രയ്ക്ക് മലീമസമാണിന്ന് കുളം. ഇവിടെ വിവിധ ജലജന്യ രോഗങ്ങൾ വീണ്ടും പടരുമോയെന്നതാണ് നാട്ടുകാരുടെ ആശങ്ക.

മാലിന്യത്തിൽ മൂടി താമരക്കുളം

> ഈ ജലസ്രോതസിനെ ഇനിയും നാശത്തിലേക്ക് തള്ളിവിടാതെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും എത്രയും വേഗം ഉണ്ടാകണം.
>
> ബൈജു തോന്നയ്ക്കൽ, ബി.ഡി.ജെ.എസ് ചിറയിൻകീഴ് നിയോജക മണ്ഡലം പ്രസിഡന്റ്

സിപി.ഐ ജില്ലാ സമ്മേളനം: വിവിധ കേന്ദ്രങ്ങളിൽ പതാക ഉയർത്തി

മുടപുരം: 20 മുതൽ 23 വരെ കാട്ടാക്കടയിൽ നടക്കുന്ന സി.പി.ഐ ജില്ലാ സമ്മേളനത്തിന്റെ പതാക ദിനമായ ഇന്നലെ ചിറയിൻകീഴ് മണ്ഡലത്തിൽ അറുപതിലധികം കേന്ദ്രങ്ങളിൽ പ്രവർത്തകർ പതാക ഉയർത്തി. തുമ്പയിൽ മണ്ഡലം സെക്രട്ടറി ഡി. ടൈറ്റസും ചിറയിൻകീഴിൽ ലോക്കൽ കമ്മിറ്റി സെക്രട്ടറി കളിയിൽപ്പുര രാധാകൃഷ്ണൻ നായരും മംഗലപുരത്ത് മുരുക്കുംപുഴ സുനിലും ചെമ്പൂരിൽ അഡ്വ. ഡി. അനിൽകുമാറും പതാക ഉയർത്തി.

സി.പി.ഐ ജില്ലാ സമ്മേളനത്തിന്റെ പതാക ദിനമായ ഇന്നലെ തുമ്പയിൽ മണ്ഡലം സെക്രട്ടറി ഡി. ടൈറ്റസ് പതാക ഉയർത്തുന്നു

പരിസ്ഥിതി സംരക്ഷണ സമിതി മണ്ഡലം കമ്മിറ്റി

കാട്ടാക്കട : പരിസ്ഥിതി സംരക്ഷണ സമിതി അരുവിക്കര മണ്ഡലം കമ്മിറ്റി രൂപീകരിച്ചു. സംസ്ഥാന പ്രസിഡന്റ് കെ. എൻ. പ്രദീപ് ഉദ്ഘാടനം ചെയ്തു. എൻ. ബഷീർ അദ്ധ്യക്ഷത വഹിച്ചു. ജെ. എസ്. തസ്ലീമ, ഷമീർ, രാകേഷ് തുടങ്ങിയവർ സംസാരിച്ചു. ഭാരവാഹികൾ: ഷെമീർ (പ്രസിഡന്റ്), യു. മുഹമ്മദ് (വൈസ് പ്രസിഡന്റ്), രാകേഷ് (സെക്രട്ടറി), ധുനിംസ് റിയാസുദീൻ (ജോയിന്റ് സെക്രട്ടറി), സുനി (ട്രഷറർ), പി. സമീർ സിദ്ദിഖി, ബിജുകുമാർ (കമ്മിറ്റിയംഗങ്ങൾ).

വനിതാ സമിതി ഭാരവാഹികൾ

ചേരപ്പള്ളി : ഇറവൂർ വണ്ടയ്ക്കൽ ഭദ്രകാളിക്ഷേത്രത്തിലെ വനിതാ സമിതി ഭാരവാഹികളായി പ്രമീളാദേവി (ജനറൽ കൺവീനർ), മായ സി. ആർ, ജയകുമാരി, മഞ്ജു ആർ, മിനികുമാരി, മഞ്ജു (കൺവീനർമാർ) എന്നിവരെ തിരഞ്ഞെടുത്തു.

സിനിമാറ്റിക്ക് റിയാലിറ്റി ഷോ മത്സരം

കള്ളിക്കാട്: വീരണകാവ് ചാമുണ്ഡി ദുർഗാ ഭഗവതി ക്ഷേത്ര മകയിരം പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് 27ന് വൈകിട്ട് 5ന് ക്ഷേത്രാങ്കണത്തിൽ സിനിമാറ്റിക്ക് റിയാലിറ്റി ഷോ മത്സരം സംഘടിപ്പിക്കും. പതിനായിരം രൂപയും എവർ റോളിംഗ് ട്രോഫിയുമാണ് ഒന്നാം സമ്മാനം. 5000 രൂപയാണ് രണ്ടാം സമ്മാനം. പങ്കെടുക്കാൻ താത്പര്യമുള്ള ടീമുകൾ ഉത്സവകമ്മിറ്റി കൺവീനറുമായി ബന്ധപ്പെടുക. ഫോൺ : 9946866706, 7561048303.

എം.ജി.എം സ്കൂളിൽ കായികമേള

വിതുര: വിതുര ചാരുപാറ എം. ജി. എം പൊൻമുടിവാലി പബ്ലിക് സ്കൂളിൽ കായികമേള നടന്നു. വിതുര എസ്.എ കെ. ആർ. ബിജു ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽ അഞ്ജന. ജെ അദ്ധ്യക്ഷത വഹിച്ചു. സ്കൂൾ മാനേജർ സുനിൽകുമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എൽ. ബീന, അദ്ധ്യാപകരായ അരുൺ, ജാസ്മിൻ ഷാ, ലേഖാകുമാരി, ഷെറിൻ എം. എസ്, ദീപ. ബി. എസ്, ജിതിൻ, നസ് ല, ജിതിൻ, ദിലീഷ് എന്നിവർ നേതൃത്വം നൽകി.

വിനോബാനികേതനിൽ ശില്പശാല

വിതുര: കേന്ദ്ര, സംസ്ഥാന ഔഷധസസ്യബോർഡുകളുടെ സംയുക്താഭിമുഖ്യത്തിൽ വിനോബാനികേതൻ ആശ്രമത്തിൽ വച്ച് ഏകദിന ഔഷധസസ്യശില്പശാല നടത്തി. എ. സമ്പത്ത് എം. പി ഉദ്ഘാടനം ചെയ്തു. വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. എസ്. അജിതകുമാരി, സംസ്ഥാന ഔഷധ സസ്യബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. വിനോബാനികേതൻ പ്രസിഡന്റ് ഡോ. ശാന്താ സദാശിവൻ, സെക്രട്ടറി എൽ. ഭാഗീരഥി അമ്മ, പഞ്ചായത്തംഗങ്ങളായ ജയകുമാർ, ലിജി, രതികല, ബിനിതാമോൾ, മുൻ തൊളിക്കോട് പഞ്ചായത്ത് പ്രസിഡന്റ് എസ്. എസ്. പ്രേംകുമാർ എന്നിവർ പ്രസംഗിച്ചു. സിസ്റ്റർ മൈഥിലി ഔഷധ സസ്യങ്ങൾ വിതരണം നടത്തി.

ഐ.എൻ.ടി.യു.സി തൊളിക്കോട് മണ്ഡലം സമ്മേളനം

വിതുര: ഐ. എൻ. ടി. യു. സി. ഐ തൊളിക്കോട് മണ്ഡലം സമ്മേളനം ഒമ്പതിന് വൈകിട്ട് മൂന്നിന് തൊളിക്കോട് കരീബാ ഓഡിറ്റോറിയത്തിൽ നടക്കും. കെ. എസ്. ശബരീനാഥൻ എം. എൽ. എ ഉദ്ഘാടനം ചെയ്യും. മണ്ഡലം പ്രസിഡന്റ് എം. എം. ബുഹാരി അദ്ധ്യക്ഷത വഹിക്കും. ജില്ലാപ്രസിഡന്റ് വി. ആർ. പ്രതാപൻ മുഖ്യപ്രഭാഷണം നടത്തും. ചടങ്ങിൽ മുതിർന്ന നേതാക്കളെ ആദരിക്കും.

യാത്രയയപ്പ് നൽകി

വിതുര: 20 വർഷത്തെ സേവനത്തിനു ശേഷം വിരമിച്ച വിനോബാനികേതൻ പോസ്റ്റ് മിസ്ട്രസ് A. ലക്ഷ്മിക്ക് വിനോബാനികേതൻ പൗരാവലി യാത്രയയപ്പു നൽകി. പോസ്റ്റ് ഓഫീസ് അങ്കണത്തിൽ ചേർന്ന യോഗത്തിൽ പനക്കോട് സർവീസ് സഹകരണ ബോർഡംഗം G. സുധാകരൻ അദ്ധ്യക്ഷനായി. കേരള വാട്ടർ അതോറിട്ടി പെൻഷണേഴ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി G. ശശി ഉദ്ഘാടനം ചെയ്തു. കെ. രത്നാകരൻ കാണി, വിശ്വനാഥൻ നായർ, പ്രിയ തുടങ്ങിയവർ സംസാരിച്ചു.

പൈപ്പ് പൊട്ടി ജലം പാഴാകുന്നു

നെയ്യാറ്റിൻകര : മാമ്പഴക്കര പമ്പ് ഹൗസിലെ പമ്പിംഗ് ലൈൻ പൊട്ടി ജലം പാഴാകുന്നു. നാട്ടുകാർ വിവരം അറിയിച്ചിട്ടും നന്നാക്കുന്നില്ലെന്നും പരാതിയുണ്ട്.

ആയയിൽ കരിയിലക്കുളങ്ങര ക്ഷേത്രത്തിൽ കലണ്ടർ പ്രകാശനം

നെയ്യാറ്റിൻകര : ആയയിൽ കരിയിലക്കുളങ്ങര ഭഗവതി ക്ഷേത്രത്തിലെ ട്രസ്റ്റ് ഭാരവാഹികളുടെ സത്യപ്രതിജ്ഞാ ചടങ്ങിനൊപ്പം നടന്ന കലണ്ടർ പ്രകാശനം ട്രസ്റ്റ് പ്രസിഡന്റ് അഡ്വ. ധനുവച്ചപുരം ഡി. ജയൻ ഗോകുലം മംഗല്യസഹായി ഉടമ ബൈജു ഗോകുലത്തിന് നല്കി നിർവഹിച്ചു. ട്രസ്റ്റ് സെക്രട്ടറി അഡ്വ. എസ്. കെ. അശോക് കുമാർ, ട്രഷറർ ബി. അശോകൻ, എസ്. വി. അനിൽകുമാർ, ഷിബിൻ . സി, എം. എസ്. ഷാജി, കെ. ആർ. പ്രദീപ്, പായിത്തല വിജയധരൻ എന്നിവർ പങ്കെടുത്തു.

ആയയിൽ കരിയിലക്കുളങ്ങര ക്ഷേത്രത്തിലെ കലണ്ടർ ട്രസ്റ്റ് പ്രസിഡന്റ് അഡ്വ. ധനുവച്ചപുരം ഡി. ജയൻ ഗോകുലം മംഗല്യസഹായി ഉടമ ബൈജു ഗോകുലത്തിന് നല്കി പ്രകാശനം ചെയ്യുന്നു. ട്രസ്റ്റ് സെക്രട്ടറി അഡ്വ. എസ്. കെ. അശോക് കുമാർ, ട്രഷറർ ബി. അശോകൻ, എസ്. വി. അനിൽകുമാർ, ഷിബിൻ . സി, എം. എസ്. ഷാജി, കെ. ആർ. പ്രദീപ്, പായിത്തല വിജയധരൻ എന്നിവർ സമീപം.

■ കുമ്പിച്ചൽ കടവ് പാലത്തിന് 17 കോടി 25 ലക്ഷം രൂപ അനുവദിച്ചു

ആവശ്യത്തിന് വർഷങ്ങളുടെ ദൈർഘ്യം: നാടിനായി പാലം വരുന്നു

▶ രാജേന്ദ്രപ്രസാദ് ബി

വെള്ളറട: ഒരു നാടിന്റെ വർഷങ്ങളുടെ സ്വപ്നമാണ് കുമ്പിച്ചൽ കടവ് പാലത്തിലൂടെ സർക്കാർ സാക്ഷാത്കരിക്കാനൊരുങ്ങുന്നത്. 17 കോടി 25 ലക്ഷം രൂപയാണ് പാലത്തിനായി അനുവദിച്ചിരിക്കുന്നത്. കുമ്പിച്ചൽ കടവിൽ പാലം വേണമെന്ന ആദിവാസികളുടെ ആവശ്യം ആദ്യ ബഡ്ജറ്റിൽ തന്നെ സർക്കാർ പരിഗണിച്ചിരുന്നു.

നെയ്യാർ ജല സംഭരണിയിൽ കരിപ്പയാറിന് കുറുകെ കുമ്പിച്ചൽ കടവിൽ 36. 2 മീറ്റർ വീതം അകലത്തിൽ ഏഴ് സ്പാനുകളിലായി 253. 4 മീറ്റർ വീതിയിലാണ് പാലം നിർമ്മിക്കുന്നത്. 287 മീറ്റർ നീളത്തിൽ പൂച്ചമുക്കുമുതൽ ബൗണ്ടർ ജംഗ്ഷൻ വരെയുള്ള അപ്രോച്ച് റോഡും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാലത്തോട് ചേർന്ന് 7. 5 മീറ്റർ വീതിയിൽ റോഡും ഇരുവശത്തുമായി ഫുട്പാത്തും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ പ്രദേശത്തിന്റെ ടൂറിസം സാദ്ധ്യതകൾക്കൂടെകണക്കിലെടുത്ത് ഭൂമി നിരപ്പിൽ നിന്നും 12 മീറ്റർ ഉയരത്തിൽ നിർമ്മിക്കുന്ന പാലത്തിനടിയിലൂടെ നെയ്യാർ ഡാമിൽ നിന്നും വിനോദസഞ്ചാരികളുമായി വരുന്ന ബോട്ടിന് കടന്ന പോകുന്നതിനുള്ള സൗകര്യവും നിർമ്മാണ വേളയിൽ ഒരുക്കും. കാരിക്കുഴി, ചാക്കപ്പാറ, ശംഖ്കോണം , കയ്യൻപ്ലാവിള, തൊടുമല, തെമ്മല, കുന്നത്തുമല, തുടങ്ങി 11 ഓളം ആദിവാസി ഊരുകളിൽ താമസിക്കുന്ന രണ്ടായിരത്തോളം വരുന്ന ആദിവാസികൾക്ക്, പാലം വരുന്നതോടുകൂടി ഇതുവരെ അനുഭവിച്ച യാത്രാദുരിതങ്ങൾക്ക് അറുതിയാകുമെന്നാണ് പ്രതീക്ഷ. ഊരുകളിൽ നിന്നും അത്യാവശ്യഘട്ടങ്ങളിൽ കാൽനടയായി വന്ന് കടത്ത് നീന്തി കയറിയാണ് പലപ്പോഴും റോഡിൽ എത്തിച്ചേരുന്നത്. ഇതിനകം കടത്ത് കടക്കുന്നതിനിടയിൽ വള്ളം മറിഞ്ഞ് നിരവധി കുട്ടികൾ ഉൾപ്പെടെയുള്ള ആദിവാസികൾ അപകടത്തിൽപ്പെടുകയും മരിക്കുകയും ചെയ്തിട്ടുണ്ട്.

കുമ്പിച്ചൽക്കടവ് കടത്ത്

പാലമിങ്ങനെ...

- ■ പാലത്തിനായി അനുവദിച്ചത്, 17 കോടി 25 ലക്ഷം രൂപ
- ■ പാലത്തിന്, 36. 2 മീറ്റർ വീതം അകലത്തിൽ ഏഴ് സ്പാനുകളിലായി 253. 4 മീറ്റർ വീതി
- ■ 287 മീറ്റർ നീളത്തിൽ അപ്രോച്ച് റോഡ്
- ■ അപ്രോച്ച് റോഡ് പൂച്ചമുക്കു മുതൽ ബൗണ്ടർ ജംഗ്ഷൻ വരെ
- ■ 7. 5 മീറ്റർ വീതിയിൽ റോഡ്
- ■ ഇരുവശത്തുമായി ഫുട്പാത്തും
- ■ 12 മീറ്റർ ഉയരത്തിൽ നിർമ്മിക്കുന്ന പാലത്തിനടിയിലൂടെ നെയ്യാർഡാമിൽ നിന്നുള്ള വിനോദസഞ്ചാരികളുടെ യാത്രാസൗകര്യം ഒരുക്കും.

കുമ്പിച്ചൽ കടവിൽ നിർമ്മിക്കാനൊരുങ്ങുന്ന പാലത്തിന്റെ ലേഔട്ട്

പാലം കടന്നാൽ...

- ■ പാലം വരുന്നത്, നെയ്യാർ ജല സംഭരണിയിൽ കരിപ്പയാറിന് കുറുകെ കുമ്പിച്ചൽ കടവിൽ
- ■ കാരിക്കുഴി, ചാക്കപ്പാറ,ശംഖ്കോണം , കയ്യൻപ്ലാവിള, തൊടുമല, തെമ്മല, കുന്നത്തുമല, തുടങ്ങി 11 ഓളം ആദിവാസി ഊരുകളുടെ പാലമെന്ന ആവശ്യത്തിന് വർഷങ്ങളുടെ പഴക്കം
- ■ രണ്ടായിരത്തോളം ആദിവാസികളുടെ യാത്രാദുരിതത്തിന് അറുതിയാകുമെന്ന് പ്രതീക്ഷ.
- ■ ടൂറിസം രംഗത്തെ നേട്ടങ്ങൾ ലക്ഷ്യമിട്ട് പാലംപണി

യാത്രാ ദുരിതത്തിന് പരിഹാരം

"വർഷങ്ങളായി വള്ളത്തിലാണ് വിദ്യാർത്ഥികൾ സ്കൂളുകളിൽ എത്തിയിരുന്നത്. പാലം വരുന്നതോടുകൂടി ഇവരുടെ യാത്രാ ദുരിതത്തിന് പരിഹാരമാകുമെന്നാണ് പ്രതീക്ഷ" -
സി. കെ ഹരീന്ദ്രൻ എം. എൽ. എ

സപ്താഹ യജ്ഞത്തിന് തുടക്കം

വെള്ളറട : തോലടി അണ്ടൂർ കണ്ഠൻ ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിലെ നാലാമത് സപ്താഹ യജ്ഞത്തിന്റെ ഉദ്ഘാടനം ഡോ. രാജശ്രീവാര്യർ ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്തു.

ഹിന്ദു ഐക്യവേദി സംസ്ഥാന സെക്രട്ടറി കെ. പ്രഭാകരൻ, ക്ഷേത്ര പ്രസിഡന്റ് മണികണ്ഠൻ, ഉത്സവ കമ്മിറ്റി പ്രസിഡന്റ് സനൽകുമാർ, ബിനു തുടങ്ങിയവർ സംസാരിച്ചു.

തോലടി അണ്ടൂർ കണ്ഠൻ ശ്രീ ധർമ്മശാസ്താക്ഷേത്രത്തിലെ സപ്താഹയജ്ഞത്തിന്റെ ഉദ്ഘാടനം നൃത്തകി രാജശ്രീവാര്യർ നിർവഹിക്കുന്നു

സി.പി.ഐ പതാകദിനം ആചരിച്ചു

കാട്ടാക്കട : സി. പി. ഐ ജില്ലാ സമ്മേളനത്തിനോടനുബന്ധിച്ച് കാട്ടാക്കടയിൽ പതാകദിനം ആചരിച്ചു. കാട്ടാക്കട ജംഗ്ഷനിൽ മണ്ഡലം സെക്രട്ടറി വിളപ്പിൽ രാധാകൃഷ്ണൻ പതാക ഉയർത്തി.

മണ്ഡലത്തിലെ നൂറുകേന്ദ്രങ്ങളിൽ പതാക ഉയർത്തി. എൻ. ഭാസുരാംഗൻ, വിളവൂർക്കൽ പ്രഭാകരൻ, ടി. എസ്. ശ്രീസജി, ചന്ദ്രബാബു, അഭിലാഷ് ആൽബർട്ട്, മുതിയാവിള സുരേഷ് എന്നിവർ വിവിധ കേന്ദ്രങ്ങളിൽ നടന്ന പരിപാടികളിൽ പങ്കെടുത്തു.

ഉടുപ്പി മാധ്വബ്രാഹ്മണസഭ കുടുംബസംഗമം

നെയ്യാറ്റിൻകര: ഉടുപ്പി മാധ്വബ്രാഹ്മണസഭ നെയ്യാറ്റിൻകര യൂണിറ്റിന്റെ മാധ്വ കുടുംബസംഗമം മരുത്തൂർ ഹനുമാൻ ക്ഷേത്രത്തിൽ കെ. ആൻസലൻ എം. എൽ. എ. ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ഡോ. ലക്ഷ്മിനാരായണൻ പോറ്റി അദ്ധ്യക്ഷനായിരുന്നു. മാധ്വസഭയുടെ ഡയറക്ടറി പ്രകാശനവും ഉപഹാരവിതരണവും നഗരസഭാദ്ധ്യക്ഷ ഡബ്ലിയു. ആർ. ഹീബ നിർവഹിച്ചു. ജനാർദ്ദനൻ പോറ്റി ദീപം തെളിച്ചു. വി. സീതാരാമൻപോറ്റി ഗുരുവന്ദനം നടത്തി. കായികമത്സരം രാമചന്ദ്രൻപോറ്റിയും, കലാമത്സരം കേശവൻപോറ്റിയും ഉദ്ഘാടനം ചെയ്തു. അവാർഡ് വിതരണം യോഗേഷ് നിർവഹിച്ചു. സെക്രട്ടറി വി. നാരായണ റാവു, എൽ. ബാബു, വനിതാ സെക്രട്ടറി വസന്താവരദരാജൻ, രാമചന്ദ്രൻപോറ്റി, എൽ. എൻ. പോറ്റി, ശാന്താ മഞ്ജുനാഥ് എന്നിവർ സംസാരിച്ചു.

ഉടുപ്പി മാധ്വബ്രാഹ്മണസഭ കുടുംബസംഗമം കെ. ആൻസലൻ എം. എൽ. എ ഉദ്ഘാടനം ചെയ്യുന്നു. ഡോ. ലക്ഷ്മിനാരായണൻപോറ്റി, ഡബ്ലിയു. ആർ. ഹീബ, ജനാർദ്ദനൻപോറ്റി, വി. സീതാരാമൻപോറ്റി തുടങ്ങിയവർ സമീപം

സ്ത്രീകൾക്കായി രണ്ട് ഹൈ-ടെക് വെയിറ്റിംഗ് റൂമുകൾ

പാറശാല: പാറശാല മണ്ഡലത്തിൽ സ്ത്രീകൾക്കായി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ രണ്ട് ഹൈടെക്ക് വെയിറ്റിംഗ് റൂമുകൾ നിർമ്മിക്കും. ഇതിനായി സി. കെ. ഹരീന്ദ്രൻ എം. എൽ. എയുടെ ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ അനുവദിച്ചു. മണ്ഡലത്തിലെ ഗവ. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട് എന്നിവിടങ്ങളിലാണ് വിശ്രമ മുറികൾ നിർമ്മിക്കുന്നത്. സ്ത്രീ സൗഹൃദ ശുചി മുറികൾ, മുലയൂട്ടുന്നതിനായി ഫീഡിംഗ് ഏരിയ, റെസ്റ്റിംഗ് ഏരിയ, റീഡിംഗ് കോർണർ, റിഫ്രഷ്മെന്റ് സോൺ, നാപ്കിൻ ഇൻസിനറേറ്റർ എന്നിവ ഇതിനുള്ളിൽ ക്രമീകരിക്കും. ഗർഭിണികളായ സ്ത്രീകൾക്കും പ്രായമായ സ്ത്രീകൾക്കും കുട്ടിരിപ്പുകാർക്കും വിശ്രമിക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനും വിനോദ പരിപാടികൾ ആസ്വദിക്കുവാനുമായി കിടക്കകളും ടി. വി യും ഉൾപ്പെടെയുള്ള സൗകര്യങ്ങളും ഒരുക്കും. കൂടാതെ കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹായവും തേടും. നിർമ്മാണ പ്രവർത്തനങ്ങളുടെ ടെൻഡർ നടപടി പൂർത്തിയായതായും അടുത്തമാസം തന്നെ നിർമ്മാണം ആരംഭിക്കാനാകുമെന്നും മണ്ഡലത്തിന്റെ മറ്റ് പഞ്ചായത്തുകളിലേക്കും പദ്ധതി വ്യാപിപ്പിക്കുമെന്നും എം. എൽ. എ അറിയിച്ചു.

നെല്ലിമൂട് സെന്റ് ക്രിസോസ്റ്റംസ് സ്കൂൾ വാർഷികം

ബാലരാമപുരം : നെല്ലിമൂട് സെന്റ് ക്രിസോംസ്റ്റംസ് സ്കൂൾ വാർഷികവും അദ്ധ്യാപക - രക്ഷാകർതൃ ദിനവും യാത്രഅയപ്പ് സമ്മേളനവും കെ. ആൻസലൻ എം. എൽ. എ ഉദ്ഘാടനം ചെയ്തു. ഡോ. തോമസ് മാർ യൗസേബിയസ് അദ്ധ്യക്ഷത വഹിച്ചു. സുമേഷ് കൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. അതിയന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബി. ടി. ബീന, പി. ടി. എ പ്രസിഡന്റ് സുരേന്ദ്രൻ, കാഞ്ഞിരംകുളം ഗിരി, പ്രഭാചന്ദ്രൻ, അദ്ധ്യാപികമാരായ മിനി, സിമി ബി, സൈമൺ, സിസ്റ്റർ വന്ദനമാത്യൂ എന്നിവർ സംസാരിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ കരോളിൻ സ്വാഗതം പറഞ്ഞു.

നെല്ലിമൂട് സെന്റ് ക്രിസോംസ്റ്റംസ് സ്കൂൾ വാർഷികവും അദ്ധ്യാപക രക്ഷാകർതൃദിനവും യാത്രഅയപ്പ് സമ്മേളനവും കെ. ആൻസലൻ എം. എൽ. എ ഉദ്ഘാടനം ചെയ്യുന്നു.

ചൂഴ ചെറുകുന്നിൽ അന്നപൂർണേശ്വരി ക്ഷേത്രത്തിലെ മകര ഉത്സവം 14, 15, 16 തീയതികളിൽ

ചേരപ്പള്ളി: ആര്യനാട് ചൂഴ ചെറുകുന്നിൽ അന്നപൂർണേശ്വരി ക്ഷേത്രത്തിലെ മകര ഉത്സവം 14, 15, 16 തീയതികളിൽ നടക്കും. 14ന് രാവിലെ 8.30ന് പ്രഭാതഭക്ഷണം, 12.15ന് കൊടിയേറ്റ് 12.45 ന് അന്നദാനം. വൈകിട്ട് 6.30ന് ക്ഷേത്ര പ്രസിഡന്റ് ചൂഴ ഗോപന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന സാംസ്കാരികസമ്മേളനം ശബരീനാഥൻ എം. എൽ. എ ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. കെ. മധു ചികിത്സാധനസഹായവും ജില്ലാ പഞ്ചായത്ത് അംഗം വി. വിജുമോഹൻ വിദ്യാഭ്യാസ അവാർഡും വിതരണം ചെയ്യും. ആര്യനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷാമിലാബീഗം, ബ്ലോക്ക് മെമ്പർ പ്രസന്നകുമാരി, വാർഡ് അംഗം കെ. ലേഖ, എം. എൽ. വിമൽകുമാർ, ജിഷ്ണു ചന്ദ്രപ്രഭ, സതീഷ്ചന്ദ്രൻ എന്നിവർ സംസാരിക്കും. രാത്രി 7.30 ന് ഭക്തിഗാനസുധ.

15 ന് രാവിലെ ഏഴിന് ദേവീമാഹാത്മ്യ പാരായണം, 8.30ന് പ്രഭാതഭക്ഷണം, ഒമ്പതിന് മഹാമൃത്യുഞ്ജയഹോമം, 9.30ന് നേർച്ച പൊങ്കാല, 12.30ന് അന്നദാനം, വൈകിട്ട് ആറിന് ഭക്തിഗാനസുധ, രാത്രി ഒമ്പതിന് കോമഡിഷോ.

16 ന എട്ടിന് പ്രഭാതഭക്ഷണം, ഉച്ചയ്ക്ക് 12.30ന് അന്നദാനം, 6.05ന് ദീപക്കാഴ്ച, രാത്രി ഒമ്പതിന് ഗാനമേള, 12 ന് പൂത്തിരിമേള എന്നിവ നടക്കുമെന്ന് ക്ഷേത്ര പ്രസിഡന്റ് ചൂഴ ഗോപനും സെക്രട്ടറി ജി. സതീഷ് ചന്ദ്രനും അറിയിച്ചു.

ക്ഷേത്രാലങ്കാരവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരെ ആക്രമിച്ചെന്ന് പരാതി

പാറശാല: കൊല്ലയിൽ ഗ്രാമ പഞ്ചായത്തിലെ ചെമ്മരുതാംകോട് ശ്രീശാസ്താ ക്ഷേത്രത്തിലെ ആറാട്ട് മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് അലങ്കാരപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന ഭരണസമിതി അംഗങ്ങളെ സാമൂഹ്യവിരുദ്ധർ ആക്രമിക്കുകയും അലങ്കാരങ്ങൾ നശിപ്പിക്കുകയും ചെയ്തതായി പരാതി.

പാറശാല സ്റ്റേഷനിൽ പരാതിപ്പെട്ടെങ്കിലും കൂടുതൽ അന്വേഷണം നടന്നില്ല. എന്നാൽ ഉത്സവ ഭാരവാഹികളായ ഒരാളെ കസ്റ്റഡിയിലെടുക്കുകയും തുടർന്ന് അറസ്റ്റ് രേഖപ്പെടുത്തുകയും ചെയ്തെന്നാണ് പരാതി. അക്രമികൾക്കെതിരെ നടപടി ആവശ്യപ്പെട്ട് ക്ഷേത്ര ഭാരവാഹികൾ നെയാറ്റിൻകര ഡിവൈ.എസ്.പിക്ക് പരാതി നൽകി.

ആക്രമിക്കാൻ ശ്രമിച്ചെന്ന് പരാതി

ആര്യനാട്: മാരകായുധങ്ങളുമായി വീട്ടിൽ കയറി ആക്രമിക്കാൻ ശ്രമിച്ചതായി പരാതി. കുളപ്പട മൊണ്ടിയോട് വടക്കുംകര പുത്തൻ വീട്ടിൽ അനിൽകുമാറും ഭാര്യ സുനിതയുമാണ് ആര്യനാട് സി. ഐയ്ക്ക് ഇതു സംബന്ധിച്ച് പരാതി നൽകിയത്. കഴിഞ്ഞ വെള്ളിയാഴ്ച രാത്രി പതിനൊന്നരയോടു കൂടിയാണ് സംഭവം.

വീടിന്റെ കതകിൽ ആരോ മുട്ടുന്നതു കേട്ട് തുറന്നു നോക്കാൻ ശ്രമിക്കുന്നതിനിടെ എട്ടംഗ സംഘം വാതിൽ തള്ളിത്തുറന്ന് അകത്തു കടക്കുകയായിരുന്നുവെന്ന് പരാതിയിൽ പറയുന്നു. ഇവരെ കണ്ട് വീടിന്റെ പുറകിലൂടെ വീട്ടുകാർ രക്ഷപ്പെടുകയായിരുന്നു. ബഹളം കേട്ട് പരിസരവാസികൾ ഉണർന്നതോടെ അക്രമിസംഘം രക്ഷപ്പെട്ടു.

അക്രമികൾ വീടിന് മുന്നിൽ സ്ഫോടക വസ്തുക്കൾ പൊട്ടിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിച്ചതായും വാഹനത്തിന്റെ സി. സി അടയ്ക്കാനായി കരുതിയിരുന്ന 5500 രൂപ കവർന്നതായും പരാതിയിലുണ്ട്.

സാമൂഹ്യവിരുദ്ധരും നായ്ക്കളും നാട്ടുകാർക്ക് ഭീഷണി

കാടുമൂടിയൊരു അവഗണനയുടെ റെയിൽവേസ്റ്റേഷൻ

▶ എ. പി. ജിനൻ

നെയ്യാറ്റിൻകര: കാട്ടും പടർപ്പുമേറി ഇഴജന്തുക്കളുടെ വാസസ്ഥലമായി മാറിയ നെയ്യാറ്റിൻകര റെയിൽവേ സ്റ്റേഷൻ പരിസരം സമീപമാസികളുടെയും യാത്രക്കാരുടെയും ജീവിതം ദുഃസഹമാക്കി തീർക്കുന്നു. സതേൺ റെയിൽവേ ഉദ്യോഗസ്ഥരുടെ നെയ്യാറ്റിൻകര റെയിൽവേ സ്റ്റേഷനോടുള്ള അവഗണനയുടെ നേർസാക്ഷ്യമായി മാറിയിരിക്കുകയാണ് ഈ കാട്. കുറ്റിക്കാട്ടിൽ പതിയിരിക്കുന്ന നായ്ക്കൾ യാത്രക്കാരെയും നാട്ടുകാരെയും ആക്രമിക്കുന്നത് പതിവാണ്.

കാട് മൂടിക്കിടക്കുന്ന ചിറയിൻകീഴ് റെയിൽവേ സ്റ്റേഷൻ

സാമൂഹിക വിരുദ്ധരുടെയും താവളം

കാട്ടും പടർപ്പും വളർന്നതോടെ ട്രെയിനുകളിൽ മോഷണം പതിവാക്കിയ ഭിക്ഷക്കാരുടെയും കഞ്ചാവ് വില്ക്കുന്നവരുടെയും താവളം കൂടിയായി നെയ്യാറ്റിൻകര റെയിൽവേസ്റ്റേഷൻ പരിസരം. ഇവിടെ ഇരുന്നാൽ ആരും കാണില്ലെന്നുള്ളത് കൊണ്ടു തന്നെ ഇവരുടെ സുരക്ഷിതതാവളമാണിത്.

കാട് വൃത്തിയാക്കിയാൽ നാട്ടുകാർക്ക് പണി കിട്ടും

മുൻപൊരിക്കൽ ഗാന്ധിജയന്തിയോടനുബന്ധിച്ച് നാട്ടുകാർ റെയിൽവേ സ്റ്റേഷൻ പരിസരം ശുചീകരിച്ചു. ഒരാഴ്ച കഴിഞ്ഞപ്പോൾ സമീപവാസികളായ 10 പേർക്കെതിരെ വക്കീൽ നോട്ടീസെത്തി.

റെയിൽവേ വക ഭൂമിയിൽ കടന്നു കയറിയതിന് പ്രോസിക്യൂട്ട് ചെയ്യാതിരിക്കാൻ കാരണം കാണിക്കാനായിരുന്നു നോട്ടീസ്. ശുചീകരിക്കാൻ വന്നവർ ഏഴെട്ടു വർഷം കോടതി കയറിയിറങ്ങിയശേഷമാണ് തടിയൂരിയത്. പിന്നീട് നാട്ടുകാരും ഇങ്ങോട്ടു വരാതായി.

അവഗണന കേരളത്തോട് മാത്രമോ?

നെയ്യാറ്റിൻകര, അമരവിള, ഉദിയൻകുളങ്ങര, പാറശാല തുടങ്ങിയ റെയിൽവേ സ്റ്റേഷനുകളുടെയും ഗതിയിതു തന്നെ.

എന്നാൽ നാഗർകോവിൽ, കന്യാകുമാരി സ്റ്റേഷനുകളുടെ പരിസരം വെടിപ്പായി സൂക്ഷിച്ചിട്ടുണ്ട്.

വി.എൻ. അജയൻ
പ്രസിഡന്റ്

"പരിസരവാസികളുടെ സ്വൈരജീവിതത്തിന് ഭീഷണിയായി റെയിൽവേ സ്റ്റേഷന്റെ പരിസരത്ത് വളർന്ന് കിടക്കുന്ന കാട് വെട്ടിമാറ്റണം."

സ്വദേശി റസിഡന്റ്സ് അസോസിയേഷൻ

എൻ. മഹേഷ്,
സെക്രട്ടറി

അമൃതോത്സവത്തിൽ ആറായിരം വനിതകൾ പങ്കെടുക്കും

തിരുവനന്തപുരം : മാതാ അമൃതാനന്ദമയിയുടെ സാന്നിദ്ധ്യത്തിൽ 13, 14 തീയതികളിൽ കൈമനത്തു നടക്കുന്ന അമൃതോത്സവത്തിൽ മുന്നൂറ് ആശ്രമങ്ങളിൽ നിന്ന് ആറായിരത്തോളം വനിതകളെ പങ്കെടുപ്പിക്കാൻ അമൃത സ്വാശ്രയ സംഘം ഭാരവാഹികളുടെ യോഗം തീരുമാനിച്ചു.

കരുമം ചെറുകര ക്ഷേത്രം ഓഡിറ്റോറിയത്തിൽ നടന്ന യോഗത്തിൽ കരുമം രാജേഷ് അദ്ധ്യക്ഷനായിരുന്നു. അമൃതശ്രീ ജില്ലാ കോ - ഓർഡിനേറ്റർ പനത്തുറ ബൈജു, ജോയി, സുഗതകുമാർ, ശ്യാം, അജിത്, സിന്ധു, മായ തുടങ്ങിയർ സംസാരിച്ചു.

ഓറിയന്റേഷൻ ക്ലാസ്

തിരുവനന്തപുരം : ജെ.ഇ.ഇ, നീറ്റ് പരീക്ഷകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള സൗജന്യ ഓറിയന്റേഷൻ ക്ലാസ് 14 ന് വൈകിട്ട് 4 മുതൽ 6 വരെ വെള്ളയമ്പലം സ്കൂൾകുട്ടി ഡോട്ട് കോം കുട്ടികളുടെ ലൈബ്രറിയിൽ നടക്കും.

എട്ടുമുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും പങ്കെടുക്കാം. ഫോൺ: 9847320281. ഇ-മെയിൽ: schoolkutti@gmail.com

ജനകീയ കൂട്ടായ്മ

തിരുവനന്തപുരം: പൊതു സ്ഥലങ്ങളിലെ കൈയേറ്റം ഒഴിപ്പിക്കണമെന്നാവശ്യപ്പെട്ട് കേരള യുക്തിവാദസംഘം സംസ്ഥാന വ്യാപകമായി ആരംഭിക്കുന്ന പ്രക്ഷോഭ പരിപാടിയുടെ ഭാഗമായി നാളെ രാവിലെ 10.30 ന് സെക്രട്ടേറിയറ്റിന് മുന്നിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കും. ഇതിന് മുന്നോടിയായി വി.ജെ.ടി ഹാളിന് മുന്നിൽ നിന്ന് പ്രകടനം നടത്തും. സാമൂഹ്യ - സാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുക്കുമെന്ന് ജില്ലാ സെക്രട്ടറി കെ. വിജയകുമാർ അറിയിച്ചു.

കൃപാഭിഷേക ധ്യാനം

തിരുവനന്തപുരം : അനന്തപുരി കാത്തലിക് ബൈബിൾ കൺവെൻഷന്റെ കൃപാഭിഷേക ധ്യാനം ഫെബ്രുവരി 16 മുതൽ 18 വരെ മാർ ഇവാനിയോസ് കോളേജ് ഗ്രൗണ്ടിൽ നടക്കും. ജനുവരി 15 വരെയാണ് രജിസ്ട്രേഷൻ. ആദ്യമെത്തുന്ന 1200 പേർക്കാണ് അവസരം. ഫോൺ. 6454649, 9447427376.

വെൺപാലവട്ടം ക്ഷേത്രത്തിൽ കാര്യസിദ്ധി പൂജ

തിരുവനന്തപുരം: വെൺപാലവട്ടം ശ്രീഭഗവത ക്ഷേത്ര ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന കാര്യസിദ്ധിപൂജ നാളെ രാവിലെ 9 ന് ശ്രീഭദ്രകാളി ക്ഷേത്രസന്നിധിയിൽ നടക്കും. എല്ലാ ഭക്തജനങ്ങളും പങ്കെടുക്കണമെന്ന് ക്ഷേത്ര ട്രസ്റ്റ് ചെയർമാൻ ഡോ. ബിജു രമേശ് അഭ്യർത്ഥിച്ചു.

സന്ധികയുടെ ജീവൻ തിരിച്ചുപിടിക്കാൻ പെട്രോൾ പമ്പ് ജീവനക്കാരൻ നെട്ടോട്ടത്തിൽ

ഭാര്യയ്ക്ക് വൃക്ക നൽകാനൊരുങ്ങി ഭർത്താവ്

തിരുവനന്തപുരം : വിധി സമ്മാനിച്ച ദുരന്തത്തിന്റെ ബാക്കിപത്രമായി ജീവിതത്തെ കൈവിടാൻ മനസില്ലാതെ പോരാടുകയാണ് തിരുവനന്തപുരം പൂന്തുറയിലെ ഒരു കൊച്ചുകുടുംബം.

രണ്ട് വർഷം കൊണ്ട് 200 ഡയാലിസിസ് പിന്നിട്ട ഭാര്യയെ പുതു ജീവിതത്തിലേക്ക് കൊണ്ടുവരാനുള്ള ശ്രമത്തിലാണ് പേട്ട നാലുമുക്ക് പെട്രോൾ പമ്പ് ജീവനക്കാരനായ കെ. അനിൽകുമാർ. പൂന്തുറ പരുത്തിക്കുഴി ശ്രീ കൈലാസിൽ സന്ധികാറാണിക്ക് (42) വയറുവേദനയെത്തുടർന്നുള്ള ചികിത്സയിലാണ് ഇരു വൃക്കകളും തകരാറിലാണെന്ന് കണ്ടെത്തിയത്.

തുടർന്ന് ഡയാലിസിസിൽ അഭയം തേടി. ഇനി ഡയാലിസിസ് ചെയ്യാൻ കഴിയില്ലെന്നും വൃക്ക മാറ്റിവയ്ക്കണമെന്നും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർമാർ അറിയിച്ചു. ഇതോടെ അനിൽകുമാർ നെട്ടോട്ടമായി.

തമിഴ്നാട്ടിലെ ആശുപത്രിയിലാണ് ഇപ്പോൾ ചികിത്സ. അനുയോജ്യമായ വൃക്ക തേടി പരക്കം പായുന്നതിനിടെയാണ് ഭർത്താവിന്റെ വൃക്ക ഇണങ്ങുമെന്ന് കണ്ടെത്തിയത്. എന്നാൽ തുടർ ചികിത്സയ്ക്കായി 7 ലക്ഷത്തോളം രൂപ ഇനി കണ്ടെത്തണം

.രണ്ട് പെൺമക്കളിൽ മൂത്തയാൾ വിവാഹം കഴിഞ്ഞു, ഇളയവൾ ഡിഗ്രിക്കു പഠിക്കുന്നു. പെട്രോൾ പമ്പിൽ നിന്നുള്ള തുച്ഛ വരുമാനമാണ് ഈ കുടുംബത്തിന്റെ ഏകാശ്രയം.

അനിൽകുമാർ വൃക്കനൽകുന്നതോടെ കുറച്ചുനാൾ വിശ്രമം വേണ്ടിവരുമെന്നും ഡോക്ടർമാർ നിർദ്ദേശിച്ചിട്ടുണ്ട്.

താനും കിടപ്പായാൽ നിത്യ ചെലവ് എങ്ങനെ നടക്കുമെന്ന് ആലോചിക്കുമ്പോൾ അനിൽകുമാറിന്റെ കണ്ണുകൾ നിറയും. ഉടൻ വൃക്കമാറ്റിവയ്ക്കാനുള്ള തയ്യാറെടുപ്പുകൾ പൂർത്തിയാക്കി കഴിഞ്ഞെങ്കിലും പണത്തിന് വേണ്ടി അലയുകയാണ് ഈ കുടുംബം.

ക്ഷണിക്കാതെ ജീവിതത്തിലേക്ക് കടന്നുവന്ന രോഗമെന്ന അതിഥിയെ മടക്കിഅയച്ച് മനഃസമാധാനത്തോടെ കഴിയാൻ സുമനസുകൾ സഹായിക്കണമെന്ന പ്രാർത്ഥനയിലാണ് അനിൽകുമാറും ഭാര്യയും.

നന്മവറ്റാത്ത മനസുകൾ കനിഞ്ഞാൽ ആരോരുമില്ലാത്ത ഒരു കുടുംബം വേദനയുടെ നടുക്കടൽതാണ്ടും. അക്കൗണ്ട് നമ്പർ : 67050694900, എസ്. ബി.ഐ പൂന്തുറ ബ്രാഞ്ച്, ഐ. എഫ്. എസ്. സി കോഡ് : SBIN0070422. ഫോൺ. 9745539795.

സംസ്ഥാന സ്കൂൾ കലോത്സവത്തിലെ ഹൈസ്കൂൾ വിഭാഗം ഒപ്പനയിൽ എ ഗ്രേഡ് നേടിയ സി.എസ്.ഐ.എച്ച്.എസ്.എസ് ആറ്റിങ്ങൽ ടീം

നാട്ടുകലാരൂപങ്ങളുടെ സംഗമത്തിന് തുടക്കമായി

കഴക്കൂട്ടം: പഴമയുടെ പ്രൗഢിയാർന്ന നാട്ടുകലാരൂപങ്ങളുടെ സംഗമത്തിന് കഴക്കൂട്ടത്ത് തുടക്കമായി. സംസ്ഥാന സർക്കാരും കേരള ടൂറിസം വകുപ്പും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന 'ഉത്സവം-2018' എന്ന നാട്ടുകലാരൂപങ്ങളുടെ ദൃശ്യവിസ്മയത്തിനാണ് കഴക്കൂട്ടം വേദിയാകുന്നത്.

മഹാദേവർ ക്ഷേത്രത്തിന് സമീപം പ്രത്യേകം തയ്യാറാക്കിയ വേദിയിൽ വ്യത്യസ്ത കലാ പരിപാടികൾ അരങ്ങേറും. ഉദ്ഘാടനം മേയർ വി.കെ. പ്രശാന്ത് നിർവഹിച്ചു. ആദ്യ ദിനം ശ്രീനിവാസനും സംഘവും അവതരിപ്പിച്ച പാക്കനാരാട്ടവും കുറിച്ചി നടേശന്റെ അർജുന നൃത്തവും അരങ്ങേറി.

വരും ദിവസങ്ങളിൽ ബാബുക്കുട്ടൻ അവതരിപ്പിക്കുന്ന കളമെഴുത്തുംപാട്ടും, വിനു മോഹനും സംഘവും അരങ്ങിലെത്തുന്ന പടയണി, കരുണാകരനും പാർട്ടിയും അവതരിപ്പിക്കുന്ന പൂരക്കളി, പി.കെ. കരിയനും സംഘവും നടത്തുന്ന ഗദ്ധിക, കമ്പള നൃത്തം എന്നിവ നടക്കും. ചന്ദനും സംഘവും അവതരിപ്പിക്കുന്ന ചവിട്ടുകളി, പ്രമോദ് ആൻഡ് പാർട്ടിയുടെ തെയ്യം, ഗീത സൗപർണികയും സംഘവും അവതരിപ്പിക്കുന്ന നാടൻപാട്ട്, അനന്തു കാണിയും സംഘവും നടത്തുന്ന ചോനാക്കളി, ദ്രാവിഡ കലാസമിതി അവതരിപ്പിക്കുന്ന മംഗലംകളി, മുളം ചെണ്ട, എരുതുകളി എന്നിവയും നടക്കും.

സമാപന ദിവസമായ 12 ന് അസീസ് തായ്നേരിയും സംഘവും അണിനിരക്കുന്ന ദഫ്മുട്ട്, കോൽക്കളി എന്നിവയും നടക്കും.

നീരൊഴുക്ക് കുറഞ്ഞ് വാമനപുരം നദി; കുടിവെള്ള പദ്ധതികൾ ആശങ്കയിൽ

KAUMUDI ALERT

▸വിജയൻപാലാഴി

ആറ്റിങ്ങൽ: നിരവധി പ്രദേശങ്ങളുടെ കുടിവെള്ള സ്രോതസായ വാമനപുരം നദിയിൽ നീരൊഴുക്ക് കുറഞ്ഞതോടെ കുടിവെള്ള പദ്ധതികൾ ആശങ്കയിൽ.

ചിറയിൻകീഴ്, വർക്കല, കഴക്കൂട്ടം, നെടുമങ്ങാട് മേഖലകളിലെ നിരവധി പദ്ധതികളിലേക്കുള്ള പമ്പുകളാണ് വാമനപുരം നദിയിലെ പരവൂർപ്പുഴക്കടവിൽ പ്രവർത്തിക്കുന്നത്. നീരൊഴുക്ക് കുറയുന്നതിനാൽ വേനൽക്കാലത്തെ ജലവിതരണം തകിടംമറിയുമെന്നാണ് വാട്ടർ അതോറിട്ടി ഉദ്യോഗസ്ഥർ പറയുന്നത്.

കഴിഞ്ഞ വേനലിൽ നദിയുടെ ഉത്ഭവസ്ഥാനം മുതൽ ചിറയിൻകീഴ് മുതലപ്പൊഴിവരെ വറ്റിവരണ്ടിരുന്നു. നദികളിലെ വിവിധ ഭാഗങ്ങളിലെ കുഴികളിൽ ജലം കെട്ടിനിന്നതാണ് പദ്ധതികൾക്ക് ആശ്വാസമായത്.

ചെറിയ പമ്പ് സെറ്റുകൾ വച്ച് വെള്ളം പമ്പ് ചെയ്ത് ജല സംഭരണികളിൽ എത്തിച്ചതോടെയാണ് ജലവിതരണം അല്പമെങ്കിലും പുനഃസ്ഥാപിക്കാൻ കഴിഞ്ഞത്.

കഴിഞ്ഞ വേനൽക്കാലത്ത് വാമനപുരം നദി വറ്റി വരണ്ടപ്പോൾ (ഫയൽ ചിത്രം)

വാമനപുരം നദിയുടെ ജലനിരപ്പ് ക്രമാതീതമായി കുറഞ്ഞപ്പോൾ

പദ്ധതികൾ നോക്കുകുത്തിയാകുന്നു

ചിറയിൻകീഴ്, വർക്കല താലൂക്കുകളിലെ ബഹുഭൂരിപക്ഷം സ്ഥലങ്ങളിലേക്കും വെള്ളമെത്തിക്കുന്നത് ജലവിഭവ വകുപ്പിന്റെ ആറ്റിങ്ങൽ ഡിവിഷൻ ഓഫീസിന്റെ നേതൃത്വത്തിലാണ്. ഇതിലേക്കായി 11 പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്. എല്ലാം വാമനപുരം നദിയിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. പദ്ധതികൾ ഫലപ്രദമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കാൻ അധികൃതർ ഇടപെടണം

പ്രശ്ന പരിഹാരത്തിന്

1. പദ്ധതി പ്രദേശത്ത് മിനി ഡാം നിർമ്മിക്കുക
2. നീർത്തടങ്ങളും തോടുകളും പുനർനിർമ്മിക്കുക.
3. മണൽവാരലിനെതിരെ നടപടിയെടുക്കുക
4. നദിയിൽ മാലിന്യം വലിച്ചെറിയുന്നത് തടയുക
5. ജനങ്ങളിൽ ബോധവത്കരണം നടത്തുക
6. നദീസംരക്ഷണത്തിന് മുന്നിട്ടിറങ്ങുക

നീരൊഴുക്ക് കുറയാൻ കാരണം

1. പദ്ധതി പ്രദേശങ്ങളിലെ വന നശീകരണം
2. നദിയിലെ അടിത്തട്ട് കുഴിച്ചുള്ള മണൽവാരൽ
3. പദ്ധതിപ്രദേശങ്ങളിൽ തടയണകളില്ല
4. നീർത്തടങ്ങളുടെ അനിയന്ത്രിതമായ നികത്തൽ
5. നദീതീരത്തെ വ്യാപക കൈയേറ്റം

പ്രതിദിനം പമ്പ് ചെയ്യുന്നത് 6 കോടിലിറ്റർ വെള്ളം

"വാമനപുരം നദിയിൽ ക്രമാതീതമായി ജലം താഴ്ന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച വിവരം ഉന്നതതലത്തിൽ രേഖാമൂലം അറിയിച്ചു കഴിഞ്ഞു. പരിഹാരം കണ്ടെത്താൻ ഉന്നതതല യോഗം ഉടൻ ചേരും. നിർമ്മാണ പ്രവർത്തനങ്ങൾക്ക് നൽകുന്ന കണക്ഷൻ ഇതിനോടകം നിറുത്തലാക്കിക്കഴിഞ്ഞു. ജല ദുർവിനിയോഗം കണ്ടെത്താൻ സ്ക്വാഡിനെ ഏർപ്പെടുത്താനും തീരുമാനമായി. കുടിവെള്ള പ്രശ്നം മുന്നിൽ കണ്ട് ഉപഭോക്താക്കൾ ജല ഉപയോഗം പരിമിതപ്പെടുത്തണം."

-ശശികുമാർ, എ.എക്സ്.ഇ. വാട്ടർ അതോറിട്ടി, ആറ്റിങ്ങൽ

ലക്ഷക്കണക്കിന് രൂപ ഇതിനായി വാട്ടർ അതോറിട്ടിക്ക് ചെലവായി.

അതോടൊപ്പം പൂവൻപാറ പാലത്തിന് താഴെ തടയണ നിർമ്മിക്കുകയും ചെയ്തു.

കഴിഞ്ഞ വേനലിനുശേഷം തുടർച്ചയായി മഴ ലഭിച്ചതിനാൽ നദി നിറഞ്ഞൊഴുകുകയായിരുന്നു. എന്നാൽ, നിലവിൽ ജലനിരപ്പ് മുക്കാൽ ഭാഗവും താഴ്ന്നിരിക്കുകയാണ്. നദിക്ക് സമീപത്തെ കിണറുകളിലും ജലനിരപ്പ് കുറഞ്ഞു. കുടിവെള്ള വിതരണം മുടങ്ങാതിരിക്കാൻ പദ്ധതിപ്രദേശത്തിന്റെ തുടക്കത്തിലും അവസാനഭാഗത്തും തടയണ നിർമ്മിക്കണമെന്ന് പലതവണ ആവശ്യപ്പെട്ടെങ്കിലും യാതൊരു ഫലവുമുണ്ടായില്ല.

ബൈക്കിലെത്തിയ മോഷ്ടാവ് വൃദ്ധയുടെ മാല കവർന്നു

തിരുവനന്തപുരം : ബൈക്കിലെത്തിയ മോഷ്ടാവ് വീട്ടുജോലിക്കാരിയായ വൃദ്ധയുടെ മാല പൊട്ടിച്ച് കടന്നു. മലയിൻകീഴ് വിഴവൂർ തെങ്ങുംകാല കുന്നുവിള വീട്ടിൽ സുലോചനയുടെ (60) രണ്ടുപവന്റെ സ്വർണ മാലയാണ് മോഷ്ടിച്ചത്. പൂജപ്പുര അരയല്ലൂർ ഭാഗത്ത് ഇന്നലെ ഉച്ചയോടെയായിരുന്നു സംഭവം.

സുലോചന വീട്ടുജോലിക്കായി പോവുകയായിരുന്നു. വഴി ചോദിക്കാനെന്ന വ്യാജേന ബൈക്കിൽ ഇവരുടെ അടുത്തെത്തിയാണ് മാല പൊട്ടിച്ചത്.

വിജനമായ ഭാഗത്തായിരുന്നു സംഭവം. വൃദ്ധയുടെ കരച്ചിൽകേട്ട് ആളുകൾ ഓടിക്കൂടിയെങ്കിലും മോഷ്ടാവ് കടന്നുകളഞ്ഞു. ഒരാൾ മാത്രമേ ബൈക്കിലുണ്ടായിരുന്നുള്ളൂ എന്ന് സുലോചന പൊലീസിൽ നൽകിയ മൊഴിയിൽ പറയുന്നു.

സ്കൂട്ടറിൽ നിന്ന് തെറിച്ചുവീണ ഗൃഹനാഥന് ഗുരുതര പരിക്ക്

കോവളം: തിരുവല്ലം ജംഗ്ഷനിൽ ഇരുചക്രവാഹനത്തിൽ നിന്ന് റോഡിലേക്ക് തെറിച്ചു വീണ ഗൃഹനാഥന് ഗുരുതരമായി പരിക്കേറ്റു. പൂവാർ പുല്ലുവിള സ്വദേശിയായ റ്റിനോഡിനാണ് പരിക്കേറ്റത്. ഇന്നലെ ഉച്ചയ്ക്ക് 1.30 ന് തിരുവല്ലം ജംഗ്ഷനിലായിരുന്നു അപകടം.

ബൈപാസ് റോഡിൽ സ്കൂട്ടർ നിയന്ത്രണം വിട്ടതിനെ തുടർന്ന് ഇയാൾ 15 അടിയോളം താഴ്ചയുള്ള സർവീസ് റോഡിലേക്ക് വീഴുകയായിരുന്നു. പാച്ചല്ലൂർ ഭാഗത്തു നിന്ന് തിരുവല്ലം ജംഗ്ഷനിലേക്ക് സ്കൂട്ടറിൽ വരുന്നതിനിടെയായിരുന്നു അപകടം. തലയ്ക്കും മുഖത്തും ഗുരുതരമായി പരിക്കേറ്റ ഇയാൾ 20 മിനിട്ടോളം റോഡിൽ രക്തം വാർന്ന് കിടന്നു. തുടർന്ന് തിരുവല്ലം പൊലീസും വഴിയാത്രക്കാരും ചേർന്ന് 108 ആംബുലൻസിൽ തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിലെത്തിക്കുകയായിരുന്നു.

കുളിയടിയന്തിരചടങ്ങ് ഇന്ന് (08.01.2018)

എം. ശശികല (59)

എം. ശശികല (59)
(മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്)
കലാ നിവാസ്, ഭരതന്നൂർ.
ഫോൺ: 0472 - 2869222.

മാന്യരേ,
എന്റെ സഹധർമ്മിണി എം. ശശികലയുടെ കുളിയടിയന്തിരചടങ്ങുകൾ ഇന്ന് (08.01.2018) രാവിലെ 8-ന് സ്വവസതിയിൽ നടക്കും. ബന്ധുമിത്രാദികൾ ഇത് ഒരറിയിപ്പായി കണക്കാക്കി ചടങ്ങിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
എന്ന്, ഭർത്താവ്: ശ്രീധരൻ പിള്ള (റിട്ട. വില്ലേജ് ഓഫീസർ),
മകൾ : നീതു,
മരുമകൻ : ശ്രീജിത്ത്,
ചെറുമക്കൾ : ദക്ഷ്, ഗൗരി, നന്ദ.

സ: പനങ്ങോട്ടുകോണം ജി. ശ്രീധരൻ നായർ
(അനിതാ ഭവൻ, ഇടവക്കോട്, ശ്രീകാര്യം)



മാന്യരേ,
2018 ജനുവരി 2-ന് നിര്യാതനായ എന്റെ അഭിവന്ദ്യ ഭർത്താവിന്റെ സംസ്കാരചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും ഹൃദയപൂർവം നന്ദി അറിയിക്കുന്നു.
പരേതന്റെ സഞ്ചയനം ജനുവരി 9 ചൊവ്വാഴ്ച രാവിലെ 8.30-ന് സ്വവസതിയിൽ വച്ചു നടത്തുന്നതാണ്. എല്ലാ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും സാന്നിദ്ധ്യം സാദരം ക്ഷണിക്കുന്നു.
ബി. വിജയമ്മ,
മക്കൾ : വി.എസ്. പത്മകുമാർ, വി.എസ്. പ്രദീപ്, വി.എസ്. അനിത, വി.എസ്. പ്രീത,
മരുമക്കൾ : കെ. രാധാകുമാർ, എ.എസ്. മധുകുമാർ, കെ.ജി. മിനി, വി.കെ. സിന്ധു.

സഞ്ചയനം നാളെ (09.01.2018)

വേർപാടിന്റെ മൂന്നാം വാർഷികം (08.01.2018)

അശ്വതി. V.H
അശ്വതി ഹോട്ടൽ, പാലം ജംഗ്ഷൻ, കരകുളം.
തീരാത്തദുഃഖവും മായാത്ത രൂപവും വേദനിപ്പിക്കുന്ന ഓർമ്മകളുമായി, പൊന്നുമോൾക്ക് ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,
അച്ഛൻ : ഹരികുമാർ, അമ്മ : വിമലകുമാരി,
സഹോദരങ്ങൾ : കണ്ണൻ. V.H, വിഷ്ണു. V.H.

തീരാദുഃഖത്തിന്റെ അഞ്ചു വർഷം (08.01.2018)

ആദർശ്. എസ്. ആർ
(Ist B.Com, S.N. College, Varkala)
ദേവി വിലാസം, ആനച്ചൽ, കളമച്ചൽ പി.ഒ.
'വിടരുംമുൻപേ കൊഴിഞ്ഞുപോയ പൊന്നുമോന്റെ മായാത്ത ഓർമ്മകളുമായി',
തോരാത്ത കണ്ണീരോടെ,
അച്ഛൻ : സുധർ,
അമ്മ : റീത്ത,
അനുജത്തി : ഐശ്വര്യ,
അപ്പ : സരോജാക്ഷി.

പൊലീസിനെ ആക്രമിച്ച കേസ്; രണ്ട് പേർ കൂടി അറസ്റ്റിൽ

അറസ്റ്റിലായ അനന്തു, അനു

പാറശാല: പാറശാലയിൽ ചെറുവാരക്കോണത്തുവച്ച് പൊലീസിനെ ആക്രമിച്ച കേസിലെ പ്രതികളിൽ രണ്ടുപേരെ പാറശാല പൊലീസ് അറസ്റ്റ് ചെയ്തു. പാറശാല മുണ്ടപ്ലാവിള മുട്ടക്കൽ മേൽപ്പുറം വീട്ടിൽ സഹോദരന്മാരായ അനന്തു (24), അനു (22) എന്നിവരാണ് അറസ്റ്റിലായത്. ചെറുവാരക്കോണത്തുവച്ച് പാറശാല എസ്.ഐ വിനീഷിനെ ആക്രമിക്കുകയും ജോലി തടസപ്പെടുത്തുകയും പൊലീസ് വാഹനങ്ങൾ അടിച്ച് തകർക്കുകയുമായിരുന്നു.

ഒളിവിലായിരുന്ന പ്രതികളെ രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിലാണ് അറസ്റ്റ് ചെയ്തത്. പാറശാല സി.ഐ ജി. ബിനുവിന്റെ നേതൃത്വത്തിൽ പാറശാല എസ്.ഐ വിനീഷ്, പൊലീസുകാരായ ശിവകുമാർ, അനീഷ്, ശിവകുമാർ എന്നിവർ ചേർന്നാണ് പ്രതികളെ പിടികൂടിയത്. പ്രതികളെ റിമാൻഡ് ചെയ്തു.

കഴിഞ്ഞ 23 ന് രാത്രി പൊലീസ് പട്രോളിംഗ് നടത്തുന്നതിനിടെ ചെറുവാരക്കോണത്തിന് സമീപത്തുവച്ച് മൂന്ന് പേരെ പിടികൂടുന്നതിനിടെയാണ് പൊലീസിന് നേരെ ആക്രമണം ഉണ്ടായത്. സംഭവത്തിൽ പ്രതികളായ 12 പേർക്കെതിരെ പൊലീസ് കേസെടുത്തിരുന്നു. പ്രതികളിൽ ഒരാളെ നേരത്തേ അറസ്റ്റ് ചെയ്തു.

PRS GROUP

7TH YEAR OF REMEMBRANCE

KRISHNAMMAL RATNASWAMY
Wife of late Sri. P. Ratnaswamy, Founder - PRS Group, Trivandrum

Amma, you left us beautiful memories,
your love is still our guide,
you are always by our side.

A loving tribute from Family & staff of:
PRS HOSPITAL | PRS BUILDERS | KALYAN HOSPITAL
PRS COLLEGE OF ENGINEERING & TECHNOLOGY | SWAGATH HOLIDAY RESORT
KALYAN SCHOOL | PRS RETAIL

മാർക്കറ്റ്		
184.21 ↑	സെൻസെക്സ്	34153.85
54.05 ↑	നിഫ്റ്റി	10558.85

സ്വർണം	
പവൻ (8ഗ്രാം)	21,880
ഒരു ഗ്രാം	2735

സിംഗപ്പൂരിൽ നടക്കുന്ന പ്രവാസി ഭാരതീയ ദിവസിനിടെ വിദേശകാര്യ മന്ത്രി സുഷമ സ്വരാജ്, സിംഗപ്പൂർ വിദേശകാര്യ മന്ത്രി വിവിയൻ ബാലകൃഷ്ണൻ, അസാം മുഖ്യമന്ത്രി സർബാനന്ദ സോനോവാൾ, ഇന്ത്യൻ സ്ഥാനപതി ജാവേദ് അഷ്റഫ്, ലുലു ഗ്രൂപ്പ് ചെയർമാനും ഫിക്കി എക്സിക്യൂട്ടീവ് മെമ്പറുമായ എം.എ. യൂസഫലി എന്നിവർ ചർച്ച നടത്തുന്നു.

ഈ നൂറ്റാണ്ട് ഏഷ്യൻ രാജ്യങ്ങളുടേത്: സുഷമ

■ **ആസിയാൻ രാജ്യങ്ങളുമായുള്ള ബന്ധം ശക്തിപ്പെടുത്തുമെന്നും മന്ത്രി**

സിംഗപ്പൂർ: ഇന്ത്യയും ആസിയാൻ രാജ്യങ്ങളുമായുള്ള സൗഹൃദം കൂടുതൽ ശക്തമാക്കുമെന്ന് വിദേശകാര്യ മന്ത്രി സുഷമ സ്വരാജ് പറഞ്ഞു. സിംഗപ്പൂരിൽ മിനി പ്രവാസി ഭാരതീയ ദിവസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. ഈ നൂറ്റാണ്ട് ഏഷ്യൻ രാജ്യങ്ങളുടേതാണ്. ഇന്ത്യയും ദക്ഷിണ - പൂർവേഷ്യൻ രാജ്യങ്ങളുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കുകയാണ്. ഇന്ത്യ, മ്യാൻമർ, തായ്‌ലൻഡ് രാജ്യങ്ങളിലൂടെ കടന്നുപോകുന്ന ത്രിരാഷ്ട്ര ഹൈവേ പദ്ധതി പുരോഗമിക്കുകയാണ്. വൈകാതെ പദ്ധതി മറ്റ് ആസിയാൻ രാജ്യങ്ങളിലേക്കും വ്യാപിപ്പിക്കും.

ഏഷ്യൻ രാജ്യങ്ങളുടെ മുന്നേറ്റത്തിന് ആസിയാൻ മികച്ച പിന്തുണ നൽകുന്നുണ്ട്. സിംഗപ്പൂരുമായി ഇന്ത്യയിലെ 16 നഗരങ്ങൾക്ക് നേരിട്ടുള്ള ബന്ധമുണ്ട്. ആസിയാൻ രാജ്യങ്ങളുമായുള്ള വാണിജ്യ - വ്യാപാര പങ്കാളിത്തതിലെ സാദ്ധ്യതകൾ ഇന്ത്യയ്ക്ക് നിർണായകവുമാണെന്ന് സുഷമ പറഞ്ഞു. കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി, സിംഗപ്പൂർ വിദേശകാര്യ മന്ത്രി വിവിയൻ ബാലകൃഷ്ണൻ, വ്യവസായ മന്ത്രി എസ്. ഈശ്വരൻ, ആന്ധ്രപ്രദേശ് മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡു, അസം മുഖ്യമന്ത്രി സർബാനന്ദ സോനോവാൾ തുടങ്ങിയവർ സംബന്ധിച്ചു. ആസിയാൻ രാജ്യങ്ങളിലെയും ഇന്ത്യയിലെയും വ്യവസായ പ്രമുഖരും മിനി പ്രവാസി ഭാരതീയ ദിവസിൽ പങ്കെടുക്കുന്നുണ്ട്.

സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റി, സിംഗപ്പൂർ - ഇന്ത്യ ചേംബർ ഒഫ് ഇൻഡസ്ട്രി, ഇൻവെസ്റ്റ് ഇന്ത്യ, സി.ഐ.ഐ., ഫിക്കി തുടങ്ങിയവയുമായി സഹകരിച്ചാണ് വിദേശകാര്യ മന്ത്രാലയം പ്രവാസി ഭാരതീയ ദിവസ് (പി.ബി.ഡി) സംഘടിപ്പിക്കുന്നത്. ഈ മാസം അവസാനം ഡൽഹിയിൽ ഇന്ത്യ - ആസിയാൻ ഉച്ചകോടി നടക്കുന്നുണ്ട്. ഇതിനു മുന്നോടിയായി സിംഗപ്പൂരിൽ സംഘടിപ്പിച്ച മിനി പ്രവാസി ഭാരതീയ ദിവസിനെ ഏറെ നിർണായകമായാണ് ഇന്ത്യ കാണുന്നതും.

അസാമിൽ ഭക്ഷ്യ സംസ്കരണ യൂണിറ്റുമായി ലുലു ഗ്രൂപ്പ്

സിംഗപ്പൂർ: സിംഗപ്പൂർ വേദിയായ മിനി പ്രവാസി ഭാരതീയ ദിവസിനിടെ അസം മുഖ്യമന്ത്രി സർബാനന്ദ സോനോവാളുമായി ലുലു ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എം.എ. യൂസഫലി ചർച്ച നടത്തി.

അസമിൽ ഭക്ഷ്യസംസ്കരണ യൂണിറ്റ് തുറക്കാൻ പദ്ധതിയുണ്ടെന്ന് മുഖ്യമന്ത്രിയെ എം.എ. യൂസഫലി അറിയിച്ചു. അത്യാധുനിക കോൾഡ് സ്റ്റോറാണ് അസമിൽ സ്ഥാപിക്കുക. അസമിൽ നിന്നുള്ള പഴങ്ങളും പച്ചക്കറികളും നേരിട്ട് സംഭരിച്ച് ഗൾഫ് രാജ്യങ്ങളിലെയും കിഴക്കനേഷ്യയിലെയും ലുലു ഹൈപ്പർ മാർക്കറ്റുകളിലൂടെ വില്ക്കുകയാണ് ലക്ഷ്യം. ലുലു ഗ്രൂപ്പിന് എല്ലാവിധ പിന്തുണയും നൽകുമെന്ന് മുഖ്യമന്ത്രി സർബാനന്ദ സോനോവാൾ ട്വിറ്ററിലൂടെ അറിയിച്ചു. അടുത്തമാസം അസമിൽ നടക്കുന്ന ആഗോള നിക്ഷേപക സംഗമത്തിൽ പദ്ധതി സംബന്ധിച്ച് ധാരണയുണ്ടാകും.

എല്ലാം ഊഹക്കച്ചവടം, വലിയ റിസ്കാണ് ബിറ്റ്കോയിൻ!

▸ **അലക്സ് കെ. ബാബു**
(മാനേജിംഗ് ഡയറക്ടർ, ഹെഡ്ജ്‌വെൽത്ത് മാനേജ്മെന്റ് സർവീസസ്)

ചോദ്യം: ബിറ്റ്കോയിനെ കുറിച്ച് ഈയിടെയായി ധാരാളം വാർത്തകൾ കേൾക്കുന്നു. എന്താണ് ഈ ബിറ്റ്കോയിൻ? എങ്ങനെയാണ് വാങ്ങാനാവുക? ബിറ്റ്കോയിനിൽ നിക്ഷേപിക്കുന്നത് കൊണ്ട് എന്താണ് നേട്ടം?

സോന വർഗീസ്, മഞ്ചേരി

ഉത്തരം: കമ്പ്യൂട്ടേഷണൽ അൽഗോരിതം ഉപയോഗിച്ച് നിർമ്മിച്ച ക്രിപ്റ്റോ കറൻസിയാണ് ബിറ്റ്കോയിൻ. ഇതിനെ കറൻസിയായി ലോകത്തെ ഒരു രാജ്യവും ഇതുവരെ അംഗീകരിച്ചിട്ടില്ല. സാധാരണ രാജ്യങ്ങൾ പുറത്തിറക്കുന്ന കറൻസികളെപ്പോലെ ക്രിപ്റ്റോ കറൻസിക്ക് ഔദ്യോഗിക അംഗീകാരത്തിന്റെ പിൻബലവുമില്ല. ഇപ്പോൾ ബിറ്റ്കോയിന്റെ വില കുതിക്കുന്നത് ഊഹക്കച്ചവടത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്.

ഇന്ത്യയും ബിറ്റ്കോയിനെ അംഗീകരിച്ചിട്ടില്ല. അതേസമയം, ഇതിലെ വ്യാപാരം നിരോധിച്ചിട്ടില്ലാത്തതിനാൽ വിദേശത്ത് രജിസ്റ്റർ ചെയ്ത ഓൺലൈൻ എക്സ്ചേഞ്ചുകൾ വഴി ഇന്ത്യയിലും ബിറ്റ്കോയിൻ വ്യാപാരം നടക്കുന്നുണ്ട്. എന്നാൽ, വളരെ വലിയ റിസ്കുള്ള ഊഹക്കച്ചവടമായി മാത്രമേ അതിനെ കാണാനാകൂ.

■ *സംശയങ്ങൾക്കും ചോദ്യങ്ങൾക്കും ഇ - മെയിൽ വിലാസം*
kaumudismartmoney@gmail.com

ചോദ്യം: രണ്ട് - മൂന്ന വർഷം മുമ്പ് ഫാർമ ഓഹരികളാണ് വിപണിയിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ചിരുന്നത്. എന്നാൽ, ഒന്നു - രണ്ട് വർഷമായി ഫാർമ ഓഹരികളിൽ വലിയ ഇടിവ് കാണുന്നു. എന്താണ് ഇതിനു കാരണം? ഇപ്പോഴത്തെ നിലയിൽ ഫാർമ ഓഹരികൾ വാങ്ങാമോ?

സഞ്ജു ഭാസ്കർ, കോഴിക്കോട്

ഉത്തരം: 2010 മുതൽ 2015 വരെയുള്ള കാലയളവിൽ അമേരിക്കയിൽ നിലവിലുണ്ടായിരുന്ന 70 ശതമാനം ഔഷധങ്ങളുടെ പേറ്റന്റ് കാലഹരണപ്പെട്ടപ്പോൾ ജനറിക് മരുന്നുകൾ ഉത്പാദിപ്പിക്കാൻ ഫാർമ കമ്പനികൾക്ക് അവസരം ലഭിച്ചതാണ് ഇവയുടെ ഓഹരികളുടെ കുതിച്ചു ചാട്ടത്തിന് വഴിതെളിച്ചത്. ഇതോടെ, ഈ ഓഹരികൾ ചെലവേറിയ നിലയിലുമായി. അമേരിക്കയിലെ ബിസിനസിലുണ്ടായ വളർച്ച സാധാരണ നിലയിൽ ആവുകയും അമേരിക്കൻ ഡ്രഗ് റെഗുലേഷൻ അതോറിറ്റിയുടെ നടപടികൾ കാരണം പല ഫാർമ കമ്പനികളുടെയും വളർച്ച കുറയുകയും ചെയ്തതാണ് ഈ ഓഹരികളെ പിന്നീട് ഇടിവിലേക്ക് നയിച്ചത്.

വളരെ ചെലവേറിയ നിലയിൽ നിന്ന് ഈ ഓഹരികൾ സാധാരണ നിലയിലേക്കും വന്നു. എന്നാൽ, ഇപ്പോൾ ഫാർമ കമ്പനികൾ നേരിടുന്ന പ്രശ്നങ്ങൾ ഏതാണ്ട് പരിഹരിച്ച സ്ഥിതിയിലാണ്. ഈ ഓഹരികളുടെ മൂല്യവും ന്യായമായ നിലയിൽ നിൽക്കുന്നു. ഈ സാഹചര്യത്തിൽ ദീർഘകാല അടിസ്ഥാനത്തിൽ ഫാർമ ഓഹരികൾ വാങ്ങാവുന്നതാണ്.

ചോദ്യം: മ്യൂച്വൽഫണ്ടുകളിൽ ഹൈബ്രിഡ് ഫണ്ടുകൾ എന്നൊരു വിഭാഗം ഉണ്ടെന്നറിഞ്ഞു. ഇവ എന്താണെന്ന് വിശദമാക്കാമോ?

ഗണേഷ്, ഈരാറ്റുപേട്ട

ഉത്തരം: ഒന്നിലധികം ആസ്തി മേഖലകളെ പോർട്ട്ഫോളിയോയിൽ ഉൾപ്പെടുത്തിയ ഫണ്ടുകളെ പൊതുവേ ഹൈബ്രിഡ് സ്കീമുകൾ എന്ന് പറയുന്നത്. സാധാരണ ഹൈബ്രിഡ് ഫണ്ടുകൾ കടപ്പത്രങ്ങളിലും ഓഹരികളിലുമായാണ് നിക്ഷേപിക്കുന്നത്. എന്നാൽ, ഈ വിഭാഗത്തിൽ പെടുന്ന ചില ഫണ്ടുകൾ ഓഹരിക്കും കടപ്പത്രത്തിനും പുറമേ സ്വർണത്തിലും നിക്ഷേപം നടത്തുന്നുണ്ട്.

ഹൈബ്രിഡ് ഫണ്ടുകളിൽ ഓഹരി നിക്ഷേപത്തിന് പ്രധാന്യമുള്ള ഫണ്ടുകളും കടപ്പത്രത്തിലെ നിക്ഷേപത്തിന് പ്രധാന്യമുള്ള ഫണ്ടുകളുമുണ്ട്. സാധാരണ നിലയിൽ വിപണിയിലെ ചാഞ്ചാട്ടങ്ങൾ ഒരു പരിധി വരെ ബാധിക്കാത്ത നിലയിലുള്ള റിട്ടേൺ നൽകാൻ ഇത്തരം ഫണ്ടുകൾക്ക് സാധിക്കുന്നുണ്ട്. വലിയ റിസ്ക് എടുക്കാൻ താത്പര്യം ഇല്ലാത്തവരും ഓഹരികളിൽ ഭാഗികമായി നിക്ഷേപിക്കാൻ ആഗ്രഹമുള്ളവരുമായ നിക്ഷേപകർക്ക് ഹൈബ്രിഡ് ഫണ്ടുകൾ പരിഗണിക്കാവുന്നതാണ്.

ഓഹരി വിപണി വളരെ ഉയരത്തിൽ ആയതിനാൽ ഇക്വിറ്റി ഫണ്ടുകളിൽ മാത്രമായി നിക്ഷേപിക്കുന്നതിൽ വലിയ റിസ്കുണ്ടെന്ന് കരുതുന്ന നിക്ഷേപകർക്കും ഹൈബ്രിഡ് ഫണ്ടുകൾ തിരഞ്ഞെടുക്കാവുന്നതാണ്.

മുന്നറിയിപ്പുമായി കേന്ദ്രസർക്കാരും റിസർവ് ബാങ്കും

ആയിരം ഡോളറിനു താഴെയായിരുന്ന ബിറ്റ്കോയിന്റെ മൂല്യം അടുത്തിടെ 20,000 ഡോളറിനടുത്തേക്ക് കുതിച്ചുയർന്നത് നിക്ഷേപകരുടെ ശ്രദ്ധയാകർശിച്ചിരുന്നു. എന്നാൽ, യാതൊരുവിധ ആസ്തിയുടെയും നിയമത്തിന്റെയും പിന്തുണയില്ലാത്ത ബിറ്റ്കോയിനുകളിലെ നിക്ഷേപം വൻ നഷ്ടമുണ്ടാക്കുമെന്ന മുന്നറിയിപ്പുമായി കേന്ദ്രസർക്കാരും റിസർവ് ബാങ്കും രംഗത്തെത്തിയിരുന്നു. ഡിജിറ്റൽ ഇടപാടുകളായതിനാൽ ഹാക്കിംഗ്, പാസ്‌വേഡ് മോഷണം, മാൽവെയർ ആക്രമണം തുടങ്ങിയവ മൂലവും നിക്ഷേപകർക്ക് പണം നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടെന്നും സർക്കാർ ചൂണ്ടിക്കാട്ടിയിരുന്നു.

എം5, ബി.എം.ഡബ്ല്യുവിന്റെ ആറാം തമ്പുരാൻ!

ഡ്രൈവേഴ്സ് കാബിൻ
അനിൽകുമാർ ശർമ്മ

ചില ചലച്ചിത്ര താരങ്ങളുണ്ട്. അവർ അഭിനയിച്ച് തുടങ്ങും മുമ്പേ സ്റ്റാർ ആകും! ആദ്യ സിനിമയുടെ ടീസറിലൂടെ തന്നെ ആരാധകരുടെ ഹൃദയം കവരും. പിന്നാലെ സിനിമയും വലിയ ഹിറ്റാകും. ഇവിടെ ഇതാ, ഇന്ത്യൻ വിപണിയിലെത്തും മുമ്പേ ആഡംബര കാർ പ്രിയരുടെ ആരാധനാ ബിംബമായിരിക്കുകയാണ് ബി.എം.ഡബ്ല്യുവിന്റെ ആറാം തലമുറ എം5 മോഡൽ.

അടുത്തമാസം നടക്കുന്ന ഓട്ടോ ഷോയിലൂടെയാണ് ബി.എം.ഡബ്ല്യു എം5 ഇന്ത്യയിലെത്തുക. റെക്കാഡുകളെ കൂട്ടുപിടിച്ചാണ് ഈ ജർമ്മൻ അത്യാഡംബര പെർഫോമൻസ് ഭീമന്റെ വരവ്. ഷാങ്ഹായ് ഫോർമുല വൺ സർക്യൂട്ടിൽ പുതിയ വേഗ റെക്കാഡ് കുറിച്ച് എം5 ചരിത്രമെഴുതിയിരുന്നു. 2.22 സെക്കൻഡിലാണ് ബി.എം.ഡബ്ല്യു എം5 ലാപ് പൂർത്തിയാക്കിയത്. മുൻമോഡലുകളിൽ നിന്ന് ലളിതമായും ആഡംബരം, സൗന്ദര്യം, സുരക്ഷ, പെർഫോമൻസ് എന്നിവയിലൊരു വിട്ടുവീഴ്ചയും ചെയ്യാതെയുമാണ് പുതിയ എം5നെ ബി.എം.ഡബ്ല്യു ഒരുക്കിയിരിക്കുന്നത്.

റൂഫിലും മറ്റും ധാരാളമായി ഉപയോഗിച്ചിരിക്കുന്ന ലൈറ്റ്‌വെയ്റ്റ് കാർബൺ ഫൈബർ കാറിന്റെ ഭാരം നന്നേ കുറയാനും പെർഫോമൻസ് മെച്ചപ്പെടാനും സഹായകമായിട്ടുണ്ട്. പരിഷ്കരിച്ച 4.4 ലിറ്റർ, ട്വിൻപവർ ടർബോ ചാർജ്ഡ് വി8 എൻജിനാണുള്ളത്. 600 പി.എസ് കരുത്തും 750 ന്യൂട്ടൺ മീറ്റർ പരമാവധി ടോർക്കുമുള്ള എൻജിന് പൂജ്യത്തിൽ നിന്ന് 100 കിലോമീറ്റർ വേഗം കൈവരിക്കാൻ 3.4 സെക്കൻഡ് മതി. ബി.എം.ഡബ്ല്യുവിന്റെ എക്സ് ഡ്രൈവ് സാങ്കേതിക വിദ്യയുടെ പിന്തുണയുള്ള എം5ന് പരമാവധി 300 കിലോമീറ്റർ വേഗത്തിൽ പായാൻ കഴിയും. 8 - സ്പീഡ് ഓട്ടോമാറ്റിക് ട്രാൻസ്മിഷനാണുള്ളത്.

മുന്നിലെ വലിയ ബോണറ്റ്, വലിയ എയർ ഇൻടേക്കുകളുള്ള സ്പോർട്ടീ ബമ്പറുകൾ, കറുപ്പ് ഗ്രില്ലുകൾ, കറുപ്പ് അലോയ് വീലുകൾ, സ്പോർട്ടീയായ റൂഫ് എന്നിവ രൂപകല്പനയിലെ ആകർഷണങ്ങളാണ്. കറുപ്പഴകിൽ ചാലിച്ച അകത്തളത്തിൽ അത്യാധുനിക ഇൻഫോടെയ്ൻമെന്റ് സംവിധാനം കാണാം. സ്റ്റിയറിംഗ് വീലിൽ ആദ്യം കണ്ണിലുടക്കുക എം1, എം2 എന്നീ ബട്ടണുകളാണ്. കാറിനെ ഡ്രൈവർക്ക് അനുയോജ്യമായ ഡ്രൈവിംഗ് ശൈലിയിലൂടെ നിയന്ത്രിക്കാൻ ഈ ഡ്രൈവ് ഓപ്ഷൻ ബട്ടണുകൾ സഹായിക്കും.

ഏത് മോഡിലും ഏത് റോഡിലും ആസ്വാദ്യകരമായ ഡ്രൈവിംഗ്, യാത്രാ അനുഭവമാണ് പുതിയ ബി.എം.ഡബ്ല്യു എം5 സമ്മാനിക്കുക. അതിനാൽ, പ്രതിദിന റൈഡിനു തികച്ചും അനുയോജ്യമായ കാർ തന്നെയാണിത്. രണ്ടു കോടി രൂപയ്ക്കടുത്താണ് ഇന്ത്യയിൽ പ്രതീക്ഷിക്കുന്ന വില.

ശാസ്ത്രകൗമുദി

കേൾക്കൂ ... ഇതെല്ലാമാണ് ശബ്ദം

ശബ്ദത്തെക്കുറിച്ചുള്ള പഠനമാണ് അക്കൗസ്റ്റിക്സ്. നമ്മൾ കേൾക്കുന്ന ശബ്ദം, പത്തിലൊന്ന് സെക്കൻഡ് സമയം ചെവിയിൽ തങ്ങി നിൽക്കുന്നുണ്ട്. ശബ്ദത്തിന് സഞ്ചരിക്കാൻ മാധ്യമം ആവശ്യമാണ്. ശൂന്യതയിലൂടെ ശബ്ദം സഞ്ചരിക്കുന്നില്ല. അതുകൊണ്ടാണ് അന്തരീക്ഷവായു ഇല്ലാത്ത ചന്ദ്രനിൽ ശബ്ദം കേൾക്കാനാവാത്തത്. ശബ്ദത്തിന്റെ ഉച്ചത രേഖപ്പെടുത്തുന്ന യൂണിറ്റാണ് ഡെസിബെൽ. ശബ്ദതരംഗങ്ങളുടെ ആവൃത്തി രേഖപ്പെടുത്താൻ ഹെർട്സ് ഉപയോഗിക്കുന്നു. 3,000 ഹെർട്സ് ട്യൂണിലുള്ള പൂജ്യം ഡെസിബെൽ ശബ്ദമാണ് മനുഷ്യന്റെ കാതുകൾക്ക് കേൾക്കാവുന്ന ഏറ്റവും ലോലമായ ശബ്ദം. 20 ഹെർട്സ് മുതൽ 20,000 ഹെർട്സ് വരെയാണ് മനുഷ്യന്റെ ശ്രവണപരിധി. സാധാരണ ഊഷ്മാവിൽ വായുവിലൂടെയുള്ള ശബ്ദത്തിന്റെ പ്രവേഗം സെക്കൻഡിൽ 340 മീറ്ററാണ്. ജലത്തിലൂടെ സെക്കൻഡിൽ 1435 മീറ്റർ വേഗത്തിൽ ശബ്ദം സഞ്ചരിക്കുന്നു.

കൗമുദി ടിവി

6.00 ഡിവോഷണൽ സോംഗ്	1.00 ഫിലിം ബോക്സ്
6.26 am, pm ദൈവദശകം	1.35 സ്നേക് മാസ്റ്റർ
7.00 ജീസസ് ഈസ് എലൈവ്	2.35 ലേഡീസ് അവർ
7.30 പ്രണവം	6.00 സ്കൂൾ കലോത്സവം
8.00 സി.ഐ. ഷിബു എസ്.ഐ	6.26 ദൈവദശകം
8.30 ന്യൂസ് ട്രാക്ക്	6.35 ദേവാമൃതം
9.00 സാൾട്ട് ആൻഡ് പെപ്പർ	8.00 ഹാസ്യരസം
10.35 സ്ട്രെയ്റ്റ് ലൈൻ	8.35 താരപ്പകിട്ട്
11.35 സ്വയംവരം	10.00 സ്കൂൾ കലോത്സവം

ഡിഡി മലയാളം
7.00 കൃഷിദർശൻ
8.00 മേഘരാഗം

ഡിഡി കേരളം
11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാനശ്യാമസന്ധ്യ

ഏഷ്യാനെറ്റ്
6.00 വേഴാമ്പൽ
6.30 ശ്രീമുരുകൻ
7.00 വാനമ്പാടി
8.00 അക്കരെയാണന്റെ മാനസം
8.30 മൗനം സമ്മതം

ന്യൂസ്
8.00 വാർത്താ പ്രഭാതം
8.30 ചുറ്റുവട്ടം
12.30 നേർക്കുനേർ
2.30 ഡോ. ലൈവ്

ഏഷ്യാനെറ്റ് പ്ലസ്
7.30 മാനസവീര

HBO
06:01am Black Rain
08:08 Furry Vengeance
09:46 Eurotrip
11:12 Dantes Peak
01:10 The Hangover Part III
02:51 Paul
04:38 Jack Reacher
06:56 Back to the Future Part III
09:00 Shooter
11:11 Green Lantern

STAR MOVIES
07:12am Zathura: A Space Adventure
09:11 The Amazing Spider-Man 2
11:52 Toy Story 2
01:38 Toy Story 3
03:34 Godzilla
06:29 Speed
09:00 Titanic

സിനിമ

ഏഷ്യാനെറ്റ് hd: 9.00 വിസ്മയത്തുമ്പത്ത്
ഏഷ്യാനെറ്റ് മൂവീസ്: 7.00 വാർദ്ധക്യ പുരാണം 10.00 ഇവർ വിവാഹിതരായാൽ 1.00 ആറാം തമ്പുരാൻ 4.00 കഥ തുടരുന്നു
ഏഷ്യാനെറ്റ്: 9.00 രാവണപ്രഭു
ഏഷ്യാനെറ്റ് പ്ലസ്: 12.00 അയാൾ കഥയെഴുതുകയാണ്
എസിവി: 10.30 മത്സരം 2.00 മിണ്ടാപ്പെണ്ണ്
9.30 ഈ ശബ്ദം ഇന്നത്തെ ശബ്ദം
റോസ്ബൗൾ: 10.00 ദി ട്രെയിൻ 2.00 1942 എ ലവ് സ്റ്റോറി
ജുക്ക്ബോക്സ്: 6.30 സേതുരാമയ്യർ സി.ബി.ഐ
കൈരളി: 1.15 തെങ്കാശിപ്പട്ടണം
വി: 12.30 പോക്കിരിരാജ 8.00 തിങ്കളാഴ്ച നല്ല ദിവസം

ANIMAL PLANET
07:00am Wild Cats
09:00 Africa : Rivers of Life
10:00 Lords of the Jungle
11:00 Animal Planet Select
12:00 Animals Unleashed
12:22 World of the Wild
12:46 Animal Planet Exclusives
01:32 The Pack
02:00 Wildest Survival
03:00 Animal Planet Exclusives
04:00 Lords of the Jungle
10:00 Survival Games

SONY PIX
06:44am Step Up 2: The Streets
08:49 Drunken Master
11:18 Bastille Day
01:19 Jurassic Park
03:28 Anaconda 3: Offspring
05:23 The Mummy
08:00 King Kong

നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2018 ജനുവരി 8 തിങ്കൾ)

മേടം : *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*
കാര്യങ്ങൾ അനുകൂലമാകും. അർഹതയ്ക്ക് അംഗീകാരം, പ്രഭാഷണം നടത്തും.

ഇടവം: *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*
അവകാശങ്ങൾ ലഭിക്കും. വിവാദങ്ങളിൽ നിന്ന് പിൻവാങ്ങും, ജോലിയിൽ ഉയർച്ച.

മിഥുനം : *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*
സർക്കാരിൽ നിന്ന് ആനുകൂല്യം, അന്യരുടെ കാര്യങ്ങളിൽ ഇടപെടരുത്, ജനസ്വാധീനം വർദ്ധിക്കും.

കർക്കടകം : *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*
ഔദ്യോഗിക കാര്യങ്ങളിൽ ശ്രദ്ധ കൂട്ടും, അസുഖങ്ങളിൽ നിന്ന് മോചനം, കാര്യങ്ങളിൽ തീരുമാനമുണ്ടാകും.

ചിങ്ങം : *(മകം, പൂരം, ഉത്രം കാൽ ഭാഗം)*
ആരോഗ്യം സൂക്ഷിക്കണം, സഹപ്രവർത്തകരുടെ സഹായം, പ്രവർത്തന മേഖലയിൽ പുരോഗതി.

കന്നി : *(ഉത്രം അവസാന മുക്കാൽ ഭാഗം, അത്തം, ചിത്തിര ആദ്യ പകുതിഭാഗം)*
ശുഭവാർത്തകൾ കേൾക്കും. മറ്റുള്ളവരുടെ സഹായമുണ്ടാകും, ഉന്നത പഠനത്തിൽ വിജയം.

തുലാം : *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*
ജോലിയിൽ അനുകൂല സമയം, വാഹനയാത്രയിൽ ശ്രദ്ധിക്കണം. മുൻകോപം നിയന്ത്രിക്കണം.

വൃശ്ചികം : *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*
വ്യാപാര മേഖലയിൽ ധനലാഭം, പുതിയ പദ്ധതികളിൽ ശ്രദ്ധവയ്ക്കും. ധനലാഭം.

ധനു: (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)
സന്താനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റും. സത്യസന്ധമായി പ്രവർത്തിക്കും. ജീവിതത്തിൽ പുരോഗതി.

മകരം: *(ഉത്രാടം അവസാന മുക്കാൽഭാഗം, തിരുവോണം, അവിട്ടം- ആദ്യപകുതി).*
വാഹനം സ്വന്തമാക്കും. ജോലിയിൽ ഉയർച്ച, വിവാദങ്ങളിൽ പെടാതെ സൂക്ഷിക്കും.

കുംഭം: *(അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*
ധനപരമായി ഉയർച്ച, പുതിയ ജോലിക്ക് സാദ്ധ്യത, യാത്രകൾ വേണ്ടിവരും.

മീനം: *(പൂരുരുട്ടാതി അവസാന കാൽഭാഗം, ഉത്രട്ടാതി, രേവതി).*
അവസരങ്ങൾ പ്രയോജനപ്പെടുത്തും. പ്രശ്നങ്ങൾക്ക് പരിഹാരം, സാമ്പത്തിക നേട്ടം.

- ഗോപകുമാർ ശർമ്മ

സി.പി.എം ഇടുക്കി ജില്ലാ സമ്മേളനത്തിന് ഇന്ന് തുടക്കം

കട്ടപ്പന: സി.പി.എം ഇടുക്കി ജില്ലാ സമ്മേളനത്തിന് കട്ടപ്പനയിൽ ഇന്ന് തുടക്കമാകും. രാവിലെ 10.30 ന് പ്രതിനിധി സമ്മേളനം ടൗൺ ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ജില്ലാ സെക്രട്ടറി കെ.കെ. ജയചന്ദ്രൻ റിപ്പോർട്ട് അവതരിപ്പിക്കും. 345 പ്രതിനിധികൾ പങ്കെടുക്കും. സമ്മേളനത്തോടനുബന്ധിച്ച് ദിവസവും വൈകിട്ട് മിനി മുനിസിപ്പൽ സ്റ്റേഡിയത്തിൽ സാംസ്കാരിക സമ്മേളനങ്ങളും കലാപരിപാടികളും നടക്കും. ബുധനാഴ്ച വൈകിട്ട് അഞ്ചിന് സമാപന സമ്മേളനം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.

കാട്ടിൽ അകപ്പെട്ട നാല് തീർത്ഥാടകരെ രക്ഷിച്ചു

ശബരിമല : പരമ്പരാഗത കാനനപാതയായ പുല്ലുമേട് വഴി സന്നിധാനത്തേക്ക് വരുന്നതിനിടെ കാട്ടിൽ അകപ്പെട്ട നാലു തീർത്ഥാടകരെ രക്ഷപ്പെടുത്തി. ഹൈദരാബാദ് സ്വദേശികളായ ശിവ, കുമാർ.എസ്.നാരായണ, ഹരീഷ്, ഹ്ളശ്ലി എന്നിവരെയാണ് ശനിയാഴ്ച രാത്രി പത്തരയോടെ വനപാലകരും സന്നിധാനം പൊലീസും ചേർന്ന് രക്ഷപ്പെടുത്തിയത്.

സന്നിധാനത്തേക്ക് വരുന്നതിനിടെ പോടൻപ്ലാവിനടുത്ത് വഴിതെറ്റി ഇവർ ഉൾക്കാട്ടിൽ അകപ്പെടുകയായിരുന്നു. ഒപ്പമുണ്ടായിരുന്നവർ സന്നിധാനത്തെത്തിയപ്പോഴാണ് നാലുപേരെ കാണാനില്ലെന്ന് അറിയുന്നത്. ആനകൾ പതിവായി ഇറങ്ങുന്ന മേഖലയിലാണ് ഇവർ കുടുങ്ങിയതെന്ന് അറിഞ്ഞതോടെ വനപാലകസംഘം തെരച്ചിൽ തുടങ്ങി.

മൊബൈൽഫോണിന്റെയും ജി.പി.എസ് സംവിധാനത്തിന്റെയും സഹായത്തോടെയാണ് കൂട്ടംതെറ്റിയവരെ കണ്ടെത്തിയത്. രാത്രി പത്തരയോടെ ഇവരെ സന്നിധാനം പൊലീസ് സ്റ്റേഷനിലെത്തിച്ചു.

അവശരായ നാലുപേരെയും പിന്നീട് സന്നിധാനം ആശുപത്രിയിൽ എത്തിച്ച് പ്രഥമശുശ്രൂഷ നൽകി.

കുരിശുമല ലാത്തിച്ചാർജ്

കുരിശ് തകർത്തവർക്ക് സർക്കാർ കുടപിടിക്കുന്നുവെന്ന് ഇടയലേഖനം

വൈദികരെയും കന്യാസ്ത്രീകളെയും പൊലീസ് മർദ്ദിച്ചതിൽ പ്രതിഷേധിച്ച് നെയ്യാറ്റിൻകര രൂപതയിലെ വ്ളാത്താങ്കര ഫൊറോന നെയ്യാറ്റിൻകര ടൗണിലേക്ക് നടത്തിയ പ്രകടനം

തിരുവനന്തപുരം : ബോണക്കാട് കുരിശുമല തീർത്ഥാടകർക്ക നേരെയുണ്ടായ ലാത്തിച്ചാർജിനെതിരെ അതിശക്തമായ പ്രതിഷേധവും സമരാഹ്വാനവുമായി ലത്തീൻ സഭ നെയ്യാറ്റിൻകര രൂപതയുടെ ഇടയ ലേഖനം.

ഇന്നലെ രൂപതയിലെ എല്ലാ പള്ളികളിലും ഞായറാഴ്ച പ്രാർത്ഥനയിൽ ബിഷപ് ഡോ. വിൻസന്റ് സാമുവൽ എഴുതിയ ഇടയലേഖനം വായിച്ചു. കുരിശ് തകർത്ത വർഗീയ ശക്തികൾക്ക് സർക്കാർ കുട പിടിക്കുകയാണെന്ന് ലേഖനം കുറ്റപ്പെടുത്തി.

പൊലീസ് മർദ്ദനത്തിൽ പരിക്കേറ്റവർക്കായി പ്രാർത്ഥിക്കുകയും ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തു. നീതി ഉറപ്പാകുംവരെ സഹനസമരത്തിനൊരുങ്ങാനാണ് വിശ്വാസികളോടുള്ള ആഹ്വാനം. കുരിശ് തകർത്തവരെ വനം വകുപ്പും പൊലീസും സംരക്ഷിക്കുകയാണ്. കുരിശുമലയിലേക്ക് പ്രവേശനം തടഞ്ഞതിലൂടെ വിശ്വാസികളുടെ ആരാധനാ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടു. മൗനം വെടിഞ്ഞ് മുഖ്യമന്ത്രി വിഷയത്തിൽ ഇടപെടണം.

പ്രശ്നത്തിൽ സർക്കാരിന്റെ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് നാളെ രാവിലെ പത്തു മുതൽ നെയ്യാറ്റിൻകര ബിഷപ്പിന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനു മുന്നിൽ ഉപവസിക്കും.

വൈദികരും കന്യാസ്ത്രീകളുമടക്കമുള്ളവർ പാളയം കത്തീഡ്രൽ ദേവാലയത്തിൽ

ഒത്തുകൂടി റാലിയായി സെക്രട്ടേറിയറ്റിന് മുന്നിലെത്തും. ആർച്ച് ബിഷപ് ഡോ. എം. സൂസപാക്യം സമരം ഉദ്ഘാടനം ചെയ്യും.

സീറോ മലബാർ സഭ സിനഡ് ഇന്ന് മുതൽ

■ സ്ഥലവില്പന ചർച്ച ചെയ്യണമെന്ന് വൈദികർ

കൊച്ചി: എറണാകുളം അങ്കമാലി അതിരൂപതയുടെ സ്ഥലം വില്പന വിവാദം നീറുന്നതിനിടെ, സീറോമലബാർ സഭയുടെ സിനഡ് സമ്മേളനം ഇന്ന് ആരംഭിക്കും.

സ്ഥലമിടപാടിലെ ക്രമക്കേട് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് വൈദിക സമിതി സിനഡ് അംഗങ്ങളായ ബിഷപ്പുമാർക്ക് കത്ത് നൽകി.

അതിരൂപതയിൽ നടന്നത് ഭൂമി കുംഭകോണമാണെന്ന് വൈദിക സമിതി സെക്രട്ടറി ഫാ. കുര്യാക്കോസ് മുണ്ടാടൻ ഒപ്പിട്ട കത്തിൽ ആരോപിക്കുന്നു.

സിനഡിൽ പ്രശ്നം ഗൗരവമായി ചർച്ച ചെയ്യണമെന്നും, സഭയുടെ സല്പേരിനായി മാന്യമായ പരിഹാരം കണ്ടെത്തണമെന്നും കത്തിൽ പറയുന്നു.

വിവാദം സീറോ മലബാർ സഭയെ മൊത്തത്തിലും അതിരൂപതയെ പ്രത്യേകിച്ചും വലച്ചിട്ടുണ്ട്. സഭയുടെ കാനോനിക സമിതികളായ കൺസൾട്ടേറ്റീവ് കമ്മിറ്റി, സാമ്പത്തികാര്യ സമിതി, പ്രസ്ബിറ്ററൽ കൗൺസിൽ തുടങ്ങിയവ ചർച്ച ചെയ്യുകയും ഉന്നതാധികാരികളെ വിവരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. കർദ്ദിനാൾ നിയോഗിച്ച അൽമായരും വൈദികരും ഉൾപ്പെട്ട സമിതി ഇടപാടിനെക്കുറിച്ച് അന്വേഷിക്കുകയും കാനോൻ, സിവിൽ നിയമങ്ങൾ ലംഘിച്ചതായി കണ്ടെത്തുകയും ചെയ്തു.

ഇടപാടിലുൾപ്പെട്ടവരുടെ ധാർമികവും ധനപരവുമായ വിശ്വാസ്യത തകർക്കുന്നതാണ് കണ്ടെത്തലുകൾ. വിശ്വാസികളിൽ ചിലർ നിയമ നടപടികളും ആരംഭിച്ചു. ഈ സാഹചര്യത്തിൽ, സൃഷ്ടിപരമായ ഇടപെടൽ സിനഡിൽ നിന്നുണ്ടാകണമെന്നാണ് സഭയും സമൂഹവും ആഗ്രഹിക്കുന്നതെന്നും കത്തിൽ പറയുന്നു.

സിനഡ് അഞ്ചു ദിവസം

സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ്തോമസിൽ 13 വരെയാണ് മെത്രാന്മാരുടെ സിനഡ് നടക്കുന്നത്. സഭയുടെ 26-ാമതു സിനഡിന്റെ ആദ്യ ഭാഗമാണ് മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ ഡോ. ജോർജ് ആലഞ്ചേരിയുടെ അദ്ധ്യക്ഷതയിൽ നടക്കുക.

രാവിലെ 10 ന് കോട്ടയം ആർച്ച്ബിഷപ് മാത്യു മൂലക്കാട്ട് നയിക്കുന്ന ധ്യാനത്തോടെയാണു തുടക്കം. ഉച്ചകഴിഞ്ഞു 2.30ന് സിനഡിന്റെ ഉദ്ഘാടനം മേജർ ആർച്ച് ബിഷപ് നിർവഹിക്കും. വിരമിച്ചവർ ഉൾപ്പെടെ 62 മെത്രാന്മാരാണ് സീറോമലബാർ സഭയിൽ ഇപ്പോഴുള്ളത്. 13ന് ഉച്ചകഴിഞ്ഞ് 2.30ന് സീറോമലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്കുയർത്തപ്പെട്ടതിന്റെ രജതജൂബിലി സമാപന സമ്മേളനവും സംഘടിപ്പിച്ചിട്ടുണ്ട്.

പിള്ളയുമായി ലയന നീക്കം സജീവമാക്കി എൻ.സി.പി

▶ടി.കെ.സുനിൽകുമാർ

കൊച്ചി: ആർ. ബാലകൃഷ്ണ പിള്ളയുടെ കേരള കോൺഗ്രസിനെ (ബി) എൻ.സി.പിയിൽ ലയിപ്പിക്കാനുള്ള നീക്കം വീണ്ടും സജീവമായി.

എൻ.സി.പി ദേശീയ പ്രസിഡന്റ് ശരത് പവാറിന്റെ ശക്തമായ പിന്തുണയോടെ സംസ്ഥാന പ്രസിഡന്റ് ടി. പി. പീതാംബരൻ നേരിട്ടാണ് ഇതിന് ചരട് വലിക്കുന്നത്. കഴിഞ്ഞ ദിവസം കൊച്ചിയിൽ ചേർന്ന നേതൃയോഗത്തിൽ ലയനം വേണ്ടെന്ന് അഭിപ്രായമുണ്ടായെങ്കിലും, കാര്യങ്ങളുടെ പോക്ക് മറിച്ചാണ്. പിള്ള ഗ്രൂപ്പുമായി ചർച്ചകൾക്ക് ദേശീയ ജനറൽ സെക്രട്ടറി പ്രഫുൽ പട്ടേലിനെ ശരത് പവാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പത്താം തീയതി തോമസ് ചാണ്ടി എം.എൽ.എ വിദേശത്ത് നിന്ന് തിരിച്ചെത്തിയ ശേഷം ഇക്കാര്യത്തിൽ കൂടിയാലോചനകൾ നടക്കും. ചാണ്ടിയും പിള്ളയും തമ്മിൽ ഫോൺ സംഭാഷണവും നടന്നു. ലയന നീക്കത്തിന് ഇപ്പോൾ എ.കെ. ശശീന്ദ്രൻ പക്ഷവും അനുകൂലമാണ്. നിയമ പ്രശ്നങ്ങൾ അവസാനിക്കാത്തതിനാൽ ഉടനൊന്നും മന്ത്രിസഭാ പ്രവേശനം നടക്കില്ലെന്ന് വ്യക്തമായതോടെയാണ് ഇരുവരും അയഞ്ഞത്. ഈ മാസം തന്നെ ലയനം നടത്താനാണ് ശ്രമം.

കേരള കോൺഗ്രസ് (ബി) എം. എൽ.എ കെ. ബി. ഗണേശ് കുമാറിനെ ലയനാനന്തരം മന്ത്രിയാക്കുന്നതിനെച്ചൊല്ലിയുണ്ടായ അഭിപ്രായ വ്യത്യാസങ്ങൾ ഇപ്പോഴില്ല. പിള്ളയെ എൻ. സി. പി പ്രസിഡന്റാക്കുന്നതാണ് പ്രധാന ലയന ഫോർമുല. പിള്ള വഹിക്കുന്ന കാബിനറ്റ് പദവിയുള്ള മുന്നാക്ക സമുദായ ക്ഷേമ കോർപറേഷൻ ചെയർമാൻ സ്ഥാനവും എൻ. സി. പിക്ക് സ്വന്തമാവും. പിള്ള ഒഴിഞ്ഞാൽ ഈ പദവി പാർട്ടി നോമിനിക്ക് ലഭിക്കും.

പിള്ളയുടെ നേതൃത്വത്തിൽ എം.എൽ.എമാരായ ആർ.എസ്.പിയിലെ കോവൂർ കുഞ്ഞുമോനെയും സി.എം.പിയിലെ വിജയൻ പിള്ളയെയും പാർട്ടിയിൽ കൊണ്ടുവരാനും നീക്കം ശക്തമാണ്. പ്രവാസി വ്യവസായി രവി പിള്ളയുടെ അടുത്ത ബന്ധുവാണ് വിജയൻ പിള്ള.

എൻ.സി.പിയിൽ ഭിന്നത രൂക്ഷം

കേരള കോൺഗ്രസ് ലയന നീക്കത്തെച്ചൊല്ലി സംസ്ഥാന എൻ.സി.പിയിൽ ഭിന്നത രൂക്ഷമായി.

ലയനത്തിനെതിരെ പരസ്യ നിലപാടെടുത്ത എൻ.സി.പി സേവാദൾ മുൻ സംസ്ഥാന ചെയർമാനും സംസ്ഥാന നിർവാഹക സമിതിയംഗവുമായ പ്രദീപ് പാറപ്പുറത്തെയും കുന്നത്തുനാട് ബ്ലോക്ക് പ്രസിഡന്റ് വർഗീസിനെയും പാർട്ടിയിൽ നിന്ന് സസ്പെൻഡ് ചെയ്തു. സംസ്ഥാന ട്രഷറർ മാണി സി. കാപ്പൻ, പാർട്ടി നേതാവും സംസ്ഥാന അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ചെയർമാനുമായ സുൾഫിക്കർ എന്നിവർക്കെതിരെയും നടപടിയുണ്ടാകുമെന്നാണ് സൂചന. മാണി സി. കാപ്പനെതിരെ ദേശീയ നേതൃത്വത്തിനും പരാതി ലഭിച്ചതായി അറിയുന്നു.

ലയന നീക്കമില്ല: ടി.പി. പീതാംബരൻ

പാർട്ടിയിൽ കേരള കോൺഗ്രസ് (ബി) ലയിക്കുന്നത് സംബന്ധിച്ച് ചർച്ചകളൊന്നും ഇപ്പോൾ നടക്കുന്നില്ലെന്ന് എൻ.സി.പി സംസ്ഥാന പ്രസിഡന്റ് ടി.പി.പീതാംബരൻ പറഞ്ഞു.

പാർട്ടി നിർദ്ദേശം ലംഘിച്ച് ചാനലുകളിൽ സംസാരിച്ചതിനാണ് പ്രദീപ് പാറപ്പുറത്തിനെതിരെ നടപടിയുണ്ടായതെന്നും അദ്ദേഹം പറഞ്ഞു.

സി.പി.ഐയെ ദുർബലപ്പെടുത്താമെന്നത് വ്യാമോഹം: കാനം

അടൂർ : സി. പി. ഐയെ ദുർബലപ്പെടുത്തി ഇടതുപക്ഷത്തെ ശക്തിപ്പെടുത്താമെന്ന വ്യാമോഹം നടക്കാൻ പോകുന്ന കാര്യമല്ലെന്ന് സി. പി. ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ അഭിപ്രായപ്പെട്ടു, സി. പി. ഐ ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മൺചിറ കെട്ടാൻ ശ്രമിച്ചപ്പോഴൊക്കെയും ശക്തമായ ഒഴുക്ക് അതിനെ തകർത്തുകൊണ്ട് ഒഴുകിപ്പോയ ചരിത്രങ്ങൾ കേരളത്തിൽ പലതുണ്ട്. കേരളകോൺഗ്രസ് എമ്മിനെ ഇടതുപക്ഷത്തേക്ക് കൊണ്ടുവരാനുള്ള സി. പി. എമ്മിലെ ഒരുവിഭാഗത്തിന്റെ നീക്കത്തിനെതിരായ പേരെടുത്തു പറയാതെ നടത്തിയ പ്രതികരണമാണ് കാനത്തിൽ നിന്ന് ഉണ്ടായത്.

ഒരു പാർട്ടിയിൽ തന്നെ രണ്ട് അഭിപ്രായങ്ങൾ ഉയർന്നു വരുന്നുണ്ട്. അപ്പോൾ രണ്ട് പാർട്ടികൾക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങൾ സ്വാഭാവികമാണെന്നും കാനം ചൂണ്ടിക്കാട്ടി. ജില്ലാ സെക്രട്ടറി എ. പി. ജയൻ അദ്ധ്യക്ഷനായിരുന്നു.

സഹോദരന്റെ മൃതദേഹം എടുക്കാനെത്തിയ ജ്യേഷ്ഠൻ കുഴഞ്ഞു വീണു മരിച്ചു

റെജി തോമസ്

റോയി തോമസ്

മാവേലിക്കര: സഹോദരന്റെ മൃതദേഹം എടുക്കാൻ മോർച്ചറിയിൽ എത്തിയ ജ്യേഷ്ഠൻ കുഴഞ്ഞുവീണു മരിച്ചു. തഴക്കര വഴുവാടി റോയി ഭവനിൽ റോയി തോമസാണ് (56) മരിച്ചത്. റോയി തോമസിന്റെ സഹോദരൻ മുതിരക്കണ്ടത്തിൽ ഷിജു വില്ലയിൽ റെജി തോമസ് (55) കഴിഞ്ഞ ദിവസം മരിച്ചിരുന്നു. റെജിയുടെ സംസ്കാരം ഇന്നലെ വൈകിട്ട് നാലിനാണ് നിശ്ചയിച്ചിരുന്നത്.

മൃതദേഹം എടുക്കുന്നതിന് ഉച്ചയ്ക്ക് മാവേലിക്കര ജില്ലാ ആശുപത്രിയിലെത്തിയ റോയി തോമസ് മോർച്ചറിയിലേക്കു നടന്നു പോകുമ്പോൾ കുഴഞ്ഞു വീഴുകയായിരുന്നു. ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. ജ്യേഷ്ഠന്റെ മരണത്തോടെ റെജി തോമസിന്റെ സംസ്കാരം മാറ്റിവച്ചു. ഇരുവരുടെയും സംസ്കാരം പിന്നീട് നടത്തും. ചെങ്ങന്നൂർ ചെറിയനാട് ഇഞ്ചത്തോട്ടത്തിൽ ആലീസാണ് റോയി തോമസിന്റെ ഭാര്യ. മക്കൾ: റിച്ചി, റിറ്റി.

മംഗലപുരത്ത് കാറും ബൈക്കും കൂട്ടിയിടിച്ച് രണ്ടു യുവാക്കൾ മരിച്ചു

പോത്തൻകോട്: മംഗലപുരം ചെമ്പകമംഗലത്ത് കാറും ബൈക്കും കൂട്ടിയിടിച്ച് ബൈക്ക് യാത്രക്കാരായ രണ്ട് യുവാക്കൾ മരിച്ചു. അണ്ടൂർക്കോണം കല്ലുപാലത്തിന് സമീപം നാസാ മൻസിലിൽ സവാദ്-സൗദ ദമ്പതികളുടെ മകൻ സാദിക്ക് (23), കോരാണി കുഴിവിള വീട്ടിൽ വാടകയ്ക്ക് താമസിക്കുന്ന സത്യന്റെ മകൻ സജിത്ത് (23) എന്നിവരാണ് മരിച്ചത്. ഇന്നലെ രാത്രി 8.30 നായിരുന്നു അപകടം. ആറ്റിങ്ങൽ നിന്ന് തിരുവനന്തപുരത്തേക്ക് വന്ന കാറും എതിർ ദിശയിൽ നിന്നെത്തിയ ബൈക്കുമാണ് കൂട്ടിയിടിച്ചത്. അപകടത്തിൽപ്പെട്ടവരെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

സന്നിധാനത്ത് പന്നിയുടെ കടിയേറ്റ് 21 തീർത്ഥാടകർ ആശുപത്രിയിൽ

ശബരിമല : സന്നിധാനത്ത് പേവിഷബാധയുണ്ടെന്ന് സംശയിക്കുന്ന പന്നിയുടെ കടിയേറ്റ് 21 തീർത്ഥാടകരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ശനിയാഴ്ച രാത്രിയാണ് സംഭവം. മാളികപ്പുറം, പാണ്ടിത്താവളം ഭാഗങ്ങളിൽ വിശ്രമിച്ചവർക്കാണ് പന്നിയുടെ കടിയേറ്റത്. ഇവരെ പിന്നീട് സന്നിധാനം സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ച് പേവിഷബാധയ്ക്കുള്ള പ്രതിരോധ മരുന്ന് നൽകി. സാധാരണ രീതിയിൽ പന്നികൾ തേറ്റ ഉപയോഗിച്ച് കുത്തുകയാണ് പതിവ്. പേ വിഷബാധയുള്ള പന്നികളാണ് കടിക്കുന്നതെന്നാണ് ആരോഗ്യ വകുപ്പിന്റെ നിഗമനം.

പയ്യോളി മനോജ് വധം: സി.പി.എം ലോക്കൽ കമ്മിറ്റി അംഗം അറസ്റ്റിൽ

കോഴിക്കോട്: പയ്യോളി മനോജ് വധക്കേസിൽ സി.പി.എം ലോക്കൽ കമ്മിറ്റി അംഗത്തെ കൂടി സി.ബി.ഐ അറസ്റ്റ് ചെയ്തു. സി.പി.എം പയ്യോളി ലോക്കൽ കമ്മിറ്റി അംഗം കെ.കെ. പ്രേമനാണ് അറസ്റ്റിലായത്. മുചുകുന്നിലെ ഡി.വൈ.എഫ്.ഐ നേതാവ് അനീഷിനെ ചോദ്യം ചെയ്യാൻ വിളിപ്പിച്ചിരുന്നെങ്കിലും വിട്ടയച്ചു. ഇന്നലെ രാവിലെയാണ് ഇരുവരെയും സി.ബി.ഐ കസ്റ്റഡിയിലെടുത്തത്. സി.പി.എം മുൻ ഏരിയാ സെക്രട്ടറിയും ഇപ്പോൾ ജില്ലാകമ്മിറ്റി അംഗവുമായ ടി. ചന്തു, ലോക്കൽ സെക്രട്ടറി പി.വി രാമചന്ദ്രൻ, പയ്യോളി നഗരസഭാ കൗൺസിലർ ലിജേഷ്, പയ്യോളി ലോക്കൽ കമ്മറ്റി അംഗം സി. സുരേഷ്, ഡി.വൈ.എഫ്.ഐ നേതാവ് എൻ.സി മുസ്തഫ തുടങ്ങി ഒമ്പതുപേരെ സി.ബി.ഐ നേരത്തെ അറസ്റ്റ് ചെയ്തിരുന്നു.

2012 ഫെബ്രുവരി പന്ത്രണ്ടിനാണ് ബി.എം.എസ് നേതാവായിരുന്ന പയ്യോളി മനോജ് കൊല്ലപ്പെട്ടത്. മനോജിനെ ഒരു സംഘം വീട്ടിൽകയറി ആക്രമിക്കുകയും പരിക്കേറ്റ മനോജ് കോഴിക്കോട് മെഡിക്കൽ കോളേജിൽ വച്ച് മരിക്കുകയുമായിരുന്നു. ലോക്കൽ പൊലീസ് ആയിരുന്നു ആദ്യം കേസ് അന്വേഷിച്ചത്. പതിനാലുപേർ അറസ്റ്റിലാവുകയും ചെയ്തു. എന്നാൽ ജാമ്യത്തിലിറങ്ങിയ ഇവർ വാർത്താസമ്മേളനം വിളിച്ച് കൊലപാതകം നടത്തിയത് തങ്ങളല്ലെന്ന് പറയുകയും ചെയ്തിരുന്നു. തുടർന്ന് കേസ് ക്രൈം ബ്രാഞ്ച് അന്വേഷിച്ചു. പൊലീസിന്റെയും ക്രൈം ബ്രാഞ്ചിന്റെയും കണ്ടെത്തലുകളിൽ വൈരുദ്ധ്യമുണ്ടായിരുന്നു. തുടർന്നാണ് മനോജിന്റെ സുഹൃത്ത് സജാദിന്റെ ആവശ്യപ്രകാരം ഒന്നരവർഷം മുമ്പ് സി.ബി.ഐ കൊച്ചി യൂണിറ്റ് കേസ് ഏറ്റെടുത്തത്. കേരള പൊലീസിനെ അറിയിക്കാതെയാണ് സി.ബി.ഐയുടെ നീക്കം.

സജി ബഷീറിനെ തിരിച്ചെടുത്തത് സർക്കാരിന്റെ വീഴ്ചയെന്ന് ആക്ഷേപം

സജി ബഷീർ ഒട്ടേറെ കേസുകളിൽ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ട്

തിരുവനന്തപുരം : വിജിലൻസ് കേസുകളിൽ പ്രതിയായ സജി ബഷീറിനെ കെൽപാം എം.ഡിയായി നിയമിച്ചത് കെടുകാര്യസ്ഥതയെന്ന് ആക്ഷേപം. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിയമനമെന്നാണ് സർക്കാർ പറയുന്നതെങ്കിലും സജി ബഷീറിനെതിരായ കേസുകളുടെ വിവരങ്ങൾ കോടതിയിൽ ഹാജരാക്കാതിരുന്നതാണ് ഇതിന് വഴിവച്ചതെന്നാണ് ആരോപണം.

സിഡ്കോ എം.ഡിയായിരിക്കെ നടത്തിയ അഴിമതിയടക്കം ഒട്ടേറെ കേസുകളിൽ വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥനാണ് സജി ബഷീർ. ഇ.പി. ജയരാജൻ വ്യവസായ മന്ത്രിയായിരിക്കെ സർവീസിൽ നിന്ന് പുറത്താക്കിയിരുന്നു. ഇതിനെതിരെ സജി ബഷീർ ഹൈക്കോടതിയെ സമീപിച്ചതോടെയാണ് തിരിച്ചെടുക്കാൻ ഉത്തരവായതും വ്യവസായ വകുപ്പിലെ തന്നെ കെൽപാമിന്റെ എംഡിയായി ശനിയാഴ്ച തിരിച്ചെടുത്തതും.

"കോടതിയലക്ഷ്യം ഭയന്നാണ് സജി ബഷീറിനെ തിരിച്ചെടുത്തത്. അദ്ദേഹം നല്ല ഉദ്യോഗസ്ഥനാണെന്ന് അഭിപ്രായമില്ല. കേസ് നടത്തിപ്പിലെ വീഴ്ച അന്വേഷിക്കും. സജി ബഷീറിനെതിരായ കേസ് ശക്തമാക്കും.

-എ.സി.മൊയ്തീൻ, വ്യവസായ മന്ത്രി

കോൺഗ്രസുമായി രാഹുൽ ആഗ്രഹിക്കും പോലെ സഹകരിക്കാനില്ല: പിണറായി

കൊല്ലം: രാഹുൽഗാന്ധി ആഗ്രഹിക്കുന്നത് പോലെ കോൺഗ്രസുമായി സഹകരിക്കാൻ സി.പി.എം തയ്യാറല്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സി.പി.എം ജില്ലാ സമ്മേളനത്തിന് സമാപനംകുറിച്ച് ആശ്രാമം മൈതാനത്ത് ചേർന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വർഗീയതയ്ക്കെതിരെ മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്നവരുമായെല്ലാം സഹകരിക്കും. എന്നാൽ തിരഞ്ഞെടുപ്പ് സഖ്യം രാഷ്ട്രീയമാണ്. അത് നയത്തിന്റെ ഭാഗമാണ്. ജനങ്ങളുടെ താത്പര്യം സംരക്ഷിക്കുന്നവരും ജനവിരുദ്ധ താത്പര്യം സംരക്ഷിക്കുന്നവരും തമ്മിൽ കൂട്ടുകെട്ടുണ്ടാകില്ല. ജനങ്ങൾക്ക് ആശ്വാസം പകരുന്നവരുമായേ സഹകരിക്കാനാകൂ. രാജ്യത്ത് ഭരണം മാറിയിട്ടും ജനങ്ങൾക്ക് ആശ്വാസമുണ്ടായില്ല. കഴിഞ്ഞ യു.പി.എ സർക്കാരിന്റെ ഭരണത്തിൽ ജനങ്ങൾ കടുത്ത അസംതൃപ്തരായിരുന്നു. ഇതിനെ ബി.ജെ.പി ശക്തമായി മുതലെടുത്തു. ഒരുവിഭാഗം ജനങ്ങൾ അത് വിശ്വസിച്ചു. ബി.ജെ.പി അധികാരത്തിലെത്തിയിട്ടും ജനങ്ങളുടെ ദുരിതം മാറിയില്ല. ആഗോളീകരണ ഉദാരവത്കരണ നയങ്ങൾ മോദി സർക്കാരും ശക്തമായി പിന്തുടരുകയാണ്. ബി.ജെ.പിയുടെയും കോൺഗ്രസിന്റെയും നയങ്ങൾ തമ്മിൽ യാതൊരു അന്തരവുമില്ല.

രാജ്യത്ത് മതന്യൂനപക്ഷങ്ങളും പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളും നിരന്തരം ആക്രമിക്കപ്പെടുകയാണ്. പശുവിന്റെ പേരിലും മാംസം കഴിച്ചതിന്റെ പേരിലും പ്രണയ വിവാഹങ്ങളുടെ പേരിലും ആളുകൾ കൊല്ലപ്പെടുന്നു. അഞ്ച് വർഷത്തിനുള്ളിൽ എൽ.ഡി.എഫ് പ്രകടന പത്രികയിൽ പറഞ്ഞ എല്ലാകാര്യങ്ങളും നടപ്പാക്കുമെന്നും പിണറായി പറഞ്ഞു.

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ

ശാസ്ത്രഭവൻ, പട്ടം, തിരുവനന്തപുരം.

ദേശീയ ശാസ്ത്രദിനാഘോഷം - 2018

2018-ലെ ദേശീയ ശാസ്ത്ര ദിനാഘോഷങ്ങൾ കേരളത്തിലെ വിവിധ സ്കൂളുകൾ, ഐ.ടി.ഐകൾ, പോളിടെക്നിക്, കോളേജുകൾ, സർവകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, എൻ.ജി.ഒ മുതലായ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്നതിന് KSCSTE സാമ്പത്തിക സഹായം നല്കുന്നു. കൂടുതൽ വിവരങ്ങൾക്കായി www.kscste.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

2110700/D3/2018/I and PR (ഒപ്പ്) ഡയറക്ടർ

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്

ഇ-ടെൻഡർ നോട്ടീസ്

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിപ്രകാരം 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന 8 പൊതുമരാമത്ത് പ്രോജക്ടുകളുടെ നിർവഹണത്തിനായി മത്സരസ്വഭാവമുള്ള ഇ-ടെൻഡർ ക്ഷണിച്ചുകൊള്ളുന്നു. ടെൻഡർ ഫോമുകൾ www.etender.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്.

ഓൺലൈനായി ടെൻഡർ സമർപ്പിക്കേണ്ട തീയതി: 15.01.2018, 6 പി.എം. വരെ. ടെൻഡർ സ്വീകരിക്കുന്ന തീയതി (പോസ്റ്റ് മുഖാന്തരം) : 19.01.2018, 1.30 പി.എം വരെ. ടെൻഡർ തുറക്കുന്ന തീയതി: 19.01.2018, 3.00 പി.എം.

പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ നിബന്ധനകളും ടെൻഡറുകൾക്ക് ബാധകമായിരിക്കും. ഇ-ടെൻഡർ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്ന് നേരിട്ടോ www.lsg.kerala.gov.in, www.etender.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ നിന്നോ ലഭ്യമാകുന്നതാണ്.

അസി. എൻജിനീയർ,
എൽ.എസ്.ജി.ഡി സെക്ഷൻ.

भारत सरकार / GOVERNMENT OF INDIA, अंतरिक्ष विभाग / DEPARTMENT OF SPACE,
विक्रम साराभाई अंतरिक्ष केंद्र / VIKRAM SARABHAI SPACE CENTRE
निर्माण एवं अनुरक्षण प्रभाग-सीपीएच, CONSTRUCTION AND MAINTENANCE DIVISION-CPH
तिरुवनंतपुरम / THIRUVANANTHAPURAM - 695 022, (PH. NO. 0471-2565117 / 2565669)

ई-निविदा सूचना सं:वीएसएससी/सीएमडी-सीपीएच/सीएस/4812(P)/2017 — दिनांक .05.01.2018
Tender Notice No: VSSC/CMD-CPH/CS/4812(P)/2017 — Dated .05.01.2018

भारत के राष्ट्रपति की ओर से निम्नलिखित कार्यों के लिए ई-टेंडरिंग द्वारा ऑनलाइन मद-दर निविदाएं आमंत्रित की जाती हैं।
On behalf of the President of India, online item-rate tenders are invited through e-tendering for the following work.

क्र.सं Sl.No	कार्य का शीर्षक / Title of work	कार्य पूरा होने की तिथि Period of Completion	निविदा में दी गई नुमानित लागत Estimate cost put to tender	बयाना जमा राशि (ईएमडी) Earnest money deposit (EMD)
01	वीआरसी, वीएसएससी, तुंबा में पीईडी क्षेत्र के क्षतिग्रस्त / गिरे हुए कॉम्पाउंड वॉल का पुनर्निर्माण (सिविल कार्य) / Reconstruction of Damaged/Collapsed Compound Wall, PED area at VRC, VSSC, Thumba (Civil works)	(03) तीन महीने/ Three months	रु. / **Rs.114.35** लाख / Lakhs	रु. / **Rs.2,28,700/-**

डाउनलोड करने की अवधि / Period for downloading	बोली स्पष्टीकरण / Bid clarifications	निविदाओं की प्राप्ति / Receipt of tenders	निविदाओं को खोलना / Opening of tenders
दिनांक 08.01.2018, 10.00 बजे / hrs से / to दिनांक 19.01.2018, 23.00 बजे / hrs तक	दिनांक 08.01.2018, 10.00 बजे / hrs से / to 19.01.2018, 16.00 बजे / hrs.	दिनांक 22.01.2018 को 14.30 बजे / hrs.	दिनांक 23.01.2018 को 15.00 बजे / hrs.

योग्यता मानदंड तथा अन्य ब्यौरों को पाने के लिए इच्छुक निविदाकार ई-निविदा आमंत्रित करते हुए विस्तृत सूचना (ई-एनआइटी) का अवलोकन करें, जिसे www.tenderwizard.com/ISRO or www.isro.gov.in से डाउनलोड किया जा सकता है।

Interested tenderers may please refer detailed Notice Inviting E-Tender(E-NIT) for eligibility criteria and other details, which can be downloaded from website www.tenderwizard.com/ISRO or www.isro.gov.in.

Sd/-
प्रधान, सीएमडी-सीपीएच, वीएसएससी
HEAD, CMD(CPH), VSSC

കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471- 2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

പൗർണ്ണമി RN-321 നറുക്കെടുപ്പ് ഫലം 07.01.2018

സ്ഥലം: ശ്രീചിത്രാ ഹോം ഓഡിറ്റോറിയം, പഴവങ്ങാടി, കിഴക്കേക്കോട്ട, തിരുവനന്തപുരം

ഒന്നാം സമ്മാനം 65 ലക്ഷം രൂപ RJ 776386 (തിരുവനന്തപുരം)

സമാശ്വാസ സമ്മാനം 10,000 രൂപ

RA 776386 RB 776386 RC 776386 RD 776386 RE 776386 RF 776386
RG 776386 RH 776386 RK 776386 RL 776386 RM 776386

2-ാം സമ്മാനം 5 ലക്ഷം രൂപ

RM 364100 (കോട്ടയം)

3-ാം സമ്മാനം 100000 രൂപ

RA 253096 RB 756628 RC 196587 RD 272196 RE 122537 RF 401470
RG 255610 RH 428010 RJ 620678 RK 253557 RL 595045 RM 308686

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

4-ാം സമ്മാനം 5000 രൂപ

3254	3427	3806	4341	4903	6529	9384	9431	9879	

5-ാം സമ്മാനം 2000 രൂപ

2028	2465	3851	4673	4689	4961	5063	5461	7972	7988
8632	9428								

6-ാം സമ്മാനം 1000 രൂപ

0509	0537	0579	0616	0738	1674	2208	2999	3336	3563
3956	4194	4276	4446	4774	4798	5383	5555	5639	6089
7279	7384	7603	7752	7830	7852	7935	8234	9078	9309
9681	9863								

7-ാം സമ്മാനം 500 രൂപ

0051	0421	0701	1360	1447	1480	1849	2117	2188	2586
2941	3164	3726	3763	3884	3890	4050	4240	4665	4965
5466	5715	5751	5859	5883	6220	6469	6833	7051	7761
7785	8057	8104	8183	8443	8631	8756	8819	8926	9161
9437	9447								

8-ാം സമ്മാനം 100 രൂപ

0175	0318	0465	0491	0605	0672	0691	0828	0840	0841
1107	1349	1431	1454	1503	1681	1823	1842	1904	2106
2495	2721	2932	2968	3096	3150	3235	3252	3455	3661
3895	4073	4197	4378	4472	4545	4549	4702	4795	4885
5040	5106	5155	5329	5458	5496	5556	5634	5840	5896
6005	6007	6014	6033	6039	6088	6209	6234	6446	6615
6646	6663	6777	7015	7155	7217	7255	7506	7554	7726
7987	8200	8291	8295	8599	8699	8823	8956	9396	9411
9574	9723	9741	9878						

(ഒപ്പ്) റ്റി.സുരേഷ്കുമാരി, ജോയിന്റ് ഡയറക്ടർ ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക

അടുത്ത പൗർണ്ണമി RN 322 നറുക്കെടുപ്പ് 14.01.2018
ശ്രീ ചിത്രാ ഹോം ഓഡിറ്റോറിയം, പഴവങ്ങാടി, കിഴക്കേക്കോട്ട, തിരുവനന്തപുരം

ഗുരുമാർഗം

ജ്ഞാനേന്ദ്രിയങ്ങളെപ്പോലെ കർമ്മേന്ദ്രിയങ്ങളും സദാ ചിത്തത്തെ വിഷയാനുഭവത്തിന് പ്രേരിപ്പിക്കുന്നു. സത്യം കാണാൻ കൊതിക്കുന്ന ഒരു സാധകൻ അവയെ ഭഗവദാരാധനാപരങ്ങളാക്കിത്തീർക്കേണ്ടതാണ്.



ഒരു ജാതി ഒരു മതം ഒരു ദൈവം

അത്തം 48 - 36
സപ്തമി 23 - 48
1939 പൗഷം 18
1439 റബീ ഉൽ ആഖിർ 20
1193 ധനു 24

യന്ത്രമനുഷ്യരും മനുഷ്യരും

മാനവദർശനം

മുനി നാരായണ പ്രസാദ്

വർക്കല നാരായണഗുരുകുലമാണ് രംഗം. ചെറുപ്പക്കാരായ ഭാര്യാഭർത്താക്കന്മാർ സന്ദർശനത്തിനെത്തി. പേരു പറഞ്ഞു.

"എന്താണ് ജോലി?"

"ഒരു ഇലക്ട്രോണിക് കമ്പനി നടത്തുന്നു."

"എവിടെയാണ്?"

"എറണാകുളത്ത്."

"എന്താണുണ്ടാക്കുന്നത്?"

"റൊബോട്ടുകൾ"

"അതു കൊള്ളാമല്ലോ. മനുഷ്യനു പ്രയത്നം ചെയ്യേണ്ട ആവശ്യമില്ലാതാക്കി തീർക്കുന്ന യന്ത്രം. അല്ലേ?'

"അതെ."

"ഇങ്ങനെ മനുഷ്യൻ ചെയ്യേണ്ട പ്രവൃത്തികളെല്ലാം യന്ത്രത്തെ ഏല്പിച്ചാൽ മനുഷ്യൻ എന്തു ചെയ്യും?"

"ഒന്നും ചെയ്യാതെ സുഖമായിരിക്കാം."

"ശരീരം കൊണ്ടു ചെയ്യേണ്ട ജോലികൾ റൊബോട്ടുകൾ ചെയ്യും. മനസു കൊണ്ട് ചെയ്യേണ്ട ജോലികൾ കംപ്യൂട്ടറുകൾ ചെയ്യും. കൃഷിജോലി യന്ത്രങ്ങൾ ചെയ്യും. ഈ സ്ഥിതിയിൽ മനുഷ്യനെക്കൊണ്ട് വല്ല പ്രയോജനവുമുണ്ടോ?"

ഉത്തരമില്ല.

"മനസും ശരീരവും കൊണ്ടു ചെയ്യുന്ന ജോലികളാണ് മനുഷ്യനെ മനുഷ്യനാക്കുന്നത്. ആ ജോലിയെല്ലാം യന്ത്രത്തെ ഏല്പിച്ചാൽ മനുഷ്യന്റെ ആവശ്യമേയില്ലാതെ വരുമല്ലോ. മനുഷ്യനെ സഹായിക്കാനെന്ന പേരിലാണ് യന്ത്രങ്ങളുണ്ടാക്കുന്നത്. ആ യന്ത്രങ്ങൾ തന്നെ മനുഷ്യനെ ഫലത്തിൽ ഇല്ലാതാക്കുന്നു. മനുഷ്യൻ ഇല്ലാതായാൽ യന്ത്രമെന്തിന്?

ഉത്തരമില്ല.

"ഇങ്ങനെയാണ് ആധുനികതയുടെയും വികസനത്തിന്റെയും പോക്ക്. ആധുനിക സാങ്കേതിക വിദ്യയുടെ വികസനം മനുഷ്യനെ കണക്കിലെടുക്കാത്തതായിരിക്കുന്നു. മനുഷ്യന്റെ മൂല്യത്തെ കണക്കിലെടുക്കാത്ത തരം സാങ്കേതിക വിദ്യയുടെ വികസനം മനുഷ്യനെന്ന ജീവിവർഗത്തെ, തിന്നുകയും കുടിക്കുകയും പെറ്റു പെരുകുകയും ചെയ്യുന്ന യന്ത്രങ്ങളാക്കി മാറ്റും. ഇലക്ട്രോണിക് യന്ത്രങ്ങൾ പെട്ടെന്ന് കേടാകുന്നതുപോലെ ഈ മനുഷ്യയന്ത്രങ്ങളും പെട്ടെന്ന് കേടാകും. ആ കേടു തീർക്കാനുള്ള ആശുപത്രികളുടെ എണ്ണവും പെരുകും. മെഡിക്കൽ കോളേജുകളുടെ എണ്ണവും പെരുകും."

"യന്ത്രമനുഷ്യർ മനുഷ്യരെ മനുഷ്യയന്ത്രങ്ങളാക്കി മാറ്റുമെന്നു സാരം. മനുഷ്യനില്ലാത്ത വികസനം വികസനമാണോ?"

അയ്യപ്പസ്വാമിയുടെ ഗജകേസരിയോഗം



വാരവിശേഷം

ദ്രോണർ

ശബരിമല ശാസ്താവിന്റേത് ഒരു ഒന്നൊന്നര യോഗം തന്നെ. ഒരു പേരിലെന്തിരിക്കുന്നു എന്ന് ആരോട് ചോദിച്ചാലും അയ്യപ്പസ്വാമിയോട് ചോദിക്കരുത്. പേരിലാണ് എല്ലാമിരിക്കുന്നത് എന്നാണിപ്പോൾ സന്നിധാനത്ത് മല ചവിട്ടിയെത്തുന്ന ഓരോ സ്വാമിയാർമാരോടും അയ്യപ്പൻ പറയുന്നതത്രെ. സാധാരണ ജനിച്ച് ഏതാനും ദിവസം കഴിഞ്ഞ് നടക്കുന്ന നൂല്കെട്ട് പോലുള്ള ആചാരച്ചടങ്ങിലാണ് പേരിടൽ പരിപാടി നടക്കുന്നത്. എന്നാൽ ശബരിമല അയ്യപ്പന്റെ അനുഭവം മറിച്ചാണ്. അനുഭവിക്കാൻ യോഗമുണ്ടെങ്കിൽ അനുഭവിച്ചല്ലേ തീരൂ. പ്രയാർ സ്വാമി ഗോപാലകൃഷ്ണനും സഖാവ് സ്വാമി പത്മകുമാറദ്ദേഹവും ഗുരുവായൂരമ്പലത്തിൽ മാർക്സിസം നടപ്പാക്കാനൊരുമ്പെട്ട് പുലിവാല് പിടിച്ച സഖാവ് കടകംപള്ളി സ്വാമിയാരും ഉണ്ടായാൽ അയ്യപ്പന് ഗജകേസരി യോഗമാണെന്ന് ചില ജ്യോതിഷികൾ നേരത്തേ പ്രവചിച്ചിട്ടുണ്ട്. അത് അറിയാത്ത പിള്ളമാരുണ്ടെങ്കിൽ ചൊറിയുമ്പോൾ അറിഞ്ഞാൽ മതി.

അങ്ങനെയാണ് പെരിയാർ കടുവാസങ്കേതത്തിന് നടുവിൽ കുഞ്ഞുകുട്ടി പരാധീനതകളില്ലാതെ കഴിഞ്ഞ് പോരുകയായിരുന്ന അയ്യപ്പസ്വാമിക്ക് ആ എട്ടര യോഗഭാഗ്യം സിദ്ധിച്ചത്. കാട്ടിൽ ഇത്രയും കാലം ആരും അയ്യപ്പസ്വാമിയുടെ അസ്തിത്വത്തെ ചോദ്യം ചെയ്തിട്ടില്ലായിരുന്നു. എന്തിന് കടുവ പോലും. എന്നാൽ കടുവയെ തോല്പിക്കുന്ന കിടുവയായി പ്രയാർസ്വാമിയാർ അവതരിച്ചതോടെ കാലം മാറി, കഥ മാറി. ധർമ്മശാസ്താവ് എന്ന പേര് ചില പെണ്ണുങ്ങളെ തെറ്റിദ്ധരിപ്പിക്കാനിടയുണ്ടെന്ന് പ്രയാർ സ്വാമിക്ക് മാത്രമാണ് തിരിച്ചറിയാനായത്. അങ്ങനെ തെറ്റിദ്ധരിക്കപ്പെട്ട പെണ്ണുങ്ങളാരെങ്കിലും കാട് കയറി ധർമ്മശാസ്താവിന്റടുത്ത് ചെന്നാൽ, അവരെ കടുവ പിടിച്ചുകളയുമോയെന്ന് പ്രയാർ സ്വാമിക്ക് ഭയമൊന്നുമില്ലായിരുന്നു. എന്നാൽ അയ്യപ്പനെ പേടിയുണ്ടായിരുന്നു. പേര് ധർമ്മശാസ്താവായത് കൊണ്ടാണ്. അയ്യപ്പനെന്നായിരുന്നെങ്കിൽ കുഴപ്പമില്ലായിരുന്നു. അയ്യപ്പൻ നിത്യബ്രഹ്മചാരിയായതിനാൽ ഈ ധർമ്മശാസ്താവിനെ മേലിൽ അയ്യപ്പൻ എന്ന് വിളിച്ചാൽ മതിയെന്ന് പ്രയാർ ചട്ടം കെട്ടി. കടകംപള്ളി സ്വാമിയാർക്ക് ഇത് അന്നേ അത്ര പിടിച്ചിട്ടില്ലായിരുന്നു.

ഒടിവിദ്യ പ്രയോഗിച്ചാണ് ശബരിമലക്കാട്ടിൽ നിന്ന് പ്രയാർസ്വാമിയെ ഓടിച്ചതെന്ന് അശരീരിയുണ്ട്. ഇല്ലായിരുന്നെങ്കിൽ ഒരു കൊല്ലം കൂടി പ്രയാർസ്വാമിയെന്ന സ്പെഷ്യൽ സ്പീഷിസിനെ സഹിക്കേണ്ടി വരുമായിരുന്നു. പ്രയാറിനെ അജ്ഞാതവാസത്തിന് വിട്ടശേഷമാണ് പത്മകുമാർ സ്വാമിയാരെ ശബരിമല കേറ്റിയത്. രോഗി ഇച്ഛിച്ചത് വൈദ്യൻ കല്പിക്കണമല്ലോ. അങ്ങനെ പത്മകുമാർ സ്വാമിയാർ മുൻകാല പ്രാബല്യത്തോടെ അയ്യപ്പനെ വീണ്ടും മാമോദീസ മുക്കി ധർമ്മശാസ്താവാക്കിയിട്ടുണ്ട്.

ഭാവിയിലും പേര് പരിഷ്കരണം ഉടരാവുന്നതേയുള്ളൂ. വേണമെങ്കിൽ സഖാവ് അയ്യപ്പക്ഷേത്രം എന്നാക്കാം. അല്ലെങ്കിൽ കടകംപള്ളി സ്വാമിക്ഷേത്രമാക്കിയാലും തെറ്റില്ല. അത് മാറ്റി വല്ല ചെന്നിത്തലസ്വാമിയാർ ക്ഷേത്രമോ ഉമ്മൻ ചാണ്ടിയാർ ക്ഷേത്രമോ ആക്കാൻ അയ്യഞ്ചാണ്ടിട വിട്ട് നമുക്ക് അയ്യപ്പസ്വാമിയായിട്ട് തന്നെ യോഗമുണ്ടാക്കിത്തന്നിട്ടുണ്ട്. അതുകൊണ്ട് പ്രയാർസ്വാമിയോ മറ്റാരെങ്കിലുമോ വെറുതെ പരിഭവിച്ച് വിലപ്പെട്ട കണ്ണീർ പാഴാക്കിക്കളയേണ്ട.

●

ഫേസ്ബുക്ക് സാമ്രാജ്യത്തിലെ ബ്ലൂവെയ്ൽ ആണ് നമ്മുടെ വി.ടി. ബലരാമൻ. എന്ന് വച്ച് അതിന്റെയൊരു അഹങ്കാരമൊന്നുമില്ല. കോൺഗ്രസ് കൂട്ടത്തിൽ നവബുദ്ധിജീവികളുടെ കുറവ് പരിഹരിക്കാനാണ് ബലരാമൻ അവതരിച്ചതെന്ന് ചില ദുഷ്പ്രചാരണങ്ങൾ നടക്കുന്നുണ്ട്, കാര്യമാക്കണ്ട. വയലാർജിക്ക് ശേഷം അങ്ങനെയൊരു കുറവുണ്ടെന്ന തെറ്റിദ്ധാരണയത്രെ കാരണം.

ഫേസ്ബുക്കിൽ കയറിയാൽപിന്നെ, ബലരാമന്റെ ഗവേഷണബുദ്ധി വികസിക്കുന്നത്, തിമിംഗലം ഇര പിടിക്കുമ്പോലെയത്രെ (ബുദ്ധി തലതിരിഞ്ഞു പോയി. അപരാധമല്ല) . അങ്ങനെ വികസിച്ചൊരു മാത്രയിലാണ് എ.കെ.ജിയും ഭാര്യ സുശീലയും തമ്മിലെ പ്രായാന്തരത്തിലേക്ക് ബ്ലൂവെയ്ലിന്റെ തലച്ചോറ് ആണ്ടിറങ്ങിയത്. എ.കെ.ജി സുശീലയെ കെട്ടിയത് സുശീലക്ക് 22 വയസുള്ളപ്പോൾ. പ്രായവ്യത്യാസം 26 വയസ്. പത്ത് വർഷം എ.കെ.ജി പ്രേമിച്ച് നടന്നത്രെ. സുശീലയെ 12ാം വയസിൽ പ്രേമിച്ച കക്ഷി എങ്കിൽ ബാലപീഡകൻ തന്നെയെന്ന് ബലരാമന് സംശയമേതുമില്ല. ബലരാമൻ ഭൂജാതനായതിന് ഒരു കൊല്ലം മുന്നേ എ.കെ.ജി ഭൂഗോളം വിട്ട് പോയത് കൊണ്ട്, നേരിട്ട് സ്ഥിരീകരിക്കാനൊത്തില്ല. അല്ലായിരുന്നെങ്കിൽ എ.കെ.ജിയെ നേരിൽ കണ്ട് രണ്ട് വർത്തമാനം പറഞ്ഞേനെ. ഫേസ്ബുക്ക് വന്നത് കൊണ്ട് ഇപ്പോഴെങ്കിലും ചോദിക്കാനൊത്തു. ബലരാമനോടാ കളി!

●

പ്രതിപക്ഷനേതാവ് എന്നാൽ എന്താണെന്നാണ് കരുതിയത്? കന്റോൺമെന്റ് ഹൗസിൽ വെറുതേ ചൊറിയും കുത്തിയിരിക്കേണ്ട സാധനമെന്നാണോ? കാവലാൾ സഖാവ് വി.എസ് പ്രതിപക്ഷനേതാവായിരിക്കെ കാട് കേറിയും മല കേറിയും നടക്കുന്നത് കണ്ടിട്ട് ചെന്നിത്തല ഗാന്ധി തെറ്റിദ്ധരിച്ചിട്ടില്ല. ഉമ്മൻ ചാണ്ടി ചെന്നിത്തല ഗാന്ധിയെ അങ്ങനെ പറഞ്ഞ് തെറ്റിദ്ധരിപ്പിച്ചിട്ടുണ്ടാവാനിടയുണ്ട്. പിണറായി വിജയനെ വിശ്വസിച്ചാലും ഓ.സിയെ വിശ്വസിക്കരുതെന്ന് പടയൊരുക്കം ഗാന്ധി ചെന്നിത്തലയ്ക്ക് അറിയാവുന്നത് കൊണ്ട് ആ തെറ്റിദ്ധരിപ്പിക്കലിൽ വീണ് പോയില്ല. വല്ല മുരളീധരനുമാണെങ്കിൽ വീണ് പോയേനെ.

പുതുവത്സരനാളിൽ ആദിവാസിയൂരിലേക്ക് ഉല്ലാസയാത്ര നടത്തിയപ്പോൾ അന്തിയുറങ്ങിയത് കൈയേറ്റഭൂമിയിലെ റിസോർട്ടാണോ, അതോ അത് റിസോർട്ട് തന്നെയായിരുന്നോ എന്ന് നോക്കിയില്ല. അവിടെ കുടി പാർക്കുമ്പോഴുണ്ടാകുന്ന പ്രത്യേകതരം വൈബ്രേഷനിലാണ് ഭൂമി കൈയേറ്റമാണോ അല്ലയോയെന്ന് ചെന്നിത്തല തിരിച്ചറിയുക. അതറിയാത്ത ചില സിൻഡിക്കേറ്റ് പഹയന്മാർ വിളിച്ചുകൂവിയത് കൊണ്ട് ചെന്നിത്തല കുലുങ്ങില്ല.

ഇ-മെയിൽ: dronar.keralakaumudi@gmail.com

വെണ്ടയ്ക്കയിൽ പുഴു ; വി.സി രാജിവയ്ക്കണം

▸ എം.എച്ച് വിഷ്ണു

ഹോസ്റ്റലിൽ വിളമ്പുന്ന വെണ്ടയ്ക്കാ കറിയിൽ പുഴുവിനെ കണ്ടാലും സിൻഡിക്കേറ്റിലെ ചില അംഗങ്ങൾക്ക് ഒറ്റ ആവശ്യമേയുള്ളൂ, വൈസ്ചാൻസലർ ഡോ. പി.കെ.രാധാകൃഷ്ണൻ രാജിവയ്ക്കണം. നാലുവർഷക്കാലം ഒരു അഴിമതിയാരോപണത്തിനു പോലും ഇടനൽകാതെ സർവകലാശാലയെ മുന്നോട്ടു നയിച്ച വൈസ്ചാൻസലർക്കെതിരേ യുദ്ധം പ്രഖ്യാപിച്ചിരിക്കുകയാണ് സിൻഡിക്കേറ്റ് ലോബി. കാരണം ഒന്നുമാത്രം, 19വർഷമായി ഇല്ലാതാക്കിയിരുന്ന പിന്നാക്കസമുദായ സംവരണം തിരിച്ചുകൊണ്ടുവന്നു. പിന്നാക്കക്കാരെ ശത്രുക്കളായി കാണുന്ന സിൻഡിക്കേറ്റിൽ നിന്ന് മറ്റെന്ത് നിലപാടാണ് പ്രതീക്ഷിക്കേണ്ടത്..?

അദ്ധ്യാപകരായി പിന്നാക്കക്കാരെ കയറ്റില്ലെന്ന ഒറ്റ വാശിയും രാഷ്ട്രീയത്തിനപ്പുറമുള്ള മുന്നാക്ക സമുദായപ്രീണനവുമാണ് സിൻഡിക്കേറ്റ് ലോബിയെ നയിക്കുന്നത്. ഒഴിവുകൾ പൂൾചെയ്ത് സംവരണം ഏർപ്പെടുത്തിയതിലൂടെ അവരുടെ കീശയിലേക്കെത്തേണ്ടിയിരുന്ന ലക്ഷങ്ങൾക്കാണ് വൈസ്ചാൻസലർ തടയിട്ടത്. നിയമനം ലഭിക്കാൻ ആഗ്രഹിക്കുന്നയാളിന്റെ സൗകര്യപ്രകാരം സംവരണം ഏർപ്പെടുത്തുന്നതായിരുന്നു നടപ്പുരീതി. ഉദാഹരണത്തിന് തമിഴ് വിഭാഗത്തിലെ ഒഴിവിൽ ഒരു കോളേജദ്ധ്യാപകന് നിയമനം വേണം. പക്ഷേ, സംവരണ തസ്തികയായിപ്പോയി. മറ്റൊരു വിഭാഗത്തിൽ സംവരണം ബ്ലൈൻഡ് വിഭാഗത്തിലായിപ്പോയി. ഇസ്ലാമിക് ഹിസ്റ്ററിയിലെ ഒഴിവുകൾ ഓപ്പൺ തസ്തികയായിരുന്നെങ്കിൽ നിയമനം കിട്ടുമായിരുന്നുവെന്ന് അദ്ധ്യാപകരോട് ഇപ്പോഴും ചില സിൻഡിക്കേറ്റംഗങ്ങൾ പറഞ്ഞുനടക്കുന്നുണ്ട്. ഇങ്ങനെ തങ്ങളുടെ സൗകര്യപ്രകാരം സംവരണം നൽകുന്ന രീതി വി.സി അവസാനിപ്പിച്ചതാണ് പ്രതികാരത്തിന് കാരണമായത്. അദ്ധ്യാപകനിയമനം നടക്കരുതെന്ന് ആഗ്രഹിക്കുകയും ചരടുവലിക്കുകയും ചെയ്യുന്ന മറ്റൊരു കൂട്ടർ കൂടിയുണ്ട്, വകുപ്പ് മേധാവികളായ അസി.പ്രൊഫസർമാർ. സർവകലാശാലയുടെ ചരിത്രത്തിലാദ്യമായാണ് ഇത്രയധികം അസി.പ്രൊഫസർമാർക്ക് വകുപ്പുമേധാവിയുടെ ചുമതല നൽകുന്നത്. പ്രൊഫസർമാരെ നിയമിച്ചാൽ തങ്ങളുടെ വകുപ്പുമേധാവി കസേര തെറിക്കുമെന്നാണ് അവരെ അസ്വസ്ഥരാക്കുന്നത്.

പണമുണ്ട്, പണി നടത്തില്ല...!

ഗവർണറുടെ പ്രഥമ ചാൻസലേഴ്സ് അവാർഡായി അഞ്ച് കോടിരൂപ സർവകലാശാലയുടെ അക്കൗണ്ടിലെത്തിയത് 2015നവംബറിൽ. അടിസ്ഥാനസൗകര്യ വികസനത്തിനുപയോഗിക്കേണ്ട തുകയിൽനിന്ന് രണ്ടുവർഷം കഴിഞ്ഞിട്ടും ഒരുരൂപ പോലും ചിലവഴിക്കാനായിട്ടില്ല. സർവകലാശാലാ ആസ്ഥാനത്ത് അമിനിറ്റി സെന്റർ, കാര്യവട്ടത്ത് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം അടക്കമുള്ള വികസന പദ്ധതികൾക്ക് വി.സി പദ്ധതിയുണ്ടാക്കി. സർവകലാശാലയുടെ എൻജിനിയർ 20കോടിയാവുമെന്ന് കണക്കുകൂട്ടിയ പദ്ധതിക്ക് പൊലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപറേഷൻ ആവശ്യപ്പെട്ടത് 14കോടി മാത്രം. കരാറൊപ്പിടുന്നത് സിൻഡിക്കേറ്റ് തടഞ്ഞുവച്ചിരിക്കുകയാണ്.അഞ്ച് കോടി അവാർഡ് തുകയ്ക്ക് പലിശ ഒരുകോടിയിലധികമായി. കാര്യവട്ടം കാമ്പസിൽ മൾട്ടിപ്ലക്സ് നിർമ്മിക്കാനുള്ള ചുമതല പൊലീസ് കൺസ്ട്രക്ഷൻ കോർപറേഷന് കൈമാറാനുള്ള സിൻഡിക്കേറ്റ് തീരുമാനവും അട്ടിമറിക്കപ്പെട്ടു. പരിശോധനയ്ക്കെത്തിയ കോർപറേഷൻ ഉദ്യോഗസ്ഥരെ ചില സിൻഡിക്കേറ്റംഗങ്ങൾ അപമാനിച്ച് തിരിച്ചയച്ചു.

അദ്ധ്യാപകർക്കും ജീവനക്കാർക്കുമായി കാര്യവട്ടത്ത് സ്റ്റാഫ് ക്വാർട്ടേഴ്സ് പണിയാനുള്ള പദ്ധതിക്ക് മൂന്നുവർഷമായി ഇടങ്കോലിട്ടിരിക്കുകയാണ്. ബഡ്ജറ്റിൽ ഒരുകോടി പ്രാരംഭവിഹിതം നീക്കിവച്ച് പണി ഹാബിറ്റാറ്റിനെ ഏൽപ്പിച്ചെങ്കിലും ചില സിൻഡിക്കേറ്റംഗങ്ങൾ ഉടക്കിട്ടു. പിന്നീട് 11 നിലകളുള്ള ഫ്ലാറ്റ് നിർമ്മിക്കാൻ തീരുമാനിച്ചു. വിമാനത്താവള പരിസരത്തായതിനാൽ എയർപോർട്ട് അതോറിട്ടിയുടെ അനുമതി കിട്ടില്ലെന്നു കണ്ട് നിലകളുടെ എണ്ണം കുറയ്ക്കാൻ തീരുമാനിച്ചു. പിന്നീട് കരാറുകാരനെ കണ്ടെത്തുന്നതിനായി തർക്കം. നിസാര കാരണങ്ങൾ പറഞ്ഞ് ഫയലുകൾ സിൻഡിക്കേറ്റിന്റെ പല സമിതികളിലേക്കും തട്ടിക്കളിക്കുകയാണ്. ലൈബ്രറി കെട്ടിടത്തിന്റെ നിർമ്മാണം തടഞ്ഞിരിക്കുകയാണ്. മാർച്ചിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയാലേ വികസനപദ്ധതികൾക്കുള്ള സർക്കാർ, യു.ജി.സി സഹായം തുടർന്നും ലഭിക്കൂ എന്ന യാഥാർത്ഥ്യം വിസ്മരിച്ചാണ് ഈ നിഴൽയുദ്ധം.

പ്രഥമ ചാൻസലേഴ്സ് അവാർഡ് ഗവർണർ പി.സദാശിവത്തിൽ നിന്ന് വി.സി ഡോ.പി.കെ.രാധാകൃഷ്ണൻ ഏറ്റുവാങ്ങുന്ന

ഉദ്ഘാടനം വി.സിയോ, നടപ്പില്ല

വിദ്യാർത്ഥികൾക്ക് ഫീസടയ്ക്കാനും പ്ലേസ്മെന്റ് സെല്ലുമടങ്ങിയ അമിനിറ്റി സെന്റർ പ്രവർത്തനം തുടങ്ങുന്നത് ഒരുവിഭാഗം സിൻഡിക്കേറ്റംഗങ്ങൾ എതിർത്തു. വി.സി ഉദ്ഘാടകനായേക്കും എന്നായിരുന്നു ഭയം. കഴിഞ്ഞ മൂന്നരവർഷത്തിനിടെ സർവകലാശാലയുടെ പുതിയ സംരംഭങ്ങളോ കെട്ടിടങ്ങളോ വി.സി ഉദ്ഘാടനം ചെയ്തിട്ടില്ലെന്നിരിക്കെ അദ്ദേഹത്തിനെതിരേ വ്യാജപ്രചാരണം അഴിച്ചുവിട്ടു. ഒമ്പതുകോടി ചിലവിട്ട് മാസങ്ങൾക്കു മുൻപ് പണിതീർത്ത സെന്റർ കഴിഞ്ഞ സ്വാതന്ത്ര്യദിനത്തിൽ വിദ്യാർത്ഥികൾക്കായി തുറന്നുകൊടുത്തു. ഉദ്ഘാടനമേയുണ്ടായില്ല. ഫീസടയ്ക്കാൻ ബാങ്ക് ശാഖ, പോസ്റ്റ്ഓഫീസ്, വിവരങ്ങളറിയാൻ പബ്ലിക് റിലേഷൻസ് വിഭാഗം, വിശ്രമകേന്ദ്രം, ടോയ്ലറ്റുകൾ, കുഞ്ഞുങ്ങൾക്ക് മുലയൂട്ടാനുള്ള കേന്ദ്രം, കഫെറ്റീരിയ, അതിഥികൾക്ക് താമസിക്കാൻ സ്യൂട്ട്മുറികൾ, പ്ലേസ്മെന്റ് സെൽ എന്നീ സൗകര്യങ്ങളുള്ളതാണ് അമിനിറ്റിസെന്റർ.

സ്വകാര്യ കൺസൾട്ടൻസി മസ്റ്റാ...!

സർവകലാശാലകളിലെ നിർമ്മാണപ്രവർത്തനങ്ങൾ കേന്ദ്ര പൊതുമരാമത്ത് വകുപ്പ്, പൊലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപറേഷൻ എന്നിവയ്ക്ക് നൽകാൻ സർക്കാർ നിർദ്ദേശമുണ്ട്. പക്ഷേ, സ്വകാര്യ കരാറുകാരെ ഏൽപ്പിക്കാനാണ് സിൻഡിക്കേറ്റ് ലോബിക്ക് താത്പര്യം. നിസാര കാരണങ്ങൾ പറഞ്ഞ് സർക്കാർ ഏജൻസികളുടെ കരാറുകൾ തള്ളും. സർവകലാശാലയ്ക്ക് സ്വന്തമായി എൻജിനിയറിംഗ് യൂണിറ്റുണ്ടെങ്കിലും സിൻഡിക്കേറ്റ് ലോബിക്ക് സ്വകാര്യ കൺസൾട്ടൻസി നിർബന്ധമാണ്. ആർക്കിടെക്ടുകളുടെ കൺസൾട്ടൻസി പാനലുണ്ടാക്കുന്നത് സിൻഡിക്കേറ്റംഗങ്ങളാണ്. ഡ്രായിംഗ്, സൂപ്പർവിഷൻ എന്നിവയ്ക്ക് പദ്ധതിതുകയുടെ 5മുതൽ 10ശതമാനം വരെയാണ് കൺസൾട്ടൻസി ഫീസ്. സ്വകാര്യ കൺസൾട്ടന്റുമാർ വേണമെന്ന നിർബന്ധത്തിന്റെ ഗുട്ടൻസ് ഇപ്പോൾ പിടികിട്ടിയില്ലേ.

> നാലുവർഷക്കാലം ഒരു അഴിമതിയാരോപണത്തിനു പോലും ഇടനൽകാതെ സർവകലാശാലയെ മുന്നോട്ടു നയിച്ച വൈസ്ചാൻസലർക്കെതിരേ യുദ്ധം പ്രഖ്യാപിച്ചിരിക്കുകയാണ് സിൻഡിക്കേറ്റ് ലോബി

അക്ഷയഖനിയായി റീ-വാലുവേഷൻ

എല്ലാ സെമസ്റ്ററിലും മികച്ച മാർക്കുണ്ടായിരുന്ന ലാ കോളേജിലെ വിദ്യാർത്ഥിനി അവസാന സെമസ്റ്ററിൽ ഒരു വിഷയത്തിന് തോറ്റു. പുനർമൂല്യനിർണയത്തിലും കുട്ടിക്ക് വിജയിക്കാനായില്ല. മൂന്നാമതൊരു മൂല്യനിർണയത്തിന് നിയമമില്ലെങ്കിലും നടത്തിയേ തീരൂ എന്നായി ഒരുവിഭാഗം സിൻഡിക്കേറ്റംഗങ്ങൾ. വിദ്യാർത്ഥിനി ലോകായുക്തയിൽ കേസുകൊടുത്തു. ഗവ.കോളേജ് അദ്ധ്യാപകരെ ഒഴിവാക്കി സ്വാശ്രയ കോളേജ് അദ്ധ്യാപകരെ ഉപയോഗിച്ച് മൂല്യനിർണയം നടത്തണമെന്നും നുവാൽസിലെ അദ്ധ്യാപകർക്ക് മുൻഗണന നൽകണമെന്നും ഉത്തരവുനേടി. മൂല്യനിർണയം രഹസ്യസ്വഭാവത്തിലുള്ളതായതിനാൽ സർവകലാശാല ഇതിനെതിരേ അപ്പീൽ നൽകി. ലോകായുക്ത ഉത്തരവ് ഹൈക്കോടതി റദ്ദാക്കി.

ഇതിനു പിന്നാലെ ഇന്റേണൽ മാർക്ക് കുറച്ചെന്ന് ചൂണ്ടിക്കാട്ടിയുള്ള ചില പരാതികൾ വി.സി പരീക്ഷാകമ്മിറ്റിക്ക് വിട്ടു. നിരവധി കുട്ടികളുടെ റീവാല്യുവേഷന് സമിതി ശുപാർശ ചെയ്തു. ഹൈക്കോടതിയിൽ കേസുകൊടുത്ത വിദ്യാർത്ഥിനിയുടെ പേര് ബ്രായ്ക്കറ്റിൽ പ്രത്യേകമായി ഉൾപ്പെടുത്തി. റിപ്പോർട്ട് സിൻഡിക്കേറ്റ് അതേപടി അംഗീകരിച്ചു. ഹൈക്കോടതി ഉത്തരവ് മറികടക്കാനുള്ള തന്ത്രമാണെന്ന് ചൂണ്ടിക്കാട്ടി വൈസ്ചാൻസലർ അംഗീകരിച്ചില്ല. പുനർമൂല്യനിർണയം നടത്താനുള്ള സിൻഡിക്കേറ്റ് തീരുമാനം നടപ്പായില്ലെന്ന് കാട്ടി വിദ്യാർത്ഥിനി വീണ്ടും ഹൈക്കോടതിയിൽ കേസിനുപോയി. ഇതിന് അവസരമൊരുക്കാനായിരുന്നു സിൻഡിക്കേറ്റംഗങ്ങളുടെ കള്ളക്കളി. പരീക്ഷ രണ്ടാമതെഴുതി വിജയിച്ചെങ്കിലും വിദ്യാർത്ഥിനി കേസ് നടത്തുകയാണ്.

പരീക്ഷകൾ കുളമാക്കി

ഫലം പ്രസിദ്ധീകരിക്കാൻ മാസങ്ങൾ വൈകുന്നുവെന്ന ചീത്തപ്പേര് മാറ്റിയെടുത്തായിരുന്നു ഡോ.പി.കെ.രാധാകൃഷ്ണൻ ജോലി തുടങ്ങിയത്. 2014മേയിൽ ബി.എ, ബികോം പരീക്ഷകളുടെ ഫലം 34 ദിവസംകൊണ്ട് പ്രസിദ്ധീകരിച്ച് പുതിയ ചരിത്രമെഴുതി. 42 കോളേജുകളിൽ നിന്ന് പതിനായിരത്തിലേറെ കുട്ടികളാണ് ബിരുദപരീക്ഷയെഴുതുന്നത്. ഫലംവരാൻ രണ്ടു മുതൽ ആറുമാസം വരെയെടുക്കാറുണ്ടായിരുന്നു. കേന്ദ്രീകൃത മൂല്യനിർണയ സംവിധാനം വഴിയും അദ്ധ്യാപകരുടെ പിന്തുണയോടെയും പരീക്ഷാഫലം അതിവേഗം പ്രസിദ്ധീകരിച്ചത് സിൻഡിക്കേറ്റിലെ കുബുദ്ധികൾക്ക് ഇഷ്ടമായില്ല. മൂല്യനിർണയം കുളമാക്കിയും അദ്ധ്യാപർക്കിടയിൽ കുപ്രചാരണം നടത്തിയും സംഘടനകളെ എതിരാക്കിയും പരീക്ഷാഫലം അനന്തമായി വൈകിപ്പിക്കാൻ സിൻഡിക്കേറ്റ് ലോബിക്ക് കഴിഞ്ഞു.

(തുടരും)



ഗുരുസാഗരം

ഗുരുവിനെ പരീക്ഷിക്കരുതേ, മറുപരീക്ഷണം താങ്ങാനാവില്ല

▸ സജീവ് കൃഷ്ണൻ

വടക്കേ ഇന്ത്യയിലെ ആശ്രമങ്ങളിൽ കുറേക്കാലം താമസിച്ച ഒരാൾ ഭഗവാന്റെ ശിഷ്യത്വം തേടി ശിവഗിരിയിലെത്തി. ശിവഗിരിയിലെ പതിവനുസരിച്ച് എല്ലാക്കാര്യങ്ങളിലും ആദ്യത്തേത് ഗുരുവിനുള്ളതാണ്. ഭക്ഷണകാര്യത്തിലും അങ്ങനെയാണ്. ഗുരു കഴിച്ചിട്ടേ മറ്റെല്ലാവർക്കും കൊടുക്കൂ. താൻ കഴിച്ച് കുഴപ്പമില്ലെന്നുറപ്പുവരുത്തിയിട്ടേ ലോകർക്ക് വിളമ്പിക്കൊടുക്കാവൂ എന്ന ഭഗവാന്റെ ജാഗ്രതയാണത്. സത്യത്തെക്കുറിച്ചും ഭഗവാൻ അന്വേഷിച്ചറിഞ്ഞ് ഉറപ്പുവരുത്തിയിട്ടാണ് ലോകർക്ക് പകർന്നുകൊടുത്തത്. അല്ലാതെ ഭഗവത്ഗീതയും ഭാഗവതവും വേദങ്ങളും ഉപനിഷത്തും പഠിച്ച് വ്യാഖ്യാനിക്കുകയായിരുന്നില്ല. ഗുരുവിന്റെ രീതികൾ ഒട്ടും ബോദ്ധ്യം വരാത്ത ഉത്തരേന്ത്യൻ ശിഷ്യന് പക്ഷേ, ഈ പതിവ് അത്ര പിടിച്ചില്ല. അയാൾ ഗുരുവിനോട് നീരസം മറച്ചുവയ്ക്കാതെ പറഞ്ഞു:

'ഉത്തരേന്ത്യയിലൊക്കെ ഗുരുവും ശിഷ്യരും ഒരുമിച്ചിരുന്നാണ് ഭക്ഷണം കഴിക്കുന്നത്'

'ഓ, അങ്ങനെയോ എങ്കിൽ ഇനി നമുക്കും അങ്ങനെയാവാം'

പിറ്റേദിവസം പതിവുസമയം കഴിഞ്ഞിട്ടും ഭഗവാൻ ഊണിന് വന്നില്ല. ഗുരുവന്നിട്ടേ കഴിക്കൂ എന്ന നിശ്ചയത്തോടെ ശിഷ്യർ ഏറെനേരം കാത്തിരുന്നു. പക്ഷേ, സഹിക്കവയ്യാത്ത വിശപ്പിനുമുന്നിൽ പിടിച്ചുനിൽക്കാനാവാതെ അവർ ഭക്ഷണം കഴിച്ചു. കൈകഴുകി പുറത്തുവന്നതും അതാ മുമ്പിൽ വന്നു നിൽക്കുന്നു തൃപ്പാദങ്ങൾ! ഒന്നുമറിയാത്തമട്ടിൽ ഭഗവാൻ മൊഴിഞ്ഞു:

'ആഹാ... ഇന്ന് നമുക്ക് ഒരുമിച്ചു കഴിക്കാം.'

എല്ലാവർക്കും കഴിച്ചതൊക്കെയും എരിഞ്ഞുപോയതുപോലെ തോന്നി.

ചിന്താഭാരംകൊണ്ട് തലകുമ്പിട്ടുനിന്ന് ഉത്തരേന്ത്യൻ ശിഷ്യൻ പറഞ്ഞു:

'തൃപ്പാദങ്ങൾ വരില്ലെന്നു കരുതി ഞങ്ങൾ കഴിച്ചുപോയി.'

ഗുരു മൊഴിഞ്ഞു:

'ഗുരുവേ പരീക്ഷിച്ചാൽ ശിഷ്യനെയും പരീക്ഷിക്കും.'

ആധുനിക കാലത്തും ഇത്തരം പ്രവണത പിന്തുടരുന്നവരുണ്ട്. മറ്റു പലയിടങ്ങളിലും കണ്ടതും കേട്ടതും ശീലിച്ചതുമായ ആചാരങ്ങൾകൊണ്ടുവന്ന് ഗുരുവിൽ പ്രയോഗിക്കും. അതൊരുതരത്തിൽ ഗുരുവിനെ പരീക്ഷിക്കലാണ്. അങ്ങനെ ചെയ്യുന്നവരെല്ലാം തന്നെ ഗുരുവിനാലും പരീക്ഷിക്കപ്പെടുന്നുണ്ട്. പക്ഷേ, അനുഭവങ്ങളുടെ കാരണം അറിയാൻ കഴിയാത്തവിധം അജ്ഞതയുള്ളതിനാൽ അവരാരും അത് തിരിച്ചറിയുന്നില്ലെന്നു മാത്രം. ഭക്തിയായാലും ഭൗതികജീവിതമായാലും ഗുരുവിന് സ്വന്തം രീതികളും ചിട്ടകളുമുണ്ട്. അതെന്തെന്നു പഠിച്ച് ആചരിക്കുന്നതിനുപകരം സ്വന്തം അല്പബുദ്ധിയിൽ തോന്നുന്ന കാര്യങ്ങൾ ഗുരുവിൽ പരീക്ഷിച്ചു നോക്കുന്നതിലാണ് ഭൂരിഭാഗം പേരുടെയും വ്യാപാരം.

> കണ്ടതും കേട്ടതും ശീലിച്ചതുമായ ആചാരങ്ങൾ ഗുരുവിൽ പ്രയോഗിക്കാറുണ്ട്. ഇത് ഗുരുവിനെ പരീക്ഷിക്കലാണ്

എല്ലാവരും ഗുരുവിനെ പഠിക്കാൻ ശ്രമിക്കുകയാണിന്ന്. ഒന്നു ചോദിച്ചോട്ടെ, നമ്മളാരെങ്കിലും സർവകലാശാലയിൽ പോകുന്നത് സർവകലാശാലയെക്കുറിച്ച് പഠിക്കാനോ, അതോ സർവകലാശാലയിൽനിന്ന് പഠിക്കാനോ? അപ്പോൾ ഗുരുവിനെ പഠിക്കുകയല്ല, ഗുരുവിൽനിന്ന് പഠിക്കുകയാണ് വേണ്ടതെന്ന് വ്യക്തം. പഠിപ്പിക്കാൻ വന്നയാളെക്കുറിച്ചല്ല പ്രബന്ധം തയ്യാറാക്കേണ്ടത്, ആ സന്നിധിയിൽ നിന്ന് തനിക്കെന്തുമനസിലായി എന്നതിനെക്കുറിച്ചാണ്. അവനവന് മനസിലാകാത്തതൊക്കെ അവിടെനിന്നും ഇവിടെനിന്നും പെറുക്കിയെടുത്തുകൊണ്ടുവന്ന് പ്രചരിപ്പിക്കും. തനിക്ക് ആചരിക്കാൻ സാധിക്കാത്തതിനെക്കുറിച്ച് അപരനോട് വാചാലനാകരുത് എന്ന ഗുരുമൊഴി മറന്നാണ് ഈ പ്രചരണക്രിയ.

ഭക്തി എന്നത് എങ്ങനെയാവണം എന്ന് ഭഗവാൻ മൊഴിഞ്ഞുതന്ന സ്വാനുഭവഗീതിയാണ് നാം ഇവിടെ കഴിഞ്ഞ ഒരുവർഷക്കാലത്തിലേറെയായി മനനം ചെയ്തുകൊണ്ടിരിക്കുന്നത്. അതിന്റെ അന്ത്യഭാഗത്തേക്ക് അടുത്തുകഴിഞ്ഞു. അപ്പോൾ പിന്നോട്ടേക്കൊന്നു നോക്കി അവസ്ഥാവിചിന്തനം ചെയ്യുന്നതിന്റെ ഭാഗമായാണ് ചില യാഥാർത്ഥ്യങ്ങൾ ഇപ്പോൾ ഓർമ്മപ്പെടുത്തിയത്. ഭക്തിയിൽ അർപ്പണമാണ് പ്രധാനം. എല്ലാം മറന്ന് ദൈവത്തിൽ അലിയുക. അതിനായി സ്വയം നിയന്ത്രണം, ശരീരബോധത്തിൽനിന്നുള്ള മോചനം, ഇന്ദ്രിയങ്ങളെ ജയിക്കൽ എന്നിങ്ങനെ വിവിധ ഘട്ടങ്ങളിലൂടെ ഭഗവാൻ നമ്മെ കൊണ്ടുപോകുന്നു. ഭക്തി അതിന്റെ പാരമ്യതയും അതിർവരമ്പുകളുമൊക്കെ വിട്ട് ഭക്തനും ഭഗവാനും ഒന്നുചേരുന്ന തലം ശുദ്ധമായ അനുഭവത്തിലിരുന്നുകൊണ്ടാണ് ഭഗവാനിവിടെ അവതരിപ്പിച്ചത്. ലോകർ ദൈവസ്ഥാനത്ത് ആരാധിക്കുന്ന മഹാഗുരു തന്റെ ഉപാസനാഘട്ടങ്ങളിൽ എത്രകണ്ട് എളുതായി നിന്നുകൊണ്ടാണ് ദൈവത്തെ ആരാധിച്ച് അലിഞ്ഞതെന്ന് സ്വാനുഭവഗീതിയുടെ രസം നുകരാൻ ഭാഗ്യം സിദ്ധിച്ചവർക്ക് ബോദ്ധ്യം വന്നിട്ടുണ്ട്. ഭക്തി എങ്ങനെയാവണം എന്നതിനുള്ള മാതൃകയാണത്. ദൈവത്തെ അംഗീകരിക്കാൻ പോലും സങ്കോചമുള്ള, അപരന്റെ അറിവിനെയും ഔന്നത്യത്തെയും മാനിക്കാൻ ഈർഷ്യയുള്ള മലയാളി സമൂഹം എങ്ങനെ ഇതിനെ എടുക്കും എന്ന് സ്വാനുഭവഗീതിയിലേക്ക് ഭഗവാന്റെ കൈപിടിച്ച് കടക്കുംമുമ്പേ സാധകൻ ആശങ്കപ്പെട്ടിരുന്നു. എന്നാൽ ഭഗവാൻ കരം ഗ്രഹിച്ചതോടെ ആശങ്കയകന്നു. പദ്യഭാഷയുടെ പരിമിതികളെ മറന്ന് ആ ഭക്തിരസത്തിൽ ആറാടിക്കൊണ്ടുതന്നെ സ്വാനുഭവഗീതിയിലൂടെ കടന്നുപോകാൻ കഴിഞ്ഞത് തൃപ്പാദങ്ങളുടെ കാരുണ്യം ഒന്നുകൊണ്ടു മാത്രമാണ്. ഇപ്പോഴിതാ അൻപത്തിയൊൻപതാം പദ്യത്തിൽ അവിടുന്ന് നമ്മെ എത്തിച്ചിരിക്കുന്നു:

കുന്നും മലയുമിതെല്ലാ–
മൊന്നായ് പൊന്നടിക്കുട്ടാക്കി
നിന്നപ്പോളടിയോടെൻ–
പൊന്നിൻകൊടികൊണ്ടമഴ്ന്നതെന്തയ്യോ!

ജീവിതാനുഭവങ്ങളുടെ വിഭിന്നഭാവങ്ങൾ അന്തക്കരണത്തിന്റെ പ്രതിഭാവിശേഷത്തിൽ ഉണ്ടാക്കുന്ന ചലനങ്ങളാണ് കുന്നും മലകളും. ഒരു കുന്നിനൊരു ഗർത്തമുണ്ട് എന്നു നാം പറയും. അതുപോലെയാണ് സുഖവും ദുഃഖവും. അവനവന്റെ ഉള്ളിൽകുടികൊണ്ടിരിക്കുന്ന പ്രാണനെ സുഖത്തിനും ദുഃഖത്തിനും ഉപരിയായി ഉയർത്തണം. ശുദ്ധബോധത്തെ അറിഞ്ഞനുഭവിക്കാനാണ് എല്ലാത്തരം വികാരങ്ങളും മറികടന്ന് പ്രാണനെ ഉണർത്തി ഉയർത്തുന്നത്. സുഖങ്ങൾക്കും ദുഃഖങ്ങൾക്കും മുകളിലെത്തുന്ന ആന്തരികബോധാവസ്ഥയെയാണ് പൊന്നിൻകൊടിയെന്ന് വിശേഷിപ്പിക്കുന്നത്. വ്യവഹാരങ്ങളിൽ വീണുകിടന്നാൽ അത് സാധിക്കില്ല. അതിനാണ് ആരില്ലാത്ത പ്രവൃത്തി ചെയ്ത് വ്യവഹാരങ്ങളിൽനിന്ന് മുക്തനാകാൻ ഭഗവാൻ മൊഴിഞ്ഞത്. അങ്ങനെ പൊന്നിൻകൊടിപോലെ ഉള്ളിലെ ആത്മബോധം ഉയരുമ്പോൾ പരമാത്മബോധം അതിനുകീഴ്പ്പെട്ട് അതിൽ നിറയും.

സത്യാന്വേഷകന് ദൈവത്തിന്റെ അളന്നുതീർക്കാനാവാത്ത വലിപ്പമറിയാം. അതിനാൽ ദൈവം പ്രാപ്യനാകുമ്പോൾ ഇതെന്ത് ആശ്ചര്യം എന്ന് അദ്ഭുതപ്പെടാനേ സാധിക്കൂ. ഗുരുവിനെ അറിഞ്ഞനുഭവിച്ച് അനുസരിച്ച് പിന്തുടരുന്നവർക്കും ഈ ആശ്ചര്യാനുഭവങ്ങൾ ഓരോ നിമിഷവും ലഭിച്ചുകൊണ്ടേയിരിക്കും. അത് ലോകർക്കെല്ലാം അനുഭവിക്കാനിടവരണം എന്ന സ്വാർത്ഥം വെടിഞ്ഞ ആഗ്രഹത്തിൽ നിന്നാണ് ഗുരുധർമ്മപ്രചാരണത്തിന് തുടക്കമിടേണ്ടത്. സ്വാർത്ഥം വെടിയാനുള്ള മനസ് ലഭിക്കുന്നതുവരെ ഭഗവാനെ അണുവിടവിടാതെ പിന്തുടരുക മാത്രമാണ് അഭികാമ്യം.

നെൽവയൽ ഓർഡിനൻസ് പിൻവലിക്കണം

തിരുവനന്തപുരം: നിയമസഭ ഏകകണ്ഠമായി പാസാക്കിയ 2008 ലെ നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ അന്തസത്ത ഹനിക്കുന്ന നിയമഭേദഗതി ഓർഡിനൻസ് പിൻവലിക്കണമെന്ന് മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ വി.എം. സുധീരൻ ആവശ്യപ്പെട്ടു. ആശങ്കാജനകമായ സ്ഥിതിവിശേഷത്തിലേക്ക് നയിക്കുന്നതാണ് നിയമഭേദഗതി എന്ന് കത്തിൽ ചൂണ്ടിക്കാട്ടി.

ബൽറാം എ.കെ.ജിക്ക് വച്ചത് കൊണ്ടത് കോൺഗ്രസിന്

പാർട്ടി നേതൃത്വം ആകെ ആശയക്കുഴപ്പത്തിൽ

ശ്രീകുമാർപള്ളീലേത്ത്

തിരുവനന്തപുരം: 'കയ്ചിട്ട് ഇറക്കാനും വയ്യ, മധുരിച്ചിട്ട് തുപ്പാനും വയ്യ' ഇതാണ് സംസ്ഥാന കോൺഗ്രസ് നേതൃത്വത്തിന്റെ അവസ്ഥ. എ.കെ.ജിയെക്കുറിച്ചുള്ള വി.ടി. ബൽറാം എം.എൽ.എയുടെ പരാമർശം ചൂടേറിയ വിവാദമായിരിക്കെ, എങ്ങനെ പ്രതികരിക്കണമെന്നറിയാതെ ആശയക്കുഴപ്പത്തിലാണ് നേതാക്കൾ.

മുതിർന്ന നേതാക്കൾ ബൽറാമിനെ പിന്തുണച്ചിട്ടില്ല. യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ഡീൻ കുര്യാക്കോസ് മാത്രമാണ് ബൽറാമിനെ അനുകൂലിച്ച് പരസ്യ പ്രസ്താവന നടത്തിയത്.

പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ബൽറാമിന്റെ പ്രസ്താവനയെ എതിർത്തും ഒരു വേള ന്യായീകരിച്ചുമാണ് പ്രസ്താവന ഇറക്കിയത്. മുതിർന്ന നേതാക്കളെ അധിക്ഷേപിക്കുന്നതിനോട് യോജിക്കാനാവില്ലെന്നായിരുന്നു ഉമ്മൻചാണ്ടിയുടെ പ്രതികരണം.

കോൺഗ്രസുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഉൾക്കരുത്തോടെ പ്രതികരിക്കുന്ന യുവ നേതാക്കൾ പലരും ഈ സംഭവത്തെക്കുറിച്ച് പ്രതികരണം തേടാനായി വിളിച്ചപ്പോൾ ഫോൺ എടുക്കുക പോലും ചെയ്തില്ല. പാർട്ടി നേതൃത്വത്തിലേക്ക് യുവനിര കടന്നു വരണമെന്ന് കുറെക്കാലം മുമ്പ് തുറന്നടിച്ച് കൈയടി നേടിയ ബൽറാമിന് ഉദ്ദേശിച്ച പിന്തുണ കിട്ടാഞ്ഞതിനാലാവണം തന്റെ പ്രസ്താവനയ്ക്ക് പിന്നീട് വിശദീകരണം നൽകേണ്ടിയും വന്നു.

അതേസമയം സി.പി.എമ്മിന്റെ പ്രമുഖ നേതാക്കളെല്ലാം ബൽറാമിനെതിരെ ശക്തമായി രംഗത്ത് വന്നു.

മുഖ്യമന്ത്രി പിണറായി വിജയൻ, സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ, മന്ത്രി ജി. സുധാകരൻ തുടങ്ങിയവർ ശക്തമായാണ് പ്രതിഷേധിച്ചത്.



"എ.കെ.ജിയെക്കുറിച്ചുള്ള ബൽറാമിന്റെ പരാമർശം കോൺഗ്രസ് നിലപാടല്ല.
ചെന്നിത്തല, പ്രതിപക്ഷ നേതാവ്

"നേതാക്കളെ അധിക്ഷേപിക്കുന്നത് കോൺഗ്രസിന്റെ സംസ്കാരമല്ല. ബൽറാമിന്റെ ഓഫീസ് അടിച്ചു തകർക്കുന്നത് അംഗീകരിക്കാനാവില്ല.
ഉമ്മൻ ചാണ്ടി

"തരം താണ പ്രവർത്തനത്തിന് ബൽറാം മാപ്പുചോദിക്കണം.
മന്ത്രി സുധാകരൻ

"നെഹ്റു കുടുംബത്തെ അപമാനിച്ച കോടിയേരിയുടെ പരാമർശത്തിൽ സി.പി.എം അഭിപ്രായം വ്യക്തമാക്കണം.
ഡീൻ കുര്യാക്കോസ്

ബൽറാം വിവരദോഷി: മുഖ്യമന്ത്രി പിണറായി

തിരുത്താൻ വിവേകമുള്ള കോൺഗ്രസുകാരില്ല

തിരുവനന്തപുരം: എ.കെ. ഗോപാലനെ (എ. കെ. ജി) ഫേസ്ബുക്കിൽ അവഹേളിച്ച വി. ടി. ബൽറാം വിവരദോഷിയും വകതിരിവില്ലാത്തവനുമെന്ന് മുഖ്യമന്ത്രി പിണറായി വിജയന്റെ ഫേസ്ബുക് പോസ്റ്റ്. വിവരദോഷിയായ എം.എൽ.എയ്ക്ക് അത് പറഞ്ഞു കൊടുക്കാൻ വിവേകമുള്ള നേതൃത്വം കോൺഗ്രസിനില്ല എന്നതാണ് ആ പാർട്ടിയുടെ ദുരന്തമെന്ന് ബലറാമിന്റെ പേരെടുത്ത് പറയാതെ മുഖ്യമന്ത്രി കുറ്റപ്പെടുത്തി.

മുഖ്യമന്ത്രിയുടെ പോസ്റ്റിന്റെ പൂർണരൂപം: 'എ.കെ.ജിയെ അവഹേളിച്ച എം.എൽ.എയെ കോൺഗ്രസ് സംരക്ഷിക്കുന്നത് ആ പാർട്ടിയുടെ ജീർണത തെളിയിക്കുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പതാകയേന്തി നാടിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി പടപൊരുതിയ മഹാനായ ജനനായകനെ ഹീന ഭാഷയിൽ അധിക്ഷേപിച്ച എം.എൽ.എക്ക് കോൺഗ്രസിന്റെ ചരിത്രമോ എ.കെ.ജിയുടെ ജീവിതമോ അറിയില്ലായിരിക്കാം.

വകതിരിവില്ലായ്മയും വിവരക്കേടുമാണത്. ആ വകതിരിവില്ലായ്മയാണോ കോൺഗ്രസിന്റെ മുഖമുദ്ര എന്ന് വിശദീകരിക്കേണ്ടത് ആ പാർട്ടി നേതൃത്വമാണ്. എ.കെ.ജി ഈ നാടിന്റെ വികാരമാണ്. ജന ഹൃദയങ്ങളിൽ മരണമില്ലാത്ത പോരാളിയാണ്. പാവങ്ങളുടെ പടത്തലവനാണ്. ആ മഹദ് ജീവിതത്തിന്റെ യശസ്സിൽ ഒരു നുള്ള് മണൽവീഴ്ത്തുന്നത് ഇന്ത്യയിലെ തൊഴിലാളികളുടെയും കർഷകരുടെയും സാധാരണ ജനങ്ങളുടെയും ഹൃദയത്തിനേല്പിക്കുന്ന പരിക്കാണ്.

വിവരദോഷിയായ എം.എൽ.എക്ക് അത് പറഞ്ഞു കൊടുക്കാൻ വിവേകമുള്ള നേതൃത്വം കോൺഗ്രസിനില്ല എന്നതാണ് ആ പാർട്ടിയുടെ ദുരന്തം. ഉയർന്നു വന്ന പ്രതികരണങ്ങൾ കണ്ടെങ്കിലും അത്തരം ബോധം വരാത്തതിൽ സഹതപിക്കുന്നു. അറിവില്ലായ്മയും ധിക്കാരവും പ്രശസ്തിക്കുവേണ്ടിയുള്ള ആർത്തിയും ഒരു ജനതയുടെ, ജനകോടികളുടെ ഹൃദയ വികാരത്തെ ആക്രമിച്ചു കൊണ്ടാവരുത് എന്ന് നെഹ്റുവിനെയും സ്വാതന്ത്ര്യ സമരത്തെയും മറന്ന നിർഗുണ ഖദർ ധാരികൾ ഓർക്കുന്നത് നന്ന്.

എ.കെ.ജിയെയും സഖാവിന്റെ പത്നി, തൊഴിലാളി വർഗത്തിന്റെ പ്രിയനേതാവ് സുശീല ഗോപാലനെയും മാത്രമല്ല ഈ നാടിന്റെ ആത്മാഭിമാനത്തെ തന്നെയാണ് മുറിവേല്പിക്കുന്നതെന്ന് മനസ്സിലാക്കാനുള്ള ഔചിത്യം കോൺഗ്രസിനുണ്ടാകട്ടെ എന്നാശംസിക്കുന്നു.

മുന്നണി വിപുലീകരണം അജൻഡയിലില്ല: കാനം രാജേന്ദ്രൻ

കോട്ടയം: ആരെയെങ്കിലും കൂടെക്കൂട്ടി ശക്തി വർദ്ധിപ്പിക്കാൻ നിലവിൽ ഇടതുമുന്നണി അരക്ഷിതാവസ്ഥയിലല്ലെന്ന് സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ മാദ്ധ്യമപ്രവർത്തകരോട് പറഞ്ഞു.

കേരള കോൺഗ്രസ് - മാണി വിഷയത്തിൽ സി.പി.ഐക്ക് മുൻ നിലപാട് തന്നെയാണ്. മുന്നണി വിപുലീകരിക്കണമെങ്കിൽ ഘടകകക്ഷികളുമായി ചർച്ച ചെയ്യണം. ഇതുവരെ അത്തരമൊരു ചർച്ച നടന്നിട്ടില്ല. ചർച്ചയുണ്ടായാൽ എന്താണ് നടക്കുകയെന്ന് പ്രവചിക്കുന്നുമില്ല. മുന്നണി പ്രവേശനം പ്രതീക്ഷിച്ചിരിക്കുന്ന ഏഴോളം കക്ഷികളുണ്ട്. ഇപ്പോൾ മുന്നണി വിപുലീകരണത്തിന് അടിയന്തര സാഹചര്യമുള്ളതായി കരുതുന്നില്ല. ഘടകകക്ഷികൾക്ക് എല്ലാ കാര്യങ്ങളിലും വ്യത്യസ്ത അഭിപ്രായങ്ങളുണ്ടാകുന്നത് സ്വാഭാവികമാണ്.

അതൊക്കെ തുറന്ന് പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യവുമുണ്ട്. ഒരു കൂട്ടർ പറയുന്നത് മറ്റു കക്ഷികൾ അപ്പാടെ അംഗീകരിക്കണമെന്നില്ല. എന്ത് പറയണം, ,പറയേണ്ടെന്ന് അതിർവരമ്പ് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ഏതെങ്കിലും ഘടകക്ഷി മുന്നണി മര്യാദ ലംഘിച്ചിട്ടുണ്ടോയെന്ന് പറയാനാവില്ല. കോട്ടയം ജില്ലയിൽ സി.പി.ഐയുടെ ശക്തി കുറഞ്ഞെന്ന സി.പി.എം സമ്മേളനത്തിലെ ആരോപണം കാര്യങ്ങൾ വ്യക്തമായി കാണാതിരിക്കുന്നത് കൊണ്ടാണ്. കാഴ്ച മങ്ങുന്നവർ നേത്ര വിദഗ്ധനെ കാണണമെന്നും കാനം പറഞ്ഞു.

സി.പി.ഐക്ക് അസ്തിത്വഭയം: കേരള കോൺഗ്രസ് (എം)

കോട്ടയം: അസ്തിത്വഭയം വല്ലാതെ ബാധിച്ച സി.പി.ഐ നേതാക്കൾ നിരന്തരമായി പിച്ചുംപേയും പറയുകയാണെന്ന് കേരള കോൺഗ്രസ് (എം) ജനറൽ സെക്രട്ടറി ജോസഫ് എം. പുതുശേരി പറഞ്ഞു. ആരുടെയെങ്കിലും ഔദാര്യത്തിൽ കഴിയുന്ന പാർട്ടിയല്ല കേരള കോൺഗ്രസ്. ആരുടെയും അച്ചാരവും ആവശ്യമില്ല. മുന്നണി പ്രവേശനം സംബന്ധിച്ച നിലപാട് ആവർത്തിച്ച് വ്യക്തമാക്കിയിട്ടുള്ളതാണ്. സി.പി.എം സമ്മേളനത്തിൽ എന്ത് ചർച്ച ചെയ്യണമെന്ന് അവരാണ് തീരുമാനിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

മുത്തലാഖ്: ഗൂഢനീക്കമെന്ന് കാന്തപുരം

കോഴിക്കോട്: മുസ്ലിങ്ങളെ കുറ്റവാളി സമൂഹമായി പ്രഖ്യാപിക്കാനുള്ള നീക്കങ്ങൾക്ക് അരങ്ങൊരുക്കുന്നതിന്റെ തുടക്കമാണ് മുത്തലാഖുമായി ബന്ധപ്പെട്ട് നടക്കുന്നതെന്ന് കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാർ പറഞ്ഞു. റൂബി ജൂബിലി സമാപന സമ്മേളനത്തിൽ സനദ്ദാന പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

മറ്റു മതങ്ങളുടെ കാര്യത്തിലെല്ലാം സിവിൽ നിയമത്തിന്റെ പരിധിയിലുള്ള വിവാഹവുമായി ബന്ധപ്പെട്ട നിയമങ്ങൾ, മുസ്ലിങ്ങൾക്ക് മാത്രം എന്തുകൊണ്ടാണ് ക്രിമിനൽ നിയമത്തിന്റെ ഭാഗമാകുന്നത്? ഭരണഘടനയുടെ അന്തസത്തയെ തന്നെയാണ് ഇതിലൂടെ ചോദ്യം ചെയ്യുന്നത്- കാന്തപുരം പറഞ്ഞു.

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം: വീഴ്ച സംഭവിച്ചെന്ന് മന്ത്രി

കോട്ടയം: പകർച്ചവ്യാധികൾ പടർന്നുപിടിച്ചതിന് ശേഷമാണ് കഴിഞ്ഞ വർഷം പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിച്ചതെന്ന് മന്ത്രി കെ. രാജു പറഞ്ഞു. ആരോഗ്യ ജാഗ്രത പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഇത്തവണ ഒരു വർഷം നീണ്ടു നിൽക്കുന്ന ആരോഗ്യ പ്രവർത്തനങ്ങൾക്കും ബോധവത്കരണത്തിനുമാണ് സർക്കാർ ഊന്നൽ നൽകുന്നത്. ഇതിനായി ഓരോ നിയോജക മണ്ഡലത്തിലും എം.എൽ.എമാരുടെ നേതൃത്വത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം.

വാർഡംഗങ്ങൾ അദ്ധ്യക്ഷന്മാരായുള്ള ശുചിത്വസമിതികൾ രൂപീകരിച്ച് 50 വീടിന് ഒരു ടീം എന്ന കണക്കിൽ പദ്ധതി നടപ്പിലാക്കും. ഒരു വാർഡിന് 25,000 രൂപ ഇതിനായി അനുവദിക്കും. സംസ്ഥാനത്ത് കഴിഞ്ഞ വർഷം ഏറ്റവും കുറവ് പകർച്ചപ്പനി റിപ്പോർട്ട് ചെയ്തത് കോട്ടയം ജില്ലയിലാണ്.

പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയാൽ ഈ വർഷം പകർച്ചപ്പനിരഹിത ജില്ലയായി പ്രഖ്യാപിക്കാമെന്നും അദ്ദേഹം പറഞ്ഞു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സഖറിയാസ് കുതിരവേലി മുഖ്യപ്രഭാഷണം നടത്തി.

വഷളൻ പൊലീസിനെ മെരുക്കാൻ മുഖ്യമന്ത്രി

കൊല്ലം: എന്തും ചെയ്യാൻ അധികാരമുള്ളവരല്ല പൊലീസുകാരെന്നും അക്കാര്യം മറന്നാൽ കടുത്ത അച്ചടക്ക നടപടിയുണ്ടാകുമെന്നും പൊലീസുകാർക്ക് മുഖ്യമന്ത്രി പിണറായി വിജയന്റെ താക്കീത്.

കൊല്ലം സിറ്റി പൊലീസിന് ഐ.എസ്.ഒ 9001 - 2015 സർട്ടിഫിക്കറ്റ് ലഭിച്ചതിന്റെയും ജനമൈത്രി ഭവന സന്ദർശനം പൂർത്തീകരിച്ചതിന്റെയും പ്രഖ്യാപനവും നിർഭയ സേവന പദ്ധതിയുടെ ഉദ്ഘാടനവും നിർവഹിക്കവെയാണ് മുഖ്യമന്ത്രി ഇക്കാര്യം പറഞ്ഞത്.

മികവ് നേടുന്ന പൊലീസ് സേനയ്ക്ക് ഒറ്റപ്പെട്ട ചിലരുടെ പ്രകൃതങ്ങളും രീതികളും അപകീർത്തിയുണ്ടാക്കുന്നു.

പൊലീസിന് ഒരു പുതിയ മുഖം ഉണ്ടാവുക എന്നതാണ് പ്രധാനം. രണ്ട് തെറി പറയുക, പറ്റുമെങ്കിൽ നാല് ചാർത്തി കൊടുക്കുക. ഇങ്ങനെയെല്ലാമുള്ള കാര്യങ്ങൾ ചെയ്യാൻ തങ്ങൾക്കെന്തോ അവകാശമുണ്ട് എന്ന് പണ്ട് പണ്ടേ നമ്മുടെ നാട്ടിലെ പൊലീസ് ധരിച്ച് വച്ചിരിക്കുകയാണ്.

കാലം മാറി, പൊലീസും മാറി. എന്നാലും താൻ മാറില്ല എന്ന് ചിന്തിക്കുന്ന ചില വഷളൻ പ്രകൃതക്കാർ നമ്മുടെ കൂടെയുണ്ട്. അവരോടായി പറയുകയാണ്, ആ രീതി ഉപേക്ഷിക്കാൻ തയ്യാറാകണം. അല്ലെങ്കിൽ കടുത്ത അച്ചടക്ക നടപടിക്ക് ഇരയാകും.

ക്രമവിരുദ്ധമായി പ്രവർത്തിച്ചവരുടെ നേരെ ഇടപെടാൻ പൊലീസിന് അവകാശവും അധികാരവുമുണ്ട്. എന്നാൽ ക്രമവിരുദ്ധമായി പ്രവർത്തിച്ച ഒരാളോട് ക്രമവിരുദ്ധമായും ചട്ടങ്ങൾക്ക് വിരുദ്ധമായും ഇടപെടാൻ പൊലീസിന് അധികാരമില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

മന്ത്രി ജെ. മേഴ്സിക്കുട്ടിഅമ്മ അദ്ധ്യക്ഷത വഹിച്ചു. നിർഭയ സന്നദ്ധ പ്രവർത്തകർക്കുള്ള വേതന വിതരണം നടി മഞ്ജു വാര്യർ നിർവഹിച്ചു. നിർഭയ ലഘുലേഖ എം. നൗഷാദ് എം.എൽ.എ പ്രകാശനം ചെയ്തു. എം. മുകേഷ് എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ജഗദമ്മ, സിറ്റി പൊലീസ് കമ്മിഷണർ എസ്. അജീതാ ബീഗം, കുടുംബശ്രീ ജില്ലാ കോഓർഡിനേറ്റർ എ.ജി. സന്തോഷ്, ആർ. ബീന, എ.സി.പിമാരായ എസ്. ഷിഹാബുദ്ദീൻ, എസ്. ശിവപ്രസാദ്, ജോർജ് കോശി, എ. അശോകൻ, ജവഹർ ജനാർദ്, എം.ആർ. സതീഷ്കുമാർ, എൻ. രാജൻ എന്നിവർ പ്രസംഗിച്ചു.

കൊല്ലം സിറ്റി പൊലീസിന് ഐ.എസ്.ഒ അംഗീകാരം ലഭിച്ചതിന്റെ പ്രഖ്യാപനത്തിനെത്തിയ മുഖ്യമന്ത്രി പിണറായി വിജയനോട് നിർഭയ സേവന പദ്ധതിയുടെ ഉദ്ഘാടനത്തിനെത്തിയ ചലച്ചിത്ര നടി മഞ്ജു വാര്യർ സംസാരിക്കുന്നു. എം.മുകേഷ് എം.എൽ.എ, സിറ്റി പൊലീസ് കമ്മിഷണർ എസ്.അജിതാ ബീഗം എന്നിവർ സമീപം

ഡി.വൈ.എഫ്.ഐ നേതാവിനെ പൊലീസ് മർദ്ദിച്ചത് പ്രകോപിപ്പിച്ചു

ഡി.വൈ.എഫ്.ഐ മേഖലാ കമ്മിറ്റി അംഗത്തെ പൊലീസ് കസ്റ്റഡിയിൽ മർദ്ദിച്ചെന്ന പരാതിയാണ് മുഖ്യമന്ത്രിയുടെ പ്രകോപനത്തിന് ഇടയാക്കിയത്.

കിളികൊല്ലൂർ മേഖലാ കമ്മിറ്റി അംഗം നന്ദുവിന് ഈസ്റ്റ് പൊലീസ് സ്റ്റേഷനിൽ മർദ്ദനമേറ്റെന്നാണ് പരാതി. ശനിയാഴ്ച രാവിലെ കൊല്ലം റെയിൽവേ സ്റ്റേഷന് മുന്നിൽ നന്ദു ഓടിച്ചിരുന്ന സ്കൂട്ടറും പിങ്ക് പൊലീസിന്റെ പട്രോളിംഗ് വാഹനവും കൂട്ടിമുട്ടി. തുടർന്ന് പൊലീസ് കസ്റ്റഡിയിലെടുത്ത നന്ദുവിനെ രണ്ട് മണിക്കൂറിന് ശേഷമാണ് സ്റ്റേഷനിൽ നിന്ന് പുറത്തു വിട്ടത്.

സി.പി.എം ജില്ലാ സമ്മേളനത്തിൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പൊലീസിനെതിരെ ചർച്ച നടന്നതിന് പിന്നാലെയാണ് ഡി.വൈ.എഫ്.ഐ നേതാവിന് മർദ്ദനമേറ്റത്. വാഹനങ്ങൾ കൂട്ടിമുട്ടുമ്പോൾ ഉണ്ടാകുന്ന തർക്കങ്ങൾ സൂചിപ്പിച്ചാണ് മുഖ്യമന്ത്രി പൊലീസ് വിമർശനത്തിലേക്ക് കടന്നത്.

കൊല്ലം സംഭവത്തെ കുറിച്ച് അന്വേഷണം നടക്കുന്നതിനാൽ അതേക്കുറിച്ച് കൂടുതൽ പ്രതികരിക്കുന്നില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

വി.ടി. ബൽറാം പറഞ്ഞത് അനാവശ്യം : വെള്ളാപ്പള്ളി

ചേർത്തല: വി.ടി ബൽറാം എം.എൽ.എ ചാനലുകാരെ വിളിച്ചു വരുത്തി തുണിയുരിഞ്ഞിട്ട് ഓടിയിരുന്നെങ്കിൽ ഇതിനേക്കാൾ വാർത്താ പ്രാധാന്യം ലഭിക്കുമായിരുന്നെന്ന് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ പറഞ്ഞു.

അനവസരത്തിൽ പറഞ്ഞ അനാവശ്യമാണിത്. എ.കെ.ജിയും സുശീല ഗോപാലനും മരിച്ചു മണ്ണടിഞ്ഞു. വാർത്ത കിട്ടാൻ ബാലിശമായ കാര്യങ്ങൾ പറയുന്നത് ശരിയല്ലെന്നും അദ്ദേഹം പറഞ്ഞു. എസ്.എൻ.ഡി.പി യോഗം വാർഷിക സമ്മേളനത്തിനു ശേഷം പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു വെള്ളാപ്പള്ളി. വി.എം. സുധീരനേക്കാൾ ജനകീയനാണ് എം.എം. ഹസൻ. അണികളെ ഒരുമിച്ച് കൊണ്ടുപോകാൻ അദ്ദേഹത്തിനു കഴിയുന്നുണ്ട്. വി.ഡി. സതീശന് യജമാന ഭക്തിയുള്ളതിനാലാണ് സുധീരന് വേണ്ടി ശബ്ദമുയർത്തിയത്. മണിയാശാന്റെ ഭാഷ സുധീരനെതിരെ ഞാൻ പറഞ്ഞിട്ടില്ല. അഹങ്കാരത്തിന് കൈയും കാലും വച്ചയാളാണ് സുധീരൻ. സമുദായത്തെയും വ്യക്തിപരമായി എന്നെയും തുടർച്ചയായി വേട്ടയാടുകയാണ്. ഓഖി ദുരന്തമുഖത്ത് എത്തിയ മുഖ്യമന്ത്രിയെ അപമാനിച്ചത് ശരിയായില്ല. എങ്കിലും ലത്തീൻ സമുദായത്തെ ഞങ്ങൾ കുറ്റപ്പെടുത്തിയിട്ടില്ല. ഓഖി ഫണ്ടിലേക്ക് എസ്.എൻ.ഡി.പി യോഗവും ട്രസ്റ്റും ഇനിയും സഹായം നൽകും. ക്രൈസ്തവ സമുദായത്തിൽ ആരോപണ വിധേയനായ ആലഞ്ചേരി പിതാവിന്റെ സ്ഥാനത്ത് ഞാൻ ആയിരുന്നെങ്കിൽ ഇപ്പോൾ അറസ്റ്റ് വാറണ്ട് വന്നേനെ. ഖജനാവിന് വൻ നഷ്ടമാണ് ഉണ്ടായത്.

പക്ഷേ, വാർത്തയാവുന്നില്ല. ഭരണ, പ്രതിപക്ഷ കക്ഷികൾ വിഷയത്തിൽ ഇരട്ടത്താപ്പാണ് കാട്ടുന്നതെന്നും വെള്ളാപ്പള്ളി പറഞ്ഞു.

എം.എൽ.എ ഓഫീസ് ആക്രമണം

പത്ത് ഡി.വൈ.എഫ്.ഐ പ്രവർത്തകർ അറസ്റ്റിൽ

പാലക്കാട്: വി.ടി. ബൽറാം എം.എൽ.എയുടെ ഓഫീസിന് നേരെ നടന്ന ആക്രമണത്തിൽ പത്ത് ഡി.വൈ.എഫ്.ഐ പ്രവർത്തകരെ തൃത്താല പൊലീസ് അറസ്റ്റ് ചെയ്തു.

ഡി.വൈ.എഫ്.ഐ ജില്ലാ ജോയിന്റ് സെക്രട്ടറി ടി. അബ്ദുൾ കരീം (34), ബ്ലോക്ക് സെക്രട്ടറി പി.പി. സുമോദ് (33), പ്രസിഡന്റ് കെ.പി. പ്രജീഷ് (32), പി.പി. വിജീഷ് (31), കെ.പി. അഭിലാഷ് (30), കെ.പി. അരുൺ (28), ടി.പി. ഷരീഷ് (30), പി. നിജാസ് (25), പി. പൗലോ (26), അരുൺ (26) എന്നിവരെയാണ് അറസ്റ്റ് ചെയ്തത്.

എ.കെ.ജിക്കെതിരെ ഫേസ്ബുക്കിലൂടെ ബൽറാം വിവാദ പരാമർശം നടത്തിയതിൽ പ്രതിഷേധിച്ച് ഡി.വൈ.എഫ്.ഐ നടത്തിയ മാർച്ചിനിടെയാണ് അക്രമം നടന്നത്. ശനിയാഴ്ച വൈകിട്ടായിരുന്നു സംഭവം.

വാഹനാപകടം

അഞ്ച് പവർ ലിഫ്ടിംഗ് താരങ്ങൾ മരിച്ചു

സ്വന്തം ലേഖകൻ

ന്യൂഡൽഹി: ഡൽഹി-ഹരിയാന അതിർത്തിയിൽ കനത്ത മൂടൽമഞ്ഞിനെ തുടർന്നുണ്ടായ വാഹനാപകടത്തിൽ നിലവിലെ പവർ ലിഫ്ടിംഗ് ലോക ചാമ്പ്യൻ സാക്ഷം യാദവ് ഉൾപ്പെടെ അഞ്ച് പവർ ലിഫ്ടിംഗ് താരങ്ങൾക്ക് ദാരുണാന്ത്യം.

ഡൽഹി നിവാസികളും സംസ്ഥാന പവർ ലിഫ്ടിംഗ് താരങ്ങളുമായ ടിക്കം ചന്ദ്, സൗരവ്, യോഗേഷ്, ഹരീഷ് റോയ് എന്നിവരാണ് സാക്ഷമിന് പുറമേ മരിച്ചത്. ഗുരുതരമായി പരിക്കേറ്റ രോഹിതിനെ എയിംസ് ആശുപത്രിയിലേക്ക് മാറ്റി. ഇവർ സഞ്ചരിച്ചിരുന്ന കാർ നിയന്ത്രണം വിട്ട് ഡിവൈഡറിലിടിച്ചായിരുന്നു അപകടം.

തലയ്ക്ക് പരിക്കേറ്റ സാക്ഷം യാദവ് ആന്തരിക രക്തസ്രാവമുണ്ടായതിനെ തുടർന്നാണ് മരിച്ചത്. കഴിഞ്ഞ വർഷം മോസ്കോയിൽ നടന്ന ലോക പവർ ലിഫ്ടിംഗ് ചാമ്പ്യൻഷിപ്പിൽ സാക്ഷം കിരീടം നേടിയിരുന്നു. 2016ൽ ലോക ജൂനിയർ ചാമ്പ്യനായിരുന്നു.

സംഘത്തിലുണ്ടായിരുന്ന രോഹിതിന്റെ ജന്മദിനം ആഘോഷിക്കാൻ ഡൽഹിയിൽ നിന്ന് പാനിപ്പത്തിലേക്ക് പോവുകയായിരുന്നു താരങ്ങൾ. ഡൽഹി-ചണ്ഡിഗഡ് ദേശീയപാതയിൽ ഇന്നലെ പുലർച്ചെ നാല് മണിയോടെയായിരുന്നു അപകടം.

ഡിവൈഡറിലിടിച്ച് പലതവണ മലക്കം മറിഞ്ഞ കാർ വഴിയരികിലെ വൈദ്യുതി പോസ്റ്റിലിടിച്ചാണ് നിന്നത്.

ഇടിയുടെ ആഘാതത്തിൽ കാർ പൂർണമായി തകർന്നു. മൂടൽമഞ്ഞിൽ കാഴ്ച പരിധി കുറവായിരുന്നു. എന്നാൽ, കാർ അമിത വേഗത്തിലായിരുന്നുവെന്നും കാറിനുള്ളിൽ മദ്യക്കുപ്പികൾ കണ്ടെത്തിയിട്ടുണ്ടെന്നും പൊലീസ് അറിയിച്ചു. വാഹനമോടിച്ചയാൾ മദ്യ ലഹരിയിലായിരുന്നോയെന്നും പരിശോധിക്കുന്നുണ്ട്.

വരുന്നൂ, കേരളത്തിന്റെ സ്വന്തം ലാപ്ടോപ്പ്

ഹാർഡ് വെയർ പാർക്കിൽ ലാപ്ടോപ്പ് കമ്പനി

പി.എച്ച്. സനൽകുമാർ

തിരുവനന്തപുരം: ഇന്ത്യയിലാദ്യമായി തദ്ദേശീയമായി ലാപ്ടോപ്പ് നിർമ്മിക്കാൻ കേരളം ഒരുങ്ങുന്നു. ചിപ്പ്, കണ്ടക്ടർ, പ്രോസസർ തുടങ്ങിയ പ്രധാന ഭാഗങ്ങൾ മാത്രം ഇറക്കുമതി ചെയ്യും. ബാക്കി ഘടകങ്ങൾ ഇവിടെ നിർമ്മിക്കും. ചെറുതും വലുതുമായ നാനൂറോളം ഘടകങ്ങളാണ് ലാപ്ടോപ്പിനുള്ളത്. ഇതിൽ 60 ശതമാനവും സ്വന്തമായി നിർമ്മിക്കുന്നതിനാൽ തദ്ദേശീയം എന്ന നിർവചനത്തിൽ വരും.

തിരുവനന്തപുരത്തോ കൊച്ചിയിലോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഹാർഡ് വെയർ പാർക്കിൽ ആയിരിക്കും ലാപ്ടോപ്പ് കമ്പനി. ഇതിൽ ടെസ്റ്റിംഗ് യൂണിറ്റും ലബോറട്ടറിയും അസംബ്ലിംഗ് യൂണിറ്റും ഉണ്ടാവും. ആറുമാസത്തിനുള്ളിൽ കമ്പനിയുടെ പ്രവർത്തനം തുടങ്ങാനാണ് ആലോചിക്കുന്നത്. പ്രത്യേക കമ്പനി രൂപീകരിച്ച് മൂലധനം സമാഹരിക്കും. കേന്ദ്രസംസ്ഥാന സർക്കാരുകൾ പങ്കാളിത്തം വഹിക്കും. ഇലക്ട്രോണിക്സ് ആൻഡ് ഹാർഡ്‌വെയർ മിഷൻ തയ്യാറാക്കിയ പദ്ധതിക്ക് സർക്കാർ അനുമതി നൽകി.

'ഇന്റൽ ഇൻസൈഡ്'

കമ്പ്യൂട്ടർ പ്രോസസർ നിർമ്മാണത്തിൽ ലോകപ്രശസ്തമായ ഇന്റൽ കമ്പനിയാണ് പദ്ധതിയിലെ പങ്കാളി. പ്രോസസർ ഉൾപ്പെടെയുള്ള സാങ്കേതിക സഹായം ഇന്റൽ നൽകും.

അനുബന്ധ ഉപകരണങ്ങളും പാർട്സുകളും സംസ്ഥാനത്തെ സ്റ്റാർട്ട് അപ് സംരംഭങ്ങളും ചെറുകിട വ്യവസായ സ്ഥാപനങ്ങളും നിർമ്മിക്കും. ലാപ്ടോപ്പ് നിർമ്മാണത്തിനുള്ള സാങ്കേതിക പരിജ്ഞാനവും അടിസ്ഥാന സൗകര്യവുമുള്ള 150 ഓളം ചെറുകിട വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടെന്ന് ഹാർഡ്‌വെയർ മിഷന്റെ സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്.

ത്രീ ഡി പ്രിന്റിംഗ് പോലുള്ള സാങ്കേതിക വിദ്യകളിൽ നിപുണരായ സ്റ്റാർട്ട് അപ് സംരംഭങ്ങളെയും ഉപയോഗിക്കും.

ചെനൈ, ജപ്പാൻ, അമേരിക്ക, ജർമ്മനി എന്നിവിടങ്ങളിൽ നിന്ന് എത്തിക്കുന്ന ഘടകങ്ങൾ ഉപയോഗിച്ച് അസംബ്ലിൾ ചെയ്താണ് നിലവിൽ ഡെൽ, ഫിലിപ്സ്, വിപ്രോ, എച്ച്.പി, അസ്യൂസ്, ലെനോവോ തുടങ്ങിയ കമ്പനികൾ രാജ്യത്ത് ലാപ്ടോപ്പുകൾ നിർമ്മിക്കുന്നത്. 60 ശതമാനവും ചെനൈയെയാണ് ആശ്രയിക്കുന്നത്.



ലാപ്ടോപ്പുകൾ സർക്കാരിന് വേണം

ലാപ്ടോപ്പുകളുടെ പ്രധാന ഉപഭോക്താക്കൾ സംസ്ഥാന സർക്കാരായിരിക്കും. ഒരു വർഷത്തിനുള്ളിൽ സ്കൂളുകൾക്ക് 16,000 ലാപ്ടോപ്പുകളും പഞ്ചായത്ത്, താലൂക്ക്, കളക്ടറേറ്റുകൾ, സർക്കാർ വകുപ്പുകൾ എന്നിവിടങ്ങളിൽ 6,000 ലാപ്ടോപ്പുകളും ആവശ്യമുണ്ട്.

കൂടാതെ 15,000 ഡെസ്ക് ടോപ്പുകളും പതിനായിരത്തോളം സ്കാനർ, പ്രിന്റർ എന്നിവയും ആവശ്യമുണ്ടെന്നാണ് കണക്ക്.

"സംസ്ഥാനത്ത് നൂറ് കണക്കിന് തൊഴിലവസരങ്ങളും ചെറുകിട, സ്റ്റാർട്ട് അപ് സംരംഭങ്ങൾക്ക് പുതിയ ഉണർവ്വും ഐ.ടി. കേരള ബ്രാൻ=ഡിന് വൻ അംഗീകാരവും നേടിക്കൊടുക്കുന്ന പദ്ധതിയാണിത്"

-ഡോ. ജയ്ശങ്കർ പ്രസാദ്, ഇലക്ട്രോണിക്സ് ആൻഡ് ഹാർഡ്‌വെയർ മിഷൻ സ്പെഷ്യൽ ഓഫീസർ
എം. ശിവശങ്കർ ഐ.ടി. സെക്രട്ടറി

ഇട്ടി അച്യുതൻ വൈദ്യർ ഡിജിറ്റൽ ക്വിസ്: രജിസ്ട്രേഷൻ തുടങ്ങി

തിരുവനന്തപുരം: സംസ്ഥാന യുവജന ക്ഷേമബോർഡിന്റെ സഹകരണത്തോടെ ഹോർത്തൂസ് മലബാറിക്കസ് ട്രസ്റ്റ് സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ പ്രഥമ ഇട്ടി അച്യുതൻ വൈദ്യർ സ്മാരക മെഗാ ഡിജിറ്റൽ ക്വിസ് 21ന് രാവിലെ 9ന് ചേർത്തല കണ്ടമംഗലം ആരാധന ഓഡിറ്റോറിയത്തിൽ നടക്കും. രണ്ട് പേരടങ്ങുന്ന ടീമിന് പങ്കെടുക്കാം. ഒന്നാം സ്ഥാനക്കാർക്ക് 10001 രൂപയും ഇട്ടി അച്യുതൻ വൈദ്യരുടെ ചിത്രം ആലേഖനം ചെയ്ത മെമന്റോയുമാണ് സമ്മാനം. പങ്കെടുക്കുന്ന മുഴുവൻ പേർക്കും പ്രോത്സാഹന സമ്മാനങ്ങളും യുവജന ക്ഷേമ ബോർഡിന്റെ സർട്ടിഫിക്കറ്റും നൽകും. 15നകം 9400818000, 9388559459 എന്നീ വാട്ട്സ്ആപ് നമ്പരുകളിലോ hortustrust@gmail.com എന്ന മെയിൽ വിലാസത്തിലോ രജിസ്റ്റർ ചെയ്യണം.

ധനലക്ഷ്മി ബാങ്ക് ചെയർമാൻ രാജിവച്ചു

തൃശൂർ: ധനലക്ഷ്മി ബാങ്കിന്റെ പാർട്ട് ടൈം ചെയർമാൻ ഡോ. ജയറാം നായർ രാജിവച്ചു. ഓഹരി വിപണികൾക്ക് സമർപ്പിച്ച കത്തിലാണ് ബാങ്ക് ഇക്കാര്യം അറിയിച്ചത്. രാജിവയ്ക്കാനുള്ള കാരണം ബാങ്കോ ഡോ. ജയറാമോ വ്യക്തമാക്കിയിട്ടില്ല. ബാങ്കിംഗ് രംഗത്ത് മൂന്നര പതിറ്റാണ്ടിലേറെ പ്രവർത്തന പരിചയമുള്ള ഡോ. ജയറാം 2016 ഏപ്രിലിലാണ് ധനലക്ഷ്മി ബാങ്ക് പാർട്ട് ടൈം ചെയർമാനായി നിയമിതനായത്.

വാക്ക് ഇൻ ഇന്റർവ്യൂ മാറ്റിവച്ചു

തിരുവനന്തപുരം: കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ അസിസ്റ്റന്റ് പ്രോജക്ട് എൻജിനിയർ തസ്തികയിലേക്ക് 10ന് തൃശൂർ കൺസ്ട്രക്ഷൻ എൻജിനിയറുടെ കാര്യാലയത്തിൽ നടത്താൻ നിശ്ചയിച്ചിരുന്ന വാക്ക് ഇൻ ഇന്റർവ്യൂ മാറ്റിവച്ചതായി മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

ശബരിമലയിൽ ഇന്ന്

നടതുറക്കൽ: പുലർച്ചെ 3ന്	
നിർമ്മാല്യദർശനം:	3.05
ഗണപതിഹോമം:	3.15
നെയ്യഭിഷേകം:	3.15-7.15
ഉഷഃപൂജ:	7.30
നെയ്യഭിഷേകം:	8-11.30
ഉച്ചപൂജ:	12.30
നടഅടയ്ക്കൽ:	1.30
വൈകിട്ട് നടതുറക്കൽ:	3.30
ദീപാരാധന:	6.30
പുഷ്പാഭിഷേകം:	7:00
അത്താഴപൂജ:	10.30
ഹരിവരാസനം:	11.00

ജൈവവൈവിദ്ധ്യ കോൺഗ്രസ്: മത്സരത്തിന് പേരു നൽകാം

തിരുവനന്തപുരം: ആർട്സ് കോളേജിൽ 27ന് നടക്കുന്ന ജില്ലാ ജൈവവൈവിദ്ധ്യ കോൺഗ്രസിൽ പങ്കെടുക്കുന്നതിനുള്ള രജിസ്ട്രേഷൻ തുടങ്ങി. 20 വരെ പേര് നൽകാം. സർക്കാർ എയ്ഡഡ്, സർക്കാർ അഫിലിയേറ്റഡ് അൺഎയ്ഡഡ് സ്കൂളുകളിലെ യു.പി, എച്ച്.എസ്, എച്ച്.എസ്.എസ്. വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. ചിത്രരചന, ക്വിസ് മത്സരങ്ങളും പ്രോജക്ടുമാണ് ഉള്ളത്. പ്രോജക്ട് പത്തുപേജിൽ കവിയാതെ ഇംഗ്ലീഷിലോ മലയാളത്തിലോ തയാറാക്കണം. കൂടുതൽ വിവരങ്ങൾക്ക് 9895133841, 8547148380. വെബ്സൈറ്റ് www.keralabiodiversityboard.org.

അംഗപരിമിതരുടെ കൃതികൾ ക്ഷണിക്കുന്നു

തിരുവനന്തപുരം: ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ പ്രസിദ്ധീകരിച്ചിട്ടുള്ള കൃതികൾ അവാർഡിനായി ക്ഷണിക്കുന്നു. ജീവചരിത്രം, ശാസ്ത്ര സാഹിത്യം, ബാലസാഹിത്യം, കവിതാ, കഥാ സമാഹാരം, നോവൽ, ചിത്രരചനകൾ എന്നിവയാണ് പരിഗണിക്കുക. മൂന്ന് കോപ്പികൾ വീതം ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രത്തോടൊപ്പം 10നകം സംസ്ഥാന കമ്മിഷണർ, അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മിഷണറേറ്റ്, സോഷ്യൽ വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ കോംപ്ലക്സ്, പൂജപ്പുര, തിരുവനന്തപുരം 695012 എന്ന വിലാസത്തിൽ ലഭിക്കണം.

കല, ചരിത്ര സംരക്ഷണത്തിന് കലാകാരന്മാർ ഒത്തുചേരുന്നു

തിരുവനന്തപുരം: മതേതര കലയും ചരിത്രവും സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് പുരോഗമന കലാസാഹിത്യ സംഘത്തിന്റെ നേതൃത്വത്തിൽ പ്രമുഖ എഴുത്തുകാരും കലാകാരന്മാരും 17ന് ഡൽഹിയിലും 18ന് ആഗ്രയിലും ഒത്തുചേരുന്നു. കേരളത്തിൽ നിന്ന് 50 കലാ, സാംസ്കാരിക പ്രവർത്തകർ പങ്കെടുക്കും. സച്ചിദാനന്ദൻ, ഓംചേരി, എം.എ. ബേബി എന്നിവർ നേതൃത്വം നൽകും.

ബാബ്റി മസ്ജിദ് തകർത്തവർ ഇപ്പോൾ ലക്ഷ്യം വയ്ക്കുന്നത് ഇന്ത്യയുടെ മതേതരഹൃദയമായ താജ്മഹലിനെയാണ്. ഉത്തരപ്രദേശിന്റെ വിനോദസഞ്ചാര ഭൂപടത്തിൽ നിന്ന് താജ്മഹലിനെ ഒഴിവാക്കി. അത് ക്ഷേത്രമായിരുന്നുവെന്ന് സ്ഥാപിക്കാനാണ് ഇപ്പോഴത്തെ ശ്രമം. ഇത്തരം നീക്കത്തിനെതിരായ ജാഗ്രതപ്പെടുത്തലാണ് ഡൽഹിയിലും ആഗ്രയിലുമെന്ന് പുരോഗമന കലാസാഹിത്യസംഘം ഭാരവാഹികളായ വൈശാഖനും പ്രൊഫ. വി. എൻ. മുരളിയും അറിയിച്ചു.

എട്ട് കൊല്ലത്തിനു ശേഷം കാർഷിക യൂണി. ലാസ്റ്റ് ഗ്രേഡ് പരീക്ഷ 21ന്

▸രാജൻ പുരക്കോട്

KAUMUDI SPECIAL

തിരുവനന്തപുരം: പരീക്ഷയെക്കുറിച്ചുമിണ്ടാതെ എട്ടുകൊല്ലത്തിലേറെ കേരള കാർഷിക സർവകലാശാല ഉദ്യോഗാർത്ഥികളെ ചുറ്റിച്ച ലാസ്റ്റ് ഗ്രേഡ് പരീക്ഷ ജനുവരി 21ന് നടക്കും. തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിലാണ് സെന്ററുകൾ. പരീക്ഷയ്ക്ക് സ്വന്തം സൗകര്യമില്ലാത്തതിനാൽ എൽ.ബി.എസ്, ഒ.എം.ആർ ടെസ്റ്റ് നടത്തി റാങ്ക് ലിസ്റ്റ് തയാറാക്കിക്കൊടുക്കും.

ഹാൾടിക്കറ്റ് തപാലിലൂടെ കിട്ടാത്തവർക്ക് 10 മുതൽ www.lbskerala.com ൽ നിന്ന് ഡൗൺലോഡ് ചെയ്യാം. ഏഴാം ക്ലാസ് യോഗ്യതയിൽ നടത്തുന്ന പി.എസ്.സി പരീക്ഷയ്ക്ക് സമാനമാണ് സിലബസ്.

2009 നവംബറിൽ വിജ്ഞാപനം ചെയ്യുതും നാൽപ്പതിനായിരത്തോളം പേർ അപേക്ഷിച്ചതുമായ പരീക്ഷയാണിപ്പോൾ നടക്കുന്നത്. ഫീസായി അരക്കോടിയോളം രൂപ പിരിച്ചിരുന്നു. സംസ്ഥാന യുവജന കമ്മിഷനും ലോകായുക്തയും വിധിച്ചിട്ടും പരീക്ഷ നടത്താൻ കൂട്ടാക്കിയിരുന്നില്ല. പരീക്ഷയില്ലെങ്കിൽ ഫീസെങ്കിലും മടക്കിക്കൊടുക്കാൻ ആവശ്യപ്പെട്ടിരുന്നു. ഒടുവിൽ ഹൈക്കോടതി ഇടപെട്ടതോടെയാണ് പരീക്ഷ.

നാൽപ്പതുലക്ഷം കൊടുത്ത് എട്ടുകൊല്ലം മുമ്പ് എൽ.ബി.എസിനെക്കൊണ്ട് പരീക്ഷ നടത്താൻ തുടങ്ങിയപ്പോൾ, സർവകലാശാലാ മിനിസ്റ്റീരിയൽ നിയമനങ്ങൾ പി.എസ്.സിക്കുവിടാൻ സർക്കാർ തീരുമാനിച്ചതാണ് വിനയായത്. പരീക്ഷ പി.എസ്.സി നടത്തുമോ എന്ന് വെറുതേയൊരു സംശയമായി യൂണിവേഴ്സിറ്റിക്ക്. നേരത്തേ തീരുമാനിച്ച പരീക്ഷ യൂണിവേഴ്സിറ്റി തന്നെയാണ് നടത്തേണ്ടിയിരുന്നത്. സംശയം സർക്കാരിലേക്കെഴുതി പരീക്ഷ നീട്ടിക്കൊണ്ടുപോവുകയായിരുന്നു. മിനിസ്റ്റീരിയൽ നിയമനങ്ങൾ പി.എസ്.സിക്ക് വിട്ടെന്ന പ്രഖ്യാപിച്ചതല്ലാതെ തുടർന്നൊന്നും ചെയ്യതില്ല ഇടത് സർക്കാർ.

- 1850 ലാസ്റ്റ്ഗ്രേഡുകാരാണ് ആകെ വേണ്ടത്
- 1010 പേരെ യൂണിവേഴ്സിറ്റിക്ക് ഇപ്പോഴുള്ളൂ
- 840 പേർ താത്കാലിക ക്ലാസ് ഫോറുകാർ
- 600 സ്ഥിരം ഒഴിവുകൾ ഇപ്പോൾ തന്നെയുണ്ട്
- ഒഴിവുകൾ ഔദ്യോഗികമായി കണക്കാക്കിയിട്ടില്ല.

റാങ്ക് ലിസ്റ്റ് ഫെബ്രുവരി 20-ഓടെ

22ന് ഉത്തരസൂചിക പ്രസിദ്ധീകരിച്ചേക്കും. തെറ്റുകുറ്റങ്ങൾ ആ ആഴ്ചതന്നെ ചൂണ്ടിക്കാട്ടാം. മൂല്യനിർണയം ജനുവരി അവസാനത്തോടെ ആരംഭിച്ചാൽ രണ്ടാഴ്ചകൊണ്ട് തീർക്കാം. ഫെബ്രു. 20 ഓടെ റാങ്ക് ലിസ്റ്റ് കൈമാറാം. വൈകിപ്പിച്ചില്ലെങ്കിൽ ഏപ്രിലോടെ നിയമനം ആരംഭിക്കാനാവുമെന്ന് പ്രതീക്ഷിക്കാം.

കൊല്ലത്ത് വീണ്ടും ബാലഗോപാൽ

■ സി.പി.എം ജില്ലാ കമ്മിറ്റിയിൽ ഏഴ് പുതുമുഖങ്ങൾ

കൊല്ലം: കെ.എൻ. ബാലഗോപാലിനെ സി.പി.എം ജില്ലാ സെക്രട്ടറിയായി രണ്ടാം തവണയും തിരഞ്ഞെടുത്തു. കഴിഞ്ഞ സമ്മേളനത്തിലാണ് ആദ്യമായി ജില്ലാ സെക്രട്ടറിയായത്.

എസ്.എഫ്.ഐയിലൂടെ രാഷ്ട്രീയരംഗത്തെത്തിയ ബാലഗോപാൽ എസ്.എഫ്.ഐയുടെയും ഡി.വൈ.എഫ്.ഐയുടെയും അഖിലേന്ത്യാ പ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂരിൽ പി.കെ. നാരായണപ്പണിക്കരുടെയും ഒ.വി. രാധാമണി അമ്മയുടെയും മകനാണ്. കൊല്ലം എസ്.എൻ കോളേജ്, പുനലൂർ എസ്.എൻ കോളേജ്, ലാ അക്കാഡമി എന്നിവിടങ്ങളിലായി വിദ്യാഭ്യാസം. എം.കോം, എൽഎൽ.എം ബിരുദധാരിയാണ്. 2010ൽ രാജ്യസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു. കേരള സർവകലാശാല സിൻഡിക്കേറ്റംഗം, വി.എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ പൊളിറ്റിക്കൽ സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. 1998 മുതൽ സി.പി.എം സംസ്ഥാന കമ്മിറ്റി അംഗമാണ്. കോളേജ് അദ്ധ്യാപികയായ ആശ പ്രഭാകരനാണ് ഭാര്യ. രണ്ട് മക്കൾ.

ബാലഗോപാൽ

നിലവിലെ ജില്ലാകമ്മിറ്റിയിൽ നിന്ന് അഞ്ചുപേരെ ഒഴിവാക്കി. ഏഴ് പേരെ പുതുതായി ഉൾപ്പെടുത്തി. എ.എം. ഇക്ബാൽ, എൻ. സന്തോഷ്, എൻ. ജഗദീശൻ, പി. തങ്കപ്പൻപിള്ള, സി. രാധാമണി, ആർ. ബിജു, ജി. സുന്ദരേശൻ എന്നിവരാണ് പുതുമുഖങ്ങൾ.

അധികൃതർ ഉണർന്നപ്പോൾ റോഡപകടങ്ങൾ കുറഞ്ഞു

തിരുവനന്തപുരം: ട്രാഫിക് പരിശോധനയും ബോധവത്കരണ പ്രവർത്തനങ്ങളും ശക്തമാക്കിയതോടെ സംസ്ഥാനത്ത് റോഡപകടങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായതായി കണക്കുകൾ വ്യക്തമാക്കുന്നു.

റോഡപകടങ്ങളിൽ മരിച്ചവരുടെയും ഗുരുതരമായി പരിക്കേറ്റവരുടെയും എണ്ണത്തിലും കുറവുണ്ട്. 2016ൽ 39420 റോഡപകടങ്ങളാണ് സംസ്ഥാനത്തുണ്ടായതെങ്കിൽ 2017ൽ ഇത് 38462 ആയി കുറഞ്ഞു.

തിരുവനന്തപുരം സിറ്റി, കൊല്ലം റൂറൽ, പത്തനംതിട്ട, എറണാകുളം സിറ്റി, എറണാകുളം റൂറൽ, ഇടുക്കി, തൃശൂർ റൂറൽ, പാലക്കാട്, മലപ്പുറം, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിലാണ് വാഹനാപകടങ്ങളുടെ എണ്ണത്തിൽ പ്രധാനമായും കുറവുണ്ടായത്.

തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ, ആലപ്പുഴ, എറണാകുളം റൂറൽ, ഇടുക്കി, തൃശൂർ സിറ്റി, തൃശൂർ റൂറൽ, മലപ്പുറം, കോഴിക്കോട് റൂറൽ, വയനാട്, കാസർകോട് ജില്ലകളിലാണ് അപകടമരണങ്ങളിൽ കുറവുണ്ടായത്.

റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നിരവധി പദ്ധതികൾ പൊലീസും മോട്ടോർ വാഹനവകുപ്പും ആവിഷ്കരിച്ചിരുന്നു.

സ്കൂൾ കുട്ടികളുടെ സഹായത്തോടെ ബോധവത്കരണം നടത്തുന്നതിനുള്ള ശുഭയാത്ര പദ്ധതി, അപകടത്തിൽപ്പെട്ടവർക്ക് വേഗത്തിൽ ചികിത്സ കിട്ടുന്നതിന് സോഫ്ട് പദ്ധതി തുടങ്ങിയവയിലൂടെ പൊലീസ് നടത്തിയ പ്രവർത്തനങ്ങൾ അപകടനിരക്ക് കുറയ്ക്കുന്നതിൽ നിർണായകമായി. സോഫ്ട് പദ്ധതിക്ക് ദേശീയ അംഗീകാരം ലഭിച്ചിരുന്നു. കൂടുതൽ അപകടങ്ങൾ നടന്ന മേഖലകൾ കണ്ടെത്തി പൊലീസിനെ വിന്യസിക്കുകയും കൂടുതൽ നിരീക്ഷണ കാമറകൾ സ്ഥാപിക്കുകയും ചെയ്തു. അലക്ഷ്യമായ പാർക്കിംഗ് ഒഴിവാക്കാൻ നടപടിയെടുത്തു. രൂപം മാറ്റിയ വാഹനങ്ങൾക്ക് എതിരെ കർശന നടപടികൾ കൈക്കൊണ്ടു.

റോഡപകടങ്ങൾ
2016 39420
2017 38462

റോഡപകടങ്ങളിൽ മരിച്ചവർ
2016............... 4287
2017............. 4035

ഗുരുതരമായി പരിക്കേറ്റവർ
2016 30100
2017................29471

" 2018ൽ റോഡപകടങ്ങളും അപകടമരണങ്ങളും കുറയ്ക്കുന്നതിന് കൂടുതൽ ജാഗ്രതയോടെ പ്രവർത്തിക്കും. ഇക്കാര്യത്തിൽ പൊലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ലോക്നാഥ് ബെഹ്റ
സംസ്ഥാന പൊലീസ് മേധാവി

ചെന്നൈ - എറണാകുളം റൂട്ടിൽ ആറ് സ്പെഷ്യൽ ട്രെയിൻ സർവീസ്

തിരുവനന്തപുരം: ചെന്നൈക്കും എറണാകുളത്തിനുമിടയിൽ ആറ് സ്പെഷ്യൽ ട്രെയിൻ സർവീസ് നടത്തും.

നമ്പർ 82633 സുവിധ സ്പെഷ്യൽ ചെന്നൈയിൽ നിന്ന് 25ന് രാത്രി 10.30ന് പുറപ്പെട്ട് പിറ്റേന്ന് രാവിലെ 10.50നും, 82631 സുവിധ സ്പെഷ്യൽ 12ന് രാത്രി 8ന് ചെന്നൈയിൽ നിന്ന് പുറപ്പെട്ട് പിറ്റേന്ന് രാവിലെ 9നും, 06005 സ്പെഷ്യൽ ഫെയർ ട്രെയിൻ ഫെബ്രുവരി 2,9,16,23, മാർച്ച് 2,9,16,23,30 ദിവസങ്ങളിൽ രാത്രി 8ന് ചെന്നൈയിൽ നിന്ന് പുറപ്പെട്ട് പിറ്റേന്ന് രാവിലെ 8.45നും എറണാകുളത്തെത്തും.

എറണാകുളത്തുനിന്ന് 06008 സ്പെഷ്യൽ ഫെയർ ട്രെയിൻ 11ന് പുറപ്പെട്ട് പിറ്റേന്ന് രാവിലെ 10.30നും 82632 സുവിധ സ്പെഷ്യൽ ട്രെയിൻ 28ന് വൈകിട്ട് 7ന് പുറപ്പെട്ട് പിറ്റേന്ന് രാവിലെ 7.20നും 06006 സ്പെഷ്യൽ ഫെയർ ട്രെയിൻ ഫെബ്രുവരി 4,11,18,25, മാർച്ച് 14,11,18,25, ഏപ്രിൽ 1 തീയതികളിൽ രാത്രി 7ന് പുറപ്പെട്ട് പിറ്റേന്ന് രാവിലെ 7.20നും ചെന്നൈയിലെത്തും.

ഇ.എൻ. മോഹൻദാസ് സി.പി.എം മലപ്പുറം ജില്ലാ സെക്രട്ടറി

പെരിന്തൽമണ്ണ: സി.പി.എം മലപ്പുറം ജില്ലാ സെക്രട്ടറിയായി ഇ.എൻ. മോഹൻദാസിനെ ഐകകണ്ഠ്യേന തിരഞ്ഞെടുത്തു. നിലവിലെ സെക്രട്ടറി പി.പി. വാസുദേവനാണ് മോഹൻദാസിന്റെ പേര് നിർദ്ദേശിച്ചത്. ആരോഗ്യപ്രശ്നങ്ങളെ തുടർന്ന് സ്ഥാനമൊഴിയാൻ പി.പി. വാസുദേവൻ താത്പര്യം പ്രകടിപ്പിച്ചതിനെ തുടർന്നാണ് മോഹൻദാസിനെ തിരഞ്ഞെടുത്തത്. എസ്.എഫ്.ഐ അഖിലേന്ത്യ പ്രസിഡന്റ് വി.പി. സാനുവടക്കം 11 പുതുമുഖങ്ങളടങ്ങിയതാണ് പുതിയ ജില്ലാ കമ്മിറ്റി. ഇ. പത്മാക്ഷൻ, എൻ. കണ്ണൻ, കെ. ഭാസ്കരൻ, എൻ. പ്രമോദ് ദാസ്, കെ.പി. ശങ്കരൻ, പി.കെ. ഖലീമുദ്ദീൻ, ബി. മുഹമ്മദ് റസാഖ്, വി.പി. സോമസുന്ദരൻ, ടി.പി. സത്യൻ, വി.ടി. സോഫിയ തുടങ്ങിയവരാണ് മറ്റ് പുതിയ അംഗങ്ങൾ. എട്ട് അംഗങ്ങളെ ഒഴിവാക്കി.

പാർട്ടിയുടെ വിവിധ തലങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള ഇ.എൻ. മോഹൻദാസ് 22 വർഷമായി ജില്ലാ സെക്രട്ടേറിയറ്റംഗമാണ്. അറിയപ്പെടുന്ന സഹകാരി, സാംസ്കാരിക, സാമൂഹ്യ, രാഷ്ട്രീയ മണ്ഡലങ്ങളിൽ വിപുലമായ സൗഹൃദബന്ധം ആർജ്ജിച്ച നേതാവ്, അദ്ധ്യാപകൻ തുടങ്ങിയ നിലകളിൽ ശ്രദ്ധനേടി. ദേശാഭിമാനി മലപ്പുറം യൂണിറ്റിന്റെ ആദ്യ മാനേജരായിരുന്നു. മലപ്പുറത്തെ ഇ.എം.എസ് പഠനകേന്ദ്രം സെക്രട്ടറിയാണ്. മലപ്പുറത്ത് സി.പി.എമ്മിനെ ഒന്നാമത്തെ പാർട്ടിയാക്കി വളർത്താനുള്ള കർമ്മപദ്ധതികൾക്ക് നേതൃത്വം നൽകുകയാണ് ജില്ലാസമ്മേളനം അർപ്പിച്ച പ്രധാന ഉത്തരവാദിത്വമെന്ന് ഇ.എൻ. മോഹൻദാസ് പറഞ്ഞു.

മോഹൻദാസ്

അസംഘടിത മേഖലയിൽ ശ്രദ്ധയൂന്നാൻ ഐ.എൻ.ടി.യു.സി

▸പ്രത്യേക ലേഖകൻ

കൊച്ചി: കാർഷികമേഖലയ്ക്ക് മുൻഗണന നൽകി രാജ്യത്തെ അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിന് കൂടുതൽ പ്രവർത്തനപരിപാടികൾ സംഘടിപ്പിക്കാൻ ഐ.എൻ.ടി.യു.സി അഖിലേന്ത്യാ പ്രവർത്തക സമിതി യോഗം തീരുമാനിച്ചു. സർക്കാരുകൾ ഇപ്പോൾ മുതലാളിമാർക്കൊപ്പമാണ്. കോർപറേറ്റുകളും ബിസിനസ് അസോസിയേഷനുകളും പണമുപയോഗിച്ച് സാമാജികരെയും ഉദ്യോഗസ്ഥരെയും വിലയ്ക്കെടുക്കുന്നുണ്ട്.

രാജ്യത്തെ എഴുപത് ശതമാനത്തിലേറെ വ്യവസായ സ്ഥാപനങ്ങളെയും തൊഴിലാളികളെയും ഒട്ടുമിക്ക തൊഴിൽ നിയമങ്ങളുടെയും പരിധിയിൽ നിന്നൊഴിവാക്കി. 44 തൊഴിൽ നിയമങ്ങൾ നാല് ലേബർ കോഡുകളുമായി ലയിപ്പിച്ചു. തൊഴിൽ മേഖലയിൽ കടുത്ത അരക്ഷിതാവസ്ഥയ്ക്കും തൊഴിൽ പീഡനത്തിനും ഇത് കാരണമാകും.

സർക്കാരുകളിൽ കോർപറേറ്റുകൾ പിടിമുറുക്കുന്നത് തൊഴിലാളി വർഗത്തിന് കടുത്ത വെല്ലുവിളിയാണെന്ന് പ്രവർത്തകസമിതി വിലയിരുത്തി. കരാർ തൊഴിലാളികളും അസംഘടിത മേഖലയിലെ തൊഴിലാളികളും ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാത്തത് ആശങ്കയുയർത്തുന്നു.

ഒരാഴ്ച ദേശീയ പണിമുടക്കിന് തീരുമാനം

പൊതുമേഖലാസ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കുന്നതുൾപ്പെടെയുള്ള കേന്ദ്ര നടപടികൾക്കെതിരെ ഒരാഴ്ച നീളുന്ന ദേശീയ പണിമുടക്കിന് നേതൃത്വം നൽകാൻ കൊച്ചിയിൽ സമാപിച്ച ഐ.എൻ.ടി.യു.സി അഖിലേന്ത്യാ പ്രവർത്തക സമിതി യോഗം തീരുമാനിച്ചു. ഇതര തൊഴിലാളി സംഘടനകളുമായി കൂടിയാലോചിച്ച് പണിമുടക്ക് പ്രഖ്യാപിക്കും.

ഐക്യ ട്രേഡ് യൂണിയൻ സമിതിയുടെ ആഭിമുഖ്യത്തിലായിരിക്കും പണിമുടക്കെന്ന് ഐ.എൻ.ടി.യു.സി അഖിലേന്ത്യാ പ്രസിഡന്റ് ജി. സഞ്ജീവറെഡ്ഡി പറഞ്ഞു. ബി.എം.എസും പണിമുടക്കുമായി സഹകരിക്കാൻ താത്പര്യം അറിയിച്ചിട്ടുണ്ട്. പാർലമെന്റിൽ ബഡ്ജറ്റ് ചർച്ച ചെയ്യുന്ന സമയത്ത് പണിമുടക്ക് സംഘടിപ്പിക്കും. റെയിൽവേ, തുറമുഖം, വ്യോമയാനം എന്നീ മേഖലകളിലുൾപ്പെടെ സമ്പൂർണ പണിമുടക്കാണ് ലക്ഷ്യം. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ വരെ സ്വകാര്യവത്കരിക്കുന്ന നയമാണ് കേന്ദ്രം സ്വീകരിക്കുന്നത്. തൊഴിലാളികളുടെയും ജനങ്ങളുടെയും സ്വത്താണ് പൊതുമേഖലാ സ്ഥാപനങ്ങൾ. അവയെ തോന്നും പോലെ വിറ്റഴിക്കാൻ സർക്കാരിന് അവകാശമില്ല.

എല്ലാ തൊഴിലാളികളെയും പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തണം. തൊഴിലാളി വിരുദ്ധ സമീപനങ്ങൾ ഉൾപ്പെടുത്തി തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്നത് നിറുത്തിവയ്ക്കണം. ബുള്ളറ്റ് ട്രെയിന് പിന്നാലെ പോകുന്ന കേന്ദ്രം റെയിൽവേയുടെ സുരക്ഷാ ക്രമീകരണങ്ങൾ ആദ്യം ശക്തിപ്പെടുത്തണം. മൂന്ന ലക്ഷത്തോളം ഒഴിവുകൾ റെയിൽവേയിൽ നിലവിലുണ്ട്.

കേന്ദ്ര ട്രേഡ് യൂണിയനുകളുടെ അംഗത്വ റഫറണ്ടം ഉടൻ പൂർത്തിയാക്കി ഫലം പ്രഖ്യാപിക്കണം. മൂന്നേകാൽ ലക്ഷം പുതിയ അംഗങ്ങളെ ഐ.എൻ.ടി.യു.സി ചേർത്തിട്ടുണ്ട്. റഫറണ്ടം പൂർത്തിയായാൽ ഏറ്റവും വലിയ തൊഴിലാളി സംഘടനയായി ഐ.എൻ.ടി.യു.സി മാറുമെന്ന് സഞ്ജീവറെഡ്ഡി പറഞ്ഞു.

ദേശീയ ജനറൽ സെക്രട്ടറി രാജേന്ദ്രപ്രസാദ് സിംഗ്, മുതിർന്ന നേതാവ് രാഘവയ്യ, സംസ്ഥാന പ്രസിഡന്റ് ആർ. ചന്ദ്രശേഖരൻ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

അടുത്ത ഐഡിയ ഡേ കോഴിക്കോട്ട്

തിരുവനന്തപുരം: കേരള സ്റ്റാർട്ടപ്പ് മിഷൻ അടുത്തമാസം കോഴിക്കോട്ട് സംഘടിപ്പിക്കുന്ന 'ഐഡിയ ഡേ' യിൽ കൂടുതൽ മേഖലകളിലെ സ്റ്റാർട്ടപ്പുകൾക്ക് ഗ്രാന്റ് നൽകും. ഫെബ്രുവരി അഞ്ചിനാണ് ഐഡിയ ഡേ. 12-നു മുമ്പ് അപേക്ഷിക്കണം. https://startupmission.kerala.gov.in/pages/ideaday

ചില്ലറ വ്യാപാരം, റിയൽ എസ്റ്റേറ്റ്, ടൂറിസം, ഫിൻടെക്, കാർഷിക സാങ്കേതിക വിദ്യ, ഊർജ്ജം, ഗതാഗതം, സൈബർ സുരക്ഷ, റോബോട്ടിക്സ്, ആരോഗ്യ-മെഡിക്കൽ സാങ്കേതിക വിദ്യ, ബയോടെക്നോളജി, ഗ്രാമീണ-സാമൂഹിക പദ്ധതികൾ എന്നീ മേഖലകളിലുള്ള സ്റ്റാർട്ടപ്പുകൾക്ക് ഗ്രാന്റിന് അപേക്ഷിക്കാം. തിരഞ്ഞെടുക്കപ്പെടുന്നവയ്ക്ക് 12 ലക്ഷം രൂപ വരെ ഗ്രാന്റ് ലഭിക്കും. നൂതനാശയങ്ങളും സംരംഭങ്ങളും പ്രോത്സാഹിപ്പിക്കാനാണ് സ്റ്റാർട്ടപ്പ് മിഷൻ ഐഡിയ ഡേ സംഘടിപ്പിക്കുന്നത്. സ്വന്തം ആശയങ്ങൾ യാഥാർത്ഥ്യമാക്കാൻ ശ്രമിക്കുന്നവർ, തങ്ങളുടെ ഉത്പന്നങ്ങൾ വികസിപ്പിക്കാൻ ശ്രമിക്കുന്നവർ, ആശയങ്ങൾക്ക് ഉത്പന്ന രൂപം നൽകാൻ ശ്രമിക്കുന്നവർ, വിദ്യാർത്ഥികൾ, സ്റ്റാർട്ടപ്പ് സംരംഭകർ തുടങ്ങിയവർക്ക് ഇതിൽ പങ്കെടുക്കാം.

ഡോ. അംബേദ്കർ നാഷണൽ എസ്.സി, എസ്.ടി ഫെഡറേഷൻ ഭാരവാഹികൾ

കെ.കെ. കൃഷ്ണൻകുട്ടി, കെ. രാമൻകുട്ടി, അഡ്വ. നാണക്കുട്ടൻ

തിരുവനന്തപുരം: ദളിത്, ആദിവാസി സമൂഹത്തെ ഒരുമിച്ച് നിറുത്താൻ ലക്ഷ്യമിട്ട് ഡോ. അംബേദ്കർ നാഷണൽ എസ്.സി, എസ്.ടി ഫെഡറേഷൻ എന്ന സംഘടന രൂപീകരിച്ചു. ദേശീയ ഭാരവാഹികളായി ഡോ. ഇന്ദിരാ അതവാലെ (ചെയർപേഴ്സൺ), കെ. രാമൻകുട്ടി, നേത്റാം ഗലേ (വർക്കിംഗ് ചെയർമാൻമാർ), എം. നാർസിംഗ് റാവു (ചീഫ് സെക്രട്ടറി ജനറൽ), എം. ജഗന്നാഥൻ, കെ.കെ കൃഷ്ണൻകുട്ടി (സെക്രട്ടറി ജനറൽമാർ) തുടങ്ങിയവരെ തിരഞ്ഞെടുത്തു. അഡ്വ. നാണക്കുട്ടൻ സി.ആർ കുളത്തൂരാണ് സംസ്ഥാന പ്രസിഡന്റ്.

റെയിൽവേയ്ക്കെതിരെ ഇന്ന് പ്രതിഷേധം

തിരുവനന്തപുരം: റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡിന്റെ നിയമന പരീക്ഷയെഴുതി അഞ്ച് വർഷമായി കാത്തിരിക്കുന്നവരെ തഴഞ്ഞ് പിരിഞ്ഞുപോയവർക്ക് വീണ്ടും നിയമനം നടത്തുന്ന റെയിൽവേ നടപടിക്കെതിരെ ഇന്ന് പ്രതിഷേധം സംഘടിപ്പിക്കുന്നു.

റെയിൽവേ ഡിവിഷണൽ ഓഫീസിന് മുന്നിൽ ഉദ്യോഗാർത്ഥികൾ നടത്തുന്ന സമരം രാവിലെ 11ന് എ. സമ്പത്ത് എം.പി. ഉദ്ഘാടനം ചെയ്യും. 2013ൽ റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡിന്റെ പരീക്ഷയെഴുതിയവരാണ് പ്രതിഷേധിക്കുന്നത്. 5409 ഒഴിവുകളിലേക്ക് പരീക്ഷയെഴുതി ജയിച്ചത് 17589 പേരാണ്. ഇതിൽ 13360 പേരെ ശാരീരികക്ഷമതാ പരീക്ഷയും നടത്തി ലിസ്റ്റിലുൾപ്പെടുത്തി. ഒഴിവുകൾ പിന്നീട് 12000 ആയി ഉയർന്നെങ്കിലും ഇതുവരെ നിയമനം ലഭിച്ചത് കേവലം 1308 പേർക്ക്. ദക്ഷിണറെയിൽവേയിലാണ് ഈ ഗതി. മറ്റ് റെയിൽവേ സോണുകളിലെ കണക്ക് ഇതിന്റെ അഞ്ചിരട്ടി വരും. ഒഴിവുകൾ നികത്താതെ കാലാകാലങ്ങളിൽ പിരിഞ്ഞുപോയവരെ വീണ്ടും നിയമിക്കുകയാണ് റെയിൽവേ. സംസ്ഥാനത്തെ പാലക്കാട്, തിരുവനന്തപുരം ഡിവിഷനുകളിൽ പോലും ആയിരത്തിലേറെ ഒഴിവുകളിൽ പിരിഞ്ഞുപോയവരെയാണ് നിയമിച്ചിരിക്കുന്നത്. റിക്രൂട്ട്മെന്റ് ബോർഡ് ലിസ്റ്റ് റദ്ദാക്കിയാൽ പരീക്ഷയെഴുതി ജയിച്ചവർക്കെല്ലാം അവസരം നഷ്ടമാകുമെന്ന് ഉദ്യോഗാർത്ഥി കൂട്ടായ്മ കൺവീനർ സൂരജ് പറഞ്ഞു. റെയിൽവേയിലെ വിവിധ സംഘടനകളും സമരത്തിന് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്.

മർകസ് റൂബി ജൂബിലിക്ക് പ്രൗഢമായ സമാപനം

കോഴിക്കോട്: മർകസ് റൂബി ജൂബിലി സമ്മേളനത്തിന് മഹാസംഗമത്തോടെ സമാപനമായി. നാല്പതാണ്ടിൽ മർകസ് നേടിയ വളർച്ചയും കരുത്തും വ്യക്തമാക്കിയ സമാപന സമ്മേളനം യു.എ.ഇ ആസ്ഥാനമായ റെഡ്ക്രസന്റ് ചെയർമാൻ ഡോ. ശൈഖ് ഹംദാൻ മുസല്ലം അൽ മസ്റൂഇ ഉദ്ഘാടനം ചെയ്തു. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡന്റ് ഇ. സുലൈമാൻ മുസ്ലിയാർ അദ്ധ്യക്ഷത വഹിച്ചു.

അഖിലേന്ത്യാ സുന്നി ജംഇയ്യത്തുൽ ഉലമ ജനറൽ സെക്രട്ടറി കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാർ നയപ്രഖ്യാപന പ്രഭാഷണം നടത്തി. സയ്യിദ് അലി ബാഫഖി തങ്ങൾ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. ടുണീഷ്യയിലെ സൈതൂന യൂണിവേഴ്സിറ്റി ചാൻസലർ ഡോ. ഹിശാം അബ്ദുൽ കരീം ഖരീസ സനദ്ദാനം നിർവഹിച്ചു. മലേഷ്യൻ ഇസ്ലാമിക് ഫൗണ്ടേഷൻ മേധാവി ഡോ. യുസ്രി മുഹമ്മദ്, ടുണീഷ്യയുടെ മുൻ വൈസ് പ്രസിഡന്റ് ശൈഖ് അബ്ദുൽ ഫത്താഹ് മോറോ, ഉസ്ബക്കിസ്ഥാൻ മുഫ്തി ശൈഖ് മുസഫർ സത്തിയൂഫ്, ഐവറി കോസ്റ്റ് മുസ്ലിം പണ്ഡിത സഭയുടെ പ്രതിനിധി ശൈഖ് അബ്ദുൽ അസീസ് സർബ എന്നിവർ പ്രഭാഷണം നടത്തി. ഡോ. എ.പി അബ്ദുൽ ഹകീം അസ്ഹരി മർകസ് വിഷൻ അവതരിപ്പിച്ചു. സി. മുഹമ്മദ് ഫൈസി സ്വാഗതവും ജി. അബൂബക്കർ നന്ദിയും പറഞ്ഞു. രാവിലെ നടന്ന ലൈഫ് സ്റ്റൈൽ കോൺഫറൻസ് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. വി ആർ. രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു.

കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ മർക്കസ് റൂബി ജൂബിലി സമാപന സമ്മേളനത്തിൽ നടത്തിയ സനദ്ദാന പ്രഭാഷണം നടത്തുന്നു

മുസ്ലിങ്ങൾ അരക്ഷിതരാണെന്ന പ്രചാരണം ശ്രദ്ധ തെറ്റിക്കാനെന്ന് പ്രമേയം

ഉത്തരേന്ത്യയിലെ ഗ്രാമങ്ങളിൽ മുസ്ലിങ്ങൾ അനുഭവിക്കുന്ന അതിക്രമങ്ങളെ ലഘൂകരിച്ച് അവതരിപ്പിക്കാനും യഥാർത്ഥ പ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധ തെറ്റിക്കാനുമാണ് കേരളത്തിൽ മുസ്ലിങ്ങൾ അരക്ഷിതരാണെന്ന പ്രചാരണം ചില സാമുദായിക സംഘടനകൾ നടത്തുന്നതെന്ന് മർക്കസ് സമ്മേളനം അംഗീകരിച്ച പ്രമേയം പറയുന്നു.

ഒറ്റപ്പെട്ട അതിക്രമങ്ങളെ സംഘപരിവാർ നടത്തുന്ന വ്യവസ്ഥാപിതമായ അക്രമപരമ്പരകളുമായി സമീകരിക്കുന്നത് രാഷ്ട്രീയ അജ്ഞതയുടെ ഭാഗമാണ്. എം.ടി. വാസുദേവൻനായരെപോലെയുള്ള മതേതരവിശ്വാസികൾക്കെതിരെ ഈയിടെ നടന്ന പ്രചാരണങ്ങൾ ഇത്തരം മനോഭാവത്തിന്റെ തുടർച്ചയാണ്. ആഭ്യന്തര കുടിയേറ്റത്തിലൂടെ കേരളത്തിലേക്ക് എത്തുന്നതിൽ ഭൂരിഭാഗവും ന്യൂനപക്ഷ-പിന്നാക്ക ജാതി വിഭാഗത്തിൽപ്പെട്ടവരാണ്. കേരളത്തിന്റെ സഹിഷ്ണതാപൂർണമായ സമീപനത്തെയാണ് ഇത് കാണിക്കുന്നത്.

ഐസിസ് റിക്രൂട്ട്മെന്റ് പോലുള്ള ഭീതിദമായ സംഭവങ്ങൾ സംസ്ഥാനത്ത് നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടും സമുദായത്തെ ഒറ്റപ്പെടുത്തി വിമർശിക്കുന്ന സമീപനം സർക്കാരോ പൊതുസമൂഹമോ സ്വീകരിച്ചിട്ടില്ല എന്നത് അഭിനന്ദനാർഹമാണെന്നും പ്രമേയം വ്യക്തമാക്കി.

ആശാൻ ജന്മദിനാഘോഷത്തോടനുബന്ധിച്ച് കലാ - സാഹിത്യ മത്സരങ്ങൾ

കടയ്ക്കാവൂർ: മഹാകവി കുമാരനാശാന്റെ 146-ാമത് ജന്മദിനാഘോഷങ്ങളുടെയും ആശാൻ വിശ്വപുരസ്കാരോത്സവമായ 'സാഹിതീയം 2018'ന്റെയും ഭാഗമായി 27, 28, 29 തീയതികളിൽ കായിക്കര ആശാൻ സ്മാരകത്തിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി കലാ സാഹിത്യ മത്സരങ്ങൾ നടത്തുന്നു. എൽ.പി വിഭാഗത്തിന് കാവ്യാലാപനം, പ്രസംഗം എന്നീ ഇനങ്ങളിലും യു.പി, എച്ച്.എസ്, കോളേജ് വിഭാഗങ്ങൾക്ക് കവിതാരചന, കഥാരചന, ഉപന്യാസ രചന, പ്രസംഗം, കാവ്യാലാപനം, ലളിത സംഗീതം, ശാസ്ത്രീയ സംഗീതം എന്നിവയിലുമാണ് മത്സരം. ഹയർ സെക്കൻഡറി ക്ലാസുകൾ കോളേജ് വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

എൽ.പി, യു.പി വിഭാഗങ്ങൾക്ക് ഒന്നാം സമ്മാനം 2000 രൂപയും രണ്ടാം സമ്മാനം 1000 രൂപയും എച്ച്.എസ്, കോളേജ് വിഭാഗങ്ങൾക്ക് ഒന്നാം സമ്മാനം 3000 രൂപയും രണ്ടാം സമ്മാനം 1500 രൂപയുമാണ്. 29ന് ഹൈസ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കുള്ള സാഹിത്യ പ്രശ്നോത്തരി മത്സരവും കോളേജ് വിദ്യാർത്ഥികൾക്കുള്ള സാഹിത്യസംവാദ മത്സരവും നടക്കും. രണ്ട് അംഗങ്ങൾ വീതമുള്ള സ്കൂൾ - കോളേജ് ടീമുകൾക്കായാണ് മത്സരങ്ങൾ നടത്തുന്നത്.

പങ്കെടുക്കുന്നതിന് പഠിക്കുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള സാക്ഷ്യപത്രം സഹിതം 24നോ അതിന് മുമ്പോ കൺവീനർ, കല - സാഹിത്യ മത്സരങ്ങൾ, വിശ്വപുരസ്കാര സാഹിതിയോത്സവം, ആശാൻ മെമ്മോറിയൽ അസോസിയേഷൻ, കായിക്കര, നെടുങ്ങണ്ട പി.ഒ, പിൻ: 695307 എന്ന വിലാസത്തിലോ asanmemorialkaikara@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ അപേക്ഷിക്കണം. ഫോൺ: 9446284136, 0470-2657146.

സി.ഇ.ടി മിനിസ്റ്റീരിയൽ സ്റ്റാഫ് ക്ലബ് ഭാരവാഹികൾ

തിരുവനന്തപുരം: ശ്രീകാര്യം കോളേജ് ഒഫ് ഇൻജിനിയറിംഗ് ട്രിവാൻഡ്രം മിനിസ്റ്റീരിയൽ സ്റ്റാഫ് ക്ലബ് ഭാരവാഹികളായി ബി.എസ്. സജിതൻ (പ്രസിഡന്റ്), മഞ്ചുകം (വൈസ് പ്രസിഡന്റ്), സഫറുള്ള (സെക്രട്ടറി), ജയകുമാർ (ജോയിന്റ് സെക്രട്ടറി), മുഹമ്മദ് റഷീദ് (ട്രഷറർ), അനിൽകുമാർ, ജയചന്ദ്രൻ, ത്രിലോക് ചന്ദ്, ഷാജർഖാൻ, സുരേഷ്ബാബു, കൽപ്പന, ഹസീന, അനിതകുമാരി, അയ്യപ്പൻ, ശ്രീകുമാർ (എക്സിക്യൂട്ടീവ് അംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

വെള്ളക്കെട്ടിനെതിരെ കുടപിടിച്ച് സമരം

തിരുവനന്തപുരം: കിഴക്കേകോട്ട - കോവളം റോഡിൽ കമലേശ്വരത്തിനും കല്ലാട്ടുമുക്കിനും ഇടയിലുണ്ടാകുന്ന വെള്ളക്കെട്ടിന് ശാശ്വത പരിഹാരം തേടി ജനതാദൾ (യു) ജില്ലാ സെക്രട്ടറി എസ്. സുനിൽഖാൻ കുടപിടിച്ച് ഉപവസിച്ചു. ഇന്നലെ രാവിലെ 10ന് ആരംഭിച്ച സമരം ജെ.ഡി.യു നേമം പ്രസിഡന്റ് എം.എ ഹസന്റെ അദ്ധ്യക്ഷതയിൽ മുൻമന്ത്രി വി. സുരേന്ദ്രൻ പിള്ള ഉദ്ഘാടനം ചെയ്തു.

സമാപന സമ്മേളനം സംസ്ഥാന വൈസ് പ്രസിഡന്റ് ചാരുപാറ രവി ഉദ്ഘാടനം ചെയ്തു. എൻ. എം. നായർ, റൂഫസ് ഡാനിയൽ, ബാലു കിരിയത്ത്, ചാല സുരേന്ദ്രൻ, ജി. സതീഷ്കുമാർ, പി. മണി, അജീഷ്, ജ്യോതി കൃഷ്ണൻ എന്നിവർ സംസാരിച്ചു. ഉപവാസത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് നേതാക്കളായ ഹലീൽ റഹ്മാൻ, അച്യുതൻ നായർ, വിജയകുമാർ, ജയകുമാർ, സജീവ്, റാഫി, സഫറുള്ള എന്നിവർ സംസാരിച്ചു.

വയലാർ സാംസ്കാരിക വേദി രജത ജൂബിലി ആഘോഷം

പോത്തൻകോട്: പോത്തൻകോട് വയലാർ സാംസ്കാരിക വേദിയുടെ ഒരു വർഷം നീളുന്ന രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് വിപുലമായ സ്വാഗതസംഘം രൂപീകരിക്കും. 14ന് വൈകിട്ട് മൂന്നിന് കല്ലുവിളയിലെ വയലാർ സാംസ്കാരിക വേദി ഹാളിൽ സ്വാഗതസംഘ രൂപീകരണയോഗം നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

കുരുക്കിന് മാറ്റമില്ല; ആലുംമൂട് മാർക്കറ്റ് കടക്കാൻ പെടാപ്പാട്

കഴക്കൂട്ടം: കണിയാപുരം ആലുംമൂട് പബ്ലിക് മാർക്കറ്റിലേക്കുള്ള റോഡിലെ ഗതാഗത കുരുക്ക് വർദ്ധിച്ചതോടെ ഇതുവഴിയുള്ള കാൽനട യാത്ര പോലും ദുഃസഹമാകുന്നു. മാർക്കറ്റ് സമയമായ ഉച്ചയ്ക്ക് 12 മുതൽ 2 വരെയാണ് കുരുക്ക് രൂക്ഷമാകുന്നത്. റോഡിന്റെ വീതിയില്ലായ്മയും, മാർക്കറ്റിന് മുന്നിലെ അനധികൃത കച്ചവടവും, അലക്ഷ്യമായ പാർക്കിംഗുമാണ് ഗതാഗത കുരുക്കിനിടയാകുന്നത്.

ദിവസവും ആയിരക്കണക്കിന് പേരാണ് ഇവിടെ മത്സ്യവും മറ്റും വാങ്ങാനെത്തുന്നത്. മാർക്കറ്റ് സമയത്ത് നാലുവീൽ വാഹനങ്ങൾ ഇതുവഴി ഓടിക്കാൻ പാടില്ലെന്ന് പഞ്ചായത്ത് നിർദ്ദേശം നൽകിയിട്ടും ഫലമുണ്ടായിട്ടില്ല.

ആലുംമൂട് മാർക്കറ്റിന് മുന്നിലെ കുരുക്ക്

മാർക്കറ്റിനുള്ളിൽ കച്ചവടം ചെയ്യാതെ പുറത്ത് പാർക്കിംഗ് ഏരിയാ കൂടി കച്ചവടക്കാർ കൈയടക്കുന്നതും നിത്യസംഭവമാണ്. മാർക്കറ്റിനകത്തെ തുറസായ സ്ഥലം ചിലർ കുത്തകയാക്കി വച്ചിരിക്കുന്നതുകാരണം കൂടുതൽ പേർക്ക് ഇവിടെ കച്ചവടം ചെയ്യാൻ കഴിയുന്നില്ലെന്നും പരാതിയുണ്ട്.

ചില സമയത്ത് രൂക്ഷമായ കുരുക്കിൽ കാൽനട യാത്രക്കാർ പോലും മണിക്കൂറോളം കുടുങ്ങിയ അവസ്ഥയിലാണ്. മാർക്കറ്റിന് മുന്നിലെ ഓടയ്ക്ക് മീതെ കോൺക്രീറ്റ് സ്ലാബിട്ടാൽ അവിടെ പാർക്കിംഗ് ഒരുക്കാൻ സാധിക്കും. അണ്ടൂർക്കോണം പഞ്ചായത്ത് ഇടപെട്ട് പരിഹാരമുണ്ടാക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെടുന്നു.

കായികക്ഷമതാ പരിശീലനം

തിരുവനന്തപുരം: യൂണിഫോംഡ് സർവീസിലേക്കുള്ള കായികക്ഷമത പരിശീലനം 11നും 12നും കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽ നടക്കും. താത്പര്യമുള്ളവർക്ക് അന്നേദിവസം കോളേജിലെ കായിക വിഭാഗത്തിൽ പേര് രജിസ്റ്റർ ചെയ്യാം. ഫോൺ: 9447863745.

അമ്മയെയും മക്കളെയും ആക്രമിച്ച കേസിൽ യുവാവ് അറസ്റ്റിൽ

അനീഷ്

പാറശാല: ധനുവച്ചപുരം പാർക്ക് ജംഗ്ഷന് സമീപം അമ്മയെയും രണ്ട് മക്കളെയും ആക്രമിച്ച് പരിക്കേൽപ്പിച്ച കേസിൽ യുവാവ് അറസ്റ്റിൽ. നട്ടൂർകൊല്ല പാങ്കോട്ടുകോണം മുരുകച്ചൻവിള രമണിവിലാസം വീട്ടിൽ അനീഷിനെയാണ് (19) പാറശാല പൊലീസ് അറസ്റ്റ് ചെയ്തത്. ഒളിവിലായിരുന്ന അനീഷിനെ പാറശാല സി.ഐ ബിനുവിന്റെ നേതൃത്വത്തിൽ എസ്.ഐ വിനീഷ്, സി.പി.ഒമാരായ അനീഷ്, പ്രഫുല്ലചന്ദ്രൻ എന്നിവർ ചേർന്നാണ് പിടികൂടിയത്. ജനുവരി രണ്ടിന് രാത്രി 10.30നാണ് ആക്രമണമുണ്ടായത്.

ഹോർട്ടികോർപ് എംപ്ലോയീസ് കോൺഗ്രസ്, ഐ.എൻ.ടി.യു.സിയുടെ 2018 ലെ വാർഷിക കലണ്ടറിന്റെ പ്രകാശനം പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയ്ക്ക് നൽകി യൂണിയൻ സംസ്ഥാന പ്രസിഡന്റ് കെ.എസ്. അനിൽ നിർവഹിക്കുന്നു. യൂണിയൻ ജനറൽ സെക്രട്ടറി കെ. രവീന്ദ്രൻ നായർ, വർക്കിംഗ് പ്രസിഡന്റ് കെ. ഗോപാലകൃഷ്ണൻ നായർ, സെക്രട്ടറിമാരായ അനൂപ്, സുരേന്ദ്രൻ എന്നിവർ സമീപം

അമ്മയെയും മകനെയും അക്രമിസംഘം വെട്ടിപ്പരിക്കേൽപ്പിച്ചു

വർക്കല: മേൽവെട്ടൂരിൽ അക്രമിസംഘം വീട്ടിൽ കയറി അമ്മയെയും മകനെയും വെട്ടിപ്പരിക്കേൽപ്പിച്ചു. ശനിയാഴ്ച രാത്രി ഒന്നരയോടെയാണ് മേൽവെട്ടൂർ കയറ്റാപ്പീസ് കാട്ടുവിള ലക്ഷംവീടിന് സമീപം കാട്ടുവിള വീട്ടിൽ രമണി (50) മകൻ ഷിബുരാജ് (29) എന്നിവർക്ക് നേരെ ആക്രമണമുണ്ടായത്.

അർദ്ധരാത്രിയോടെ ഓട്ടോയിലെത്തിയ മൂന്നംഗ സംഘമാണ് അക്രമം നടത്തിയത്. അക്രമത്തിനിടെ സംഘത്തിൽപ്പെട്ട ഒരാൾക്കും വെട്ടേറ്റു. രാത്രി പട്ടിയുടെ കുരകേട്ട് പുറത്തിറങ്ങിയ രമണിയെയും മകനെയും സംഘം ആക്രമിക്കുകയായിരുന്നു. ഇതിനിടെ അക്രമിസംഘത്തിൽപ്പെട്ട വക്കം സ്വദേശി പ്രാവ് ഉണ്ണി എന്ന വിളിക്കുന്ന വിഷ്ണുവിന് വെട്ടേൽക്കുകയായിരുന്നു. ഇരുട്ടായിരുന്നതിനാൽ ആളുമാറി വിഷ്ണുവിനെ വെട്ടുകയായിരുന്നെന്നാണ് പൊലീസ് അനുമാനം.

വീട്ടുകാരുടെ നിലവിളികേട്ട് സമീപവാസികൾ ഓടിയെത്തിയപ്പോഴേക്കും ഓട്ടോ ഡ്രൈവറും അക്രമിസംഘത്തിലെ ഒരാളും ഓടിരക്ഷപ്പെട്ടു. രമണിയുടെ കൈവിരലിനും ഷിബുരാജിന്റെ ഇടതുകൈക്കുമാണ് വെട്ടേറ്റത്.

ഇരുവരും വർക്കല താലൂക്കാശുപത്രിയിൽ ചികിത്സതേടി. തലയിലും കഴുത്തിലും വെട്ടേറ്റ വിഷ്ണുവിനെ പൊലീസ് ആശുപത്രിയിലെത്തിക്കുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ വിഷ്ണു മെഡിക്കൽ കോളേജ് ആശുപത്രിയിൽ തീവ്ര പരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്.

കനകക്കുന്ന് ഉത്സവമേഖല

തിരുവനന്തപുരം: വസന്തോത്സവം 2018 നടക്കുന്ന 14 വരെ കനകക്കുന്നിന്റെ രണ്ടു കിലോമീറ്റർ ചുറ്റളവ് ഉത്സവമേഖലയായി ജില്ലാകളക്ടർ പ്രഖ്യാപിച്ചു. ശബ്ദമലിനീകരണം സംബന്ധിച്ച് സുപ്രീംകോടതിയുടെ ഉത്തരവ് പാലിക്കണം.

വൈദ്യുതി മുടങ്ങും

തിരുവനന്തപുരം: ബീച്ച് ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ ചാക്ക, കണ്ണാന്തുറ എന്നീ ഭാഗങ്ങളിൽ ലൈനിൽ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ ഇന്ന് രാവിലെ ഒമ്പതു മുതൽ വൈകിട്ട് അഞ്ചുവരെ ഭാഗികമായി വൈദ്യുതി മുടങ്ങുമെന്ന് അസിസ്റ്റന്റ് എൻജിനിയർ അറിയിച്ചു.

എച്ച്.എൽ.എല്ലിനെ സ്വകാര്യവത്കരിക്കാനുള്ള ആസൂത്രിത നീക്കം: ശിവൻകുട്ടി

പേരൂർക്കട: ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതു മേഖലാസ്ഥാപനമായിട്ടും എച്ച്.എൽ.എല്ലിനെ സ്വകാര്യവത്കരിക്കാനുള്ള ആസൂത്രിത നീക്കമാണ് കേന്ദ്ര സർക്കാർ നടത്തുന്നതെന്ന് സി.ഐ.ടി.യു സംസ്ഥാന സെക്രട്ടറി വി. ശിവൻകുട്ടി പറഞ്ഞു. എച്ച്.എൽ.എൽ സ്വകാര്യവത്കരിക്കാനുള്ള തീരുമാനത്തിനെതിരെ പേരൂർക്കട ഫാക്ടറിയിൽ നടന്നു വരുന്ന അനിശ്ചിതകാല സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സി.ഐ.ടി.യു ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 18 ന് പൂജപ്പുരയിലെ എച്ച്.എൽ.എൽ കോർപ്പറേറ്റ് ഓഫീസിലേക്ക് സംയുക്ത ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ മാർച്ചും ധർണയും സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. സി.ഐ.ടി.യു ജില്ലാ പ്രസിഡന്റ് സി. ജയൻബാബു ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു, സി.ഐ.ടി.യു സംസ്ഥാന കമ്മിറ്റി അംഗം കെ.എസ്. സുനിൽകുമാർ, വാമദേവൻ, ചാല മോഹനൻ, എസ്.പി. ദീപക്, പുല്ലുവിള സ്റ്റാൻലി, ഇ.ജി. മോഹനൻ തുടങ്ങിയവർ പങ്കെടുത്തു.

എച്ച്.എൽ.എൽ സ്വകാര്യവത്കരിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ പേരൂർക്കട ഫാക്ടറിയിൽ നടക്കുന്ന അനിശ്ചിതകാല സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സി.ഐ.ടി.യു ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന മാർച്ച് പ്രസിഡന്റ് വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു

നഗ്നതാ പ്രദർശനം: യുവാവ് പിടിയിൽ

രാഹുൽ രാജ്

തിരുവനന്തപുരം: സ്കൂൾ വിദ്യാർത്ഥികൾക്ക് മുന്നിൽ നഗ്നതാ പ്രദർശനം പതിവാക്കിയ യുവാവിനെ സിറ്റി ഷാഡോ പൊലീസ് പിടികൂടി. വേങ്ങോട് മലമുകൾ, ചരുവിള പുത്തൻവീട്ടിൽ പിങ്കുവെന്ന രാഹുൽരാജിനെയാണ് (24) മണ്ണന്തല പൊലീസ് അറസ്റ്റ് ചെയ്തത്.

മണ്ണന്തലയിലും പരിസരപ്രദേശങ്ങളിലും ഇടറോഡുകളിലൂടെ സ്കൂൾ വിട്ടുവരുന്ന പെൺകുട്ടികൾക്ക് മുന്നിലാണ് ഇയാൾ നഗ്നതാ പ്രദർശനം നടത്തിയിരുന്നത്. കുട്ടികൾ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഷാഡോ പൊലീസ് നടത്തിയ അന്വേഷണത്തിലാണ് രാഹുൽ പിടിയിലായത്. ഇയാളെ ആറ്റിങ്ങൽ, കടയ്ക്കാവൂർ പൊലീസ് സ്റ്റേഷനുകളിൽ സമാന കേസുകളിൽ നേരത്തേ പിടികൂടിയിട്ടുണ്ട്. നാട്ടിലും ഇയാൾക്കെതിരെ ഇത്തരത്തിലുള്ള നിരവധി കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ഒത്തുതീർപ്പാക്കി രക്ഷപ്പെടുകയായിരുന്നുവെന്ന് പൊലീസ് പറഞ്ഞു. കൺട്രോൾ റൂം അസിസ്റ്റന്റ് കമ്മിഷണർ വി. സുരേഷ്കുമാറിന്റെ നേതൃത്വത്തിൽ മണ്ണന്തല എസ്.ഐ അനൂപ്, ഷാഡോ എസ്.ഐ സുനിൽ ലാൽ, ഷാഡോ എ.എസ്.ഐമാരായ യശോധരൻ, അരുൺകുമാർ എന്നിവരാണ് പ്രതിയെ പിടികൂടിയത്. പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കും.

കോവളത്ത് അടിയൊഴുക്കിൽപ്പെട്ട മൂന്ന് പേരെ ലൈഫ് ഗാർഡും വിദേശികളും രക്ഷപ്പെടുത്തി

കോവളം: ലൈറ്റ്ഹൗസ് ബീച്ചിൽ കടലിൽ കുളിക്കവെ ശക്തമായ അടിയൊഴുക്കിൽ പെട്ട മൂന്ന് പേരെ ലൈഫ് ഗാർഡും വിദേശികളും ചേർന്ന് രക്ഷപ്പെടുത്തി. കണ്ണൂർ സ്വദേശികളായ ആദർശ് (20), അഭിലാഷ് (21), കോഴിക്കോട് സ്വദേശി ആനന്ദ് (18) എന്നിവരെയാണ് രക്ഷപ്പെടുത്തിയത്. ഇന്നലെ വൈകിട്ട് 5.10 ഓടെയായിരുന്നു സംഭവം. എൻ.എ.ഡി പരീക്ഷ കഴിഞ്ഞ് കോവളം സന്ദർശിക്കാനെത്തിയ സംഘത്തിലുള്ളവരാണ് അപകടത്തിൽപ്പെട്ടത്. ഇവർ ബീച്ചിലെ അപകടസൂചനാ ബോർഡ് സ്ഥാപിച്ചിരുന്ന സ്ഥലത്ത് കുളിക്കാൻ ഇറങ്ങുകയും ശക്തമായ അടിയൊഴുക്കിൽ അകപ്പെടുകയുമായിരുന്നു. തുടർന്ന് ലൈറ്റ്ഹൗസ് ബീച്ചിന് സമീപം കടലിൽ സർഫിംഗ് നടത്തിക്കൊണ്ടിരുന്ന 4 വിദേശികളും ലൈഫ് ഗാർഡും ചേർന്ന് ഇവരെ കരയ്ക്കെത്തിക്കുകയായിരുന്നു. സൂപ്പർവൈസർ ശങ്കറിന്റെ നേതൃത്വത്തിൽ ജോൺസൺ ഗബ്രിയേൽ, വി. ശശിധരൻ എന്നിവർ ചേർന്നാണ് രക്ഷാപ്രവർത്തനം നടത്തിയത്.

സിനിമ

ന്യൂ (2323244) :: ■ screen 1 - ആട് -2 (M - 11.15, 2.30) മായാനദി (M - 6.15, 9.30)
■ screen 2 - മായാനദി (M - 11.15, 2.30) വേലൈക്കാരൻ (T- 6.00) INSIDIOUS (E - 9.30)
■ screen 3 - INSIDIOUS (E - 11.30) JUMANJI (E - 2.30) ആട് -2 (M - 6.15, 9.30)
ശ്രീകുമാർ (2331222) :: അരുവി (T - 11.30, 2.30, 6.30) ആട് -2 (M - 9.00)
ശ്രീവിശാഖ് (2331222) :: ആട് -2 (M - 11.30, 2.30, 6.30, 9.30)
ശ്രീപത്മനാഭ (2473999) :: EEDA (M - 11.00, 2.30, 6.00, 9.30)
ദേവിപ്രിയ (2473999) :: ആന അലറലോടലറൽ (M - 11.00) വിമാനം (M - 2.30, 6.00, 9.30)
അജന്ത (2472825) :: വേലൈക്കാരൻ (T- 11.15) VINNAI THANDI VANTHA ANGEL (E - 2.15, 6.15, 9.15)
കൃപ (7356333911) :: JUMANJI E - 3D (11.00, 3.50) INSIDIOUS (E - 1.30, 9.45) MASTER PIECE (M- 6.30)
സെൻട്രൽ (2462865) :: രാത്രി നേരത്ത് (T-4 shows)
കൈരളി (2332747) :: MASTER PIECE (M - 11.00, 2.30, 6.00, 9.30)
ശ്രീ (2332747) :: DIWANJI MOOLA (M - 11.15, 2.30, 6.15, 9.30)
നിള (2332747) :: മായാനദി (M- 11.15, 2.30, 6.15, 9.30)
ധന്യ (2476773) :: INSIDIOUS (E - 11.15, 2.30, 6.15, 9.30)
രമ്യ (2476773) :: VINNAI THANDI VANTHA ANGEL (E - 11.15, 2.30) TIGER ZINDA HAI (H - 6.15, 9.30)
ARIESPLEX SL CINEMA: (0471 4066660) ::
■ Audi 1 - ആട് -2 (M - 11.00, 2.45, 6.45, 10.30)
■ Audi 2 - PITCH PERFECT 3 (E - 10.45) JUMANJI : WELCOME TO THE JUNGLE (E - 2.15, 5.00) അരുവി (T - 7.45) വേലൈക്കാരൻ (T - 10.45)
■ Audi 3 - അരുവി (T -11.00, 5.00) PITCH PERFECT 3 (E - 1.45) ആന അലറലോടലറൽ (M - 7.45) വില്ലൻ (M - 10.15)
■ Audi 4 - EEDA (M - 10.45, 7.30) INSIDIOUS (E - 2.00) മായാനദി (M - 4.30) TIGER ZINDA HAI (H 10.45)
■ Audi 5 - DIWANJI MOOLA GRAND PRIX (M - 11.00, 2.00, 7.30pm) INSIDIOUS (E - 5.00) മായാനദി (M - 10.30)
■ Audi 6 - MASTER PIECE (M - 10.30, 10.45) AMAZON (H - 1.45, 4.45) വിമാനം (M - 7.45)
കഴക്കൂട്ടം കൃഷ്ണ (2418144) :: ആട് -2 (M - 11.15, 6.15) മായാനദി (M - 2.30, 9.30)
കലാഭവൻ (2322314) :: സഖാവിന്റെ പ്രിയസഖി (M- 11.30) DIWANJI MOOLA (M - 2.30, 6.15, 9.30)
വെട്ടുറോഡ് ഹരിശ്രീ (0471 2755666) :: EEDA (M - 11.15, 2.30, 6.15, 9.30)
കഠിനംകുളം ജിട്രാക്സ് (2757771) :: ■ screen 1 : NO SHOW
■ screen 2 ചെമ്പരത്തിപ്പൂ (M - 11.30, 2.30, 6.30, 9.30)
ആറ്റിങ്ങൽ ഡ്രീംസ് (628997) :: ആട് -2 (M - 11.15, 2.30, 6.15, 9.30)
ആറ്റിങ്ങൽ ഗംഗ (2629973) :: വിമാനം (M - 11.15, 2.15, 6.15, 9.30)
ആറ്റിങ്ങൽ യമുന (2629973) :: ആന അലറലോടലറൽ (M - 11.15, 2.15, 6.15, 9.30)
ആറ്റിങ്ങൽ കാവേരി (9287218284) :: ആട് -2 (T- 11.15, 2.15, 6.15, 9.30)
ആറ്റിങ്ങൽ വൈശാഖ് (2622244) :: MASTER PIECE (M - 11.15, 2.30, 6.15, 9.30)
ആറ്റിങ്ങൽ തപസ്യ (3291113) :: AMAZON (H - 6.30, 9.45) INSIDIOUS (E - 11.00, 2.45)
ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920) :: സഖാവിന്റെ പ്രിയസഖി (M- 11.15, 3.00) മായാനദി (M - 6.30, 9.45)
വർക്കല എസ്.ആർ (0470 2602339) :: ANNA DURAI (T - 2.30, 6.15, 9.30)
വർക്കല വിമല (2605700) :: ഈ.മ.യൗ (M - 11.00, 3.00, 6.30, 9.45)
വർക്കല സ്റ്റാർ സിനിമ (2602344) :: ആട് -2 (M - 11.15, 2.30, 6.00, 9.00, 11.30pm)
ചിറയിൻകീഴ് സ്വാമിജി (9526752302) :: പുണ്യാളൻ പ്രൈവറ്റ് ലിമിറ്റഡ് (M- 3.00, 6.30, 9.30)
നെടുമങ്ങാട് സൂര്യ (2802223) :: ആട് -2 (M - 11.00, 2.30, 6.15, 9.30)
നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259) :: EEDA (M - 11.00, 2,30, 6.15, 9.30)
നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: വിമാനം (M - 11.00, 2.30) MASTER PIECE (M - 6.15, 9.30)
നെടുമങ്ങാട് റാണി :: No show
പാറശ്ശാല പടന്താലുംമൂട് ഐ.എം.പി :: രാമലീല (M - 11.00, 2.30, 6.30, 9.30) THUPPARIVAALAN (T - 2.30, 6.30, 9.30)
പെരിങ്ങമ്മല അശ്വതി (2400394) :: ആന അലറലോടലറൽ (M - 2.30, 6.30, 9.30)
കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073, 0471-2200174) ::
■ Audi 1 - MERSAL (T - 11.00, 2.30, 6.15, 9.30)
കളിയിക്കാവിള ശ്രീസരസ്വതി (0471-2200073, 09747188040) ::
■ Audi 1 - AVAL (T - 11.00, 2.30, 6.15, 9.30)
■ Audi 2 - ARAMM (T - 11.00, 2.30, 6.15, 9.30)
■ Audi 3 - രാജകിരീടം (M - 11.00, 2.30) MERSAL (T - 6.00, 9.30)
■ Audi 4 - ഗാന്ധിനഗറിൽ ഉണ്ണിയാർച്ച (M - 11.00, 2.30) ഗൂഢാലോചന (M - 6.15, 9.30)
■ Audi 5 - HALLO U DUBAIKKARAN (M - 11.00, 2.30) VILLIAN (M - 6.15, 9.30)
കളിയിക്കാവിള തമീൻസ് മാക്സ് :: പുലിമുരുകൻ (M - 2.30, 6.15) അച്ചം എമ്പത് മടമയെടാ (T - 11.00, 9.15)
നെയ്യാറ്റിൻകര ശുഭ :: PUNYALAN PRIVATE LIMITED (M - 2.30, 6.30, 9.30)
പോത്തൻകോട് MT CINEPLEX (2419515) ::
■ Tela 1 - ആട് -2 (M - 11.15, 2.30, 6.15, 9.30)
■ Tela 2 - മായാനദി (M - 11.00, 2.15) ആട് -2 (M -6.30, 9.45)
FIDAA (M - 11.00. 2.15, 9.45) PUNYALAN PRIVATE LIMITED (M - 6.45)
പോത്തൻകോട് എച്ച്.കെ സിനിമാസ് (0471-2715555, 9447060600) :: വേലൈക്കാരൻ (T - 11.15, 2.30, 9.30) MASTER PIECE (M - 6.15)
വെഞ്ഞാറമൂട് സിന്ധു (9746159088) :: MASTER PIECE (M - 11.30, 2.30) ആട് -2 (M - 6.30, 9.30)
കാട്ടാക്കട ജയവിനായക (2290867) ::
■ screen 1 - ആട് -2 (M - 11.00, 2.15, 6.15, 9.15)
■ screen 2 - വേലൈക്കാരൻ (T- 11.15, 2.30, 6.30, 9.30)
നെയ്യാറ്റിൻകര ശുഭ :: ആന അലറലോടലറൽ (M - 2.30, 6.30, 9.30)
കള്ളിക്കാട് ദീപ (9447553618) :: അച്ചായൻസ് (M - 6.30, 9.30)
കാട്ടാക്കട ശ്രീമുരുക (9995952120) :: No show
കിളിമാനൂർ എസ്.എൻ :: NO SHOWS (T - 10.30, 2.30, 6.15, 9.00)
പനച്ചമൂട് യമുനലക്ഷ്മി :: കെട്ടു (T -10.30, 2.30, 6.15, 9.00)
പേയാട് എസ്.പി സിനിമ (0471-2289053) :: DIWANJI MOOLA (M - 11.00, 6.00, 10.00) AADU 2 (M - 2.30, 8.00)
കല്ലറ ARS (9526906021) :: ചങ്ക്സ് 2 (M - 2.30, 6.30)
പടന്തലുമൂട് IMP :: MASTER PIECE (M - 11.00, 2.30, 6.00, 9.30)

ഇന്ന്

പേരൂർക്കട എച്ച്.എൽ.എൽ ലൈഫ് കെയറിന് സമീപം: സേവ് എച്ച്.എൽ.എൽ ഫോറത്തിന്റെ സമരം ഉദ്ഘാടനം ഉമ്മൻചാണ്ടി - 10ന്.

സപ്ലൈകോ റീജിയണൽ ഓഫീസ്: റേഷൻ ഡീലേഴ്സ് അസോസിയേഷന്റെ ഉപരോധം ഉദ്ഘാടനം വി.എസ്. ശിവകുമാർ എം.എൽ.എ-11ന്.

ജനറൽ ആശുപത്രിക്ക് സമീപം: ട്രാഫിക് വാരാഘോഷത്തിന്റെ ഭാഗമായി സെന്റ്ജോസഫ്സ് സ്കൂളിലെ വിദ്യാർത്ഥികളുടെ ശുഭയാത്ര പരിപാടി - 8.30ന്.

തീർത്ഥപാദമണ്ഡപം: ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സയന്റിഫിക് ഹെറിട്ടേജിന്റെ ആഭിമുഖ്യത്തിൽ ഡോ. എൻ. ഗോപാലകൃഷ്ണന്റെ പ്രഭാഷണം- 6ന്.

കിഴക്കേകോട്ട കുതിരമാളിക: സ്വാതി സംഗീതോത്സവം- അമൃത വെങ്കിടേഷിന്റെ കച്ചേരി.

കനകക്കുന്ന് കൊട്ടാരം: സർഗായനം ചിത്രപ്രദർശനം.

കനകക്കുന്ന്: വസന്തോത്സവം, പുഷ്പമേള.

സൂര്യകാന്തി ആർട് ഗാലറി: ചിത്ര പ്രദർശനം ഉദ്ഘാടനം ആർക്കിടെക്ട് എൻ. മഹേഷ് - 5.30ന്.

തൈക്കാട് ഗണേശം: സൂര്യ ഫെസ്റ്റിവലിന്റെ ഭാഗമായി പ്രഭാഷണമേള എം. ആർ. ജയഗീത സംസാരിക്കുന്നു -6.45ന്.

കോട്ടയ്ക്കകം അഭേദാശ്രമം: സ്വാമി വിവേകാനന്ദ ജയന്തിയോടനുബന്ധിച്ച് രാജീവ് ഇരിഞ്ഞാലക്കുടയുടെ പ്രഭാഷണം -5ന്.

ശ്രീപദ്മനാഭസ്വാമി ക്ഷേത്രം കിഴക്കേനട: സ്വാമി ദുർഗാനന്ദ സരസ്വതിയുടെ രമണവിദ്യാ സത്സംഗം - 6.15ന്.

ശാസ്തമംഗലം മഹാദേവർ ക്ഷേത്രം: തൃക്കൊടിയേറ്റ് ഉത്സവം, ഉത്സവബലി -9ന്.

ശ്രീപദ്മനാഭ സ്വാമി ക്ഷേത്രം: കളഭാഭിഷേക ദർശനം - രാവിലെ 8 മുതൽ 9.15 വരെ.

മംഗലത്തുകോണം കാട്ടുനട ശ്രീഭദ്രകാളി ദേവീക്ഷേത്രം: അലങ്കാര ദീപാരാധന- രാത്രി 7ന്.

തൈക്കാട് ശ്രീ ധർമ്മ ശാസ്താക്ഷേത്രം: തൃക്കൊടിയേറ്റ് മഹോത്സവം, കൊടിയേറ്റ്- വൈകിട്ട് 5ന്.

KERALA KAUMUDI classifieds
കേരള കൗമുദി ക്ലാസിഫൈഡ്സ്
better choice.... faster response

ഖത്തർ (സെക്യൂരിറ്റീസ്, ക്ലീനിംഗ്) ഡ്രൈവേഴ്സ്, ഓഫീസ് ബോയ്, ഹൗസ് ഡ്രൈവർ, ഹൗസ്മേഡ്, ഹോം നഴ്സ് (കുവൈറ്റ്)
9946790686, 9061598590

പണയ സ്വർണ്ണം
കമ്മീഷനില്ലാതെ ബാങ്കിലെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. എല്ലാജില്ലകളിലും എക്സിക്യൂട്ടീവുകൾ.
98 95 92 40 17
ശ്രീനാരായണ ജ്വല്ലറി

ബേങ്ക് സ്വർണ്ണം
പണയം വച്ച സ്വർണ്ണം കമ്മീഷനില്ലാതെ വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. എല്ലാ ജില്ലകളിലും എക്സിക്യൂട്ടീവുകൾ.
8943555696, 9895992530
കൃഷ്ണ ജ്വല്ലറി

ചികിത്സ
ത്വക്‌രോഗികൾ ശ്രദ്ധിക്കുക! ഡോ.കെ. സുഭാഷ്, കല്പദ്രുമം ഹോസ്പിറ്റൽ, ത്വക്‌രോഗ ചികിത്സാകേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം-14
Phone: 2321289, 2326569.

കേരളകൗമുദി കളിക്കുടുക്ക
കുട്ടികളുടെ വാരിക

ബാങ്ക് സ്വർണ്ണം
കമ്മീഷനില്ലാതെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.
97 46 81 11 96, 98 47 30 11 58
രാധികാ ജ്വല്ലറി

ബാങ്ക് പണയസ്വർണ്ണം
കമ്മീഷനില്ലാതെ പണയത്തിലിരിക്കുന്ന സ്വർണ്ണാഭരണങ്ങൾ ഉയർന്ന വിലയ്ക്ക് തിരിച്ചെടുക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.
ഗുരുകൃപ ജ്വല്ലറി
7034 429 098

തടിയും തൂക്കവും സൗന്ദര്യവും വർധിപ്പിക്കാം
ശരീരം ക്ഷീണിക്കുന്നവർക്കും ആരോഗ്യക്കുറവിനും ഗവൺമെന്റ് അംഗീകൃത GMP സർട്ടിഫിക്കറ്റുള്ള ആയുർവേദ ക്യാപ്സൂൾ. തപാലിലും നേരിട്ടെത്തിക്കുന്നു.
ഡോക്ടർ രമ്യ
ബയോവേദിക്സ് ആയുർവേദ ഹോസ്പിറ്റൽ
Ph: 8086816222

ലൈംഗീക ശക്തിക്കും വലിപ്പക്കുറവിനും
ബലക്കുറവ്, താൽപര്യക്കുറവ്. പ്രായക്കൂടുതൽകൊണ്ടുള്ള ബുദ്ധിമുട്ടുകൾക്കും ഗവൺമെന്റ് അംഗീകൃത GMP സർട്ടിഫിക്കറ്റുള്ള ആയുർവേദമരുന്നുകൾ തപാലിലും നേരിട്ടെത്തിക്കുന്നു.
ഡോക്ടർ ജയകൃഷ്ണൻ
ബയോവേദിക്സ് ആയുർവേദ ഹോസ്പിറ്റൽ
Ph: 8086816999

40ൽ പരം അവാർഡുകൾ നേടിയ ഈവർഷത്തെ ഏറ്റവും നല്ല നാടകം
2017 - ലെ ഏറ്റവും നല്ല നാടകം
വൈക്കം മാളവികയുടെ നാടകം
മിന്നുന്നതെല്ലാം പൊന്നല്ല
ഭരത് മമ്മൂട്ടി ഉദ്ഘാടനം നിർവഹിക്കുന്നു
ഫ്രാൻസിസ് ടി. മാവേലിക്കര വിത്സൻ നിസരി പ്രദീപ് മാളവിക
9387225756, 9947613073
എല്ലാ ഏജൻസികളിലും നാടകം ബുക്കുചെയ്യാം

രോഗികൾ മാത്രം വായിക്കുക
• കൊല്ലം- ബുധനാഴ്ച
• കൊച്ചി- വ്യാഴം, വെള്ളി
തിരുവനന്തപുരം ശനി മുതൽ ചൊവ്വ വരെ
കൺസൽട്ടിംഗ് ഉണ്ടായിരിക്കുന്നതാണ്
• പാർശ്വഫലങ്ങളില്ലാത്ത ഫലപ്രദമായ ചികിത്സ
ദാമ്പത്യ ജീവിത പരാജയത്തിന് കാരണമാകുന്ന ശക്തിക്കുറവ്, വലിപ്പക്കുറവ്, ശീഘ്രസ്ഖലനം, സ്വപ്ന സ്ഖലനം, സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്ക്, സ്തന വലിപ്പക്കുറവ്, മറ്റു മൂത്രാശയരോഗങ്ങൾ 100% ഉത്തരവാദിത്വത്തോടുകൂടി ചികിത്സിച്ചു ഭേദമാക്കുന്നു.
(CALL FOR APPOINTMENT)
9387816888
9946017861
Dr. ഹക്കീം ഷാക്കിർ അവർകളെ നേരിൽ കാണുക.
മോഡേൺ ഹെൽത്ത് സെന്റർ
2nd Floor, CDRC ബിൽഡിംഗ്, മണക്കാട് മാർക്കറ്റിന് എതിർവശം, തിരുവനന്തപുരം

ഭവന നിർമ്മാണം കുറഞ്ഞ ചിലവിൽ
അഷ്ടമി ഹോംസ്
Dream Home in your Dream Budget
കെട്ടിട നിർമ്മാണ മേഖലയിൽ 20 വർഷത്തെ അനുഭവ പാരമ്പര്യം
BOOKING STARTED New Villa Project Near Infosys (Phase III)
75106 10631
99951 15407
CONSTRUCTION ◆ INTERIORS ◆ WOOD WORKS ELECTRICAL ◆ PLUMBING ◆ MOSQUITO NET
കുടപ്പനക്കുന്ന്, തിരുവനന്തപുരം
ashtamihomes@gmail.com

വീട്ടുജോലി / ഹോം നഴ്സ്
കേരളത്തിലും പുറത്തും വിദേശത്തും സ്ത്രീകൾക്ക് വിസയും ടിക്കറ്റും സൗജന്യം
ബോസ് കൺസൽട്ടൻസി
കോട്ടയം 9447806524
എറണാകുളം 9400667375
വർക്കല 9048550797
തലശ്ശേരി 9846207634
പെരിന്തൽമണ്ണ 7034044840
കൊട്ടാരക്കര 9605503255
ആലപ്പുഴ 8089211242

ലൈംഗികപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം
ശക്തിക്കുറവ്, തൃപ്തിയില്ലായ്മ, ശീഘ്രസ്ഖലനം, സ്വപ്നസ്ഖലനം, നാഡീതളർച്ച, വന്ധ്യത തുടങ്ങിയ ലൈംഗിക രോഗങ്ങൾ പൂർണ്ണമായും ഭേദപ്പെടുത്താവുന്നതാണ്. പ്രസ്തുത മരുന്നിന്റെ മുപ്പതു ദിവസത്തെ ഉപയോഗംകൊണ്ട് ലൈംഗിക രോഗങ്ങൾ പൂർണ്ണമായും ഭേദപ്പെടുന്നതാണ്. ഇതോടൊപ്പം അയയ്ക്കുന്ന ഓർഗൻ ഡെവലപ്പർ ഉപയോഗിച്ചാൽ ഇന്ദ്രിയത്തിന്റെ വലുപ്പം കൂടുകയും വളവും മറ്റും തീർത്തും മാറുന്നതുമാണ്.
പൈൽസ്, പ്രമേഹം, സ്ത്രീകളുടെ ലൈംഗിക രോഗങ്ങൾ എന്നിവയ്ക്ക് പ്രത്യേക ചികിത്സ ലഭ്യമാണ്
8750336928, 9717356083
Sanyog Herbal Pvt. Ltd

രോഗികൾ ശ്രദ്ധിക്കുക
എല്ലാവിധ രഹസ്യ രോഗങ്ങളും കൂടാതെ ബലഹീനത, നാഡിതളർച്ച, ധാതുക്ഷയം, ശക്തിക്കുറവ്, വികാര ക്കുറവ്, അണുക്കൾ ക്കുറവ്, ശീഘ്രസ്ഖലനം, സ്വപ്നസ്ഖലനം, ലൈംഗിക ക്ഷീണം, ചർമ്മ രോഗങ്ങൾ, മൂത്രാശയ രോഗങ്ങൾ, പ്രമേഹം മൂലമുണ്ടാകുന്ന ലൈംഗിക ശേഷിക്കുറവ്, തൃപ്തിയില്ലായ്മ എല്ലാവിധ രഹസ്യ രോഗങ്ങൾക്കും പല ചികിത്സകൾ ചെയ്തിട്ടും രോഗം ഭേദമാകാതെ ദാമ്പത്യ ജീവിതത്തിൽ നിരാശരായി നിശബ്ദരായി ദുഃഖിക്കുന്നവർക്ക് ഫലപ്രദമായ വിദഗ്ദ്ധ ചികിത്സയ്ക്കായി സമീപിക്കുക.
ഹക്കീം എം. അസ്ഗർ അലി (Govt. Regd)
93874 56677, 90201 90001
റോയി മെഡിക്കൽ സെന്റർ®
അമൃതാ ഹോട്ടലിന് എതിർവശം തൈക്കാട്, തിരുവനന്തപുരം
തൊടുപുഴ ക്യാമ്പ്
എല്ലാ ബുധനും, വ്യാഴവും ഹോട്ടൽ ഐശ്വര്യ റസിഡൻസി, റൂം നമ്പർ : 106, പാലാ റോഡ്, തൊടുപുഴ.
ചെങ്ങന്നൂർ ക്യാമ്പ്
എല്ലാ ശനിയും, ഞായറും ഹോട്ടൽ റിലാക്സ് ഇൻ, റൂം നമ്പർ : 209, റെയിൽവേ സ്റ്റേഷൻ റോഡ്, ചെങ്ങന്നൂർ.
www.roymedicalcentre.org

ബീഫ് കഴിക്കുന്നു; സിദ്ധരാമയ്യയ്ക്കെതിരെ ആദിത്യനാഥ്

ബംഗളൂരു: കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയെ ബീഫിന്റെ പേരിൽ വിമർശിച്ച് യോഗി ആദിത്യനാഥ് രംഗത്തെത്തി. സിദ്ധരാമയ്യ ഒരു ഹിന്ദുവാണെങ്കിൽ അദ്ദേഹം എന്തിനാണ് ബീഫ് കഴിക്കുന്നതിനെ പിന്തുണയ്ക്കുന്നതെന്ന് യോഗി ആദിത്യനാഥ് ചോദിച്ചു. ഗുജറാത്ത് തിരഞ്ഞെടുപ്പിനു മുമ്പ് ക്ഷേത്രങ്ങൾ സന്ദർശിച്ച് ഹിന്ദുത്വത്തെക്കുറിച്ച് സംസാരിച്ച രാഹുൽഗാന്ധിയുടെ പാതയാണ് സിദ്ധരാമയ്യ പിന്തുടരുന്നതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

www.keralakaumudi.com www.facebook.com/keralakaumudi

ഷെറിന്റെ കൊല: യു. എസ് ദത്തെടുക്കൽ ഏജൻസിയുടെ അംഗീകാരം മരവിപ്പിച്ചു

ന്യൂഡൽഹി: അമേരിക്കയിലെ മലയാളി ദമ്പതികൾ ദത്തെടുത്ത ഷെറിൻ മാത്യൂസ് എന്ന മൂന്ന് വയസുകാരിയുടെ ദുരൂഹമരണത്തിന്റെ പശ്ചാത്തലത്തിൽ വിദേശ ദത്തെടുക്കൽ ഏജൻസിയുടെ അംഗീകാരം ഇന്ത്യ മരവിപ്പിച്ചു.

ഇന്ത്യയിൽ നിന്ന് കുട്ടികളെ ദത്തെടുക്കാനുള്ള അമേരിക്കൻ ഏജൻസിയായ ഹോൾട്ട് ഇന്റർനാഷണലിനെതിരെയാണ് നടപടി. ഈ ഏജൻസി വഴിയാണ് മലയാളി ദമ്പതികൾ ഷെറിൻ മാത്യൂസിനെ ദത്തെടുത്തത്. കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രി മേനക ഗാന്ധിയാണ് നടപടി എടുത്തത്.

കുട്ടിയെ ദത്തെടുത്ത മാതാപിതാക്കളുടെ മാനസിക നില വിലയിരുത്തുന്നതിലും ദത്തെടുത്ത ശേഷമുള്ള തുടർപരിശോധനകളിലും ഹോൾട്ട് ഇന്റർനാഷണലിന് വീഴ്ചപറ്റിയെന്ന് ചൈൽഡ് അഡോപ്ഷൻ റിസോഴ്സ് അതോറ്റിയുടെ (കാര) സി. ഇ. ഒ ലെഫ്.കേണൽ ദീപക് കുമാർ പറഞ്ഞു. രാജ്യത്തെ ദത്തെടുക്കൽ നിയന്ത്രിക്കുന്ന കേന്ദ്ര അതോറിറ്റിയാണ് കാര.

ഷെറിന്റെ ദുരൂഹമരണത്തെ തുടർന്ന് ദത്തെടുക്കൽ നടപടികളെകുറിച്ച് അന്വേഷിക്കാൻ മേനക ഗാന്ധിയോട് വിദേശകാര്യമന്ത്രി സുഷമ സ്വരാജ് ആവശ്യപ്പെട്ടിരുന്നു. തുടർന്നുള്ള അന്വേഷണത്തിലാണ് ഏജൻസിയുടെ വീഴ്ച കണ്ടെത്തിയത്.

മലയാളികളായ വെസ്ലിയും ഭാര്യ സിനി മാത്യൂസും 2016ലാണ് സരസ്വതി എന്ന ഷെറിൻ മാത്യൂസിനെ ബീഹാറിലെ അനാഥാലയത്തിൽ നിന്ന് ദത്തെടുക്കുന്നത്. 2017 ഒക്ടോബർ 22ന് വീട്ടിൽ നിന്ന് അരകിലോമീറ്റർ അകലെയുള്ള കലുങ്കിനടയിൽ ഷെറിന്റെ മൃതദേഹം കണ്ടെത്തി. ബലംപ്രയോഗിച്ച് പാല് കുടിപ്പിച്ചപ്പോൾ ശ്വാസംമുട്ടി മരിച്ചെന്നാണ് നിഗമനം. കേസിൽ ഇരുവരും ഡാലസിലെ ജയിലിലാണ്. ഷെറിൻ മരിച്ചത് 'കൊല്ലാനുദ്ദേശിച്ചുള്ള അക്രമത്തെ' തുടർന്നാണെന്ന പോസ്റ്റ്മോർട്ടം റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ട്.

തിരുപ്പതി ദേവസ്ഥാനം അഹിന്ദു ജീവനക്കാരെ മാറ്റുന്നു

തിരുമല: അഹിന്ദുക്കളായ 44 ജീവനക്കാരെ ക്ഷേത്രവുമായി ബന്ധപ്പെട്ട ജോലിയിൽ നിന്ന് മാറ്റാൻ തിരുമല തിരുപ്പതി ദേവസ്ഥാനം നീക്കം തുടങ്ങി. ഇതിന്റെ ഭാഗമായി ജീവനക്കാരോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ഇവരെ തുല്യമായ സേവന വേതനവ്യവസ്ഥകളിൽ മറ്റു സർക്കാർ വകുപ്പുകളിലേക്ക് മാറ്റി നിയമിക്കും.

1989 വരെ തിരുപ്പതിയിൽ ജീവനക്കാരെ നിയമിക്കാൻ നിയന്ത്രണങ്ങളുണ്ടായിരുന്നില്ല. 89നും 2007നും ഇടയിൽ, അനദ്ധ്യാപക തസ്തികയിലേക്കു മാത്രം അഹിന്ദുക്കളെ നിയമിക്കാമെന്ന ഭേദഗതിവന്നു. 2007 മുതൽ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളിൽ ഹിന്ദുക്കളെ മാത്രമേ നിയമിക്കാവൂ എന്നു വീണ്ടും ഭേദഗതിയുണ്ടായി.

ബാലാജിയിൽ (തിരുപ്പതിദേവൻ) വിശ്വസിക്കുന്നുവെന്ന് എഴുതിഒപ്പിട്ടു നൽകുന്നവർക്കുമാത്രമേ തിരുപ്പതി ദേവസ്വം ജോലി നൽകുന്നുള്ളൂ.

ഇന്ത്യൻ ബങ്കറുകൾ പാകിസ്ഥാനെ പ്രതിരോധിക്കാൻ

• ആകെ 14,460 ബങ്കറുകൾ, • ചെലവ് 415.73 കോടി

ജമ്മു: ജമ്മു അതിർത്തിയിൽ ഇന്ത്യ ആയിരക്കണക്കിന് ബങ്കറുകൾ നിർമ്മിക്കുന്നത് പാകിസ്ഥാനെതിരെയുള്ള പ്രതിരോധം ശക്തമാക്കാൻകൂടിയാണെന്ന് കരുതുന്നു.

നിരന്തരം വെടിനിറുത്തൽ ലംഘിച്ച് പാകിസ്ഥാൻ നടത്തുന്ന ഷെല്ലാക്രമണത്തിൽ നിന്ന് അതിർത്തിയിൽ താമസിക്കുന്ന ജനങ്ങൾക്ക് രക്ഷപ്പെടാനുള്ള സങ്കേതങ്ങൾ എന്നനിലയിൽ 14,460 ബങ്കറുകളാണ് ഇന്ത്യ നിർമ്മിക്കുന്നത്. മൊത്തം 415.73 കോടി രൂപ ചെലവിലാണ് ബങ്കറുകൾ നിർമ്മിക്കുന്നത്. എട്ട് മുതൽ 40 പേർക്ക് വരെ കഴിയാവുന്ന ബങ്കറുകളാണിവ. ജമ്മു ഡിവിഷനിലെ നിയന്ത്രണരേഖയിലും അന്താരാഷ്ട്ര അതിർത്തിയിലുമായിരിക്കും ബങ്കറുകൾ നിർമ്മിക്കുക. പൂഞ്ച്, രജൗരി ജില്ലകളിലെ നിയന്ത്രണരേഖയിൽ 7,298 ബങ്കറുകളും ജമ്മു, കത്വ, സംബാ ജില്ലകളിൽ 7,162 ഭൂഗർഭ ബങ്കറുകളുമായിരിക്കും നിർമ്മിക്കുകയെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു.

അതിർത്തിയിലെ ഒരു ഇന്ത്യൻ ബങ്കർ

പ്രദേശം	വ്യക്തിഗത ബങ്കറുകൾ	കമ്യൂണിറ്റി ബങ്കറുകൾ
രജൗരി	4918	372
കത്വ	3076	243
ജമ്മു	1200	120
സാംബാ	2515	8

- ■ വ്യക്തിഗത ബങ്കറുകൾ: 13,029
- ■ വിസ്തീർണം 160 ചതുരശ്ര അടി
- ■ എട്ട് പേർക്ക് കഴിയാം
- ■ കമ്മ്യൂണിറ്റി ബങ്കറുകൾ: 1,431
- ■ വിസ്തീർണം 800 ചതുരശ്ര അടി
- ■ 40 പേർക്ക് താമസിക്കാം
- ■ പാകിസ്ഥാനുമായുള്ള മൊത്തം അതിർത്തി 3,323 കിലോമീറ്റർ.
- ■ ഇതിൽ 221 കിലോമീറ്റർ അന്താരാഷ്ട്ര അതിർത്തിയും 740 കിലോമീറ്റർ നിയന്ത്രണ രേഖയും ജമ്മു കാശ്മീരിൽ

ആധാർ ചോർച്ച റിപ്പോർട്ട്: ലേഖികയ്ക്ക് എതിരെ കേസ്

ആധാർ അതോറിട്ടി ക്രൈംബ്രാഞ്ചിന് പരാതി നൽകി

▶ സ്വന്തം ലേഖകൻ

ന്യൂഡൽഹി: ലോകത്തെ ഏറ്റവും വലിയ ബയോമെട്രിക് ഡേറ്റാ ശേഖരമായ ആധാർ വിവരങ്ങൾ മുഴുവൻ അഞ്ഞൂറ് രൂപയ്ക്ക് ഓൺലൈനിൽ വാങ്ങിയെന്ന് റിപ്പോർട്ട് പ്രസിദ്ധീകരിച്ച പത്രത്തിനും ലേഖികയ്ക്കുമെതിരെ ഡൽഹി പൊലീസ് കേസെടുത്തു. വാർത്ത പ്രസിദ്ധീകരിച്ച ട്രിബ്യൂൺ പത്രത്തിനും റിപ്പോർട്ട് നൽകിയ ലേഖിക രചന ഖൈരയ്ക്കുമെതിരെ ആധാർ നിയന്ത്രിക്കുന്ന യൂണിക് ഐഡന്റിഫിക്കേഷൻ അതോറിട്ടി ഒഫ് ഇന്ത്യ (യു.ഐ.ഡി.എ.ഐ) നൽകിയ പരാതിയിൻമേലാണ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തത്.

അതേസമയം, കേസെടുത്ത നടപടിയെ അപലപിച്ച് കോൺഗ്രസും എഡിറ്റേഴ്സ് ഗിൽഡും രംഗത്തെത്തി. ഗുരുതരമായ വിഷയത്തിൽ അന്വേഷണം പ്രഖ്യാപിക്കുന്നതിന് പകരം വിവരം പുറത്തുവിട്ട മാദ്ധ്യമസ്ഥാപനത്തിനും ലേഖികയ്ക്കുമെതിരെ കേസെടുത്തതിലൂടെ മോദി സർക്കാരിന്റെ മനോഭാവമാണ് പുറത്തുവന്നതെന്ന് കോൺഗ്രസ് വക്താവ് രൺദീപ് സുർജേവാല പറഞ്ഞു. സ്ഥാപനത്തിനും മാദ്ധ്യമപ്രവർത്തകയ്ക്കുമെതിരായ കേസ് പിൻവലിച്ച് സംഭവത്തിൽ അന്വേഷണം നടത്തണമെന്ന് എഡിറ്റേഴ്സ് ഗിൽഡും ആവശ്യപ്പെട്ടു.

ലേഖികയ്ക്ക് പുറമേ വിവരങ്ങൾ ശേഖരിക്കാൻ അവർ സമീപിച്ചതായി പറയുന്ന അനിൽകുമാർ, സുനിൽകുമാർ, രാജ് എന്നിവരുടെ പേരുകളും എഫ്.ഐ.ആറിലുണ്ട്. പരാതിയിന്മേൽ അന്വേഷണം ആരംഭിച്ചെന്ന് ഡൽഹി പൊലീസ് ക്രൈംബ്രാഞ്ച് ജോയിന്റ് കമ്മിഷണർ അലോക് കുമാർ വ്യക്തമാക്കി. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വ്യാജ രേഖ ചമയ്ക്കൽ, വഞ്ചന, ആൾമാറാട്ടം നടത്തി തട്ടിപ്പ്, യഥാർത്ഥമെന്ന് കാട്ടി വ്യാജരേഖ സമർപ്പിക്കൽ തുടങ്ങിയ കുറ്റങ്ങൾക്ക് പുറമെ ഐ.ടി നിയമത്തിലെ 66-ാം വകുപ്പും ആധാർ നിയമത്തിലെ 36, 37 വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങളും ചുമത്തിയാണ് പരാതി. അജ്ഞാതരായ ആളുകൾ വഴി പത്രത്തിന്റെ ലേഖിക വ്യക്തികളുടെ ആധാർ വിവരങ്ങൾ ചോർത്തിയെടുക്കാൻ ശ്രമിച്ചെന്നാണ് പരാതിയിലുള്ളത്.

ട്രിബ്യൂൺ നൽകിയ വാർത്ത

ഒരു വാട്ട്സാപ്പ് ഗ്രൂപ്പ് 500 രൂപയ്ക്ക് ആധാർ വിവരങ്ങൾ വിറ്റെന്നാണ് ട്രിബ്യൂൺ പത്രം റിപ്പോർട്ട് ചെയ്തത്. ഈ ഗ്രൂപ്പിൽ ചേർന്ന ലേഖിക പേടിഎം വഴി 500 രൂപ നൽകിയപ്പോൾ ഒരു ഐ.ഡിയും പാസ് വേഡും ലഭിച്ചു. അതുപയോഗിച്ചാണത്രെ ആധാർ ഡേറ്റാബേസിൽ കയറി വിവരങ്ങൾ ചോർത്താൻ കഴിയുമെന്ന് മനസിലാക്കിയത്. 300 രൂപ കൂടി അടച്ചപ്പോൾ ആധാർ കാർഡ് പ്രിന്റ് ചെയ്യാനുള്ള സോഫ്ട്‌വെയറും കിട്ടിയെന്ന് റിപ്പോർട്ടിലുണ്ടായിരുന്നു.

കിമ്മുമായി ഫോൺ സംഭാഷണത്തിന് പൂർണസമ്മതമെന്ന് ട്രംപ്

ക്യാമ്പ് ഡേവിഡ് (യു.എസ്.എ): ഉത്തരകൊറിയൻ ഏകാധിപതി കിം ജോംഗ് ഉന്നുമായി ഫോണിൽ സംസാരിക്കാൻ പൂർണ സമ്മതമാണെന്ന് യു. എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പറഞ്ഞു. മാത്രമല്ല, ദക്ഷിണ കൊറിയയുമായുള്ള ഉത്തരകൊറിയയുടെ ചർച്ചയിൽ അനുകൂലമായ ഫലം പ്രതീക്ഷിക്കുന്നതായും ട്രംപ് പറഞ്ഞു. രണ്ടു വർഷത്തിനുശേഷം ദക്ഷിണ കൊറിയയുമായി ചർച്ച നടത്താൻ തയ്യാറാണെന്ന് വെള്ളിയാഴ്ചയാണ് കിം ജോംഗ് ഉൻ അറിയിച്ചത്. ഇതിനു പിന്നാലെ വാഷിംഗ്ടണും സോളും തമ്മിലുള്ള സംയുക്ത സൈനികാഭ്യാസം നിറുത്തിവയ്ക്കുകയും ചെയ്തിരുന്നു. ഈ പശ്ചാത്തലത്തിൽ ട്രംപിന്റെ പ്രസ്താവനയെ പ്രതീക്ഷയോടെയാണ് വിദഗ്ദ്ധർ കാണുന്നത്.

ട്രംപ് അധികാരത്തിലെത്തിയതു മുതൽ ഉന്നുമായി ശക്തമായ വാക്പോര് തുടർന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ആഴ്ച, ഉത്തര കൊറിയയുടെ അണുവായുധ മിസൈൽ ബട്ടൺ തന്റെ മേശപ്പുറത്തുണ്ടെന്ന് പറഞ്ഞ കിമ്മിനു മറുപടിയായി, അതിലും വലിയ ബട്ടൺ തന്റെ പക്കലുണ്ടെന്ന് ട്രംപ് പറഞ്ഞിരുന്നു. ദക്ഷിണ കൊറിയയുമായുള്ള ചർച്ചയിൽ അടുത്ത മാസം നടക്കുന്ന ശീതകാല ഒളിമ്പിക്സിൽ തങ്ങളുടെ ടീമിനെ പങ്കെടുപ്പിക്കുന്ന കാര്യം ഉത്തരകൊറിയ ഉന്നയിച്ചേക്കും.

'പത്മാവത്' ജനുവരി 25ന്

ന്യൂഡൽഹി: ഏറെ വിവാദങ്ങൾക്കും വെട്ടിത്തിരുത്തലുകൾക്കും ഒടുവിൽ 'പത്മാവത്' ഈ മാസം 25ന് തിയേറ്ററുകളിലെത്തും. ഹിന്ദുത്വ സംഘടനകളുടെ എതിർപ്പിനെ തുടർന്ന് സുപ്രീംകോടതിയിലും പാർലമെന്ററി സമിതിയിലുമടക്കം എത്തിയ സഞ്ജയ് ലീലാ ബൻസാലിയുടെ 'പത്മാവതി' എന്ന വിവാദ സിനിമയ്ക്ക് ഡിസംബർ 30നാണ് ഉപാധികളോടെ പ്രദർശനാനുമതി നൽകാൻ സെൻസർ ബോർഡ് പ്രത്യേക സമിതി തീരുമാനിച്ചത്.

മഞ്ഞിലുറഞ്ഞ് അമേരിക്ക: മരണം 19 ആയി

വാഷിംഗ്ടൺ: കൊടിയ ശീതക്കാറ്റിൽ കിഴക്കൻ അമേരിക്കയും കാനഡയും മരവിച്ചതിനെ തുടർന്ന് ജനജീവിതം സ്തംഭിച്ചു. കാലാവസ്ഥാ നിരീക്ഷകർ 'ബോംബ് സൈക്ലോൺ' എന്നു വിളിക്കുന്ന പ്രതിഭാസം സൃഷ്ടിച്ച കൊടും ശൈത്യത്തിൽ അമേരിക്കയിൽ ഇതുവരെ 19 പേർ മരിച്ചതായാണ് വിവരം.

വിമാന സർവീസുകളും മറ്റും വ്യാപകമായി തടസ്സപ്പെട്ടു. കാനഡയിലെ വടക്കൻ ഒണ്ടാറിയോയിലും ക്യൂബക്കിലും താപനില മൈനസ് 50 ഡിഗ്രിയായി. കിഴക്കൻ അമേരിക്കയുടെ മിക്ക പ്രദേശങ്ങളിലും താപനില ഇനിയും താഴാമെന്ന് കാലാവസ്ഥാ വിദഗ്ദ്ധർ പറയുന്നു. കൊടും തണുപ്പു മൂലമുണ്ടാകുന്ന, ഫ്രോസ്റ്റ് ബൈറ്റ് എന്ന ശരീരവീക്കത്തെ സൂക്ഷിക്കണമെന്നും മുന്നറിയിപ്പുണ്ട്. അമേരിക്കയുടെ കിഴക്കൻ തീരത്ത് കനത്ത മഞ്ഞുവീഴ്ചയും ശീതക്കാറ്റും മൂലം ആയിരക്കണക്കിനു വിമാന സർവീസുകളാണ് റദ്ദാക്കിയത്. ആയിരക്കണക്കിനു സർവീസുകൾ വൈകുന്നുമുണ്ട്. ന്യൂയോർക്കിലെ ജോൺ എഫ്. കെന്നഡി വിമാനത്താവളം, സൗത്ത് കരോളിനയിലെ ചാൾസ്റ്റൺ വിമാനത്താവളം എന്നിവയെയാണ് അതിശൈത്യം കൂടുതൽ ബാധിച്ചത്.

മഹാരാഷ്ട്രയ്ക്ക് പറയാനുണ്ട്, ദളിത് പ്രതിരോധത്തിൻറെ ഉശിരൻ ചരിത്രം

മുംബയ്: ബി. ജെ. പിയുടെ നേതൃത്വത്തിലുള്ള ദേവേന്ദ്ര ഫഡ്നാവിസ് മന്ത്രിസഭ മഹാരാഷ്ട്രയിൽ നാലാം വർഷത്തിലേക്ക് കടക്കുകയാണ്. ദളിത് സംഘടനകളുടെ ശക്തമായ എതിർപ്പിന്റെ പശ്ചാത്തലത്തിൽ ഭരണം ആരംഭിച്ച സർക്കാരിനെതിരെ ദളിത് പ്രക്ഷോഭം ശക്തമാണ്. ജനുവരി ഒന്നിന് മഹാരാഷ്ട്രയിൽ നടന്ന ദളിത് - മറാത്ത സംഘർഷം ഇതിന് അടിവരയിടുന്നു.

മഹാരാഷ്ട്രയിലെ ദളിത് പ്രതിരോധത്തിന് 330 വർഷത്തെ ചരിത്രമുണ്ട് പറയാൻ.

വധു ബുദ്രുക്

മറാത്ത രാജാവായിരുന്ന ഛത്രപതി ശിവജിയുടെ മകൻ ഛത്രപതി സാംഭാജിയുടെ മരണത്തോടുകൂടിയാണ് ദളിത്- മറാത്ത വൈര്യത്തിന് തുടക്കമാകുന്നത്. 1689ൽ മുഗൾ രാജാവായ ഔറംഗസേബ് വധിച്ച സാംഭാജിയുടെ മരണാനന്തര ചടങ്ങുകൾ ചെയ്യാൻ മറാത്തകൾ പോലും ഭയന്ന കാലത്ത് മുന്നോട്ടു വന്നത് ദളിത് വിഭാഗമായ മഹർ ജാതിയിൽ പെട്ട ഗോവിന്ദ് ഗെയ്ക്ക്‌വാഡായിരുന്നു.

1689ലെ ചരിത്ര സംഭവത്തിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി വലതുപക്ഷ ഹിന്ദു സംഘടനകളുടെ നേതൃത്വത്തിൽ ദളിതർക്കെതിരെ ശക്തമായ പ്രചാരണമാണിവിടെ നടന്നു വരുന്നത്. മറാത്തകളാണ് സാംഭാജികളുടെ ചടങ്ങുകൾ ചെയ്യേണ്ടതെന്നും മഹർ വിഭാഗത്തിന് ഇതിനുള്ള അവകാശമില്ലെന്നുമാണ് പ്രചാരകരുടെ വാദം.

സിസം. 28, 2017 : വധു ബുദ്രുക്കിലെ ഗോവിന്ദ് ഗെയ്ക്ക്‌വാഡിന്റെ കല്ലറയ്ക്ക് സമീപമുള്ള ചരിത്രവിവരങ്ങളടങ്ങിയ ബോർഡ് നശിപ്പിക്കപ്പെട്ടു.

ഡിസം. 29: ദളിതർ മറാത്തകൾക്കെതിരെ പരാതി നൽകി

സിസം. 30: ദളിതർ കേസ് പിൻവലിക്കാനും മറാത്തകൾ ബോർഡ് പുനഃസ്ഥാപിക്കാനുമുള്ള ധാരണയിൽ ഇരുവിഭാഗങ്ങളും തമ്മിൽ ഒത്തുതീർപ്പിലെത്തി.

പൂനെ

ഡിസം. 31: ദളിതരുടെയും മറാത്തകളുടെയും മുസ്ലിങ്ങളുടെയും സഖ്യത്തിനായി ശനിവാർ വാഡയിൽ ദളിത് സംഘടനകളും സാംഭാജി സമൂഹവും ഒത്തുകൂടി

കൊരേഗാവ് ഭീമ

1818 ജനുവരി 1ന് കൊരേഗാവിലെ ഭീമാ നദിയുടെ തീരത്ത് പെഷ്വകളും ബ്രിട്ടീഷുകാരും ഏറ്റുമുട്ടി. മുന്നാക്ക വിഭാഗക്കാരായ പേഷ്വകളുടെ അടിച്ചമർത്തലിൽ വീർപ്പുമുട്ടി കഴിഞ്ഞിരുന്ന മഹറുകൾ ബ്രിട്ടീഷുകാർക്കൊപ്പം പേഷ്വകൾക്കെതിരെ യുദ്ധം ചെയ്തു. യുദ്ധവിജയത്തിന്റെ ഓർമ്മയ്ക്കായി ഒരു സ്മാരകസ്തംഭവും ഇവിടെ സ്ഥാപിച്ചു. 1927ൽ ബി. ആർ. അംബേദ്കറിന്റെ സന്ദർശനത്തിനുശേഷം എല്ലാ വർഷവും ഭീമ-കൊരേഗാവ് യുദ്ധത്തിന്റെ ഓർമ്മയ്ക്കായി ആഘോഷങ്ങൾ നടന്നുവരുന്നു.

ദളിതരും മറാത്തകളിലെ ഒരു വിഭാഗവും യുദ്ധത്തെ ബ്രാഹ്മണർക്കെതിരെയുള്ള പ്രതിരോധമായി കണക്കാക്കി. എന്നാൽ ഹിന്ദു ഭരണത്തിന്റെ അന്ത്യമായി വലതുപക്ഷ ഹിന്ദു സംഘടനകൾ യുദ്ധത്തെ വളച്ചൊടിച്ചു.

ജനു.1, 2018: കൊരേഗാവ്- ഭീമ യുദ്ധത്തിന്റെ 200 -ാം വാർഷികാഘോഷങ്ങൾക്കായി ഒത്തുകൂടിയ ദളിതർക്കെതിരെ പ്രക്ഷോഭവുമായി മറാത്തകളെത്തി

മുംബയ്

ജനു. 2: ദളിതർക്കെതിരെയുള്ള ആക്രമണങ്ങളിൽ പ്രതിഷേധിച്ച് പ്രകാശ് അംബേദ്കർ ബന്തിന് ആഹ്വാനം ചെയ്തു. ആർ.എസ്.എസ് പ്രവർത്തകരായ സാംഭാജി ഭീടെ, മിലിന്ദ് എക്ബോട്ട് എന്നിവർക്കെതിരെ കേസ്.

കോലാപൂർ

ഛത്രപതി ശിവജിയുടെ പരമ്പരയിൽ പെട്ട കോലാപൂർ ഭരണാധികാരി ഷാഹു മഹാരാജാവ് സേവന വിദ്യാഭ്യാസ മേഖലകളിൽ ദളിത് സംവരണം കൊണ്ടുവന്നു. ഇതോടെ ദളിത്- മറാത്ത ശത്രുതയ്ക്ക് ആക്കം കൂടി. തീവ്ര വലതു സംഘടനകളുടെ സാന്നിദ്ധ്യത്തിൽ ശത്രുത വർദ്ധിച്ചു.

ഔറംഗബാദ്

ദളിത്, മുസ്ലിം ഭൂരിപക്ഷ മേഖലയാണ് മറാത്ത്‌വാഡയിലെ പ്രധാന നഗരം. മറാത്ത്‌വാഡ സർവകലാശാലയ്ക്ക് ഡോ. ബി. ആർ. അംബേദ്കറിന്റെ പേരു നൽകിയതിനെ തുടർന്ന് ശിവസേന രോഷാകുലരായി.

ദളിതരെയും മറാത്തകളെയും മുസ്ലിങ്ങളെയും ഉൾപ്പെടുത്തി പുതിയ സഖ്യരൂപീകരണത്തിനാണ് മറാത്ത സേവാ സംഘവും അവയുടെ യുവജന സംഘടനയായ സാംഭാജി ബ്രിഗേഡിന്റെയും ശ്രമം. എന്നാൽ പ്രദേശത്തെ മുസ്ലിങ്ങൾക്കും ദളിതർക്കുമെതിരെയാണ് ശിവസേനയുടെ രാഷ്ട്രീയ കരുനീക്കങ്ങൾ.

സാംഗ്ലി

രാഷ്ട്രീയ ചേരിതിരിവിനെ തുടർന്ന് പൂർണമായും വിഭജിക്കപ്പെട്ട നഗരമാണിത്. സാംഭാജി ഭീഡെയുടെ പാർട്ടിക്ക് ശക്തമായ വേരോട്ടമുണ്ട് സാംഗ്ലിയിൽ. ശക്തമായ മുസ്ലിം സാന്നിദ്ധ്യമുള്ള തൊട്ടടുത്ത നഗരമായ മിറാജുമായി ഹിന്ദു-മുസ്ലിം സംഘർഷങ്ങൾ പതിവാണിവിടെ.

നാഗ്പൂർ

ഹിന്ദു സമൂഹത്തെ വിഭജിക്കുകയാണ് ഭീമ-കൊരേഗാവ് പ്രക്ഷോഭകരുടെ ലക്ഷ്യമെന്ന് ആർ. എസ്. എസ് വാദം. എന്നാൽ സംഭവത്തിൽ ആർ.എസ്.എസ് ആസ്ഥാനമായ നാഗ്പൂരിലെ പാർട്ടിനേതാക്കൾ നിലപാട് വ്യക്തമാക്കിയിട്ടില്ല.

വിവിധം

6 മാസം, 100 രൂപ വർദ്ധന, വെളിച്ചെണ്ണ വില കുതിക്കുന്നു

■ വില കൂടിയതോടെ വിപണി കീഴടക്കി വ്യാജന്മാർ

▶ രാകേഷ് കൃഷ്ണ

കോട്ടയം: ജൂണിൽ 120 രൂപയായിരുന്ന വെളിച്ചെണ്ണയുടെ ഇന്നലത്തെ വില 220. ആറുമാസംകൊണ്ടുണ്ടായ വർദ്ധനവ് 100 രൂപ. തമിഴ്നാട്ടിൽ തേങ്ങ ഉത്പാദനം കുറഞ്ഞതും, ആവശ്യത്തിന് കൊപ്ര ലഭിക്കാത്തതുമാണ് വില വർദ്ധനവിന് കാരണം. വില കുതിച്ചുയർന്നതോടെ വ്യാജന്മാരും കളത്തിലിറങ്ങി. കഴിഞ്ഞ മൂന്നുമാസത്തിനിടെ 1000 ടണ്ണിന്റെ കുറവാണ് വിപണിയിലുണ്ടായത്. തമിഴ്നാട്ടിൽ നിന്നാണ് വെളിച്ചെണ്ണ കൂടുതലായി കേരളത്തിൽ എത്തുന്നത്. ഇവിടെ നിന്ന് കൊപ്ര എടുത്ത ശേഷം കേരളത്തിൽ എത്തിച്ച് വെളിച്ചെണ്ണയാക്കുന്ന വ്യാപാരികളുമുണ്ട്. വെളിച്ചെണ്ണ വില കുതിച്ചുയരുമ്പോഴും തേങ്ങയുടെ വിലയിൽ കാര്യമായ വർദ്ധനവില്ല. എട്ട് ബ്രാൻഡിൽ മായം

വെളിച്ചെണ്ണ കച്ചവടക്കാരുടെ സംഘടനയുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ നിലവിൽ വിപണിയിലുള്ള എട്ട് ബ്രാൻഡിൽ മായം കലർന്നിട്ടുണ്ടെന്ന് കണ്ടെത്തിയിരുന്നു. എന്നാൽ, ഈ ബ്രാൻഡുകൾക്കെതിരെ ഇതുവരെയും ഭക്ഷ്യസുരക്ഷാ വിഭാഗം നടപടിയെടുത്തിട്ടില്ല. വില കൂടിയതോടെ പാമോയിലിൽ പത്തു ശതമാനം വെളിച്ചെണ്ണ ചേർത്ത് 150 മുതൽ 180 രൂപയ്ക്ക് വരെ വ്യാജ എണ്ണ വിപണിയിൽ എത്തിക്കുന്നുണ്ട്. വെളിച്ചെണ്ണയിൽ പാരഫിൻ പോലുള്ള അപകടകരമായ രാസവസ്തുക്കളും ചേർത്ത് വിപണിയിൽ എത്തിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ വിപണിയിൽ ഇറങ്ങുന്ന വ്യാജ വെളിച്ചെണ്ണയുടെ വിലാസം പാലക്കാട്ട് ജില്ലയിലെ കൊടിഞ്ഞാമ്പാറയാണ്. ഇതോടൊപ്പം ഫോൺനമ്പരും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് വ്യാജമാണ്.

വെളിച്ചെണ്ണ വില ഓരോ മാസം തിരിച്ച്

2017	ജൂൺ -	120
2017	ജൂലൈ -	128
2017	ഓഗസ്റ്റ് -	135
2017	സെപ്റ്റംബർ -	140
2017	ഒക്ടോബർ -	152
2017	നവംബർ -	160
2017	ഡിസംബർ -	189
2018	ജനവരി -	220

സപ്ലൈകോ ഔട്ട്‌ലെറ്റുകളിലെ വെളിച്ചെണ്ണ വില

അരക്കിലോ : 46

കേര വെളിച്ചെണ്ണ: 260 (സപ്ലൈക്കോയിൽ 247)

KAUMUDI SPECIAL

സയീദിന്റെ സംഘടനകൾ ഇനി പാകിസ്ഥാന്റെ കരിമ്പട്ടികയിൽ

ഇസ്ലാമാബാദ്: മുംബയ് ഭീകരാക്രമണത്തിന്റെ മുഖ്യ സൂത്രധാരൻ ഹാഫിസ് സയീദിന്റെ സംഘടനകളായ ജമാത്തുദ്ദവ, ഫലാഹെ ഇൻസാനിയത്ത് എന്നിവ ഉൾപ്പെടെ 72 സംഘടനകളെ പാകിസ്ഥാൻ കരിമ്പട്ടികയിൽ പെടുത്തി. പാക് ആഭ്യന്തര മന്ത്രാലയമാണ് നിരോധിത സംഘടനകളുടെ പട്ടിക പുറത്തുവിട്ടത്. ഭീകരർക്ക് സഹായം നൽകുന്നത് തുടരുന്നുവെന്ന് ആരോപിച്ച് അമേരിക്ക പാകിസ്ഥാന് നൽകിവന്ന പ്രതിരോധ, സാമ്പത്തിക സഹായം നിറുത്തിവച്ചതിനു പിന്നാലെയാണ് പാകിസ്താന്റെ ചുവടുവയ്പ്പ്.

സയീദിന്റെ സംഘടനയെ സാമ്പത്തികമായോ മറ്റു തരത്തിലോ സഹായിക്കുന്നത് ഒഴിവാക്കണമെന്നും നിയമവിരുദ്ധ പ്രവർത്തനം ശ്രദ്ധയിൽപെട്ടാൽ അറിയിക്കണമെന്നും വാർത്തക്കുറിപ്പിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സംഘടനകളുടെ സാമൂഹിക, ജനക്ഷേമ, രാഷ്ട്രീയ, മതപരമായ പ്രവർത്തനങ്ങൾക്കും പാകിസ്ഥാൻ വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

അവാർഡിന് കൃതികൾ ക്ഷണിച്ചു

തിരുവനന്തപുരം: ഓച്ചിറ ശ്രീനാരായണ കർമ്മവേദിയുടെ കെ.സുരേന്ദ്രൻ നോവൽ അവാർഡിന് കൃതികൾ ക്ഷണിച്ചു. 2015, 2016, 2017 വർഷങ്ങളിൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ച മലയാള നോവലുകളാണ് പരിഗണിക്കുക. 25001 രൂപയും ശില്പവുമടങ്ങുന്നതാണ് അവാർഡ്. എഴുത്തുകാർക്കും വായനക്കാർക്കും കൃതികൾ നിർദ്ദേശിക്കാം. പുസ്തകത്തിന്റെ രണ്ട് പ്രതികൾ പ്രൊഫ. ജി. സുശ്രുതൻ, പ്രസിഡന്റ് ശ്രീനാരായണ കർമ്മവേദി, പായിക്കുഴി, ഓച്ചിറ പി.ഒ എന്ന വിലാസത്തിൽ ഫെബ്രുവരി 28ന് മുമ്പ് അയയ്ക്കണം. ഫോൺ : 9744159886.

കമ്പ്യൂട്ടർ ആൻഡ് ഡി.ടി.പി ഓപ്പറേഷൻ കോഴ്സ്

തിരുവനന്തപുരം: സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗും സംയുക്തമായി നടത്തുന്ന ആറുമാസം ദൈർഘ്യമുള്ള കമ്പ്യൂട്ടർ ആൻഡ് ഡി. ടി. പി ഓപ്പറേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർക്ക് എസ്.എസ്.എൽ.സി, തത്തുല്യയോഗ്യത ഉണ്ടാവണം. തിരുവനന്തപുരം (0471 2474720, 2467728), എറണാകുളം (0484 2605322), കോഴിക്കോട് (0495 2356591, 2723666) എന്നീ കേന്ദ്രങ്ങളിലാണ് കോഴ്സ് നടത്തുന്നത്. 20ന് മുമ്പ് അപേക്ഷ ലഭിക്കണം. ഫോൺ 0471 2474720, 0471 2467728.

മകരസംക്രമപൂജയും മകരവിളക്കും 14ന്

▶ ബി. അജീഷ്

ശബരിമല: ഭക്തകോടികൾ ദർശന പുണ്യം കൊതിയ്ക്കുന്ന മകരസംക്രമപൂജയും മകരവിളക്കും 14ന് നടക്കും. സൂര്യൻ ധനുരാശിയിൽ നിന്ന് മകരം രാശിയിലേക്ക് കടക്കുന്ന 14ന് പകൽ 1.47നാണ് സന്നിധാനത്ത് സംക്രമപൂജയും അഭിഷേകവും നടക്കുന്നത്. കവടിയാർ കൊട്ടാരത്തിൽ നിന്ന് പ്രത്യേക ദൂതൻ വഴി കൊണ്ടുവരുന്ന നെയ്യാണ് അഭിഷേകം ചെയ്യുന്നത്. പന്തളം കൊട്ടാരത്തിൽ നിന്നുള്ള തിരുവാഭരണം ചാർത്തി വൈകിട്ട് 6.40ന് ദീപാരാധന നടക്കും.

ദീപാരാധനയ്ക്കുശേഷമാണ് പൊന്നമ്പലമേട്ടിൽ മകരവിളക്ക് തെളിയുന്നത്. മകരവിളക്കിന് മുന്നോടിയായി സന്നിധാനത്ത് പ്രാസാദ - ബിംബശുദ്ധി ക്രിയകൾ നടത്തും. മകരസംക്രമ സന്ധ്യയിൽ അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തിരുവാഭരണം വഹിച്ചുള്ള ഘോഷയാത്രയ്ക്ക് 14ന് വൈകിട്ട് അഞ്ചിന് ശരംകുത്തിയിൽ സ്വീകരണം നൽകും. എക്സിക്യൂട്ടീവ് ഓഫീസർ വി.എൻ. ചന്ദ്രശേഖരന്റെ നേതൃത്വത്തിൽ സ്വീകരിച്ച് സന്നിധാനത്തേക്ക് ആനയിക്കും. പതിനെട്ടാംപടിക്ക് മുകളിൽ കൊടിമരച്ചുവട്ടിൽ ദേവസ്വംമന്ത്രി കടകംപള്ളി സുരേന്ദ്രൻ, ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാർ, അംഗങ്ങളായ കെ.രാഘവൻ, കെ.പി. ശങ്കരദാസ് എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിച്ച് സോപാനത്തെത്തിക്കും. തന്ത്രി കണ്ഠര് മഹേഷ് മോഹനരും മേൽശാന്തി എ.വി. ഉണ്ണികൃഷ്ണൻ നമ്പൂതിരിയും ചേർന്ന് പേടകം ഏറ്റുവാങ്ങി തിരുവാഭരണം അയ്യപ്പ വിഗ്രഹത്തിൽ ചാർത്തും.

തിരക്കിൽ അമർന്ന് സന്നിധാനം

മകരവിളക്കിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ സന്നിധാനത്തേക്ക് തീർത്ഥാടകർ ഇടമുറിയാതെ എത്തുകയാണ്. തിരക്ക് നിയന്ത്രണാതീതമായതോടെ പത്ത് മുതൽ പന്ത്രണ്ട് മണിക്കൂർ വരെ ക്യൂവാണ് അനുഭവപ്പെടുന്നത്. തിരക്ക് നിയന്ത്രിക്കാൻ ഇടത്താവളങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുന്നുണ്ട്. തിരക്ക് വർദ്ധിച്ചതോടെ സുരക്ഷാ സംവിധാനങ്ങളും വിപുലീകരിച്ചു.

സന്നിധാനത്തും പമ്പയിലും മറ്റ് പ്രധാന ഇടത്താവളങ്ങളിലും പൊലീസ്, കേന്ദ്ര ദ്രുതകർമ്മസേന, ദുരന്ത നിവാരണ സേന എന്നിവരെ കൂടുതലായി നിയോഗിച്ചു. കേരളാ പൊലീസും കേന്ദ്രസേനയും ഡ്രോണുകൾ ഉപയോഗിച്ച് ആകാശ നിരീക്ഷണവും നടത്തുന്നുണ്ട്.

വിദേശത്ത് തൊഴിൽ

കാഷ്യർ

ഖത്തറിൽ കാഷ്യർ ഒഴിവിലേക്ക് അവസരം. ചെന്നൈ കൺസൾട്ടൻസ് ആണ് റിക്രൂട്ട് ചെയ്യുന്നത്. കൂടുതൽ വിവരങ്ങൾക്ക്: www.indeed.co.in

സെക്യൂരിറ്റി ഗാർഡ്

ഖത്തറിലെ G4S-ൽ സെക്യൂരിറ്റി ഗാർഡ് ആകാം! ഇന്റർവ്യൂ തിരുവല്ലയിൽ | ഉടനെ ബന്ധപ്പെടുക: thozhilnedam.com

സ്പാ മാനേജർ

കുവൈറ്റിൽ SPA Manager (Female) ആകാം. പ്രായം: 30-40 | മികച്ച ശമ്പളം | താമസ സൗകര്യം. കൂടുതൽ വിവരങ്ങൾക്ക് ലിങ്ക് സന്ദർശിക്കുക. thozhilnedam.com

വെയിറ്റർ / വെയിട്രസ്

U.A.E ലെ ഹോട്ടലിൽ Waiter & Waitress അവസരങ്ങൾ. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കാനും thozhilnedam.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ക്യാംപ് കുക്ക്

ഖത്തറിൽ Camp Cook ആകാം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കാനും thozhilnedam.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

കമ്പനി ഫ്രീ റിക്രൂട്ട്മെന്റ്

Aujan കമ്പനിയിലേക്ക് ഫ്രീ റിക്രൂട്ട്മെന്റ്! സെയിൽസ് സൂപ്പർവൈസർ. സെയിൽസ് റെപ്രസെന്റേറ്റീവ് തസ്തികകളിലേക്കാണ് റിക്രൂട്ട്മെന്റ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കാനും thozhilnedam.com

കർട്ടൻ മേക്കർ

ദുബായിൽ കർട്ടൻ മേക്കർ ആകാം. Al Muntaha Human Resources Consultancy - Dubai ആണ് റിക്രൂട്ട് ചെയ്യുന്നത്. താത്പര്യമുള്ളവർക്ക് 0502236775 എന്ന നമ്പറിൽ വിളിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.careersatgcc.com

സോഫ മേക്കർ

അജ്മാനിലെ ഫാക്ടറിയിലേക്ക് സോഫ മേക്കർ ആകാൻ അപേക്ഷിക്കാം. കൺസൾട്ടൻസി: Al Muntaha Human Resources Consultancy - Dubai. കൂടുതൽ വിവരങ്ങൾക്ക്: www.careersatgcc.com

ഫാക്ടറി വർക്ക്

ദുബായിൽ ഫാക്ടറി വർക്കിലേക്ക് ആളെ ആവശ്യമുണ്ട്. മൂന്ന് വർഷത്തെ എക്സ്പീരിയൻസ്. കൂടുതൽ വിവരങ്ങൾക്ക്: www.jobshunt

ബാർമാൻ

ദുബായിലെ ഫൈവ്സ്റ്റാർ ഹോട്ടലിൽ ബാർമാൻ ആകാം. jobzworld.net എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം.

കഫേ അറ്റൻഡർ

കിഡ്സ് എന്റർടൈൻമെന്റ് ആൻഡ് ഇവന്റ്സ് കമ്പനിയിലേക്ക് barista/cafe attendant, play area attendant എന്നിങ്ങനെ ഒഴിവുകളുണ്ട്. താത്പര്യമുള്ളവർക്ക് adrian@playdates.ae jo@playdates.ae ഈ മെയിലുകളിലേക്ക് ബയോഡാറ്റ അയക്കാം. കൂടുതൽ വിവരങ്ങൾ www.careerzpot.com എന്ന വെബ്സൈറ്റിൽ

ലുലു ഇന്റർനാഷണലിൽ

ദുബായ് ലുലു ഇന്റർനാഷണലിൽ വിവിധ വിഭാഗങ്ങളിലേക്ക് ജോലി ഒഴിവ്. Accounts & Finance, Branch Operations, Banking Relations, Bank Notes, Compliance, Hr & Admin, Internal Audit IT, Legal, Marketing, Operations-HQ, Projects എന്നീ വിഭാഗങ്ങളിലേക്കാണ് അപേക്ഷിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക്: gulfjobvacancy.com. അപേക്ഷിക്കാൻ luluexchange.com/careers എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ട്രെയിലർ ഡ്രൈവർ

ഖത്തറിൽ ടെയിലർ ഡ്രൈവർ. ഖത്തർ ലൈസൻസ് ആവശ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: www.gulfwalkin.com എന്ന വെബ്സൈറ്റ് കാണുക. ഫെബ്രുവരി 4 ആണ് അവസാന തീയതി.

ന്യൂസിലൻഡിൽ ഫാം മേഖലയിൽ

ന്യൂസിലൻഡിൽ വിവിധ തൊഴിലുകളിലേക്ക് അർജന്റ് റിക്രൂട്ട്മെന്റ് നടത്തുന്നു. ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾ ഫാം മേഖലയിൽ 2500 ഒഴിവുകളുണ്ട്. ഫ്രീ വിസയും ടിക്കറ്റും. കൂടുതൽ വിവരങ്ങൾക്ക്: awayjob.com

ലൈഫ് ഗാർഡ്

ബഹ്റൈനിലെ മനാമയിൽ ഹെൽത്ത് കെയർ വിഭാഗത്തിൽ ലൈഫ് ഗാർഡ് ഒഴിവിലേക്ക് അപേക്ഷിക്കാം.
ശമ്പളം: $474.00 - $526.00 per month. അപേക്ഷിക്കേണ്ട അവസാന തീയതി: ഫെബ്രുവരി 4. കൂടുതൽ വിവരങ്ങൾക്ക്: www.eurojobs.com

സൂഷി ഷെഫ്

ഇറാഖിൽ കസ്റ്റമർ സർവീസ്, ഹോസ്പിറ്റാലിറ്റി വിഭാഗത്തിൽ സൂഷി ഷെഫ് ആകാം. ശമ്പളം: $1,500.00 - $2,000.00 per month. ഫെബ്രുവരി 4 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.eurojobs.com

ഹെൽത്ത് കെയർ അസിസ്റ്റന്റ്

ലണ്ടനിൽ ഹെൽത്ത് കെയർ അസിസ്റ്റന്റ് ആകാൻ അപേക്ഷിക്കാം. ശമ്പളം: £8.00 - £8.00 per hour. ഫെബ്രുവരി 5 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.eurojobs.com

പ്രോജക്ട് മാനേജർ

ജർമ്മനിയിൽ പ്രോജക്ട് മാനേജർ തസ്തികയിലേക്ക് അപേക്ഷിക്കാം. ഫെബ്രുവരി 19 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.eurojobs.com

സീനിയർ ഐ.ഒ.എസ് ഡവലപ്പർ

തായലൻഡിൽ Chilindo Co. Ltd ൽ ഇൻഫർമേഷൻ ടെക്നോളജി വിഭാഗത്തിൽ സീനിയർ ഐ ഒ എസ് ഡവലപ്പർ ഒഴിവിലേക്ക് അപേക്ഷിക്കാം.
Phone: +66 2 711 5305 Web Site: www.chilindo.com. കൂടുതൽ വിവരങ്ങൾക്ക്: www.eurojobs.com

മെയിൽ റൂം സെക്യൂരിറ്റി ഓഫീസർ

ലണ്ടനിലെ Unitrust Protection Services (UK) Ltd ൽ മെയിൽ റൂം സെക്യൂരിറ്റി ഓഫീസർ ആകാം. Job Reference: HBLonMRSO0301. Job ID: 207124091. കൂടുതൽ വിവരങ്ങൾക്ക്: www.cv-library.co.uk

ഇൻഡസ്ട്രിയൽ പ്ലംബേഴ്സ്

നോർവേയിൽ ഇൻഡസ്ട്രിയൽ പ്ലമ്പേഴ്സ് ഒഴിവിലേക്ക് അപേക്ഷിക്കാം. ജനവരി 22 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.eurojobs.com.

ഫ്രീ റിക്രൂട്ട്മെന്റ്!

ഖത്തറിലെ ഹോസ്പിറ്റാലിറ്റി കമ്പനിയിലേക്ക് ഫ്രീ റിക്രൂട്ട്മെന്റ്! Sous Chef, Chef de Partie, Commis I, Steward Supervisor, Asst. Restaurant Manager, Restaurant Supervisor, Butlers/Captains, Lifeguards Male, Waiter, Cashier, Bartender, Asst. Waiter/Waitress എന്നിങ്ങനെയാണ് ഒഴിവുകൾ. ഇന്റർവ്യൂ ഉടൻ | മികച്ച ശമ്പളം. കൂടുതൽ വിവരങ്ങൾക്ക് ലിങ്ക് സന്ദർശിക്കുക. thozhilnedam.com

അൽ അൻസാരി എക്സ്ചേഞ്ചിൽ

ദുബായ് അൽ അൻസാരി എക്സ്ചേഞ്ചിൽ കൗണ്ടർ സ്റ്റാഫ്, കസ്റ്റമർ സർവീസ് സ്റ്റാഫ്, ബിസിനസ് ഡവലപ്മെന്റ് എക്സിക്യൂട്ടീവ്, എക്സിക്യൂട്ടീവ്, ഐടി സപ്പോർട്ട് എൻജിനീയർ. സീനിയർ സിസ്റ്റം എൻജിനീയർ തുടങ്ങിയ തസ്തികകളിൽ ഒഴിവുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: gulfjobvacancy.com. അപേക്ഷിക്കാൻ alansariexchange.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ഷറഫ് എക്സ്ചെഞ്ചിൽ

ദുബായിൽ ഷറഫ് എക്സ്ചെഞ്ചിൽ ബ്രാഞ്ച് മാനേജർ, ടെല്ലർ, ജനറൽ ക്യാഷ്യർ തസ്തികകളിൽ ഒഴിവുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: gulfjobvacancy.com. അപേക്ഷിക്കാൻ www.sharafexchange.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

യു.എ.ഇ എക്സ്ചേഞ്ചിൽ

ദുബായ് യു.എ.ഇ എക്സ്ചേഞ്ചിൽ റീജണൽ ഹെഡ്, അസോസിയേറ്റ് മാനേജിംഗ് കൗൺസിൽ, ടീം മെമ്പർ, അസോസിയേറ്റ് മാനേജർ തുടങ്ങിയ തസ്തികകളിലേക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: gulfjobvacancy.com. അപേക്ഷിക്കാൻ www.uaeexchange.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ജിസിസി എക്സ്ചേഞ്ചിൽ

ദുബായ് ജിസിസി എക്സ്ചേഞ്ചിൽ മാർക്കെറ്റിംഗ് എക്സിക്യൂട്ടീവ്, എച്ച്.ആർ അഡ്മിൻ അസിസ്റ്റന്റ്, കാഷ്യർ, ബ്രാഞ്ച് മാനേജർ തുടങ്ങിയ തസ്തികകളിലേക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: gulfjobvacancy.com. അപേക്ഷിക്കാൻ www.gccexchange.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ഒമാൻ കമ്പനിയിൽ

ഒമാൻ കമ്പനിയിൽ സാൻഡ് ബ്ലാസ്റ്റർ, സ്പ്രേ പെയിന്റർ, ജോലി ഒഴിവ്. അപേക്ഷകൾ rkgulftravels@gmail.com എന്ന മെയിലിലേക്ക് അയക്കാം.

മറീനമാൾ

ദുബായിലെ മറീനമാളിലേക്ക് വിവിധ തസ്തികകളിൽ ജോലി ഒഴിവുണ്ട്. ബയോഡാറ്റ careers@marinamall.ae എന്ന മെയിലിലേക്ക് അയക്കാം. കൂടുതൽ വിവരങ്ങൾക്ക്: gulfjobvacancy.com. മറീനമാൾ www.marinamall.ae/

ദുബായ് സ്കൂളിലേക്ക് ഇന്റർവ്യൂ

ദുബായ്, അബുദാബി എന്നിവിടങ്ങളിലെ പ്രധാന സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബ് അസിസ്റ്റന്റ്, സയൻസ് ലാബ് അസിസ്റ്റന്റ്, ലൈബ്രറി അസിസ്റ്റന്റ്, പിയൂൺ, വാച്ച്മാൻ, സ്കൂൾ ഹെൽപ്പർ, ബസ് ഡ്രൈവർ എന്നിങ്ങനെ ഒഴിവുകൾ. താത്പര്യമുള്ളവർ സി.വി dubai.rkgt@gmail.com എന്ന മെയിലിലേക്ക് അയക്കണം. ജനവരി 15, 16 തീയതികളിൽ ഇന്റർവ്യൂ നടക്കും.

എൻജി.സൊല്യൂഷൻ കമ്പനിയിൽ

ദുബായിൽ എൻജിനിയറിംഗ് സൊല്യൂഷൻ കമ്പനിയിൽ അസിസ്റ്റന്റ് കമ്മീഷനിംഗ് എൻജിനീയർ, കമ്മിഷനിംഗ് ടെക്നീഷ്യൻസ് ഒഴിവുകളിലേക്ക് അപേക്ഷിക്കാം. ഇന്റർവ്യൂ ജനവരി 11 തീയതികളിൽ മുംബൈയിൽ. കൺസൾട്ടൻസി: F Gheewala Human Resource Consultants, Mumbai വെബ്സൈറ്റ്: www.gheewalajobs.com

കോറഗേറ്റ് ബോക്സ് ഫാക്ടറിയിൽ

മിഡിൽ ഈസ്റ്റിൽ കോറഗേറ്റ് ബോക്സ് ഫാക്ടറിയിലേക്ക് കോറഗേറ്റ് മെഷ്യൻ ഓപ്പറേറ്റർ, മെക്കാനിക്കൽ ടെക്നീഷ്യൻ, ഇലക്ട്രീഷ്യൻ, പ്രിന്റിംഗ് മെഷ്യൻ ഓപ്പറേറ്റർ എന്നിങ്ങനെ ഒഴിവുകൾ. ജനവരി 13 ന് കൊച്ചിയിൽ ഇന്റർവ്യൂ. കൂടുതൽ വിവരങ്ങൾക്ക്: www.gulfwalkin.com എന്ന വെബ്സൈറ്റ് കാണുക.

ടെലി പെർഫോമൻസ്

സ്പെയിനിലെ ബാർസലോണയിൽ ടെലിപെർഫോമൻസിൽ ടെലികോം ഡിപ്പാർട്ട്മെന്റിൽ ഒഴിവിലേക്ക് അപേക്ഷിക്കാം.
Salary: €38,000.00 - €45,000.00. അപേക്ഷിക്കേണ്ട അവസാന തീയതി: ജനവരി 22. Teleperformance Spain, Web Site: www.teleperformance.com കൂടുതൽ വിവരങ്ങൾക്ക്: www.eurojobs.com.

സെയിൽസ് മാൻ കം ഡ്രൈവർ

സൗദിയിൽ സെയിൽസ്മാൻ കം ഡ്രൈവർ. ജനവരി 30 വരെ അപേക്ഷിക്കാം. കംഫർട്ട് ട്രാവൽ ഗ്രൂപ്പാണ് റിക്രൂട്ട് ചെയ്യുന്നത്. കൂടുതൽ വിവരങ്ങൾക്ക്: gulfwalkin.com

ഇലക്ട്രിസിറ്റി ആൻഡ് വാട്ടർ കോർപറേഷനിൽ

ഖത്തർ ജനറൽ ഇലക്ട്രിസിറ്റി ആൻഡ് വാട്ടർ കോർപറേഷനിൽ എൻജിനിയർ/ ഇൻസ്പെക്ടർ/ ഓപ്പറേറ്റർ എന്നിവർക്ക് നിരവധി അവസരങ്ങൾ.
കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുവാനുമായി gulfwalkin.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ഇംപ്ലിമെന്റ് എൻജിനിയർ

യു.എ.ഇ യിൽ ഇംപ്ലിമെന്റ് എൻജിനിയർ തൊഴിൽ അവസരം. തൊഴിലിനെ പറ്റി കൂടുതൽ അറിയാനും അപേക്ഷിക്കാനും careers.redingtonmea.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക

സെയിൽസ് എക്സിക്യൂട്ടീവ്

യു.എ.ഇ യിൽ സെയിൽസ് എക്സിക്യൂട്ടിവ് ആകാൻ അവസരം. തൊഴിലിനെ പറ്റി കൂടുതൽ അറിയാനും അപേക്ഷിക്കാനും careers.redingtonmea.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക

ദുബായിലേക്ക് ഫ്രീ റിക്രൂട്ട്മെന്റ്!

ദുബായിലെ Enhance കമ്പനിയിലേക്ക് ഫ്രീ റിക്രൂട്ട്മെന്റ്. വാൻ സെയിൽസ്മാൻ, ഡ്രൈവർ, എന്നിങ്ങനെയാണ് ഒഴിവുകൾ. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കാനും thozhilnedam.com എന്ന വെബ്സൈറ്റ് കാണുക.

ഖത്തറിലേക്ക് ഫ്രീ റിക്രൂട്ട്മെന്റ്!

ഖത്തറിലേക്ക് മൾട്ടി സ്കിൽഡ് മെയിന്റനൻസ് വർക്കേഴ്സ് ഒഴിവിലേക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കാനും thozhilnedam.com എന്ന വെബ്സൈറ്റ് കാണുക.

പാരാമെഡിക്കൽസിൽ

സൗദിയിൽ സൗദി പാരാമെഡിക്കൽസിൽ Echo Lab Supervisor (Male), Ultrasound Technicians, Pharmacy Technician, Echo Technician (Male), Registered Nurse - II (Female) എന്നിവയിലേക്ക് അപേക്ഷിക്കാം. Jerry Varghese International Ltd ആണ് കൺസൾട്ടൻസി. ജനവരി 27 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കാനും gulfwalkin.com

റോഡ്, ബ്രിഡ്ജ് മേഖലയിൽ

ഒമാനിലെ പ്രമുഖ കൺസ്ട്രക്ഷൻ കമ്പനിയിലേക്ക് തൊഴിലവസരം. റോഡ്, ബ്രിഡ്ജ് മേഖലയിലാണ് ഒഴിവ്. ഇന്റർവ്യൂ ജനവരി 17, 18 തീയതികളിൽ ചെന്നൈയിൽ. സിവി Azmathraza480@gmail.com എന്ന മെയിലിലേക്ക് അയക്കണം.

ഖത്തറിൽ നിരവധി അവസരങ്ങൾ

ഖത്തറിൽ തൊഴിൽ നേടാൻ അപേക്ഷിക്കാം. Secretary, Supermarket attendants, Drivers, Electricians, Cleaners, Security, I.T technicians, Housemaids, Caretaker എന്നിങ്ങനെയാണ് ഒഴിവുകൾ. താത്പര്യമുള്ളവർക്ക് bbhwettah@gmail.com എന്ന മെയിലിലേക്ക് സി.വി അയക്കാം. whatsapp +254706666421.

ഖത്തർ റാംകോ ട്രേഡിംഗ് കമ്പനിയിൽ

ഖത്തറിൽ റാംകോ കമ്പനിയിൽ Production Engineer, QAQC Engineer എന്നിവയാണ് ഒഴിവുകൾ. reliancejobs@yahoo.com എന്ന മെയിലിലേക്ക് റെസ്യൂമെ അയക്കാം.
കൂടുതൽ വിവരങ്ങൾക്ക്: www.gulfwalkin.com

അസെറ്റ് കോ-ഓർഡിനേറ്റർ/കൺട്രോളർ

ഒമാനിൽ അസെറ്റ് കോർഡിനേറ്റർ/ കൺട്രോളർ ഒഴിവുകൾ. ബയോഡാറ്റ rakshaliip@indianpersonnel.com എന്ന മെയിലിലേക്ക് അയക്കാം. വെബ്സൈറ്റ്: www.ambeinter.com. കൂടുതൽ വിവരങ്ങൾക്ക്: www.gulfwalkin.com. കൺസൾട്ടൻസി: Ambe International, Mumbai

ന്യൂസിലൻഡിൽ അർജന്റ് റിക്രൂട്ട്മെന്റ്

ന്യൂസിലൻഡിൽ ഓട്ടോ മോട്ടീവ് ടെക്നീഷ്യൻ, ഫോർകിറ്റ്, ബേക്കർ, ബീ കീപ്പർ, ക്യാബിനറ്റ് മേക്കർ, കാർപ്പെറ്റ് ലെയർ, കോൺക്രീറ്റ് വർക്കേഴ്സ്, സീനിയർ സെക്യൂരിറ്റി ടെക്നീഷ്യൻ, സ്റ്റോൺ മേസൺ, തുടങ്ങിയ തൊഴിലുകളിലേക്ക് അർജന്റ് റിക്രൂട്ട്മെന്റ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കാനും www.jaftas.com എന്ന വെബ്സൈറ്റ് കാണുക.

മെയിൽ നഴ്സ്

യു.എ.ഇ യിൽ മെയിൽ നഴ്സ് ഒഴിവിലേക്ക് അപേക്ഷിക്കാം. തൊഴിലിനെ പറ്റി കൂടുതൽ അറിയാനും അപേക്ഷിക്കാനും www.besix.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക

എച്ച്.എസ്.ഇ എൻജിനിയർ

യു.എ.ഇ യിൽ എച്ച്.എസ്.ഇ എൻജിനിയർ തൊഴിലിലേക്ക് അപേക്ഷിക്കാം. തൊഴിലിനെ പറ്റി കൂടുതൽ അറിയാനും അപേക്ഷിക്കാനും www.besix.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക

പ്ലാനിംഗ് മാനേജർ

യു.എ.ഇ യിൽ പ്ലാനിംഗ് മാനേജർ ആകാൻ അവസരം. തൊഴിലിനെ പറ്റി കൂടുതൽ അറിയാനും അപേക്ഷിക്കാനും www.besix.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ട്രെയിലർ ഡ്രൈവർ

ഖത്തറിൽ ടെയിലർ ഡ്രൈവർ അവസരം. ചെന്നൈ കൺസൾട്ടൻസ് ആണ് റിക്രൂട്ട് ചെയ്യുന്നത്. ഖത്തർ ലൈസൻസ് ആവശ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: www.indeed.co.in

കസ്റ്റമർ സപ്പോർട്ട് എൻജിനിയർ

യു.എ.ഇ യിൽ കസ്റ്റമർ സപ്പോർട്ട് എൻജിനിയർ ആകാൻ അവസരം. കൂടുതൽ വിവരങ്ങൾ അറിയാനും അപേക്ഷിക്കാനും: careers.redingtonmea.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക

ഇൻഷ്വറൻസ് കമ്പനിയിൽ

ദുബായിൽ ഇൻഷ്വറൻസ് സെയിൽസ് എക്സിക്യൂട്ടീവ്, ജനറൽ ഇൻഷ്വറൻസ് അണ്ടർറൈറ്റർ ഒഴിവുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: Email: admin@cibsuae.com വെബ്സൈറ്റ്: gulfjobvacancy.com

ഹൈപ്പർമാർക്കറ്റിൽ അവസരം

മിഡ്ഡിൽ ഈസ്റ്റിലെ ഹൈപ്പർമാർക്കറ്റിൽ അവസരം. സൗത്ത് ഇന്ത്യൻ കുക്ക്, സ്നാക്ക് മേക്കർ, ബേക്കറി, പേസ്ട്രി, ജ്യൂസ് മേക്കർ, പിസ മേക്കർ, സാൻഡ്വിച്ച്-സലാഡ് മേക്കർ ഇന്ത്യൻ കുക്ക്, ചൈനീസ് കുക്ക് എന്നിങ്ങനെയാണ് ഒഴിവുകൾ. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കാനും thozhilnedam.com.

വാൾസ്ട്രീറ്റ് എക്സ്ചേഞ്ചിലേക്ക്

ദുബായിൽ വാൾസ്ട്രീറ്റ് എക്സ്ചേഞ്ചിലേക്ക് Operational Risk Officer, Software Engineer, Cashier, Business Development Coordinator തുടങ്ങിയ തസ്തികകളിലേക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: gulfjobvacancy.com. അപേക്ഷിക്കാൻ tnes.in.talentnow.com

ഖത്തർ പെട്രോളിയത്തിൽ

ഖത്തർ പെട്രോളിയത്തിൽ ഇൻസ്ട്രുമെന്റ് എൻജിനിയർ, കോൺട്രാക്ട് അഡ്മിനിസ്ട്രേറ്റർ, പ്രോജക്ട് എൻജിനീയർ, ഷിഫ്റ്റ് സൂപ്പർവൈസർ, പോളിസി അനലിസ്റ്റ്, ടെക്നിക്കൽ അനലിസ്റ്റ്, സിസ്റ്റം എൻജിനിയർ, സെക്യൂരിറ്റി ഓഫീസർ തുടങ്ങിയ ഒഴിവുകളിലേക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: jobsindubaie.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. www.qp.com.qa എന്ന വെബ്സൈറ്റിലൂടെ അപേക്ഷിക്കാം.

ദുബായ് പെട്രോളിയം

ദുബായ് പെട്രോളിയത്തിൽ പ്രൊഡക്ഷൻ ഓപ്പറേറ്റർ-സാറ്റലൈറ്റ്, മെക്കാനിക്കൽ ടെക്നീഷ്യൻ എന്നിങ്ങനെയുള്ള ഒഴിവുകളിലേക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: jobsindubaie.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. www.dubaipetroleum.ae എന്ന വെബ്സൈറ്റിലൂടെ അപേക്ഷിക്കാം.

ദലീൽ പെട്രോളിയം കമ്പനിയിൽ

ഒമാൻ Daleel Petroleum Company LLC യിൽ സീനിയ സിവിൽ ആൻഡ് സ്ട്രക്ച്ചറൽ എൻജിനിയർ, കോൺട്രാക്ട് എൻജിനീയർ എന്നീ ഒഴിവുകളിലേക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: jobsindubaie.com. എന്ന വെബ്സൈറ്റ് സന്ദർശിക്കുക. www.dapeco.com.om എന്ന വെബ്സൈറ്റിലൂടെ അപേക്ഷിക്കാം.

ബഹ്റൈൻ പെട്രോളിയം കമ്പനിയിൽ

ബഹ്റൈൻ പെട്രോളിയം കമ്പനിയിൽ വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. സോൺ സൂപ്പർ വൈസർ, മെക്കാനിക്കൽ- ഇൻസ്ട്രുമെന്റൽ എൻജിനിയർ എന്നിങ്ങനെയാണ് ഒഴിവുകൾ. കൂടുതൽ വിവരങ്ങൾക്ക് jobsindubaie.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. www.bapco.net/en-us എന്ന വെബ്സൈറ്റിലൂടെ അപേക്ഷിക്കാം.

ദുബായ് മാളിൽ

ദുബായ് മാളിൽ Civil Engineer - Facility Management, MEP Engineer, Sales Administrator, Property Advisor, Relationship Manager, Signature Service (Customer Service), Customer Care, Landscape Manager, Community Management തുടങ്ങിയ തസ്തികകളിലേക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: gulfjobvacancy.com. ദുബായ് മാളിന്റെ വെബ്സൈറ്റ്: thedubaimall.com

ദുബായ് ഔട്ട്ലെറ്റ് മാൾ

ദുബായ് ഔട്ട്ലെറ്റ് മാളിൽ വിവിധ തസ്തികകളിൽ ജോലി ഒഴിവ്. താത്പര്യമുള്ളവർ ബയോഡാറ്റ careers@dubaioutletmall.com എന്ന മെയിലിലേക്ക് അയക്കാം. കൂടുതൽ വിവരങ്ങൾക്ക്: gulfjobvacancy.com. ദുബായ് ഔട്ട്ലെറ്റ് മാളിന്റെ വെബ്സൈറ്റ്: www.dubaioutletmall.com

ദുബായ് അക്വേറിയത്തിൽ

ദുബായ് അക്വേറിയത്തിൽ കമ്യൂണിറ്റി സൂപ്പർവൈസർ, റിസപ്ഷനിസ്റ്റ്, അസിസ്റ്റന്റ് മാനേജർ, സെയിൽസ് മാനേജർ, ഇവന്റ് മാനേജർ തസ്തികകളിൽ അവസരം. കൂടുതൽ വിവരങ്ങൾക്ക്: gulfjobvacancy.com. ദുബായ് അക്വേറിയം: www.thedubaiaquarium.com

അറേബ്യൻ സെന്ററിൽ

ദുബായിലെ അറേബ്യൻ സെന്റർ മാളിലേക്ക് Senior Software Developer, Junior Software Developer, Ux Team Leader, Project Manager (More Than 7 Years Experience), System Analyst (More Than 7 Years Experience) Senior Sales Engineer, Senior Accountant (More Than 4 Years Experience) എന്നിങ്ങനെ ഒഴിവുകളുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: gulfjobvacancy.com.
അറേബ്യൻ സെന്ററിന്റെ വെബ്സൈറ്റ് www.arabiancenter.com.

അഡ്മിൻ അസിസ്റ്റന്റ് / റിസെർച്ചർ

മോസ്കോയിലെ സ്റ്റാർട്ട് അപ് കമ്പനിയിൽ അഡ്മിൻ അസിസ്റ്റന്റ്/ റിസേർച്ചർ ഒഴിവിലേക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർക്ക് david@disclosures.org എന്ന മെയിലിലേക്ക് ബയോഡാറ്റ അയക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.glassdoor.co.in

ഡയറക്ടർ , ഹ്യൂമൻ റിസോഴ്സസ്

സെന്റ് പീറ്റേഴ്സ്ബർഗിൽ ക്വാണ്ടേന കമ്മ്യൂണിക്കേഷൻസിലേക്ക് ഡയറക്ടർ, ഹ്യൂമൻ റിസോഴ്സസ് തസ്തികയിൽ ഒഴിവുണ്ട്. hr@quantenna.com എന്ന മെയിലിലേക്ക് ബയോഡാറ്റ അയക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.glassdoor.co.in

മെക്കാനിക്കൽ എൻജിനിയർ

നോർവേ Qreer.com മെക്കാനിക്കൽ എൻജിനിയർ തസ്തികയിലേക്ക് അപേക്ഷിക്കാം. ഫെബ്രുവരി 2 വരെ അപേക്ഷിക്കാം. കമ്പനി: www.Qreer.com. കൂടുതൽ വിവരങ്ങൾക്ക്: www.eurojobs.com

പ്ലാസ്റ്റിക് സർജറി വിഭാഗത്തിൽ

നോർവെ Akershus university hospital ൽ പ്ലാസ്റ്റിക് സർജറി വിഭാഗത്തിൽ സെക്ഷൻ ലീഡർ ആകാൻ അപേക്ഷിക്കാം. ജനവരി 31 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.eurojobs.com.

റേഡിയോളജിസ്റ്റ്

നോർവേയിൽ ഹെൽത്ത് കെയർ വിഭാഗത്തിൽ സ്പെഷ്യലിസ്റ്റ് റേഡിയോളജിസ്റ്റ് ഒഴിവുണ്ട്. ജനവരി 14 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.eurojobs.com.

എഡ്യൂക്കേഷൻ പ്രോഗ്രാം മാനേജർ

ദുബായിൽ എജ്യൂക്കേഷൻ പ്രോഗ്രാം മാനേജർ ഒഴിവുകളിലേക്ക് ജനവരി 14 വരെ അപേക്ഷിക്കാം. മാസ്റ്റർ ഡിഗ്രിയാണ് യോഗ്യത. കൂടുതൽ വിവരങ്ങൾക്ക്: www.alghurairfoundation.org

ജാസൻ റിഫൈനറിയിൽ

സൗദി അറേബ്യയിലെ ജാസൻ റിഫൈനറിയിൽ നിരവധി അവസരങ്ങൾ. മെയിന്റനൻസ് ഡിപ്പാർട്ട്മെന്റ്, എൻജിനിയറിംഗ് എന്നീ വിഭാഗങ്ങളിലേക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കാനും gulfwalkin.com. ജനവരി 28 വരെ അപേക്ഷിക്കാം.

കുടീഞ്ഞോ ബാഴ്സയിലെത്തി

മാഡ്രിഡ്: 160 ദശലക്ഷം യൂറോയ്ക്ക് ലിവർപൂളിൽനിന്ന് ബ്രസീലിയൻ സ്ട്രൈക്കർ ഫിലിപ് കുടീഞ്ഞോയെ സ്പാനിഷ് ക്ലബ് ബാഴ്സലോണ സ്വന്തമാക്കി. യൂറോപ്യൻ ഫുട്ബാൾ ക്ലബ് ട്രാൻസ്ഫറിലെ ഏറ്റവും ഉയർന്ന മൂന്നാമത്തെ തുകയാണിത്.

പാണ്ഡ്യ സിമ്പിളാണ്, പവർഫുളും

"ഇതുവരെയുള്ള ഒരു വിദേശപര്യടനത്തിലും ഇന്ത്യൻ ടീമിന് ലഭിച്ചിട്ടില്ലാത്ത ബോണസാണ് ഹാർദിക് പാണ്ഡ്യയുടെ സാന്നിദ്ധ്യം. പേസ്ബൗളിംഗ് ചെയ്യാൻ കഴിയുന്ന ബാറ്റിംഗ് ആൾറൗണ്ടർ എന്ന നിലയിൽ ഈ പര്യടനത്തിൽ ഹാർദിക്കിൽനിന്ന് ഏറെ പ്രതീക്ഷിക്കാനുണ്ട്.

ദക്ഷിണാഫ്രിക്കൻ പര്യടനത്തിനുമുമ്പ് സച്ചിൻ ടെൻഡുൽക്കർ പറഞ്ഞത്

കേപ്ടൗണിൽ സംഭവിച്ചത്

- ഒന്നാം ഇന്നിംഗ്സിൽ ഇന്ത്യ 92/7 എന്ന നിലയിലേക്ക് കൂപ്പുകുത്തിയപ്പോൾ 95 പന്തിൽ 93 റൺസടിച്ച് കനത്ത മാനക്കേടിൽനിന്ന് രക്ഷപ്പെടുത്തി.
- ആദ്യ ഇന്നിംഗ്സിൽ മികച്ച ഫോമിൽ കളിച്ച ദക്ഷിണാഫ്രിക്കൻ ക്യാപ്ടൻ ഫാഫ് ഡുപ്ലെസിയെ പുറത്താക്കി.
- രണ്ടാം ഇന്നിംഗ്സിൽ ദക്ഷിണാഫ്രിക്കൻ ഓപ്പണർമാരായ എൽഗാറിനെയും മാർക്രമിനെയും പുറത്താക്കി.

2015 ഐ.പി.എല്ലിൽ ചെന്നൈയ്ക്കെതിരായ പ്രകടനത്തിനശേഷം മുംബയ് ഇന്ത്യൻസ് ടീം മെന്ററായ സച്ചിൻ ഹാർദിക്കിനോട് പറഞ്ഞു - ഒരു കൊല്ലത്തിനകം നീ ഇന്ത്യൻ ടീമിൽ കളിക്കും. സച്ചിന്റെ ആ വാക്കുകളും സത്യമായി.

- 2013 മുതൽ ബറോഡ ക്രിക്കറ്റ് ടീമംഗമാണ്.
- 2013 - 14 സീസണിൽ ബറോഡ സെയ്ദ് മുഷ്താഖ് അലി ട്രോഫി നേടിയപ്പോൾ പ്രധാന പങ്കുവഹിച്ചു.
- 2015 ൽ മുംബയ് ഇന്ത്യൻസിലൂടെ ഐ.പി.എല്ലിലെത്തി
- ചെന്നൈ സൂപ്പർകിംഗ്സിനെതിരായ മത്സരത്തിൽ എട്ട് പന്തിൽ 21 റൺസും മൂന്ന് നിർണായക ക്യാച്ചുകളും നേടി മാൻ ഒഫ് ദ മാച്ചായി.
- 2016 ജനവരിയിൽ ആസ്ട്രേലിയയ്ക്കെതിരെ ട്വന്റി 20 യിലൂടെ അന്താരാഷ്ട്ര അരങ്ങേറ്റം
- 2016 ഒക്ടോബറിൽ ന്യൂസിലൻഡിനെതിരായ പരമ്പരയിലൂടെ ഏകദിന അരങ്ങേറ്റം

ടെസ്റ്റിലെ സെഞ്ച്വറി റെക്കാഡ്

2016 ൽ ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് പരമ്പരയിൽ പാണ്ഡ്യയെ ഉൾപ്പെടുത്തിയെങ്കിലും പരിശീലനത്തിനിടെ പരിക്കേറ്റതിനാൽ പുറത്തുപോകേണ്ടിവന്നു.

അരങ്ങേറ്റം ജൂലായിൽ ഗോളിൽ ശ്രീലങ്കയ്ക്കെതിരെ.

പല്ലക്കിലെയിൽ നടന്ന മൂന്നാം ടെസ്റ്റിൽ റെക്കാഡ് കുറിച്ച് കന്നി സെഞ്ച്വറിയും നേടി. ലഞ്ചിന് മുമ്പ് സെഞ്ച്വറി തികയ്ക്കുന്ന ആദ്യ ഇന്ത്യൻ ബാറ്റ്സ്മാൻ എന്ന റെക്കാഡാണ് പാണ്ഡ്യ കുറിച്ചത്.

ഒരോവറിൽ 26 റൺസെടുത്ത് ഇന്ത്യൻ റെക്കാഡിന് ഉടമയാവുകയും ചെയ്തു.

"*പത്താം ക്ലാസിലെത്തുന്നതിന് മുമ്പ് ക്രിക്കറ്റിൽ പി.എച്ച്ഡി കിട്ടിയ ആളാണ് ഞാൻ*

- ഹാർദിക് പാണ്ഡ്യ

പത്തിലെത്താത്ത പാണ്ഡ്യ

സൂറത്തിൽ ജനിച്ച് ക്രിക്കറ്റ് കോച്ചിംഗിനായി ബറോഡയിലേക്ക് കുടിയേറിയ ഹാർദിക് പാണ്ഡ്യയ്ക്ക് പത്താംതരം പാസാകാൻ കഴിഞ്ഞിട്ടില്ല. ക്രിക്കറ്റിൽ മുഴുകിയപ്പോൾ പഠനം ഒമ്പതാം തരത്തിൽ ഉപേക്ഷിക്കേണ്ടിവന്നു. വഡോദരയിലെ കിരൺ മോറെ അക്കാഡമിയിലാണ് ഹാർദിക്കും സഹോദരൻ ക്രുനാലും അഭ്യസിച്ചത്. ക്രുനാൽ ഹാർദിക്കിനൊപ്പം ഐ.പി.എല്ലിൽ മുംബയ് ഇന്ത്യൻസിനായി കളിച്ചിരുന്നു.

മൂന്നാം ദിനം മഴ

■ ഇന്ത്യ - ദക്ഷിണാഫ്രിക്ക ആദ്യ ടെസ്റ്റിന്റെ മൂന്നാംദിനം മഴ മൂലം കളിനടന്നില്ല

കേപ്ടൗൺ : കനത്തമഴമൂലം കേപ്ടൗണിൽ ഇന്ത്യയും ദക്ഷിണാഫ്രിക്കയും തമ്മിലുള്ള ഒന്നാം ക്രിക്കറ്റ് ടെസ്റ്റിന്റെ മൂന്നാം ദിവസം ഒറ്റപ്പന്തുപോലുമെറിയാനാകാതെ കളി ഉപേക്ഷിക്കേണ്ടിവന്നു. രാവിലെ മുതൽ പെയ്തിറങ്ങിയ മഴയ്ക്കിടയ്ക്കൊന്ന് തോർന്നപ്പോൾ ഒരു സെഷനെങ്കിലും കളിക്കാനാകുമെന്ന പ്രതീക്ഷയുണ്ടായിരുന്നു. പക്ഷേ വീണ്ടുമെത്തിയ മഴയും ഗ്രൗണ്ടിലെ നനവും തടസമായി. തുടർന്നാണ് മാച്ച് റഫറി കളി ഉപേക്ഷിക്കാൻ തീരുമാനിച്ചത്.

മത്സരത്തിന്റെ ആദ്യദിനം ദക്ഷിണാഫ്രിക്ക ഒന്നാം ഇന്നിംഗ്സിൽ 286 റൺസിന് ആൾ ഔട്ടായിരുന്നു. മറുപടിക്കിറങ്ങിയ ഇന്ത്യ രണ്ടാംദിനം ചായയ്ക്കുശേഷം 209 റൺസിൽ ആൾ ഔട്ടായി. തുടർന്ന് രണ്ടാം ഇന്നിംഗ്സിനിറങ്ങിയ ദക്ഷിണാഫ്രിക്ക രണ്ടാംദിനം സ്റ്റമ്പെടുക്കുമ്പോൾ 65/2 എന്ന നിലയിലാണ്. ഓപ്പണർമാരായ എൽഗാറിനെയും (25), മാർക്രമിനെയും (34) ആണ് ദക്ഷിണാഫ്രിക്കയ്ക്ക് നഷ്ടമായത്. ഹാർദിക് പാണ്ഡ്യയാണ് ഇരുവരെയും പുറത്താക്കിയത്. കളിനിറുത്തുമ്പോൾ നാല് റൺസുമായി ഹാഷിംഗ് അംലയും രണ്ട് റൺസുമായി നൈറ്റ്വാച്ച്മാൻ റബാദയുമാണ് ക്രീസിൽ.

ഇന്ന് മഴയുണ്ടാകില്ലെന്നാണ് കാലാവസ്ഥാ പ്രവചനം.

സ്റ്റെയ്നിന് പരമ്പര നഷ്ടം

ആദ്യ ടെസ്റ്റിന്റെ രണ്ടാം ദിനം ബൗളിംഗിനിടെ ഉപ്പൂറ്റിക്ക് പരിക്കേറ്റ ദക്ഷിണാഫ്രിക്കൻ ബൗളർ ഡേൽ സ്റ്റെയ്നിന് ഇന്ത്യയ്ക്കെതിരായ പരമ്പരയിൽ കളിക്കാനാവില്ല. 2016 നവംബറിലേറ്റ പരിക്കിനുശേഷം അന്താരാഷ്ട്ര രംഗത്തേക്കുള്ള സ്റ്റെയ്നിന്റെ തിരിച്ചുവരവിനാണ് അടുത്ത പരിക്ക് വില്ലനായിരിക്കുന്നത്. കഴിഞ്ഞ ദിവസം മത്സരത്തിൽ നിന്ന് സ്റ്റെയ്ൻ പിൻവാങ്ങിയിരുന്നു.

മഴയിൽ മുങ്ങിയ കേപ്ടൗണിലെ ന്യൂലാൻഡ്സ് സ്റ്റേഡിയം

വിരാടിന് വിദേശ വിജയയോഗമെന്ന് ജ്യോതിഷി

ന്യൂഡൽഹി : വിരാട് കൊഹ്‌ലിക്ക് കീഴിൽ ഇന്ത്യ വിദേശത്ത് വിജയം നേടുമെന്ന് നാഗ്പൂരിലെ മുഖ ക്രിക്കറ്റ് ജ്യോതിഷി നരേന്ദ്ര ബുൻഡേയുടെ പ്രവചനം. സച്ചിന്റെ ഭാരതരത്ന പുരസ്കാരവും ടെന്നിസ് എൽബോയിൽ നിന്നുള്ള തിരിച്ചുവരവും ഇന്ത്യയുടെ 2011 ലെ ലോകകപ്പ് വിജയവും ഗാംഗുലിയുടെമടങ്ങിവരവുമൊക്കെ പ്രവചിച്ച് ഫലിപ്പിച്ചയാളാപണ് ഈ ജ്യോതിഷി.

ജെജെയുടെ ഗോളാഘോഷം

■ ഐ.എസ്.എൽ

ചെന്നൈയിനെ തളച്ച് ഡൽഹി

ചെന്നൈയിൻ -2 ഡൽഹി ഡൈനാമോസ്-2
ബംഗളൂരു എഫ്.സി 1 - എടികെ 0

ചെന്നൈ : ചെന്നൈ / ബംഗളൂരു : ഐ.എസ്.എല്ലിൽ ഇന്നലെ നടന്ന ആദ്യ മത്സരത്തിൽ ചെന്നൈയിനെ സമനില തളച്ച ഡൽഹി ഡൈനാവോസ് രണ്ടാം മത്സരത്തിൽ എ.ടി.കെയെ തോൽപ്പിച്ച ബംഗളൂരു എഫ്. സിക്ക് പോയിന്റ് പട്ടികയിൽ ഒന്നാമതെത്താൻ വഴിയൊരുക്കി.

നായകൻ സുനിൽ ഛെത്രി നേടിയ ഏകഗോളിന് എ.ടി.കെയെ തോൽപ്പിച്ച ബംഗളൂരു ഒമ്പത് കളികളിൽനിന്ന് 18 പോയിന്റുമായാണ് ഒന്നാമതെത്തിയത്. ഡൽഹിയുമായി 2 - 2 ന് സമനിലയിലായ ചെന്നൈയിൽ 17 പോയിന്റുമായി രണ്ടാമതെത്തിയപ്പോൾ ഒന്നാമതുണ്ടായിരുന്ന പൂനെ സിറ്റി മൂന്നാംസ്ഥാനത്തായി.

ഈ സീസണിലെ എട്ട് മത്സരങ്ങളിൽനിന്ന് നാല് പോയിന്റ് മാത്രം നേടി ഡൽഹി ഡൈനാമോസ് 10 -ാം സ്ഥാനത്താണ്.

ചെന്നൈയ്ക്കുവേണ്ടി ഇന്ത്യൻ താരം ജെജെ ലാൽപെഖുല രണ്ട് ഗോളുകൾ നേടിയപ്പോൾ ഡേവിഡ് എൻഗെയിതെയും ഗ്വയോൺ ഫെർണാണ്ടസുമാണ് ഡൽഹിക്കു വേണ്ടി സ്കോർ ചെയ്തത്. ജയമുറപ്പിച്ചിരുന്ന ചെന്നൈയിനെ അവസാന മിനിട്ടിലാണ് ഡൽഹി സമനിലയിൽ കുരുക്കിയത്.

23-ാം മിനിട്ടിൽ എൻഗെയിതെയുടെ ഗോളിലൂടെ ചെന്നൈയിനെ അവരുടെ തട്ടകത്തിൽ ഞെട്ടിച്ച് ഡെൽഹി മുന്നിലെത്തിയിരുന്നു. നന്ദകുമാർ ശേഖറിന്റെ ഒരു ക്രോസിന് തലവച്ച് വലയിലാക്കുകയായിരുന്നു എൻഗെയിതെ. ആദ്യപകുതി അവസാനിക്കുന്നതിന് മുമ്പുതന്നെ ജെജെയിലൂടെ ഈ ഗോളിന് മറുപടി നൽകാൻ ചെന്നൈയിന് കഴിഞ്ഞു. ഇന്നലെ 27-ാം ജന്മദിനം ആഘോഷിച്ച ജെജെ ആദ്യ ഗോളും തകർപ്പനൊരു ഹെഡറിലൂടെയായിരുന്നു റെനെ മിഹാലിച്ചാണ് ജെജെയ്ക്ക് പന്തെത്തിച്ചത്. ആദ്യപകുതി അവസാനിക്കുന്നതിന് തൊട്ടുമുമ്പ് സ്കോർചെയ്യാൻ ചെന്നൈയിന് അവസരം ലഭിച്ചെങ്കിലും പ്രയോജനപ്പെടുത്താനായില്ല. പക്ഷേ, രണ്ടാം പകുതിയുടെ തുടക്കത്തിൽ തന്നെ ചെന്നൈയിൻ മുന്നിലെത്തി. ഗെർമൻപ്രീത് സിംഗിന്റെ പാസ് ഫസ്റ്റ് ടച്ചിലൂടെ ഗോളാക്കുകയായിരുന്നു ജെജെ. തുടർന്ന് ജെജെ ഹാട്രിക്കിനായി പരിശ്രമിച്ചെങ്കിലും അവസാന മിനിട്ടിൽ അപ്രതീക്ഷിതമായി ഡൽഹി തിരിച്ചടിക്കുന്നതാണ് കണ്ടത്. കാലു ഉച്ചെ നൽകിയ പാസിൽ നിന്നാണ് ഗ്വയോൺ ഫെർണാണ്ടസ് സ്കോർ ചെയ്തത്. ഇതോടെ സീസണിലെ ഏഴാം തോൽവിയിൽ നിന്ന് ഡൈനാമോസ് രക്ഷപ്പെടുകയും ചെയ്തു.

ഹാപ്പി ബർത്ത് ഡേ ജെജെ ലാൽപെഖുല

- ഇന്നലെ 27-ാം ജന്മദിനം ഇരട്ടഗോൾ നേട്ടവുമായി ആഘോഷിക്കുകയായിരുന്ന ജെജെലാൽ പെഖുല
- ഈ സീസണിൽ ഗോളുകളുടെ എണ്ണത്തിൽ ജെജെ ഇന്നലെ അരഡസൻ തികച്ചു.
- ഏറ്റവും കൂടുതൽ ഗോൾ നേടിയ ഇന്ത്യൻ താരമാണ് ജെജെ.
- ഒൻപത് ഗോളുകൾ നേടിയ ഫെറോൻ കോറോമിനാസാണ് ഒന്നാം സ്ഥാനത്ത്.

പോയിന്റ് നില

(ടീം, മത്സരം, ജയം, സമനില, തോൽവി, പോയിന്റ് ക്രമത്തിൽ)

ബംഗ്ലൂരു	9-6-0-3-18
ചെന്നൈയിൻ	9-5-2-2-17
പൂനെ സിറ്റി	9-5-1-3-16
മുംബയ് സിറ്റി	9-4-2-3-14
ഗോവ	8-4-1-3-13
ജംഷഡ്പൂർ	8-2-4-2-10
എ.ടി.കെ	8-2-3-3-9
ബ്ലാസ്റ്റേഴ്സ്	8-1-5-2-8
നോർത്ത് ഈസ്റ്റ്	8-2-1-5-7
ഡൽഹി	8-1-1-6-4

എ.ടി.കെ - ബംഗളൂരു മത്സരത്തിൽ നിന്ന്

ആഷസിൽ സെഞ്ച്വറി ബ്രദേഴ്സ്

■ അവസാന ടെസ്റ്റിൽ ആസ്ട്രേലിയ 649/7ന് ഡിക്ലയർ ചെയ്തു
■ സഹോദരങ്ങളായ ഷോൺ മാർഷിനും (156) മിച്ചൽ മാർഷിനും (101) സെഞ്ച്വറി
■ ഇംഗ്ലണ്ട് രണ്ടാം ഇന്നിംഗ്സിൽ 93/4

സെഞ്ച്വറി നേടിയ ഷോൺ മാർഷും മിച്ചൽ മാർഷും

സിഡ്നി : ആഷസ് പരമ്പരയിലെ അഞ്ചാം ടെസ്റ്റിന്റെ നാലാം ദിവസം ജെഫ് മാർഷിന്റെ മക്കളുടേതായിരുന്നു. 1980 കളിൽ ആസ്ട്രേലിയൻ ഓപ്പണറായിരുന്ന ജെഫിന്റെ മക്കളായ ഷോൺ മാർഷും (156), മിച്ചൽ മാർഷും (101) ഇന്നലെ സിഡ്നിയിൽ നേടിയ സെഞ്ച്വറികൾ ഓസിസിനെ കൂറ്റൻ ലീഡിലേക്കും എത്തിച്ചു.

ഇംഗ്ലണ്ടിന്റെ ഒന്നാം ഇന്നിംഗ്സ് സ്കോറായ 346നെതിരെ ഇന്നലെ ആസ്ട്രേലിയ ഒന്നാം ഇന്നിംഗ്സ് ഡിക്ലയർചെയ്തത് 649/7 എന്ന സ്കോറനാണ്. തുടർന്ന് ബാറ്റിംഗിനിറങ്ങിയ ഇംഗ്ലണ്ട് നാലാംദിവസം കളി നിറുത്തുമ്പോൾ 93 /4 എന്ന നിലയിലാണ്. 210 റൺസ് ലീഡാണ് ഇപ്പോൾ ആസ്ട്രേലിയയ്ക്ക് ഉള്ളത്.

- ആസ്ട്രേലിയയ്ക്കു വേണ്ടി ഒരേ ഇന്നിംഗ്സിൽ സെഞ്ച്വറി നേടുന്ന മൂന്നാമത്തെ സഹോദരങ്ങളാണ് ഷോണും മിച്ചലും.
- ഗ്രെഗ് ഇയാൻ ചാപ്പൽ സഹോദരങ്ങളും മാർക്ക്-സ്റ്റീവ് വോ സഹോദരങ്ങളും ഈ നേട്ടം കൈവരിച്ചിട്ടുണ്ട്.

ഇന്നലെ 479/4 എന്ന സ്കോറിലാണ് ആസ്ട്രേലിയ ഒന്നാം ഇന്നിംഗ്സ് പുനരാരംഭിക്കാൻ എത്തിയത്. 98 റൺസുമായെത്തിയ ഷോൺ മാർഷ് രാവിലെ തന്നെ സെഞ്ച്വറിയിലെത്തി. 63 റൺസുമായി തുടങ്ങിയ മിച്ചൽ മാർഷ് ലഞ്ചിന് തൊട്ടുമുൻപാണ് സെഞ്ച്വറിയിലെത്തിയത്.

ടീം സ്കോർ 544ലെത്തിയപ്പോൾ മിച്ചൽ പുറത്തായി. 596ലെത്തിച്ച ശേഷമാണ് ഷോൺമടങ്ങിയത്. ചായയ്ക്കുതൊട്ടു മുമ്പാണ് ആസ്ട്രേലിയ ഡിക്ലയർ ചെയ്തത്.

303 റൺസിന്റെ ലീഡ് വഴങ്ങിയിറങ്ങിയ ഇംഗ്ലണ്ടിന് ഒട്ടും ശുഭകരമല്ലായിരുന്നു രണ്ടാം ഇന്നിംഗ്സ്. 68 റൺസെടുക്കുന്നതിനിടെയാണ് സ്റ്റോൺമാൻ (0), അലസ്റ്റിയർ കുക്ക് (10), വിൻസ് (18), ഡേവിഡ് മലൻ (5) എന്നിവരെ നഷ്ടമായത്. ടെസ്റ്റിൽ 12000 റൺസ് തികച്ച ശേഷമാണ് കുക്ക് പുറത്തായത്. കളി നിറുത്തുമ്പോൾ 42 റൺസുമായി നായകൻ ജോറൂട്ടും 17 റൺസുമായി ബെയർ സ്റ്റോയുമാണ് ക്രീസിൽ.

■ ഐ ലീഗ്

ബഗാൻ വിജയ വഴിയിൽ തിരിച്ചെത്തി

കൊൽക്കത്ത : വിജയമകന്നുനിന്ന നാല് മത്സരങ്ങളുടെ പരീക്ഷണ കാലം അവസാനിപ്പിച്ച് പുതിയ പരിശീലകന് കീഴിൽ മോഹൻബഗാന്റെ തിരിച്ചുവരവ്. ഇന്നലെ നടന്ന ഐ ലീഗ് ഫുട്ബാൾ മത്സരത്തിൽ എതിരില്ലാത്ത രണ്ടുഗോളുകൾക്ക് നിലവിലെ ചാമ്പ്യന്മാരായ ഐസ്വാൾ എഫ്. സിയെയാണ് ബഗാൻ കീഴടക്കിയത്.

ഗോൾരഹിതമായ ആദ്യ പകുതിക്കുശേഷം 53-ാം മിനിട്ടിൽ ഐസ്വാളിന്റെ മസീഹ് സൈഗാനിയുടെ സെൽഫ്ഗോളാണ് ബഗാന് നാടകീയമായി ലീഡ് നൽകിയത്. 75-ാം മിനിട്ടിൽ ദിപാന്ദയാണ് രണ്ടാം ഗോൾ നേടിയത്. മോശം പ്രകടനത്തിന്റെ പേരിൽ സൻജോയ് സെൻ രാജിവച്ചപ്പോൾ ചീഫ് കോച്ചായി സ്ഥാനക്കയറ്റം കിട്ടിയ ശങ്കർലാൽ ചക്രവർത്തിക്ക് കീഴിൽ ബഗാന്റെ ആദ്യ മത്സരമായിരുന്നു ഇത്.

ഈ വിജയത്തോടെ എട്ട് മത്സരങ്ങളിൽനിന്ന് 13 പോയിന്റായ ബഗാൻ പോയിന്റ് പട്ടികയിൽ നാലാംസ്ഥാനത്തേക്ക് ഉയർന്നു. ബഗാന്റെ ഈ സീസണിലെ മൂന്നാമത്തെ വിജയമാണിത്.

അതേസമയം നിലവിലെ ചാമ്പ്യന്മാരായ ഐസ്വാൾ ഈ തോൽവിയോടെ ആറാംസ്ഥാനത്തേക്ക്താഴ്ന്നു.ആറ്മത്സരങ്ങളിൽ നിന്ന് 10 പോയിന്റാണ് ഐ സ്വാളിനുള്ളത്.

കേരള യൂണിവേഴ്സിറ്റി ഇന്റർകൊളേജിയറ്റ് ഫുട്ബാൾ ചാമ്പ്യന്മാരായ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് ടീം

കിർഗിയോസിന് കിരീടം

ബ്രിസ്ബേൻ : ആസ്ട്രേലിയൻ താരം നിക്ക് കിർഗിയാക്കോസിന് ബ്രിസ്ബേൻ ഓപ്പൺ ടെന്നിസ് പുരുഷ കിരീടം. ഫൈനലിൽ റയാൻ ഹാരിസണെ 6 - 4, 6 - 2 ന് കീഴടക്കിയാണ് കിർഗിയാക്കോസ് സ്വന്തം നാട്ടിലെ ടൂർണമെന്റിൽ ആദ്യമായി മുത്തമിട്ടത്. ലോക 21 -ാം റാങ്കുകാരനായ കിർഗിയാക്കോസിന് ഈ കിരീടനേട്ടം 15 ന് തുടങ്ങുന്ന ആസ്ട്രേലിയൻ ഓപ്പണിൽ ആത്മവിശ്വാസം പകരും.

ചെൽസിക്ക് സമനില, സിറ്റിക്ക് ജയം

ലണ്ടൻ : ഇംഗ്ലീഷ് എഫ്.എ കപ്പ് മത്സരത്തിൽ കഴിഞ്ഞ ദിവസം ചെൽസിയെ നോർവിച്ച് സിറ്റി ഗോൾരഹിത സമനിലയിൽ തളച്ചപ്പോൾ മാഞ്ചസ്റ്റർ സിറ്റി 4 - 1 ന് ബേൺലിയെ തകർത്തു. മാഞ്ചസ്റ്റർ സിറ്റിക്കുവേണ്ടി സെർജിയോ അഗ്യൂറോ രണ്ട് ഗോളുകൾ നേടി. സനേ, ബെർനാഡോ സിൽവ എന്നിവർ ഓരോ ഗോളടിച്ചു.

സംസ്ഥാന കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പിലെ ചവിട്ടിപൊങ്ങൽ മത്സരത്തിൽ നിന്ന് ഫോട്ടോ : അജയ് മധു

കളരിപ്പയറ്റ് :കോഴിക്കോട് ചാമ്പ്യന്മാർ

തിരുവനന്തപുരം : 59-ാമത് സംസ്ഥാന കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പിൽ 79 പോയിന്റ് നേടി കോഴിക്കോട് ഒന്നാംസ്ഥാനത്ത് എത്തി. 65 പോയിന്റോടെ കണ്ണൂരും 52 പോയിന്റോടെ തിരുവനന്തപുരവും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കി. തെക്കൻ സമ്പ്രദായത്തിൽ സീനിയർ ആൺകുട്ടികളുടെ ടീം ഇനത്തിൽ പൂന്തുറ ബോധിധർമ്മ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാർഷ്യൽ ആർട്സും വടക്കൻ സമ്പ്രദായത്തിൽ ചാവക്കാട് വല്ലഭട്ടകളരിയും ജേതാക്കളായി.

താന്ത്രിക ആചാര്യൻ തങ്കപ്പൻ കാണി
പറണ്ടോട്: പാരമ്പര്യ താന്ത്രിക ആചാര്യൻ ചെട്ടിയാംപാറ മണ്ണാത്തിക്കുഴിതടത്തരികത്ത് വീട്ടിൽ തങ്കപ്പൻ കാണി (90) നിര്യാതനായി. ചാറ്റുപാട്ടിൽ (മായപ്പാട്ട്) വിദ്വാനായിരുന്നു. ഭാര്യ: ശാന്ത. മക്കൾ : പ്രമീള കുമാരി, ശോഭനകുമാർ (ശോഭനൻ പോറ്റി), യമുന, ഓമനക്കുട്ടൻ. മരുമക്കൾ : രമേശൻ, രജനി, ഗിരീശൻ, സുനിത. സഞ്ചയനം: വ്യാഴാഴ്ച രാവിലെ 9ന്. ഫോൺ : 9446331556.

റീറ്റാ റെമഡി
തിരുവനന്തപുരം : കിഴക്കേപട്ടം പീസ് ഡെയിലിൽ ആഞ്ചലസ് ഡിക്രൂസിന്റെ ഭാര്യ റീറ്റാ റെമഡി (84) നിര്യാതയായി. സംസ്കാരം മുട്ടട ഹോളിക്രോസ് ദേവാലയത്തിൽ ചൊവ്വാഴ്ച രാവിലെ 10.30ന്. ഫോൺ: 8893220988.

പ്രഭാകരൻ
തിരുവനന്തപുരം : ഒരുവാതിൽ ക്കോട്ട മുട്ടമ്പിൽ വീട്ടിൽ പരേതയായ ചന്ദ്രികയുടെ ഭർത്താവ് പ്രഭാകരൻ (82) നിര്യാതനായി. മക്കൾ : ബീന, സാൽദത്ത്, ചന്ദ്രപ്രഭ. മരുമക്കൾ : ദിലീപ്, അജിത, മണിലാൽ. സഞ്ചയനം : വ്യാഴാഴ്ച രാവിലെ 8.30 ന്. ഫോൺ: 9496816475.

ജയത്രിക
ശ്രീകാര്യം: ഉള്ളൂർ പ്രശാന്ത് നഗർ പാറ്റൂർ ഷൗസ് 805 ൽ റിട്ട. ക്യാപ്റ്റൻ ടി. കെ. ബാലകൃഷ്ണന്റെയും പരേതയായ ഹേമലതയുടെയും മകളും കൊല്ലം അയത്തിൽ മലയാളം നഗർ 50 ൽ മോഹനന്റെ ഭാര്യയുമായ ജയത്രിക (55, ചേച്ചി) നിര്യാതയായി. മകൾ ; അമ്മു മോഹനൻ. സഞ്ചയനം: വ്യാഴാഴ്ച രാവിലെ 8ന്. ഫോൺ: 9847123876.

സോമനാഥൻ നായർ
തിരുവനന്തപുരം : വെങ്ങാനൂർ പനങ്ങോട് ആർ. കെ. എൻ റോഡിൽ സോപാനത്തിൽ ആർ. സോമനാഥൻ നായർ (77) നിര്യാതനായി. ഭാര്യ : പരേതയായ ആർ. പത്മജാദേവി. മക്കൾ : മഞ്ജു എസ്. നായർ, മനോജ് എസ്. നായർ (അബുദാബി), മജ്ഞു എസ്. നായർ. മരുമക്കൾ : കെ. ശ്രീകണ്ഠൻ നായർ (എക്സ്-സർവീസ്), എസ്. സന്ധ്യാറാണി, ആർ. അനിൽകുമാർ (എം. ഡി. അഖില അഡ്വർടൈസിംഗ് ഏജൻസി). സഞ്ചയനം 9ന് രാവിലെ 8ന്.

ആദർശ്
പാത്താമുട്ടം: ചിറയിൽ പാപ്പന്റെ (ബാബു) മകൻ ആദർശ് (22) നിര്യാതനായി. മാതാവ്: മിനി പനച്ചിക്കാട് പുലിയാട്ടുപാറ കുടുംബാംഗമാണ്. സഹോദരങ്ങൾ: അവിൻ ബാബു (ഡി.വൈ.എഫ്.ഐ പനച്ചിക്കാട് മേഖലാ ജോയിന്റ് സെക്രട്ടറി), ആകർഷ് ബാബു (കേരള കൗമുദി കോട്ടയം യൂണിറ്റ്). സംസ്കാരം ഇന്ന് രാവിലെ 10ന് പരുത്തുംപാറ സെന്റ് ആൻഡ്രൂസ് ആംഗ്ലിക്കൻ ചർച്ച് സെമിത്തേരിയിൽ.

രാജമ്മ
മുടപുരം: തെറ്റിച്ചിറ ഭാവന ജംഗ്ഷനിൽ ലളിത മന്ദിരത്തിൽ രാജമ്മ (70) നിര്യാതയായി. മക്കൾ: ലിസ്സി, രാജീവ്. മരുമക്കൾ: പ്രഭൻ, പ്രിയ. സഞ്ചയനം: ഇന്ന് രാവിലെ 8ന്.

പാറുക്കുട്ടി അമ്മ
ചിറയിൻകീഴ്: പടിഞ്ഞാറ്റുമുക്ക് പടിഞ്ഞാറ്റതിൽ വീട്ടിൽ പരേതനായ പരമേശ്വരൻ പിള്ളയുടെ ഭാര്യ പാറുക്കുട്ടി അമ്മ (84) നിര്യാതയായി. മക്കൾ: മാലിനി, ബോസ്, ശാലിനി, മഞ്ജു. മരുമക്കൾ: ഗോപിനാഥൻ നായർ, റീന, സുജികുമാർ, അജിൽകുമാർ. സഞ്ചയനം: വ്യാഴം രാവിലെ 8.30ന്.

റുക്കിയാ ബീവി
തിരുവനന്തപുരം: വള്ളക്കടവ് പുത്തൻപാലം കല്ലമ്പള്ളി പുരയിടത്തിൽ മുഹമ്മദ് സാലിയുടെ ഭാര്യ റുക്കിയാബീവി (79) നിര്യാതയായി. മക്കൾ: അബ്ദുൾറഹ്മാൻ (എ.ആർ.എം), സുഹറാബീവി, ഫാത്തിമാബീവി, നിസ. മരുമക്കൾ : ഷിഹാബുദ്ദീൻ, അലി, സലിം, ഷാമില.

ജോൺ
പൂഴനാട്: ജിനഭവനിൽ ജോൺ (സുകുമാരൻ, 72, റിട്ട. ജയിൽ വാർഡൻ) നിര്യാതനായി. ഭാര്യ : ലില്ലി. മക്കൾ : ജിനു, ജീന. മരുമക്കൾ: ആശ, ജയകുമാർ.

ഗോപി ആശാരി
വിതുര: വലിയ വേങ്കാട് പുലിക്കുഴി വീട്ടിൽ ഗോപി ആശാരി (67) നിര്യാതനായി. ഭാര്യ വത്സല (സി.പി.എം പടിഷോട്ടുപാറ ബ്രാഞ്ച് അംഗം). മക്കൾ: ബിന്ദു, സിന്ധു. മരുമക്കൾ രാധാകൃഷ്ണൻ, രജി. മരണാനന്തര ചടങ്ങ്: 14ന് രാവിലെ 9ന്.

അലിയാരുകുഞ്ഞ്
കള്ളിക്കാട്: നെയ്യാർഡാം ഷഹ്നാ മൻസിലിൽ അലിയാരുകുഞ്ഞ് (76) നിര്യാതനായി. ഭാര്യ : റഗ്ഹാനത്തുബീവി. മക്കൾ : മുജീബ്, ഷാജി, സലിം. മരുമക്കൾ : റമീന, അസിന, സജിന.

ഡി. ചന്ദ്രൻ
ബാലരാമപുരം : പ്ലാവിള അശ്വതി ഭവനിൽ ഡി. ചന്ദ്രൻ (70) നിര്യാതനായി. ഭാര്യ: പരേതയായ ലളിത. മക്കൾ : എൽ. ജയകുമാരി, സി. ഷാജി, എൽ. സതി. മരുമക്കൾ: സുരേഷ്, പ്രിയ, മധുസൂദനൻ. സഞ്ചയനം 9ന് രാവിലെ 8.30ന്.

ചരമ വാർത്തകൾ 9946108673 എന്ന നമ്പരിൽ വിളിച്ച് അറിയിക്കാം. കൂടാതെ obit@kaumudi.com എന്ന ഇമെയിലിലും അയക്കാം ബന്ധപ്പെടേണ്ട ഫോൺ നമ്പർ ഇമെയിലിൽ ചേർത്തിരിക്കണം.

മരത്തിൽ നിന്ന് വീണ് ഗൃഹനാഥൻ മരിച്ചു

ഭുവനചന്ദ്രൻ

വിതുര: മരം മുറിക്കുന്നതിനിടയിൽ പിടിവിട്ട് താഴെ വീണ് തലയ്ക്ക് ഗുരുതരമായി പരുക്കേറ്റ ഗൃഹനാഥൻ മരിച്ചു. ചായം എട്ടാംകല്ല് ദീപാ ഭവനിൽ ഭുവനചന്ദ്രൻ (60) ആണ് മരിച്ചത്. ഇന്നലെ രാവിലെ ചായം തടിമില്ലിന് സമീപത്തുള്ള വീട്ടുവളപ്പിലെ തടി മുറിക്കുന്നതിനിടയിലാണ് അപകടമുണ്ടായത്. ഭുവനചന്ദ്രനെ ഉടൻ തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മൃതദേഹം പോസ്റ്റ്മോർട്ടത്തിന് ശേഷം വൈകിട്ട് വീട്ടുവളപ്പിൽ സംസ്കരിച്ചു. ചായം ശ്രീ ഭദ്രകാളീ ക്ഷേത്ര ട്രസ്റ്റ് കമ്മിറ്റി അംഗവും ഐ. എൻ. ടി. യു. സി ചായം യൂണിറ്റ് അംഗവുമാണ്. ഭാര്യ: സന്താനവല്ലി. മക്കൾ: ദീപ.ബി.എസ് (ചാരുപാറ എം.ജി.എം പൊൻമുടി വാലി പബ്ലിക് സ്കൂൾ), ദിവ്യ, മഞ്ജു. സഞ്ചയനം: വെള്ളിയാഴ്ച രാവിലെ 9ന്.

പൊള്ളലേറ്റ് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു

നെടുമങ്ങാട്: വീട്ടിൽ പൊള്ളലേറ്റ് ചികിത്സയിലായിരുന്ന മൂഴി മാവേലിക്കോണം അച്ചു ഭവനിൽ മണിരാജൻ (48) മെഡിക്കൽ കോളേജ് ആശുപത്രിയിൽ മരിച്ചു. ഇക്കഴിഞ്ഞ 29 നാണ് പൊള്ളലേറ്റത്. മൃതദേഹം ഇന്നലെ വീട്ടുവളപ്പിൽ സംസ്കരിച്ചു. ഭാര്യ : ഉഷ കുമാരി. മക്കൾ : അച്ചു, അപർണ.

ഫാത്തിമ സാലിഹ
തിരുവനന്തപുരം : കരിക്കകം പൊന്നിൻ പ്രഭയിൽ ഫാത്തിമ സാലിഹ (78) നിര്യാതയായി. ഫോൺ : 2502807.

എലിസബത്ത് ഫെർണാണ്ടസ്
വടുതല: മാളിയേക്കൽ പരേതനായ ജോസഫ് ഫെർണാണ്ടസിന്റെ ഭാര്യ എലിസബത്ത് ഫെർണാണ്ടസ് (82) നിര്യാതയായി. മക്കൾ : ക്ലീറ്റസ് ഫെർണാണ്ടസ്, ഡഗ്ലസ് ഫെർണാണ്ടസ്, ലീനസ്. മരുമക്കൾ : ഗ്രേസി, മേരിലെറ്റ്, ജോർജ്ജ്. ഫോൺ : 9744040071.

സുകുമാരി
വർക്കല: പനയറ എസ്.എസ് ഹോമിൽ പരേതനായ സുകേശന്റെ ഭാര്യ സുകുമാരി (85) നിര്യാതയായി. മക്കൾ: സുശീല, സുജാത, സുദേവൻ, സുദർശനൻ, സുശീലൻ. മരുമക്കൾ: ജയപാലൻ, വിജയൻ, വിജി, ഗീത, ശ്രീജ.

സരോജിനി അമ്മ
ആറ്റിങ്ങൽ : കൊട്ടമൺ സവിധത്തിൽ പരേതനായ തങ്കപ്പൻ നായരുടെ ഭാര്യ ബി. സരോജിനി അമ്മ (79) നിര്യാതയായി. സഞ്ചയനം: വ്യാഴാഴ്ച രാവിലെ 8.30 ന്. ഫോൺ: 9562868442.

രാജൻ
മാറനല്ലൂർ : ആക്കോട് ദീപ ഭവനിൽ രാജൻ (65) നിര്യാതനായി. ഭാര്യ : പ്രഭ. മക്കൾ : ദീപാരാജ്, ശിവരാജ്. മരുമക്കൾ : കൃഷ്ണകുമാർ, രഞ്ജിത. സഞ്ചയനം: ഞായർ രാവിലെ 8.30ന്.

ഗോപി
കളമച്ചൽ : ജോയി വിലാസത്തിൽ ആർ. ഗോപി (72) നിര്യാതനായി. ഭാര്യ : പരേതയായ ഇന്ദിര. മക്കൾ : ജി. ജോയി (കെ.എസ്.ആർ.ടി.സി), ജി. ജയേഷ് (ഖത്തർ), ജി. ജയ. സംസ്കാരം ഇന്ന് രാവിലെ 10ന്.

രഘുനാഥൻ
കല്ലമ്പലം: നാവായിക്കുളം പുല്ലൂർമുക്ക് വിളയിൽ വീട്ടിൽ രഘുനാഥൻ (85) (മുട്ടിയറ) നിര്യാതനായി. മക്കൾ: ബീനചന്ദ്രൻ, അനിലാൽ, അനിതാബാബു. മരുമക്കൾ: ആർ. ചന്ദ്രൻ, സുദർശന ബാബു, മിനി അനിലാൽ. മരണാനന്തര ചടങ്ങ്: 11 ന് രാവിലെ 8.30ന്.

ശേഖരൻ നായർ
ശാസ്തമംഗലം : പി.ടി.പി നഗർ വൈറ്റ് ഗാർഡൻ നമ്പർ 43 ൽ മംഗലം ലെയിൻ ഹിമശാഖിൽ ശേഖരൻനായർ (86) നിര്യാതനായി. ഭാര്യ : പാറുക്കുട്ടി അമ്മ. മക്കൾ : മായാദേവി, ഉദയകുമാർ (യു.കെ ഹോളിഡെയ്സ്). മരുമക്കൾ : ഹരിവിക്രമ പൊതുവാൾ (റിട്ട. അസി. രജിസ്ട്രാർ കേരള യൂണിവേഴ്സിറ്റി), ടി. ബീനാതമ്പി. സഞ്ചയനം : വ്യാഴാഴ്ച രാവിലെ 8.30 ന്. ഫോൺ: 9447227739

ചന്ദ്രിക
തിരുവനന്തപുരം: മണ്ണന്തല കല്ലയം നെട്ടമൺ വടക്കതിൽ വീട്ടിൽ ചന്ദ്രാലയത്തിൽ വിജയന്റെ (കെ.എസ്.ആർ.ടി.സി) ഭാര്യ ചന്ദ്രിക (63) നിര്യാതയായി. മക്കൾ : രജനി, രഞ്ജിനി മരുമക്കൾ : മധുകുമാർ, ഗോപകുമാർ. സഞ്ചയനം ചൊവ്വാഴ്ച രാവിലെ 8 ന്. ഫോൺ: 9947057866.

സുലൈഖാ ബീവി
പൂവാർ: കരുംകുളം ഹമീദിയായിൽ റിട്ട. അദ്ധ്യാപകൻ സമൂണിന്റെ ഭാര്യ റിട്ട. പഞ്ചായത്ത് സെക്രട്ടറി സുലൈഖാ ബീവി (73) നിര്യാതയായി. മക്കൾ: നിസ. എസ്.എസ് (അദ്ധ്യാപിക, പി. കെ. എസ് . എച്ച് . എസ് കാഞ്ഞിരംകുളം) തന്വജ എസ്.എസ് (ഹെഡ്മിസ്ട്രസ് ബി.എഫ്.എം എൽ.പി.എസ് പെരുമ്പഴുതൂർ) ഹമീദ്.എസ്.എസ് (സ്റ്റാഫ്നഴ്സ്, എം.എൽ.എ ഹോസ്റ്റൽ). മരുമക്കൾ : അബ്ദുൾ സലാം (റിട്ട. ഗവ ഉദ്യോഗസ്ഥൻ), മാഹീൻ (റേഷനിംഗ് ഇൻസ്പെക്ടർ സിവിൽ സപ്ലൈസ്) നിഷഹമീദ് (സ്റ്റാഫ്നഴ്സ് ഇ.എസ്.ഐ ആറ്റിങ്ങൽ).

ഗോമതി
വെടിവച്ചാൻകോവിൽ : പുളിമൂട്ടുനടയിൽ ഗോമതി ഭവനിൽ ഗോമതി (95) നിര്യാതയായി. മക്കൾ : പരേതനായ രവീന്ദ്രൻ, ചന്ദ്രിക, സുഭദ്ര, കോമളം. മരുമക്കൾ: ശകുന്തള, പരേതനായ വേലായുധൻ, പരേതനായ ശശിധരൻ, നടേശൻ. സഞ്ചയനം വെള്ളിയാഴ്ച രാവിലെ 8.30ന്.

സുജാത
ചിറയിൻകീഴ്: പാലകുന്ന് പുതുവീട് ജംഗ്ഷനിൽ തൈക്കൂട്ടം വീട്ടിൽ വിശ്വനാഥന്റെ ഭാര്യ സുജാത (75) നിര്യാതയായി. മക്കൾ: ഷീല, ഷൈലേന്ദ്ര കുമാർ, ഷൈലേഷ് കുമാർ, ഷൈല, ഷീല, ഷൈജു. മരുമക്കൾ : ജയചന്ദ്രൻ, സ്വപ്ന, ബീന, പ്രസന്നൻ, മായ, പരേതനായ ശശിധരൻ.

സുധാകരൻ
കൊല്ലം: കൊടിയഴികം ആനേത്താഴം ഉഷസിൽ സുധാകരൻ (70, അനി) നിര്യാതനായി. ഭാര്യ: ഉഷാകുമാരി. മക്കൾ: നിഷ, അനീഷ്. മരുമക്കൾ: ഷൈൻ, പ്രിയ. സഞ്ചയനം 9ന് രാവിലെ 6ന്. ഫോൺ: 9995832215.

കെ. ഇട്ടിപണിക്കർ
നെടുമ്പായിക്കുളം: കുഴിയിൽ കിഴക്കേമുകളുവിള വീട്ടിൽ കെ. ഇട്ടിപണിക്കർ (ജോർജ്ജ്, 86) നിര്യാതനായി. സംസ്കാരം നാളെ ഉച്ചയ്ക്ക് 2ന് നെടുമ്പായികുളം കോട്ടക്കുഴി സെന്റ് ജോർജ് ഓർത്തഡോക്സ് തീർത്ഥാടന പള്ളി സെമിത്തേരിയിൽ. ഭാര്യ: പരേതയായ ചിന്നമ്മ. മക്കൾ: ലില്ലിക്കുട്ടി, പരേതനായ ബാബു, രാജു (റിട്ട. ബി.എസ്.എഫ്), റോയി (സൗദി), സജി (സൗദി). മരുമക്കൾ: തങ്കച്ചൻ, സൂസമ്മ, എൽസബത്ത്, സുനി, ബിജി.

വാസുദേവൻ ആചാരി
പാലോട്: പച്ചപ്ലാവറ ദീപാ സദനത്തിൽ പി. വാസുദേവൻ ആചാരി (79, റിട്ട. എച്ച്.എം) നിര്യാതനായി. ഭാര്യ : ബി. ശാന്തമ്മ. മക്കൾ: ദീപ. വി. എസ് (അദ്ധ്യാപിക), രാജീവ് വി. എസ് (പി.എസ്.സി എംപ്ലോയീസ് യൂണിയൻ ജില്ലാ സെക്രട്ടറി). മരുമക്കൾ: ജി. ശിവദാസൻ, എസ്. ബിന്ദു (സെക്രട്ടേറിയറ്റ്). സഞ്ചയനം: വ്യാഴാഴ്ച രാവിലെ 9 ന്.

സ്റ്റീഫൻ മത്തായി
നെടുംകുന്നം : വട്ടപ്പാറ സോണാവില്ലയിൽ പരേതനായ വി. എം. മത്തായിയുടെ മകൻ റിട്ട. എയർഫോഴ്സ് ഉദ്യോഗസ്ഥൻ സ്റ്റീഫൻ മത്തായി (65) നിര്യാതനായി. ഭാര്യ : എം. ടി. അമ്മിണി (റിട്ട. വാട്ടർ അതോറിട്ടി). മക്കൾ: ഡോ. സോണിയ, ഡോ. സ്റ്റെഫിൻ, സോണാ. മരുമക്കൾ: ദീപു, ഡോ. ജൂമാന. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 1ന് മൗണ്ട് സീനായി ചർച്ച് പുളിക്കൽകവല സെമിത്തേരിയിൽ.

വള്ളത്തിൽ പോയ മത്സ്യത്തൊഴിലാളി മരിച്ചു

വിക്രമൻ

അമ്പലപ്പുഴ: വള്ളത്തിൽ മത്സ്യബന്ധനത്തിന് പോയ പുറക്കാട് ഗ്രാമപഞ്ചായത്ത് പതിനെട്ടാം വാർഡിൽ പുത്തൻപറമ്പ് ശങ്കരന്റെ മകൻ വിക്രമൻ (58) മരിച്ചു.

പുലർച്ചെ 4ന് പഴയങ്ങാടി കടപ്പുറത്ത് നിന്ന് പോയതായിരുന്നു. 6ന് വള്ളം ഒഴുകി നടക്കുന്നത് മത്സ്യത്തൊഴിലാളികൾ കണ്ടിരുന്നു. 11ന് മത്സ്യബന്ധന ബോട്ടിന്റെ വലയിൽ കുടുങ്ങിയ മൃതദേഹം തോട്ടപ്പള്ളിയിലെത്തിച്ചു. ഭാര്യ : അന്നമണി. മക്കൾ : ആശ, നിഷ, ശ്രീവിദ്യ . മരുമക്കൾ : തങ്കരാജൻ, ഷാജി, ഗിൽസ്.

സ്വർണ്ണമ്മ
കഠിനംകുളം: കഠിനംകുളം ജി. എസ് ഭവനിൽ പരേതനായ ഗോപിയുടെ ഭാര്യ സ്വർണ്ണമ്മ (78) നിര്യാതയായി. മക്കൾ: ഗീത, സുരേഷ്, പരേതയായ ഗിരിജ. മരുമക്കൾ: സുരേന്ദ്രൻ, സ്മിത, പരേതനായ മോഹനൻ. സഞ്ചയനം: വ്യാഴാഴ്ച രാവിലെ 9ന്.

ഗോമതിഅമ്മ
കാരക്കോണം : കുന്നത്തുകാൽ ചാവടിമുതുവിളാകത്ത് പുത്തൻവീട്ടിൽ പരേതനായ ശിവശങ്കരപിള്ളയുടെ ഭാര്യ ഗോമതി അമ്മ (92) നിര്യാതയായി. മക്കൾ : പരമേശ്വരൻനായർ, വേണുഗോപാൽ, ശകുന്തള, ശശികല. മരുമക്കൾ : സുകുമാരി, ഉഷ, ഭുവനചന്ദ്രബാബു, മോഹനചന്ദ്രൻ നായർ. സഞ്ചയനം : ഞായറാഴ്ച രാവിലെ 9 ന്.

ലളിത
കാഞ്ഞിരംകുളം : പനനിന്ന അപ്പട്ട്വിള വീട്ടിൽ റിട്ട. സി. ആർ. പി. എഫ് ശിവരാജിന്റെ ഭാര്യ കെ. ലളിത (61) നിര്യാതയായി. മക്കൾ : രേബ, രേഖ. മരുമക്കൾ : ബിജു (ആരോഗ്യ വകുപ്പ്, ആലപ്പുഴ), നോബിൾ (അസി. പ്രാഫ. എൻ. എം. സി. സി. മാർത്താണ്ഡം).

ദേവകി
വെളിയം: പടിഞ്ഞാറ്റിൻകര പാറവിള പുത്തൻവീട്ടിൽ പരേതനായ ദേവീദാസന്റെ ഭാര്യ ദേവകി (80) നിര്യാതയായി. മക്കൾ: പ്രസാദ്, പ്രമോദ്, ലത, ജയ. മരുമക്കൾ: രമ, മായ, മണിലാൽ, വിജയൻ.

കല്യാണിക്കുട്ടി
ചേർത്തല : പട്ടണക്കാട് മേനാശേരി മഠത്താകുളങ്ങര കല്യാണിക്കുട്ടി (82) നിര്യാതയായി. മക്കൾ: പത്മാവതി, വിജയൻ, സുലേചന, സതീശൻ, മഹിലാൽ. മരുമക്കൾ: ഉഷ, മഹേശ്വരി, രജിനിമോൾ, പരേതരായ കുമാരൻ, മോഹനൻ. സഞ്ചയനം 13ന് രാവിലെ 10.40ന്.

സരോജിനിഅമ്മ
കൊട്ടാരക്കര: പെരുംകുളം പുത്തൻപുര വടക്കതിൽ പരേതനായ ചെല്ലപ്പൻപിള്ളയുടെ ഭാര്യ സരോജിനി അമ്മ (80) നിര്യാതയായി. മക്കൾ: വസന്തകുമാരി, ഇന്ദിര, പത്മിനി, പ്രസന്നകുമാരി, ലതാകുമാരി, ഹരികുമാർ, പരേതനായ അനിൽകുമാർ. മരുമക്കൾ: കെ. രവീന്ദ്രൻപിള്ള, കെ. രാധാകൃഷ്ണപിള്ള, ബിന്ദു, പരേതരായ ഭദ്രൻപിള്ള, വിജയൻപിള്ള. സഞ്ചയനം 14ന് രാവിലെ 8ന്.

നിവിൻ പ്രസാദ്
കൊല്ലം: തെക്കേവിള ദേവി നഗർ (2) ബിന്ദു ഭവനിൽ ഗംഗാപ്രസാദിന്റെ മകൻ നിവിൻ പ്രസാദ് (കണ്ണൻ, 26) നിര്യാതനായി. സംസ്കാരം ഇന്ന് രാവിലെ 9ന് പോളയത്തോട് ശ്മശാനത്തിൽ. അമ്മ: സുശീല. സഹോദരി: നീന പ്രസാദ്. ഫോൺ: 9048586118.

ആർ. ഭാസ്കരപിള്ള
മുഖത്തല: മുഖത്തല എൻ. എസ്.എസ്.യു.പി സ്കൂളിലെ റിട്ട. അദ്ധ്യാപകനും സി.പി.ഐ ഇരവിപുരം മണ്ഡലം മുൻ അസി. സെക്രട്ടറിയുമായിരുന്ന തൃക്കോവിൽവട്ടം സന്തോഷ്ഭവനിൽ ആർ. ഭാസ്കരപിള്ള (83) നിര്യാതനായി. സംസ്കാരം ഇന്ന് രാവിലെ 11 ന് വീട്ടുവളപ്പിൽ. ഭാര്യ: ശാന്തമ്മ (റിട്ട. അദ്ധ്യാപിക). മക്കൾ: സന്തോഷ്കുമാർ, സുനിൽകുമാർ (ക്രൈം ബ്രാഞ്ച്, കൊല്ലം), അനിൽകുമാർ (കെ. ഐ. പി, കൊട്ടിയം). മരുമക്കൾ: സ്മിത, പ്രിയ, പ്രിയങ്ക. ഫോൺ: 9495653143.

ഗോപിനാഥൻനായർ
വാളത്തുംഗൽ: മിനി ഹൗസിൽ (മൂലേവയലിൽ) കെ. ഗോപിനാഥൻനായർ (69) നിര്യാതനായി. ഭാര്യ: സുശീലഅമ്മ. മക്കൾ: മിനി, ബിനി. മരുമക്കൾ: രാജേഷ്, രാജേഷ്. സഞ്ചയനം 11ന് രാവിലെ 7.30ന്. ഫോൺ: 9497780459.

ടി.വി. രാമചന്ദ്രൻ
ചേർത്തല: കഞ്ഞിക്കുഴി പഞ്ചായത്ത് 18-ാം വാർഡ് മായിത്തറ സിലുവിലാസത്തിൽ ടി.വി. രാമചന്ദ്രൻ (79, റിട്ട. കെ. എസ്. ആർ. ടി. സി ഡ്രൈവർ) നിര്യാതനായി. ഭാര്യ : പദ്മകുമാരി. മക്കൾ : എസ്.ആർ. സിലുലാൽ (വിമുക്തഭടൻ, കായിക അദ്ധ്യാപകൻ, വി. എൻ. എസ്. എസ്, എസ്. എൻ. ട്രസ്റ്റ് സെൻട്രൽ സ്കൂൾ), എസ്.ആർ. സിനിലാൽ. മരുമക്കൾ: സരിത (ശോഭ കോളേജ്, മാരാരിക്കുളം), ഡി. സുരേഷ്കുമാർ. സഞ്ചയനം 12ന് രാവിലെ 10ന്.

ബസിടിച്ച് ചികിത്സയിലായിരുന്ന കാർ ഡ്രൈവർ മരിച്ചു

കോട്ടയം: എം. സി റോഡിൽ കെ. എസ്. ആർ. ടി. സി ബസും കാറും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ പരിക്കേറ്റ് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന കാർ ഡ്രൈവർ മരിച്ചു.

നെടുമങ്ങാട് കോട്ടവിള അഞ്ജു പ്രിയയിൽ ബാബു (58) ആണ് മരിച്ചത്. ശനിയാഴ്ച രാത്രി 11.30 ഓടെ എസ്.എച്ച് മൗണ്ട് ചവിട്ടുവരി ജംഗ്ഷന് സമീപമായിരുന്ന അപകടം. ഇടവഴിയിൽ നിന്നു കയറി വന്ന ഇരുചക്രവാഹന യാത്രക്കാരെ രക്ഷിക്കാനുള്ള ശ്രമത്തിനിടെയാണ് ബസ് കാറിൽ ഇടിച്ചത്. ഈ സമയം ഇതുവഴി എത്തിയ ഒരു ഡോക്ടറുടെ കാറിലാണ് ബാബുവിനെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചത്.

പ്രാഥമിക ശുശ്രൂഷയ്ക്ക് ശേഷം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി. ഇന്നലെ പുലർച്ചെ നാലോടെയായിരുന്നു മരണം. പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു.

കുഞ്ഞുമോൾ
ചവറ: പുത്തൻതുറ എഴിയ്ക്കകത്ത് പുതുപ്പറമ്പിൽ രാജന്റെ ഭാര്യ കുഞ്ഞുമോൾ (43) നിര്യാതയായി. സംസ്കാരം ഇന്ന് രാവിലെ 11ന് വീട്ടുവളപ്പിൽ. മക്കൾ: അമ്മു, ആര്യ. മരുമക്കൾ: ഗോപീഷ്, ഷെറിൻ. ഫോൺ: 9747749794.

പി. ശശിധരൻ
കരുനാഗപ്പള്ളി: അയണിവേലികുളങ്ങര തെക്ക് പുത്തൻവീട്ടിൽ കിഴക്കതിൽ (റോബിൻ വില്ല) പരേതനായ പി.ജി. മാത്യുവിന്റെ ഭാര്യ മറിയാമ്മ മാത്യു (85) നിര്യാതയായി.

ആനന്ദവല്ലിയമ്മ
കുട്ടനാട്: ചമ്പക്കുളം അമ്പഴക്കാട് വീട്ടിൽ പരേതനായ നാരായണൻ നായരുടെ ഭാര്യ ആനന്ദവല്ലിയമ്മ (82) നിര്യാതനായി. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 2ന് വീട്ടുവളപ്പിൽ. മക്കൾ. സുരേഷ്കുമാർ (സി. ആർ. പി. എഫ്.), സുമേഷ്കുമാർ (ഖത്തർ), ആശ. മരുമക്കൾ. ലത, ബിജി, ഷാജി.

കെ. വിജയൻ
ഉറുകുന്ന്: കൃഷ്ണവിലാസത്തിൽ കെ. വിജയൻ (50) നിര്യാതനായി. ഭാര്യ: ശ്യാമള. മക്കൾ: വിഷ്ണു, വിദ്യ. സംസ്കാരം ഇന്ന് രാവിലെ 10ന്. 9496535712.

തമ്പിരാജൻ
ഓച്ചിറ: പായിക്കുഴി മഠത്തിൽ വീട്ടിൽ തമ്പിരാജൻ (74) നിര്യാതനായി. ഭാര്യ: പരേതയായ ജയലക്ഷ്മി (തത്ത). മക്കൾ: ധന്യ, രമ്യ. മരുമക്കൾ: രാമചന്ദ്രൻ, ദീപു. സംസ്കാരം ഇന്ന് രാവിലെ 10ന്.

അലക്സ് തോമസ്
കോട്ടവട്ടം: നല്ലൂട്ടിൽ പണയിൽ പുത്തൻവീട്ടിൽ (അടൂർ വീട്ടിൽ) അലക്സ് തോമസ് (57) നിര്യാതനായി.

പാവനസ്മരണയ്ക്ക്
24-ാം ചരമവാർഷികം
(08.01.2018)

കൃഷ്ണമ്മ. ബി
ക്ഷേമ വിഹാർ,
പെരുകാവ് പി.ഒ.
നിത്യശാന്തിക്കായി പ്രാർത്ഥിച്ചുകൊണ്ട്,
മകൾ : വസന്തകുമാരി.

അകാലചരമത്തിന്റെ 22-ാം വർഷം
(08.01.2018)



ബി. ജയചന്ദ്രബോസ്
(അപ്പുക്കുട്ടൻ)
തൊടിയിൽ വീട്,
വക്കം.
(വാടയിൽ വീട്,
അഞ്ചുതെങ്ങ്)

ദുഃഖിതരായ,
ഭാര്യ: ലീജാ ബോസ്,
മക്കൾ: ബിജിൽ ബോസ്,
ബിനിൽ ബോസ്.

വേർപാടിന്റെ മൂന്നാം വാർഷികം (08.01.2018)

N. വാസു (K.S.E.B)
ഷിജു ഭവൻ, അമ്പലത്തിൻകര, കഴക്കൂട്ടം.
പരേതാത്മാവായ പ്രിയഭർത്താവിന്റെ പാദങ്ങളിൽ നമിച്ചുകൊണ്ട്,
ഭാര്യ : R. ശശാങ്കകുമാരി,
മക്കൾ, മരുമക്കൾ, ചെറുമക്കൾ.

സ്മരണാഞ്ജലി
30-ാം ചരമവാർഷികം (08.01.2018) | 15-ാം ചരമവാർഷികം (12.11.2017)

കെ. താണുവൻ മുതലാളി | എൽ. പങ്കജാക്ഷി
വിജയവിലാസം, ചെറുവയ്ക്കൽ.
പരേതാത്മാക്കൾക്ക് നിത്യശാന്തി നേർന്നുകൊണ്ട്,
മകൾ മണി സത്യദേവനും ബന്ധുമിത്രാദികളും.

17-ാം ചരമവാർഷികം
(08.01.2018)

കെ. മൃത്യുഞ്ജയ പണിക്കർ
ലക്ഷ്മി നിവാസ്,
വാഴമുട്ടം, പാച്ചല്ലൂർ പി.ഒ.
- സന്തപ്തകുടുംബാംഗങ്ങൾ.

വേർപാടിന്റെ മൂന്നാം വർഷം (08.01.2018)

ശാരദ. J
പുതുവൽപുത്തൻവീട്,
കോരാളംകുഴി, കുളത്തൂർ.
മകൾ ശ്യാമളയും കുടുംബവും.

പാവനസ്മരണയ്ക്ക്
34-ാം ചരമവാർഷികം (09.01.2018) | 13-ാം ചരമവാർഷികം (08.01.2018)



ആർ. ഗംഗാധരൻ | കെ. സത്യഭാമ
വലിയപോളയ്ക്കൽ വീട്, കായിക്കര.
- ദുഃഖിതരായ മക്കളും മരുമക്കളും ചെറുമക്കളും.

കേരള കൗമുദി

മറ്റുജില്ലകളുടെ പോയിന്റ് നില

മലപ്പുറം	323
എറണാകുളം	307
കൊല്ലം	300
തിരുവനന്തപുരം	295
കോട്ടയം	295
ആലപ്പുഴ	289
വയനാട്	274
കാസർകോട്	263
പത്തനംതിട്ട	251
ഇടുക്കി	235

ഹൈസ്കൂൾ വിഭാഗം കുച്ചുപ്പുടി മത്സരത്തിൽ നിന്ന്: ദേവി. ബി.ആർ, അമൃത സംസ്കൃത.എച്ച്.എസ്.എസ്, പാരിപ്പള്ളി, കൊല്ലം

ദൃശ്യ.ജെ.എസ്, നിർമ്മല ഭവൻ.ജി.എച്ച്.എസ്.എസ്, തിരുവനന്തപുരം

വേദാത്മിക പ്രകാശ്, മാർത്തോമാ എച്ച്.എസ്.എസ്, പത്തനംതിട്ട

ഷഹനാസ്. എസ്.എച്ച്, ഡി.വി.എം.എൻ.എൻ.എം.എച്ച്.എസ്.എസ്, മാറനല്ലൂർ, തിരുവനന്തപുരം

കൊട്ടിക്കയറി അപ്പീലുകൾ

■ അപ്പീലുകളുടെ എണ്ണം 947 കടന്നു ■ 4099 വിദ്യാർത്ഥികൾകൂടി മത്സരിക്കാനെത്തി

തൃശ്ശൂർ: കലോത്സവത്തിൽ അപ്പീലുകൾ നിയന്ത്രിക്കാനുള്ള ശ്രമം ഫലം കാണുന്നില്ല. രണ്ടാംദിനത്തിൽഉച്ചയോടെ 947 അപ്പീലുകൾ ലോവർ കമ്മിറ്റി അനുവദിച്ചു. 4099 വിദ്യാർത്ഥികൾകൂടി ഇതോടെ കലോത്സവത്തിൽ മത്സരിക്കും.

ഡി. ഡി. ഇ മാർ അനുവദിച്ച അപ്പീലുകളാണ് ഏറെയും. ഉന്നതാധികാര കമ്മിറ്റി, കീഴ്ക്കോടതി, ഹൈക്കോടതി, ഡി.ഇ.ഒ എന്നിവ വഴിയാണ് അപ്പീലുകളെത്തിയത്. ലോകായുക്ത വഴി മത്സരിക്കാനെത്തിയവർ 400 പേരാണ്. കൂടുതൽ അപ്പീലുകളെത്തിയത് തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ നിന്നാണ്. കുറവ് കോട്ടയം ജില്ലയിൽ നിന്നും. വിദ്യാഭ്യാസ വകുപ്പിന്റെ കർശന നിർദ്ദേശത്തെ തുടർന്നാണ് ഡി. ഡി. ഇ മാർ അപ്പീലുകൾ നിയന്ത്രിച്ചത്. ഇതുമറികടന്ന് കോടതികളിൽ നിന്ന് അനുകൂല വിധിയുമായി പലരും എത്തിയതോടെ മത്സരം നീളുമെന്നുറപ്പായി. കഴിഞ്ഞ വർഷം മൂന്നാംദിനത്തിൽ അപ്പീലുകളുടെ എണ്ണം 650 ആയിരുന്നു.

അപ്പീലൂടെമത്സാരാർത്ഥികൾ എത്തുന്നത് സമയക്രമത്തെ പ്രതികൂലമായി ബാധിക്കുന്നു. നൃത്തയിനങ്ങളിലാണ് കൂടുതൽ അപ്പീലുകളും. വിവിധ ജില്ലകളിൽ നിന്നെത്തിയ വിജയികളെക്കാൾ മത്സരിക്കാൻ അപ്പീൽവഴിയെത്തിയവരെന്നതാണ് സ്ഥിതി. വരും ദിവസങ്ങളിലും അപ്പീലുകളുടെ എണ്ണം പെരുകുമെന്ന വിലയിരുത്തലിലാണ് സംഘാടകർ.

ഹയർ അപ്പീലുകളിൽ കൂടുതലും മോഹിനിയാട്ടം, ഭരതനാട്യം എന്നിവയിലാണ്. ജില്ലാതലത്തിൽ നിന്ന് അപ്പീലുമായി മത്സരിച്ചവരാണ് ഹയർ അപ്പീൽ നൽകിയവരിലും മുന്നിൽ. കുച്ചുപ്പുടി, നാടൻപാട്ട്, യക്ഷഗാനം, കാർട്ടൂൺ എന്നിവയിലും ഹയർ അപ്പീലുകളുണ്ട്.

അപ്പീലുകൾ ജില്ലതിരിച്ച്

തിരുവനന്തപുരം	- 96
കൊല്ലം	- 73
പത്തനംതിട്ട	- 77
ആലപ്പുഴ	- 41
കോട്ടയം	- 33
ഇടുക്കി	- 95
എറണാകുളം	- 38
തൃശ്ശൂർ	- 132
പാലക്കാട്	- 132
മലപ്പുറം	- 97
കോഴിക്കോട്	- 109
വയനാട്	- 36
കണ്ണൂർ	- 66
കാസർകോട്	- 49

ബാൻഡേജിട്ട കാലിൽ തടഞ്ഞത് എ ഗ്രേഡ് വിജയം

തൃശ്ശൂർ: പരിശീലനത്തിനിടെ വീണ് കാലിന്റെ കുഴ തെറ്റി. ഡോക്ടർ പറഞ്ഞത് ഒരു മാസത്തെ വിശ്രമത്തിന്. പക്ഷേ ഗൗതം തയ്യാറായില്ല. കാലിൽ ബാന്റേജുമായി ഹൈസ്കൂൾ ആൺകുട്ടികളുടെ ഭരതനാട്യത്തിൽ മത്സരിക്കാൻ കാണിച്ച തീരുമാനത്തിന് എ ഗ്രേഡിന്റെ തിളക്കം കൂട്ടായി. തിരുവനന്തപുരം പട്ടം സെന്റ്മേരീസ് എച്ച്.എസ്.എസിലെ പത്താം ക്ലാസുകാരൻ പറശിനിക്കടവ് മുത്തപ്പന്റെ കഥയാണ് അവതരിപ്പിച്ചത്. നിറഞ്ഞ കൈയടിയായിരുന്നു കാണികൾ നൽകിയത്. കലോത്സവത്തിന് ഒരാഴ്ച മുമ്പാണ് പരിക്കേറ്റത്. ആദ്യം എതിർത്തെങ്കിലും മകന്റെ നിർബന്ധത്തിന് വഴങ്ങി മാതാപിതാക്കൾ പരിശീലനം തുടരാൻ അനുവദിക്കുകയായിരുന്നു.

ഗൗതം മത്സരത്തിന് ശേഷം

ഇന്നലെയാണ് ഗൗതം അമ്മയോടൊത്ത് തൃശ്ശൂരിലെത്തിയത്. എന്നാൽ അമിത നിരക്കിൽ മുറിയെടുക്കാൻ കഴിയാതിരുന്ന ഗൗതമിന് സഹായമായത് നാട്ടിലെയുവജനസംഘടനയാണ്. അവർ ഇടപെടുകയും ഒല്ലൂക്കരയിൽതാമസിക്കാൻഒരുമുറിസജ്ജമാക്കുകയുമായിരുന്നു. മഹേശ്വരൻ -അനിത ദമ്പതികളുടെ രണ്ടുമക്കളിൽ ഇളയ മകനാണ് ഗൗതം.

മന്ത്രി സി.രവീന്ദ്രനാഥ് കലോത്സവത്തിലെ ഊട്ടുപ്പുര സന്ദർശിച്ചപ്പോൾ

ഹയർ അപ്പീലുകളും പെരുകുന്നു

തൃശ്ശൂർ: ചുറ്റിലും വിജിലൻസിന്റെ ഒളിക്കണ്ണുകളുണ്ടെങ്കിലും വിധി നിർണയത്തിനെ ചൊല്ലിയുള്ള പരാതികൾക്ക് കുറവില്ല. രണ്ടു ദിവസങ്ങളിൽ നടന്ന മത്സരങ്ങളിലെ വിധി നിർണയത്തിനെതിരെ 108 പരാതികൾ ഹയർ അപ്പീൽ കമ്മിറ്റിക്ക് മുന്നിലെത്തി. കൂടുതൽ പരാതികളും നൃത്തയിനങ്ങളിലാണ്. ഹയർ അപ്പീലുകളിൽ കൂടുതലും ലോവർ കമ്മിറ്റി അനുവദിച്ച അപ്പീൽവഴിമത്സരിച്ച് പ്രതീക്ഷിച്ച വിജയം ലഭിക്കാത്തവരാണ്. ലോവർ കമ്മിറ്റിയുടെ അപ്പീൽ വഴി മത്സരിച്ചവർക്ക് ജില്ലാതലത്തിൽ വിജയിച്ചവരെക്കാൾ കൂടുതൽ മാർക്ക് ലഭിക്കണം. എങ്കിലേ ഗ്രേസ് മാർക്ക് ലഭിക്കൂ. ഒരു മാർക്കെങ്കിലും ലഭിക്കാനുള്ള അവസാനശ്രമമാണ് ഹയർഅപ്പീൽവഴിമത്സരാർത്ഥികൾശ്രമിക്കുന്നത്. ശനിയാഴ്ചരാവിലെഹയർഅപ്പീൽ കമ്മിറ്റിഓഫീസിൽ ഇരുന്ന 11 വിധി കർത്താക്കൾ പുറത്തേക്കിറങ്ങിയത് രാത്രി 11 ഓടെയാണ്. വിധി കർത്താക്കളുടെ ഫോൺ വിളികൾ ഉൾപ്പെടെ നിരീക്ഷണവിധേയമാക്കിയ ആദ്യ കലോത്സവം നടന്നത് കണ്ണൂരിലാണ്. അപ്പീൽ കലഹത്തിനൊപ്പം കോഴവിധിനിർണയം കൂടി കലോത്സവ ഇനമായതോടെയാണ് കഴിഞ്ഞ വർഷം മുഖ്യമന്ത്രി നേരിട്ടിടപെട്ട് വിജിലൻസിന്റെ സാന്നിദ്ധ്യമുറപ്പിച്ചത്.

രണ്ടുവർഷം തുടർച്ചയായി വിധിനിർണയിച്ചവരെഒഴിവാക്കിയാണ്ഇത്തവണ പട്ടിക തയ്യാറാക്കിയത്. ഓരോ വേദിയിലും ഓരോ വിധികർത്താവിനെയും വിശദമായി നിരീക്ഷിക്കുന്നുണ്ടെന്ന് വിജിലൻസ് ഡിവൈ.എസ്.പി കെ.പി. ജോസ് പറഞ്ഞു.

റിപ്പോർട്ടിംഗ്

കോവളം സതീഷ് കുമാർ
കോട്ടാത്തല ശ്രീകുമാർ
പ്രഭു വാര്യർ
ഭാസി പാങ്ങിൽ
വിഷ്ണു ദാമോദർ
അരുൺ വി. ഗോപാൽ
കൃഷ്ണകുമാർ ആമലത്ത്
എൻ.പി. മുരളികൃഷ്ണൻ
ടി.പി. നിതിൻ ലാൽ

ഫോട്ടോ

എൻ.ആർ. സുധർമ്മദാസ്
റാഫി എം. ദേവസി
ശ്രീകുമാർ ആലപ്ര
ബി. സുമേഷ്
പി.എസ്. മനോജ്
കെ.ആർ. ലാൽ
ജ്യോതിരാജ് എൻ.എസ്
രോഹിത് തയ്യിൽ

സംസ്കൃത ഉപന്യാസം- എച്ച്.എസ്: ശ്യാലി ശ്യാം (ജെ. എം.ആർ.എം.കെ.എം.എം എച്ച്.എസ്.എസ് ഇടവ തിരുവനന്തപുരം)

ഉറുദു ഗസൽ- എച്ച്.എസ് : വേണികൃഷ്ണ.ആർ (ഗവ. ഹൈസ്കൂൾ, പൂയപ്പള്ളി, കൊല്ലം)

നങ്യാർക്കൂത്ത്- എച്ച്.എസ്: എസ്.ഗീതിക (റാണി ജെ.എച്ച്.എസ്.എസ്.കണ്ണൂർ)

സംസ്കൃത പദ്യപാരായണം- എച്ച്.എസ്: മീനാക്ഷി (എം.വി ബി.എച്ച്.എസ്.എസ് കാലടി)

മോഹിനിയാട്ടം- എച്ച്.എസ്: ദേവിനന്ദന (ബി.എച്ച്.എസ്.എസ് കൊല്ലം)

കഥാപ്രസംഗം - എച്ച്.എസ്: അഥീന അശോക് (ലിറ്റിൽ ഫ്ലവർ ഇംഗ്ലീഷ് മീഡിയം കുണ്ടറ കൊല്ലം)

ലളിതഗാനം- എച്ച്.എസ്.എസ്: കാവ്യ എം.രാജ് (എച്ച്.എസ്.എസ്കോട്ടൻഹിൽ തിരുവനന്തപുരം)

മോണോ ആക്ട്-എച്ച്.എസ്: മാധവി പുതുമന (അമൃത എച്ച്.എസ്.എസ്.മൂലവട്ടം കോട്ടയം)

മലയാളം പദ്യം ചൊല്ലൽ-എച്ച്.എസ്.എസ്: ആർ. സേതുപാർവതി (കെ.പി.എം എച്ച്.എസ്.എസ്, പൂത്തോട്ട, എറണാകുളം)

ഖുർആൻ പാരായണം- എച്ച്.എസ്: മുഹമ്മദ് മസമ്മിൽ (ജി.എച്ച്എസ്. എസ് കാട്ടികുളം വയനാട്)

മരണമെത്തിയ നേരത്ത്...

തൃശ്ശൂർ: മയ്യത്ത് കട്ടിലിൽ ചേതനയറ്റ് കിടക്കുന്ന വാപ്പ. പുറത്ത് കലോത്സവത്തിൽ പങ്കെടുക്കാൻ അവളെയും കാത്തിരിക്കുന്ന കൂട്ടുകാരികൾ. അങ്ങകലെ ഖബർസ്ഥാനിലേക്ക് വാപ്പയെ കൊണ്ടുപോകുമ്പോൾ വിങ്ങിപ്പൊട്ടുന്ന ഹൃദയവുമായി അവൾ കൂട്ടുകാരികൾക്കൊപ്പം തൃശ്ശൂരിലേക്ക് തിരിക്കുകയായിരുന്നു. കലോത്സവത്തിലെ നാടകമത്സരത്തിൽ അവൾക്കഭിനയിക്കേണ്ടത് അച്ഛനായാണ്.

ഇത് ആയിഷ. കൊല്ലം കുണ്ടറ തൃപ്പലഴികം ലിറ്റിൽ ഫ്ലവർ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിനി. അഭിനയമോഹം കലശലല്ലെങ്കിലും സ്കൂളിൽ നിന്ന് നാടകത്തിന് തിരഞ്ഞെടുത്തവരുടെ കൂട്ടത്തിൽ ആയിഷയും ഉൾപ്പെട്ടു. എം. മുകുന്ദന്റെ 'അച്ചൻ' എന്ന കഥ നാടകമാക്കിയപ്പോൾ പെൺകുട്ടികൾ മാത്രമുള്ള ടീമിൽ പ്രധാന വേഷം ആയിഷയ്ക്കായിരുന്നു.

ജില്ലാ കലോത്സവത്തിൽ ഒന്നാം സ്ഥാനം ലഭിച്ചപ്പോൾ വാപ്പ വെളിയം പടിഞ്ഞാറ്റിൻകര തെക്കതിൽ അലീന മൻസിലിൽ ഷാജഹാൻ അവളോട് പറഞ്ഞിരുന്നു. 'ഞാനും വരുന്നുണ്ട്, തൃശ്ശൂർക്ക്'. നാട്ടിലെ വ്യാപാരിയായ ഷാജഹാൻ കട അടച്ചിട്ട് തൃശ്ശൂർക്ക് പോകാൻ തയ്യാറെടുക്കുമ്പോഴായിരുന്നു ശനിയാഴ്ച രാവിലെ നെഞ്ചുവേദനയെത്തുടർന്ന് മരിച്ചത്. വെളിയം പടിഞ്ഞാറ്റിൻകര മുസ്ലിം ജമാഅത്ത് ഖബർസ്ഥാനിലേക്ക് മയ്യത്തെടുക്കുമ്പോഴേക്കും സ്കൂളിലെ അദ്ധ്യാപകരും നാടക സംഘവും വീട്ടിലെത്തിയിരുന്നു.

സങ്കടങ്ങളത്രയും നെഞ്ചകത്തമർത്തിപ്പിടിച്ച് ആയിഷ നാടകത്തിൽ അഭിനയിച്ചു. അരങ്ങിന് തിരശ്ശീല വീണതും അണിയറയ്ക്ക് പിന്നിലേക്ക് അവളോടുകയായിരുന്നു. ആരുമില്ലാത്തൊരിടം കണ്ടെത്തി പൊട്ടിക്കരയാൻ...

ഷാജഹാൻ

ആയിഷ നാടകം അവതരിപ്പിച്ച ശേഷം മടങ്ങുന്നു

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എച്ച്.എസ്.എസ് വിഭാഗം മിമിക്രി മത്സരം ആസ്വദിക്കുന്ന അമ്മയും കുഞ്ഞും

"പിള്ളേര് മൂല ചീള് കേസല്ലാട്ടാ..."

ജോസേട്ടൻ കണ്ട പൂരം

തൃശ്ശൂർ: ഞായറാഴ്ചയാണെങ്കിലും പള്ളീപോണേനുമുമ്പ് ജോസേട്ടൻ നേരെ വിട്ടു പൂരപ്പറമ്പിലേക്ക്.

"കല്യാണോം കളവാണോം ഉള്ള ദെവസാണെങ്കിലും എന്തോരം ആളോളാ, മ്മടെ പൂരത്തിന്"

ജോസേട്ടന് എല്ലാം പൂരമാണ്. അത് കലോത്സവമായാലും പാർട്ടി സമ്മേളനമായാലും.

"തേക്കിൻകാട്ടില് എന്താ പൂരം?' എന്ത് കാഴ്ച കണ്ടാലും അങ്ങനെ പറയും ജോസേട്ടൻ. ഭരതനാട്യം കാണാൻ പോണ വഴിയിൽ വിദ്യാർത്ഥി കോർണറിലെത്തിയപ്പോൾ ജോസേട്ടൻ ഒരു ബോർഡ് കണ്ടു. ഓർഗ് പീപ്പിൾ സ്ഥാപിച്ച ചുവന്ന ബോർഡ്!

അതിലങ്ങനെ എഴുതിയിരിക്കുന്നു:

"തേക്കിൻകാട്ടിലെ വിദ്യാർത്ഥി കോർണർ. ഈ മൈതാനം, കഴിഞ്ഞ നൂറ്റാണ്ടിൽ തേക്കിൻകാട് മൈതാനമെന്ന തൃശ്ശൂർ പൂരപ്പറമ്പായിരുന്നു. നമ്മുടെ പൂർവ്വികൾ സ്വാതന്ത്ര്യസമരത്തിന്റെ ആവേശം പങ്കുവച്ചത് ഈ മുറ്റത്തായിരുന്നു. കൃത്യമായി പറഞ്ഞാൽ മണികണ്ഠനാൽത്തറയ്ക്ക് ചുറ്റുമിരുന്ന് അപ്പുറത്ത് തെക്ക്പടിഞ്ഞാറേ മൂലയിൽ ക്ഷേത്രമതിലോരത്തോട് ചേർന്ന മൺതിട്ടയിൽ ചെറുപ്പക്കാർ (അന്നത്തെ തൃശ്ശൂർ ഭാഷയിൽ പിള്ളേർ) സംഘം ചേർന്ന് നിരന്തരം ലോകകാര്യങ്ങൾ ചർച്ച ചെയ്യുമായിരുന്നു. ഒരുനാളിൽ മണികണ്ഠനാലിൽ ഒരു പ്രതിഷ്ഠ നടന്നു. അതോടെ സമ്മേളനങ്ങളും പൊതുയോഗങ്ങളും ശക്തിപ്രകടന ങ്ങളും മണികണ്ഠനാൽത്തറയിൽനിന്നും പിള്ളേരു മൂലയിലേക്ക് മാറി. സാഹിത്യഭാഷയിൽ ഈ പിള്ളേരുമൂല വിദ്യാർത്ഥി കോർണറായി. പിന്നീട് വളരെക്കാലം വിദ്യാർത്ഥി കോർണർ തൃശ്ശൂരിന്റെ ശ ബ്ദവും ശക്തിയും ആവേശവുമായി നിലകൊണ്ടു. ഇതിനൊരു സ്രഷ്ടാവില്ല. നാമകർത്താവുമില്ല. ഇത് കാലവും തലമുറയും സൃഷ്ടിച്ചെടുത്ത തൃശ്ശൂരിന്റെ ഓർമ്മച്ചെപ്പ്. ഇതൊരു ജനകീയ ഇടം. കോഴിക്കോട്ടെ മാനാഞ്ചിറമൈതാനം, പാലക്കാട്ടെ കോട്ടമൈതാനം, കൊച്ചിയിലെ രാജേന്ദ്രമൈതാനം, കോട്ടയത്തെ തിരുനക്കര മൈതാനം, തിരുവനന്തപുരത്തെ പുത്തരിക്കണ്ടം മൈ താ നം എന്നിവ പോലെ. അവയ്ക്കെല്ലാം സമാനമായി തൃശ്ശൂരിൽ ജനാധിപത്യയുഗം സൃഷ്ടിച്ചെടുത്തതാണ് ഈ തേക്കിൻകാട് മൈതാനവും അതിന് സിംഹാസനം ഒരുക്കുന്ന വിദ്യാർത്ഥി കോർണറും.

കേട്ടുകേൾവികളെ മാത്രം ആസ്പദമാക്കി;

സി.എ. കൃഷ്ണൻ, സീനിയർ പത്രപ്രവർത്തകൻ'

കേരളകൗമുദീലെ മുൻപത്തെ ബ്യൂറോ ചീഫ് സി.എ. കൃഷ്ണേട്ടന്റെ വാക്കുകള് ജോസേട്ടന് പിടിച്ചു.

എന്നിട്ട് മനസിൽ പറഞ്ഞു:

" ശര്യല്ലേ... തേക്കിൻ കാട് മൈതാനിയിലെ പ്രധാന സ്ഥലല്ലേ വിദ്യാർത്ഥി കോർണറ്. ഇവ്ടെ മഹാത്മഗാന്ധി, ജോൺപോൾ മാർപാപ്പ, ഇന്ദിരാ ഗാന്ധി, രാജീവ്ഗാന്ധി, വാജ്പേയ്, സോണിയാഗാന്ധി, നരേന്ദ്രമോദി അങ്ങനെ പലരും വന്ന സ്ഥലം. സ്വാതന്ത്ര്യസമരം, രാഷ്ട്രീയസമ്മേളനം, ഇപ്പൊ കലോത്സവം...അങ്ങനെ എന്തൊക്കെ....ന്തായാലും മ്മ്ള് മറക്കരുത്ട്ടാ ഈ പിള്ളേര് മൂലേനേ...'

എച്ച്.എസ്.എസ് മോഹിനിയാട്ടത്തിൽ എ ഗ്രേഡ് നേടിയ കോഴിക്കോട് സിൽവർ ഹിൽസ് എച്ച്.എസ്.എസിലെ ജ്വാലാ മാലിനി

മാർഗംകളിക്കാരെ കെട്ടിച്ചിരുത്തിയത് എട്ട് മണിക്കൂർ

തൃശ്ശൂർ: മാർഗംകളി കുട്ടികളെ വേഷം കെട്ടിച്ചിരുത്തിയത് എട്ട് മണിക്കൂറോളം. രോഷവും സങ്കടവും കടിച്ചമർത്തി മത്സരാർത്ഥികളും രക്ഷിതാക്കളും. ഇന്നലെ വേദി 12 ടൗൺ ഹാളിൽ ഉച്ചയ്ക്ക് രണ്ട് മണിക്ക് ആരംഭിക്കേണ്ടിയിരുന്ന ഹയർ സെക്കൻഡറി മാർഗം കളി ആരംഭിച്ചത് രാത്രി 9 മണിയോടെ. മത്സര സമയം അനുസരിച്ച് ഒരു മണിയോടെ തന്നെ വേഷം കെട്ടി ഭൂരിഭാഗം ടീമുകളും വേദിക്കരികിൽ എത്തിയിരുന്നു. മത്സരം വൈകിയതോടെ പലർക്കും രണ്ടാം വട്ടം മേക്കപ്പ് ചെയ്യേണ്ടി വന്നു.

സമയ ക്രമം തെറ്റിയത് കുട്ടികളുടെ പ്രകടനത്തെ ബാധിക്കുമെന്ന് പരിശീലകർ പറഞ്ഞു. ടൗൺ ഹാളിന് പിന്നിലെ മേക്കപ്പ് റൂമിൽ വെളിച്ചം പോലും ഇല്ലാതെയാണ് പലരും മേക്കപ്പ് ചെയ്തത്. ഒടുവിൽ അദ്ധ്യാപകരും രക്ഷിതാക്കളും പ്രതിഷേധവുമായി സംഘാടകർക്ക് മുന്നിലെത്തിയപ്പോഴാണ് വെളിച്ചം എത്തിക്കാൻ നടപടിയെടുത്തത്. അപ്പീലടക്കം 21 ടീമുകളാണ് മാർഗം കളിക്കുള്ളത്.

ഇതേ സ്റ്റേജിൽ രാവിലെ ആരംഭിച്ച വൃന്ദവാദ്യം അവസാനിക്കാൻ വൈകിയതാണ് മാർഗംകളിക്കാർക്ക് മാർഗ തടസമുണ്ടാക്കിയത്. രാത്രി 8.30 ഓടെയാണ് വൃന്ദവാദ്യമത്സരം അവസാനിച്ചത്. അപ്പീലടക്കം 20 ടീമുകളാണ് മത്സരിക്കാനുണ്ടായിരുന്നത്. വൃന്ദവാദ്യത്തിന്റെ ഓരോ ടീമിനും മത്സരിച്ചിറങ്ങാൻ അരമണിക്കൂറോളം വേണ്ടി വരും. ഇത് മുൻകൂട്ടി മനസിലാക്കി സമയക്രമം ചിട്ടപ്പെടുത്തുന്നതിൽ സംഘാടകർക്ക് വന്ന വീഴ്ചയാണ് മാർഗംകളിക്കാരെ ചതിച്ചത്.



എന്തെങ്കിലും മാർഗമുണ്ടോ സാറേ?... ഉച്ചയ്ക്ക് രണ്ട് മണിക്കാരംഭിക്കേണ്ട എച്ച്.എസ്.എസ് വിഭാഗം മാർഗംകളി രാത്രി വൈകിയിട്ടും തുടങ്ങാതിരുന്നപ്പോൾ സംഘാടകരോട് പരാതി പറയുന്ന മത്സരാർത്ഥികൾ

ചിലങ്ക കെട്ടിയാടി ശില്പയുടെ മധുര പ്രതികാരം

തൃശ്ശൂർ: കോഴ ചോദിച്ചവർക്ക് മുന്നിൽ ചിലങ്ക കെട്ടിയാടി ശില്പയുടെ മധുര പ്രതികാരം. എറണാകുളം ജില്ലാ കലോത്സവത്തിൽ ഭരതനാട്യത്തിന് മൂന്നാം സ്ഥാനമായിരുന്നു. ഡി.ഡി.ഇ അപ്പീൽ അനുവദിച്ചില്ല. ഹൈക്കോടതി വഴി അപ്പീലിൽ എത്തിയ ശില്പ എ ഗ്രേഡ് സ്വന്തമാക്കി കുച്ചിപ്പുടി മത്സരത്തിനൊരുങ്ങുകയാണ്. എറണാകുളം തിരുവാങ്കുളം ജോർജ്ജ് അക്കാഡമി ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിലെ ശില്പ.എൻ. ഗോപി. മൂന്ന് നൃത്തയിനങ്ങളിലാണ് ജില്ലയിൽ പങ്കെടുത്തിരുന്നത്. ഭരതനാട്യത്തിൽ മൂന്നാം സ്ഥാനവും കുച്ചപ്പുടിയിൽ രണ്ടാം സ്ഥാനവും മോഹിനിയാട്ടത്തിൽ അഞ്ചാം സ്ഥാനവും ലഭിച്ചു. മത്സരം തുടങ്ങുംമുമ്പെ ഇടനിലക്കാർ 1 ലക്ഷം രൂപ കോഴ ചോദിച്ചിരുന്നു.

ഇത് കൊടുക്കാൻ തയ്യാറാകാഞ്ഞതിനാലാണ് മത്സരങ്ങളിൽ പിന്തള്ളപ്പെട്ടതെന്ന് ശില്പയുടെ അച്ഛൻ എൻ.കെ. ഗോപി പറഞ്ഞു.

മൂന്നിനത്തിലും അപ്പീൽ നൽകിയെങ്കിലും ഡി.ഡി.ഇ. കുച്ചപ്പുടിക്ക് മാത്രമാണ് അനുവദിച്ചത്. പിന്നെ ഹൈക്കോടതി വഴി ഭരതനാട്യത്തിനും. ഭരതനാട്യത്തിൽ എ ഗ്രേഡ് നേടിയപ്പോൾ അതിന് കോഴക്കാരോടുള്ള പ്രതിഷേധം പ്രകടമായി. കുച്ചിപ്പുടിയിലും മികവ് കാട്ടുമെന്ന് മനസിൽ ഉറപ്പിച്ചിട്ടുണ്ട് ശില്പ. മൂന്നര വയസിൽ തുടങ്ങിയതാണ് നൃത്തപഠനം. കേന്ദ്ര സർക്കാരിന്റെ സ്കോളർഷിപ്പ് ലഭിക്കുന്നുണ്ട്. തൃപ്പൂണിത്തുറ വിജയന്റെയും ആർ.എൽ.വി.വിജയലക്ഷ്മിയുടെ ശിക്ഷണത്തിൽ പഠനം തുടർന്ന് വരുമ്പോഴാണ് രണ്ട് വർഷം മുൻപ് സ്കോളർഷിപ്പ് അനുവദിച്ചത്.

അഭിരാമിയും അഞ്ജലി പണിക്കരും

കലോത്സവങ്ങളിൽ മത്സരങ്ങൾക്കല്ല, സൗഹൃദങ്ങൾക്കാണ് പ്രാധാന്യമെന്ന സന്ദേശമാണ് അഭിരാമിയും അഞ്ജലിയും നൽകുന്നത്. അനന്തപുരിയിൽനിന്ന് തുടങ്ങി പൂരനഗരിയിലെത്തിയ സൗഹൃദം തുടരട്ടെ എന്നുമെന്നും...

മത്സരമല്ലിത് സൗഹൃദം

തൃശ്ശൂർ: 'ഡാ, നീ പൊരിച്ചൂട്ടോ...' അഞ്ജലി പണിക്കരുടെ അഭിനന്ദനത്തിന് മറുപടിയായി അഭിരാമി പറഞ്ഞു...' നീ, തകർത്തു'. ഹൈസ്കൂൾ വിഭാഗം കുച്ചിപ്പുടി മത്സരം കഴിഞ്ഞിറങ്ങിയതാണ് ഇരുവരും. ആദ്യം വേദിയിൽ കയറിയത് അഭിരാമി. തൊട്ടുപിന്നാലെ അഞ്ജലിയും. രണ്ടാണ്ടിന്റെ പഴക്കമുണ്ട് ഇവരുടെ കൂട്ടിന്. അനന്തപുരിയിലെ കലോത്സവത്തിനാണ് ഇതുപോലെ ഒരേ വേദിയിലെത്തിയത്. അന്ന് തുടങ്ങിയതാണ് ചങ്ങാത്തം. മിക്ക ദിവസങ്ങളിലും വിളിക്കാറുണ്ട്.

തൃശ്ശൂരിൽ കലാമേളയൊരുങ്ങുന്നുവെന്നറിഞ്ഞപ്പോൾ മുതൽ കൂട്ടുകാരിയെ കാണാൻ തിടുക്കമായിരുന്നു. ക്ലാങ്ങളെ കാണാൻ വീട്ടുകാരും കൂടി. കൊല്ലം കരുനാഗപ്പള്ളി ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിനിയാണ് കരുനാഗപ്പള്ളി അവനത്തിൽ അനിൽ കുമാറിന്റെയും ജയയുടെയും മകൾ അഭിരാമി. തൃശ്ശൂർ വരന്തരപ്പിള്ളി സി.ജെ.എം.എച്ച്.എസ്.എസിലെ പത്താം ക്ലാസ് വിദ്യാർത്ഥിനിയാണ് വരന്തരപ്പള്ളി വാഴായി കളരിക്കൽ വീട്ടിൽ പി.കെ. ഗോപാലകൃഷ്ണന്റെയും രമാഗോപിയുടെയും മകൾ അഞ്ജലി പണിക്കർ. പത്ത് വർഷത്തിലധികമായി നൃത്ത പഠനം നടത്തുന്നുണ്ട് ഇരുവരും. കലോത്സവങ്ങളിൽ മത്സരങ്ങൾക്കല്ല, സൗഹൃദങ്ങൾക്ക് പ്രാധാന്യം നൽകണമെന്ന സന്ദേശമാണ് ഈ ഗഡികൾ. പൂരനഗരി വിട്ടാലും സൗഹൃദത്തിന്റെ പൂരം മനസിൽ നിറഞ്ഞ് നിൽക്കും.

കലയുടെ നാടിത് കഥപറയും നാട്

കഥാപ്രസംഗ മത്സരത്തിൽ പങ്കെടുക്കാനെത്തിയ തിരുവനന്തപുരം വെങ്ങാനൂർ ഗവ. മോഡൽ ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ്-ടു വിദ്യാർത്ഥിനി ശോഭികാ മോഹനും സംഘവും കേരളകൗമുദിക്കു വേണ്ടി തയ്യാറാക്കിയ കഥാപ്രസംഗം. സംഘത്തിൽ സാം, അനന്തു, ഹരിഷ്മ, അക്ഷയ്.

ശ്രീപദ്മനാഭൻ പള്ളികൊള്ളുന്ന തിരുവനന്തപുരത്തു നിന്നും പുറപ്പെടുന്ന നേത്രാവതി എക്സ്പ്രസിൽ കയറി അമ്മയ്ക്കും കൂട്ടുകാർക്കുമൊപ്പം മഹാദേവന്റെ അനുഗ്രഹമുള്ള തൃശിവപേരൂരിൽ എത്തുമ്പോൾ മനസിൽ തൃശ്ശൂരിനെ പറ്റി ഒരു ഓർമ്മ പോലും ഇല്ലായിരുന്നു. ആദ്യമായിട്ടാണ് വരവ്. കാണാതെ പഠിച്ച കഥാപ്രസംഗം അവതരിപ്പിച്ചു കഴിഞ്ഞു. ഇനി ഞാൻ കണ്ട തൃശ്ശൂരിനെ പറ്റി പറയാം... പാടാം...

" ശക്തന്റെ നാടാണ് തമ്പുരാൻ സൃഷ്ടിച്ച ഊരാണ്

പേരുപോൽ അനുഗ്രഹം ചൊരിയുന്ന നടരാജസന്നിധി

പൂരത്തിൻ നാടാണ്. പാറമേക്കാവും തിരുവമ്പാടിയും

തൊഴുതു വന്നേൻ..."

അത് ശക്തൻ തമ്പുരാന്റെ നാട്. സാമൂഹ്യപാഠം പുസ്തകങ്ങളിലൂടെ എത്രയോ തവണ ശക്തൻ തമ്പുരാനെ കുറിച്ച് പഠിച്ചിരിക്കുന്നു. പരീക്ഷയ്ക്ക് എഴുതിയിരിക്കുന്നു. പിന്നെ പൂരം. ഇവിടെ വന്നപ്പോൾ മുതൽ ഞാനും കൂട്ടുകാരും പൂരം നടക്കുന്ന സ്ഥലമെവിടെയെന്നാണ് അന്വേഷിച്ചത്. അവസാനം അവിടെ എത്തി. ഒരു നടയിൽ കലോത്സവത്തിന്റെ പ്രധാന വേദി. മറ്റൊരു നടയിൽ മൂന്നാം വേദി. രണ്ടാം വേദിയും ഒരു ഗോപുരനടിയിൽ തന്നെ. കലോത്സവത്തിലെ പ്രകടനങ്ങൾ വടക്കുംനാഥനുള്ള കാണിക്കയാണോ?

" സമർപ്പണം ഇത് സമർപ്പലം മഹാനടന് കലാസമർപ്പണം

മോഹിനിമാരും യക്ഷഗായകരും പഞ്ചവാദ്യക്കാരും

ഏവരും ചേർന്നൊരു സമർപ്പണം. കലയുടെ നാട്ടിൽ

ഭൂതനാഥനൊരു സമർപ്പണം.."

വേദികൾക്കെല്ലാം പൂക്കളുടെ പേര്. എന്തൊരു കൗതുകം? കഥാപ്രസംഗമത്സരം നടക്കുന്ന സാഹിത്യ അക്കാഡമി ഹാളിന്റെ പേര് കണിക്കൊന്ന. തൊട്ടപ്പുറത്ത് ഓപ്പൺ സ്റ്റേജിന്റെ പേര് മഞ്ചാടി. നീലകടമ്പ്, രാജമല്ലി, നിത്യകല്യാണി, നീലത്താമര... നടന്ന് കുടമുല്ലയിലെത്തിയപ്പോൾ കേൾക്കുന്നത് ഓടക്കുഴൽ സംഗീതം. ശ്രീകുമാരൻ തമ്പിയുടെ ആ വരികൾ ഓർമ്മവരുന്നു. അനശ്വരനായ ദക്ഷിണാമൂർത്തി ഈണം നൽകി പ്രിയപ്പെട്ട ജാനകിഅമ്മ പാടിയ ഗാനം

ഓടക്കുഴൽ വിളി മേളം കേട്ടാൽ

ഓളങ്ങളിളകും യമുനയിൽ

എന്റെ മനസ്സൊരു കാളിന്ദിയാകാൻ

ഓടിവരൂ കണ്ണാ രാഗമായ്

ഒഴുകിവരൂ കണ്ണാ

ഓടക്കുഴൽ വിളി മേളം കേട്ടാൽ

ഓളങ്ങളിളകും യമുനയിൽ

പിന്നെ ഒന്നാം വേദിയിലേക്ക്... നീർമാതളത്തിലേക്ക്. ശരിക്കും കലാപൂരം ഇവിടെയാണ്. കലയുടെ മാമാങ്കം ആണെന്ന് പത്രത്തിലെവിടെയോ വായിച്ചു. മാമാങ്കത്തെ കുറിച്ച് ഞങ്ങൾ പഠിച്ചിട്ടുണ്ട്. പോരു വിളിക്കുന്ന മാമാങ്കം. കൊലയും കുടിപ്പകയും കൂട്ടിച്ചേർക്കപ്പെട്ട മാമാങ്കം. കുട്ടികളുടെ കലാവാസന വിളിച്ചറിയിക്കുന്ന കലോത്സവത്തിന് മാമാങ്കമെന്ന് പേര് ചേർക്കരുത് എന്നൊരപേക്ഷയോടു കൂടി നിറുത്തുന്നു.

വിരിയട്ടെ കലയും കവിതയും

പുലരട്ടെ നന്മയും ഇനിയുള്ള നാളുകളിലും

തെളിയട്ടെ മാനവഹൃത്തിൽ സഹോദരത്തിൻ ജ്വാല

തുലയട്ടെ തിന്മയും മാത്സര്യവും..

കേരളകൗമുദി

Established by **C.V. Kunjuraman** as a periodical in 1911

കെ.എ.ബാഹുലേയൻ എസ്.എൻ.ഡി.പി യോഗം ഡയറക്ടർ ബോർഡിലേക്ക്

ചേർത്തല: എസ്. എൻ. ഡി. പി യോഗം ഡയറക്ടർ ബോർഡിലേക്ക് കെ.എ. ബാഹുലേയൻ തിരഞ്ഞെടുക്കപ്പെട്ടു. ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനാണ് അഞ്ചംഗ ഡയറക്ടർ ബോർഡിലേക്ക് കെ.എ. ബാഹുലേയനെ നോമിനേറ്റ് ചെയ്തത്. ആര്യനാട് യൂണിയൻ സ്ഥാപക പ്രഡിഡന്റാണ്.

നിര്യാതയായി

തിരുവനന്തപുരം: മംഗളം മാർക്കറ്റിംഗ് വിഭാഗം ചീഫ് ജനറൽ മാനേജർ ആർ. ചന്ദ്രദത്തിന്റെ ഭാര്യ ഗിരിജ (47, ബിന്ദു) നിര്യാതയായി. ഈഞ്ചയ്ക്കൽ അക്ഷരവീഥിയിൽ മാനവനഗർ 22ൽ പൊതുദർശനത്തിനുവച്ചമൃതദേഹം ശാന്തികവാടത്തിൽ സംസ്കരിച്ചു. ചെന്നൈ ഐ.ഐ.ടിയിലെ പി.ജി വിദ്യാർത്ഥി കൃഷ്ണനുണ്ണി മകനാണ്. സഞ്ചയനം: ഞായറാഴ്ച രാവിലെ 9 ന്. ഫോൺ: 9895082224.

എസ്.എൻ.ഡി.പി യോഗം വാർഷിക പൊതുയോഗം

ദേവസ്വം ബോർഡിലെ സാമ്പത്തിക സംവരണ തീരുമാനം പിൻവലിക്കണം

ചേർത്തല: ദേവസ്വം ബോർഡ് നിയമനങ്ങളിൽ സാമ്പത്തിക സംവരണം ഏർപ്പെടുത്താനുള്ള സർക്കാരിന്റെ തീരുമാനം അടിയന്തരമായി പിൻവലിക്കണമെന്ന് എസ്.എൻ കോളേജ് ഓഡിറ്റോറിയത്തിൽ ചേർന്ന എസ്.എൻ.ഡി.പി യോഗം 112-ാം വാർഷിക പൊതുയോഗം ആവശ്യപ്പെട്ടു.

ഭരണഘടനാവിരുദ്ധവും പിന്നാക്കവിഭാഗങ്ങളുടെ വളർച്ചയുടെ കടയ്ക്കൽ കത്തി വയ്ക്കുന്നതുമായ ഈ തീരുമാനം എൽ.ഡി.എഫ് സർക്കാരിൽ നിന്ന് ഒരിക്കലും പ്രതീക്ഷിച്ചതല്ല. സവർണ വിഭാഗങ്ങളുടെ വാക്ക് കേട്ട്, ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് എന്നും താങ്ങും തണലുമായി നിൽക്കുന്ന പിന്നാക്ക -ദളിത് വിഭാഗങ്ങളെ അവഗണിക്കുന്ന സർക്കാർ നയം ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കും. ന്യൂനപക്ഷങ്ങൾക്കുള്ള 18 ശതമാനം സംവരണം സംവരണ സമുദായങ്ങൾക്ക് പ്രാതിനിദ്ധ്യ സ്വഭാവമനുസരിച്ച് വീതിച്ച് നൽകണം. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ വഴിയാണ് സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കേണ്ടത്. സംവരണം പൊളിച്ചെഴുതണമെന്ന് പറയുന്നത് ചിലരുടെ ഗൂഢതന്ത്രമാണ്.

ഇടതുമുന്നണിയുടെ പ്രകടന പത്രികയിലുണ്ടെന്ന ന്യായം പറഞ്ഞാണ് സാമ്പത്തിക സംവരണം ഏർപ്പെടുത്താൻ പോകുന്നത്.

സവർണ നേതാവും മുഖ്യമന്ത്രിയും തമ്മിൽ കോട്ടയം നാട്ടകം ഗസ്റ്റ്ഹൗസിൽ നടന്ന കൂടിക്കാഴ്ചയുടെ അനന്തര ഫലമായിരുന്നു ഇത്. ഇക്കാര്യം ജനശ്രദ്ധയിൽപ്പെടാതിരിക്കാൻ തോമസ് ചാണ്ടിയുടെ കായൽ കൈയേറ്റ വിവാദത്തിനിടെയാണ് തീരുമാനമുണ്ടായത്. സാമ്പത്തിക സംവരണത്തെ എതിർക്കുന്ന സി.പി.ഐയിലെ മന്ത്രിമാർ വിട്ടുനിന്ന മന്ത്രിസഭാ യോഗത്തിലാണ് തീരുമാനമെന്നതും ഗൂഢാലോചനയുടെ ആഴം വർദ്ധിപ്പിക്കുന്നു. ഗുരുവിന്റെ കഴുത്തിൽ കയറിട്ട് മുറുക്കിയവരുടെ സർക്കാർ ഗുരുദേവന്റെ പ്രതിമ സെക്രട്ടേറിയറ്റിനു മുന്നിൽ സ്ഥാപിക്കാൻ തീരുമാനിച്ചപ്പോൾ തന്നെ, ഗുരുഭക്തർ അപമാനിക്കപ്പെട്ടു. വാസ്തുവിധി പ്രകാരം സ്ഥാനനിർണയം നടത്തി ഗുരുദേവ പ്രതിഷ്ഠ നടത്തി ആരാധിക്കുന്നവരാണ് ഗുരുഭക്തർ. സെക്രട്ടേറിയറ്റിനു മുന്നിൽ ഗുരുപ്രതിമ സ്ഥാപിക്കുമെന്ന് പറയുന്നവരുടെ കുതന്ത്രം തിരിച്ചറിയണം.

എസ്.എൻ.ഡി.പി യോഗത്തിന്റെ 112-ാമത് വാർഷിക പൊതുയോഗത്തിന് തുടക്കം കുറിച്ച് ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ ദീപപ്രകാശനം നടത്തുന്നു

ക്രീമിലെയർ പരിധി 8 ലക്ഷമാക്കണം

പിന്നാക്ക വിഭാഗങ്ങളുടെ സംവരണത്തിനുള്ള ക്രീമിലെയർ വരുമാന പരിധി കേന്ദ്ര സർക്കാർ ആറ് ലക്ഷത്തിൽ നിന്ന് എട്ട് ലക്ഷമായി ഉയർത്തിയത് കഴിഞ്ഞ സെപ്തംബറിലാണ്. കേരളം ഒഴികെയുള്ള സംസ്ഥാനങ്ങൾ ഇത് നടപ്പാക്കി. കേന്ദ്ര നിർദ്ദേശം കേരളം അടിയന്തരമായി നടപ്പാക്കണം.

2007ൽ രൂപംകൊണ്ട പദ്ധതി പ്രകാരം പിന്നാക്ക ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതിയുടെ വാർഷിക കുടുംബ വരുമാന പരിധി ഒരു ലക്ഷം രൂപയും, പിന്നീട് രൂപം കൊണ്ട മുന്നാക്ക വിഭാഗ സ്കോളർഷിപ്പ് പരിധി രണ്ട് ലക്ഷം രൂപയുമാണെന്നത് തികച്ചും വിവേചനമാണ്. പിന്നാക്ക വിഭാഗക്കാരായ കുട്ടികളുടെ കുടുംബ വരുമാന പരിധി മൂന്ന് ലക്ഷം രൂപയാക്കണം.

പിന്നാക്കവികസനവകുപ്പ് ശക്തിപ്പെടുത്തണം

പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കണം. ഡയറക്ടറെയും ഡെപ്യൂട്ടി ഡയറക്ടർമാരെയും ആവശ്യമായ ജീവനക്കാരെയും നിയമിക്കണം. അടിയന്തരമായി ഫണ്ട് അനുവദിക്കണം. യോഗം നടത്തിയ പ്രക്ഷോഭങ്ങളെ തുടർന്ന് രൂപീകരിച്ച വകുപ്പിനെ നിർജ്ജീവമാക്കുന്ന നിലപാടുകളാണ് സർക്കാർ സ്വീകരിക്കുന്നത്.

ശ്രീനാരായണ പ്രസ്ഥാനങ്ങളുടെ കോളേജുകളിൽ ഒഴിഞ്ഞു കിടക്കുന്ന അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ നിയമനം നടത്താൻ അനുവദിക്കണം. തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടുന്നതിന് പുറമെ, സമുദായത്തിന് ലഭിക്കേണ്ട 50 ശതമാനം സംവരണവും അട്ടിമറിക്കപ്പെടുന്നു.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിക്കാനുള്ള സർക്കാർ തീരുമാനം സ്വാഗതാർഹമാണ്. എന്നാൽ പുതുതായി സൃഷ്ടിക്കപ്പെടുന്ന 150 തസ്തികകളിലും സംവരണ തത്വം പാലിക്കേണ്ടതില്ലെന്ന തീരുമാനം പുനഃപരിശോധിക്കണമെന്നും യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

കർദ്ദിനാൾ പ്രശ്നത്തിൽ ഇരട്ടത്താപ്പ്

ചേർത്തല: സംഘടിത വോട്ട് ബാങ്കുകളുടെ ആചാര്യൻ ക്രിമിനൽ കുറ്റം ചെയ്തുവെന്ന് വിശ്വാസികൾ രേഖകൾ സഹിതം ആരോപണം ഉന്നയിച്ചിട്ടും ഭരണ-പ്രതിപക്ഷ കക്ഷികൾ കണ്ടില്ലെന്ന് നടിക്കുന്നത് ഇരട്ടത്താപ്പാണെന്ന് എസ്.എൻ.ഡി.പി യോഗം വാർഷിക പൊതുയോഗ റിപ്പോർട്ടിൽ പറയുന്നു. ആലഞ്ചേരി പിതാവ് കുറ്റക്കാരനാണെന്ന് വിശ്വസിക്കുന്നില്ല. എന്നാൽ, ആരോപണങ്ങൾ അന്വേഷിക്കാൻ ഉത്തരവാദപ്പെട്ട ഭരണകൂടത്തിന് ബാദ്ധ്യതയുണ്ട്. സത്യമറിയാൻ ക്രൈസ്തവ വിശ്വാസികളല്ലാത്ത പൊതുവിഭാഗത്തിനും അവകാശമുണ്ട്. ഇക്കാര്യത്തിൽ വി.എം.സുധീരന്റെയും വി.എസിന്റെയും പ്രതികരണങ്ങളും കണ്ടില്ല.

മുത്തലാഖ് നിറുത്തലാക്കണം

ശബരിമലയിൽ സ്ത്രീ പ്രവേശനം സംബന്ധിച്ച് ഘോരഘോരം പ്രസംഗിച്ച രാഷ്ട്രീയ നേതാക്കൾ, കേന്ദ്ര സർക്കാർ കൊണ്ടുവന്ന മുത്തലാഖ് നിയമത്തെ എതിർക്കുന്നു. ഭാരതത്തിന്റെ ഭരണഘടന അനുവദിക്കുന്ന മൗലിക സ്വാതന്ത്ര്യത്തിന് കടക വിരുദ്ധമായ ഈ പ്രാചീന ആചാരം അവസാനിപ്പിക്കേണ്ടതാണ്.

ചരക്കുതോടെ കേന്ദ്ര സർക്കാർ നടപ്പാക്കിയ ജി.എസ്.ടിയുടെ ഗുണഫലം പൊതുജനത്തിനും സംസ്ഥാന ഖജനാവിനും കിട്ടിയില്ല. നോട്ട് നിരോധനത്തിന്റെ ഗുണഫലം ആസ്വദിക്കേണ്ട സാധാരണക്കാരൻ ആത്മഹത്യ ചെയ്യേണ്ട ഗതികേടിലായി. ചില മന്ത്രിമാരും ഉദ്യോഗസ്ഥരും സൃഷ്ടിച്ച വിവാദങ്ങൾ പിണറായി സർക്കാരിന്റെ ശോഭകെടുത്തി. സി.പി.എം - സി.പി.ഐ തർക്കങ്ങൾ സർക്കാരിലുള്ള സകല പ്രതീക്ഷയും ഇല്ലാതാക്കി. പ്രതിപക്ഷത്തിന്റെ റോൾ പരിതാപകരമാണ്.

നഷ്ടപരിഹാരത്തിലും വിവേചനം

'വളയില്ലെ'ന്ന് വിചാരിച്ച നട്ടെല്ലും വളഞ്ഞു കുത്തുന്ന കാഴ്ചയാണ് ഓഖി ദുരന്തമുഖത്തുണ്ടായത്. മരിച്ചവരുടെ ആശ്രിതർക്ക് 22 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയപ്പോൾ, മലപ്പുറത്ത് തോണി അപകടത്തിൽ മരിച്ച കുഞ്ഞുങ്ങളുടെ ജീവന് പതിനായിരം രൂപ മാത്രമേ വിലയുണ്ടായുള്ളൂ. കടലിലെ മുങ്ങിമരണവും, തോണി മറിഞ്ഞുണ്ടായ മരണവും തമ്മിൽ വ്യത്യാസമില്ലെങ്കിൽ നഷ്ടപരിഹാരവും തുല്യമാവേണ്ടേ. രണ്ടാം വിമോചന സമരത്തിനുള്ള സമയം സമാഗതമായിരിക്കുന്നു- റിപ്പോർട്ടിൽ പറയുന്നു.

കുമാരകവി പുരസ്കാരത്തിന് കൃതികൾ ക്ഷണിച്ചു

തിരുവനന്തപുരം: തോന്നയ്ക്കൽ കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട് യുവകവികളിൽ നിന്നു കുമാരകവി പുരസ്കാരത്തിനായി കൃതികൾ ക്ഷണിച്ചു. 18നും 35നും മദ്ധ്യേ പ്രായമുള്ളവർ രചിച്ച കൃതികളായിരിക്കണം. പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാത്ത ഒന്നോ അതിലധികമോ കവിതകൾ അയയ്ക്കാം. കൃതികൾ ചെയർമാൻ പ്രൊഫ. വി. മധുസൂദനൻ നായർ, സെക്രട്ടറി പ്രൊഫ. അയിലം ഉണ്ണിക്കൃഷ്ണൻ, കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, തോന്നയ്ക്കൽ, തിരുവനന്തപുരം- 695317 എന്ന വിലാസത്തിൽ ഈ മാസം 25നു മുമ്പായി ലഭിക്കണം. വിജയിക്ക് 25000 രൂപയും ഫലകവും ഈ മാസം 29,30,31 തീയതികളിൽ നടക്കുന്ന ദേശീയ സാംസ്കാരികോത്സവത്തിന്റെ സമാപന സമ്മേളനത്തിൽ സമ്മാനിക്കും. ഫോൺ: 04712618873.

തൃശ്ശൂരിൽ നടക്കുന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഇംഗ്ലീഷ് സ്കിറ്റിന് എ ഗ്രേഡ് ലഭിച്ച തിരുവനന്തപുരം കാർമൽ ഇംഗ്ലീഷ് മീഡിയം ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ ടീമിലെ അംഗങ്ങളായ നികിത, സൂര്യ, ഗായത്രി, ആരതി, ആർദ്ര, സേബ, റിതിക, അപർണ എന്നിവർ

അങ്ങനെ ലളിതഗാനം പുല്ലാങ്കുഴലുമായി കൂട്ടായി

KAUMUDI SPECIAL

കോവളം സതീഷ്കുമാർ

തൃശ്ശൂർ: ലളിതഗാന മത്സരം കഴിഞ്ഞ് പുറത്തേക്കിറങ്ങിയ കൃഷ്ണപ്രിയയുടെ കാതുകളിലേക്ക് ഒഴുകിയെത്തിയത് പുല്ലാങ്കുഴലിന്റെ നാദസുഗന്ധം. ലളിതഗാന മത്സര വേദിയായ നന്ത്യാർവട്ടത്തിന് തൊട്ടപ്പുറത്താണ് ഓടക്കുഴൽ മത്സരം നടക്കുന്ന 'കുടമുല്ല'.

കൃഷ്ണപ്രിയ മെല്ലെ ഓടക്കുഴൽ വിളികേട്ട ദിക്കിലേക്കു നടന്നു. കോഴിക്കോട് ഫാറൂഖ് വെനേറിനി ഹൈസ്കൂളിലെ കൃഷ്ണപ്രിയ മത്സരിച്ചത് ലളിതഗാനത്തിലാണെങ്കിലും ഓടക്കുഴൽ നാദത്തോട് വല്ലാത്തൊരിഷ്ടമാണ്. കുടമുല്ലയിൽ നിറഞ്ഞുകവിഞ്ഞ് ആസ്വാദകർ. എത്തിനോക്കിയപ്പോൾ ഓടക്കുഴൽ വായിക്കുന്നത് ഒരു പെൺകുട്ടി. പെൺകുട്ടികൾ വിരളമായിട്ടേ പുല്ലാങ്കുഴൽ മത്സരത്തിൽ സംസ്ഥാനതലത്തിലെത്താറുള്ളൂ.

ഓടക്കുഴലിലെ രാഗവിസ്താരം കഴിഞ്ഞുവന്ന പെൺകുട്ടിയെ കൃഷ്ണപ്രിയ പരിചയപ്പെട്ടു. എനിക്കിഷ്ടായി ഓടക്കുഴൽ നാദം. പേരെന്താണ്? കാസർകോട് ഹോസ്ദുർഗ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നിന്ന് എത്തിയ രേവതിയുമായി കൃഷ്ണപ്രിയ പെട്ടെന്ന് സൗഹൃദത്തിലായി.

പുല്ലാങ്കുഴൽ പോലെ രേവതിക്ക് ലളിതഗാനങ്ങളും ഏറെയിഷ്ടമാണ്. ഇരുവരും കൈകൾ ചേർത്തുപിടിച്ച് വേദിക്ക് പിന്നിലെ പച്ചപ്പിലേക്ക് നടന്നു. രേവതിക്ക് കൃഷ്ണപ്രിയയുടെ പാട്ട് കേൾക്കണം. കൃഷ്ണപ്രിയയ്ക്ക് ഓടക്കുഴൽ നാദം ഒന്നുകൂടി ആസ്വദിക്കണം. കൃഷ്ണപ്രിയ തുടങ്ങി.

"നീലാംബരി നിരുപമ നാദമയൂഖം പോലെ, നിളയൊരു ഗാനം പാടി പ്രകൃതി തൻ നൂപുരം പോലെ..."

രാഗം ഹംസനാദം. രേവതി അതേരാഗത്തിൽ പുല്ലാങ്കുഴൽ വായിച്ചു. ഇനി വേറൊരു പാട്ടു പാടൂ, ഞാൻ വായിക്കാം- രേവതി പറഞ്ഞു.

"പാഴ്മുളം തണ്ടിൽ ആരോ പാടിയ

പല്ലവി കേട്ടു ഞാൻ..." അതേ ഈണത്തിനൊപ്പിച്ച് രേവതി വീണ്ടും പുല്ലാങ്കുഴൽ വായിച്ചു. ഇതെല്ലാം ദൂരെ മാറി നിന്ന് കാണുകയാണ് രണ്ടു പേരുടെയും മാതാപിതാക്കൾ. 'എനിക്കാ പുല്ലാങ്കുഴലൊന്നു തരുമോ?' അതിനെന്താ... കൃഷ്ണ ഇപ്പോൾ എന്റെ കൂട്ടുകാരിയായില്ലേ. രേവതി തന്റെ പുല്ലാങ്കുഴൽ നൽകി. കൃഷ്ണപ്രിയ ഈണത്തിൽ ഓടക്കുഴൽ വായിക്കാൻ ശ്രമിക്കവേ രേവതിയുടെ ചുണ്ടിലൊരു ഗാനം.

"ഓടക്കുഴലേ ഓടക്കുഴലേ

ഓമനത്താമരക്കണ്ണന്റെ ചുംബന ത്തുമധു നുകർന്നവളേ

രാഗിണീ നീ അനുരാഗിണീ മറ്റൊരു രാധയോ രുക്മിണിയോ"

വിലാസവും ഫോൺ നമ്പരും കൈമാറി അവരിരുവരും കൂട്ടുകാരായി. കലോത്സവവേദികൾ ഇത്തരം സൗഹൃദപ്പിറപ്പുകളുടെ ഇടങ്ങൾ കൂടിയാണ്. മലപ്പുറം ചേലേമ്പ്രയിൽ ഗിരീഷിന്റെ മകളാണ് കൃഷ്ണപ്രിയ. കാഞ്ഞങ്ങാട് മഞ്ചീരയിൽ രാജഗോപാലിന്റെയും പ്രീതയുടെയും മകളാണ് രേവതി.

കൃഷ്ണപ്രിയയുടെ പാട്ടിനൊപ്പം പുല്ലാങ്കുഴൽ വായിക്കുന്ന രേവതി ഫോട്ടോ: റാഫി എം.ദേവസി

കേരള സർവകലാശാലയിൽ നിന്ന് കോമേഴ്സിൽ ഡോക്ടറേറ്റ് നേടിയ തിരുവനന്തപുരം ആർട്സ് കോളേജിലെ അദ്ധ്യാപകൻ വി.എം. പുരുഷോത്തമൻ. കോട്ടയം എഴുമാന്തുരുത്ത് സ്വദേശിയാണ്. ഫെഡറൽ ബാങ്ക് പട്ടം ശാഖയിലെ ജീവനക്കാരി പ്രമീളകുമാരി ഭാര്യയാണ്. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ അംഗം ഡോക്ടർ ജെ.രാജന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.

കേരളത്തിലെ മന്ത്രിമാർക്ക് ശ്രദ്ധ രാഷ്ട്രീയത്തിൽ മാത്രം: ഗവർണർ

സംസ്ഥാനത്ത് പൂക്കൃഷി വ്യാപകമാക്കണം

തിരുവനന്തപുരം: കേരളത്തിലെ മന്ത്രിമാർക്കും എം.എൽ.എമാർക്കും രാഷ്ട്രീയത്തിൽ മാത്രമാണ് ശ്രദ്ധയെന്ന് ഗവർണർ പി. സദാശിവം പറഞ്ഞു. കനകക്കുന്നിൽ ആരംഭിച്ച 'വസന്തോത്സവം 2018' പുഷ്പമേള ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പതിവായി ഉച്ചയ്ക്ക് 2.30 മുതൽ നാലരവരെ മലയാളം വാർത്താ ചാനലുകൾ കാണാറുണ്ട്. സംസ്ഥാനത്തെ മന്ത്രിമാരുടെയും എം.എൽ.എമാരുടെയും പ്രവർത്തനങ്ങൾ വീക്ഷിക്കുമ്പോൾ രാഷ്ട്രീയത്തിൽ മാത്രമാണ് അവരുടെ ശ്രദ്ധയെന്നാണ് മനസിലാകുന്നത്. കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ വികസിപ്പിക്കണമെന്നും വ്യാവസായികാടിസ്ഥാനത്തിൽ പൂക്കൃഷി വ്യാപിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ, മംഗലാപുരം, പനാജി എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് വിമാന സർവീസ് നടത്തണം. ഇതിനായി പുതുച്ചേരി മാതൃകയിൽ പ്രൈവറ്റ് എയർലൈൻസ് ഏജൻസികളെ കൊണ്ടുവരണം. ഗോവയിലെത്തുന്ന വിദേശികൾ കേരളത്തിലെത്തി ഒരു ദിവസം തങ്ങിയശേഷം മടങ്ങിപ്പോകുന്ന രീതി വരണം. ആഗോള വിപണിയിൽ പൂക്കൾക്കുള്ള ഡിമാൻഡ് അനുദിനം വർദ്ധിക്കുകയാണ്. എന്നാൽ ഇന്ത്യയിൽ നിന്നുള്ള പൂക്കളുടെ കയറ്റുമതി വെറും ഒരു ശതമാനം മാത്രമാണ്. കേരളത്തിലെ പൂക്കൾക്ക് ആഗോള വിപണിയിൽ ഒരിടം നേടാനാകണം. ഓരോ കുടുംബത്തിലും പൂന്തോട്ടമുണ്ടാകണം. കൃഷിക്കാർക്കായി സർക്കാർ നൽകുന്ന മാർഗനിർദ്ദേശങ്ങൾ മലയാളത്തിലാക്കിയാൽ കൂടുതൽ പ്രയോജനപ്രദമാകുമെന്നും ഗവർണർ ചൂണ്ടിക്കാട്ടി.

മന്ത്രി കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. വിദേശികളെ ആകർഷിക്കത്തക്ക തരത്തിൽ വസന്തോത്സവത്തിന്റെ രൂപത്തിലും ഘടനയിലും പ്രകടമായ മാറ്റം വരുത്തുമെന്ന് മന്ത്രി പറഞ്ഞു.

മേയർ വി.കെ. പ്രശാന്ത്, കെ. മുരളീധരൻ എം.എൽ.എ, ടൂറിസം സെക്രട്ടറി റാണി ജോർജ്, പട്ടികജാതി വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വി. വേണു, കെ.ജി. മോഹൻലാൽ എന്നിവർ സംസാരിച്ചു.

പ്രവാസികളെ സർക്കാർ സംരക്ഷിക്കണം

തിരുവനന്തപുരം: നിതാഖത് മൂലവും മറ്റും മലയാളികളടക്കം നിരവധി ഇന്ത്യക്കാർക്ക് ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യത്തിൽ പ്രവാസികളുടെ സംരക്ഷണത്തിന് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ പ്രത്യേക പദ്ധതി നടപ്പാക്കണമെന്ന് കേരള പ്രവാസി ലീഗ് സമ്മേളനം ആവശ്യപ്പെട്ടു.

പ്രവാസികൾ രാജ്യത്തിന് കോടിക്കണക്കിന് രൂപയുടെ വിദേശ നാണ്യമാണ് നേടിത്തരുന്നത്. എന്നാൽ, പലർക്കും തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. തദ്ദേശീയർക്ക് ജോലിയുറപ്പാക്കാൻ സൗദി അറേബ്യ നടപ്പാക്കി വരുന്ന നിതാഖത്തിന് പുറമെ, മറ്റ് രാജ്യങ്ങളിലും തൊഴിലവസരം കുറയുകയാണെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത മുസ്ലിംലീഗ് ജില്ലാ പ്രസിഡന്റ് തോന്നയ്ക്കൽ ജമാൽ പറഞ്ഞു. ബഷീർ ബാബു, നെല്ലനാട് ഷാജഹാൻ, പി. എച്ച്. എം. ഇക്ബാൽ, എം. റഷീദ് എന്നിവർ സംസാരിച്ചു.

Vol. No. 108 Issue No. 8 R.No.3052/57 (R.No. KL/TV(N) 72/2018-20) Printed and Published by M.S. Ravi from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 3941050, Fax: 3078979** e-mail: **news @ keralakaumudi.com, desk@kaumudi.com** Editor : **Deepu Ravi.** (Responsible for selection of news under the PRB Act), Chief Editor : **M.S. Ravi**